KOTTAYAM PUBLIC LIBRARY

Call No. 340 KRI-T Acc. No. 69447

Author ക്യഷ്ണപിള്ള വി

Title തിരഞ്ഞെടുപ്പ്

1033

# തിരഞ്ഞെടുപ്പ്

KOTTAYAM PUBLIC LIBRARY
KOTTAYAM.
69447

ഗ്രന്ഥകർത്താ:

വി. കൃഷ്ണപിള്ള

വില 10 ക.

(MALAYALAM)

# THIRANJEDUPPU

Author
V. Krishna pillai

M. 340

Copies 1000
Price. Rs. 10-00

Printed at:-
P. P. Press Palayam.
Trivandrum-1

Cover:
B. V. Gopalan Nair

Date of Publication:-
1-8-74

Copy Right reserved.

(കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ ധനസഹാ
യത്തോടെ പ്രസിദ്ധപ്പെടുത്തുന്നത്.)

# ആമുഖം

കഴിഞ്ഞവർഷം യൂണിവേഴ്സിററി (സായാഹ്ന) കോളേജ്യൂണിയൻ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ ചില തർക്കങ്ങൾക്കു് നിയമോപദേശം തേടി ചില സുഹൃത്തുക്കൾ എന്നെ സമീപിക്കുകയുണ്ടായി. അവരുമായുള്ള ചർച്ചയാണു് തിരഞ്ഞെടുപ്പു് നിയമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക എന്ന ആശയം എന്നിൽ ജനിപ്പിച്ചതു്.

തിരഞ്ഞെടുപ്പു് നിയമങ്ങൾ, ഭരണഘടന തുടങ്ങി പഞ്ചായത്താക്ടു് വരെയുള്ള നിയമസംഹിതകളിൽ വ്യാപരിച്ചു കിടക്കുകയാണു്. പുറമെ നിയമങ്ങളുടെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങളും ഉത്തരവുകളും വേറെയുമുണ്ടു്. ഇവയുടെ പദാനുപദ വിവർത്തനം വായനക്കാർക്കു് അരോചകമായിരിക്കും. കൂടാതെ നിയമത്തിനു പൂർണ്ണത വരുന്നതു് ഉന്നത നീതിപീഠങ്ങളിൽനിന്നുള്ള "വിധി"കളിലൂടെയുമാണല്ലോ. അതിനാൽ ആ വക കാര്യങ്ങളെല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു സമീപന രീതി കൂടുതൽ ഫലപ്രദമായിരിക്കുമെന്നു് എനിക്കു തോന്നി. ആ രീതിയാണിവിടെ അവലംബിച്ചിരിക്കുന്നതു്. ഇതു് എത്ര കണ്ടു വിജയപ്രദമായെന്നു് വിധിയെഴുതേണ്ടതു് ഉൽബുദ്ധരായ വായനക്കാരാണു്.

ഈ ഗ്രന്ഥരചനയിൽ എനിക്കുവേണ്ടത്ര പ്രോൽസാഹനം നൽകുകയും കാര്യമാത്രപ്രസക്തമായ ഒരവതാരിക എഴുതിതന്നനുഗ്രഹിക്കുകയും ചെയ്ത എൻെറ വന്ദ്യഗുരുഭൂതനും, നിയമപണ്ഡിതനുമായ ജസ്റ്റിസ് (റിട്ട:) ശ്രീ. പി. ഗോവിന്ദമേനോൻ അവർകളോടു് ഞാൻ എന്നും കൃതജ്ഞതയുള്ളവനായിരിക്കും.

ഈ പുസ്തകത്തിൻെറ കൈയെഴുത്തുപ്രതി സശ്രദ്ധം വായ

ച്ചുനോക്കി കുറവുകൾ ചൂണ്ടികാണിക്കാൻ ജോലിത്തിരക്കിനിടയിലും സമയം കണ്ടെത്തിയ നിയമസഭാസെക്രട്ടറി ഡാ: ആർ. പ്രസന്നൻ അവർകളോടും എനിക്കുള്ള നന്ദി സവിനയം രേഖപ്പെടുത്തട്ടെ.

കേരള ഭാഷാഇൻസ്ററിററ്യൂട്ടിലെ ശ്രീ. എൻ. വിജയൻെറയും, എൻെറ മററു് സുഹൃത്തുക്കളുടെയും ഉത്സാഹമാണു് ഈ പുസ്തകം ഇത്രയുംവേഗം പുറത്തിറക്കുന്നതിനു സഹായിച്ചതു്. അവരോടും അച്ചടികാര്യത്തിലും മററും പ്രത്യേകം ശ്രദ്ധ കാണിച്ച പി. പി. പ്രസ്സ് മാനേജ്മെൻറിനോടും, തൊഴിലാളികളോടും ഞാൻ കടപ്പെട്ടവനാണു്.

തിരക്കിനിടയിൽ, പുസ്തകത്തിൽ വന്നുപോയിട്ടുള്ള ഭാഷാസ്ഖലിതങ്ങളും, തെററുകളും അടുത്തപതിപ്പിൽ പരിഹരിക്കാമെന്നാശിച്ചുകൊണ്ടു് സഹൃദയരായ വായനക്കാരുടെ മുൻപിൽ ഞാനീ പുസ്തകം സവിനയം സമർപ്പിക്കുന്നു.

'പ്രകൃതി'
പൂവാർ, 1-8-74.

വി. കൃഷ്ണപിള്ള

# അവതാരിക

സ്വാതന്ത്ര്യസമരകാലത്തു് പ്രായപൂർത്തിവോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നടക്കുന്ന നീതിപൂർവകമായ തിരഞ്ഞെടുപ്പു് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നം മാത്രമായിരുന്നു. ഇൻഡ്യ ഒരു റിപ്പബ്ളിക്കായി പ്രഖ്യാപിക്കപ്പെട്ടതോടെ ഈ സ്വപ്നം ഒരു യാഥാർത്ഥ്യമായിത്തീരുകയും ചെയ്തു. ഇൻഡ്യൻ ഭരണഘടനപ്രകാരം ജനങ്ങളാണു് രാഷ്ട്രത്തിൻെറ ഭരണവിധാതാക്കൾ.

ജുഡീഷ്യറിയെപ്പോലെതന്നെ പൊതു തിരഞ്ഞെടുപ്പുകളും പാർലിമെൻററി ജനാധിപത്യത്തെ സംരക്ഷിക്കുന്നതിൽ ഒരു നല്ലപങ്കു വഹിക്കുന്നു. ഏററവും താഴ്ന്ന തലത്തിലുള്ള പഞ്ചായത്തു് മെമ്പർ മുതൽ ഇൻഡ്യൻ പ്രസിഡണ്ടുവരെ, നേരിട്ടോ, അല്ലാതെയൊ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നു. വിവിധതലങ്ങളിലായി നടക്കുന്ന തിരഞ്ഞെടുപ്പുകളുടെയും, അവയുടെ നടപടിക്രമങ്ങളെയും കുറിച്ചു് ജനങ്ങൾക്കു് സാമാന്യവിജ്ഞാനം ഉണ്ടായിരിക്കേണ്ടതു് ജനാധിപത്യത്തിൻെറ വിജയത്തിനു് ആവശ്യവുമാണു്. എന്നാൽ പ്രാദേശിക ഭാഷകളിൽ ഇത്തരം കാര്യങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ഇന്നും വിരളമാണു്. ഈ കുറവു നികത്താനുള്ള ഒരു ചെറിയ ഉദ്യമമാണു് ശ്രീ വി. കൃഷ്ണപിള്ളയുടെ തിരഞ്ഞെടുപ്പു് എന്ന ഈ ഗ്രന്ഥം സാധാരണ വായനക്കാരനു് വായിച്ചുപോകാൻ മുഷിപ്പുണ്ടാകുന്ന ഈ വിഷയത്തെ ഗ്രന്ഥകാരൻ ലളിതമായ ഭാഷയിൽ പ്രതിപാദിച്ചിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം.

തിരഞ്ഞെടുപ്പു് നിയമങ്ങളെയും, ക്രമങ്ങളെയും ആവശ്യമായ രീതിയിൽ പ്രാധാന്യത്തിനനുസരിച്ചു് കോർത്തിണക്കുവാനാണു് ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുള്ളതു്. ഇൻഡ്യൻ പ്ര

സിഡൻറ് മുതൽ പഞ്ചായത്ത് മെമ്പർവരെയുള്ള സ്ഥാനങ്ങ ളിലേക്കുള്ള തിരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന കേന്ദ്ര-സംസ്ഥാന നിയമാവലികളുടെ ഉള്ളടക്കം സംക്ഷിപ്തമായി ഈ പുസ്തകത്തിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. മാത്രവുമല്ല, തിരഞ്ഞെടുപ്പിലെ അഴിമതികളെയും കുററങ്ങളെയും, അവക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷകളെയും കുറിച്ച് വിശകലനം നടത്തിയിട്ടുള്ളതും ഒരു സാധാരണ വായനക്കാരന് ആവക കാര്യങ്ങളെ കുറിച്ച് വ്യക്തമായ അറിവു നൽകുന്ന തരത്തിലുമാണ്. ചുരുക്കത്തിൽ, തിരഞ്ഞെടുപ്പ് മെഷീനറി മുതൽ, തിരഞ്ഞെടുപ്പ് പെററീഷൻ വരെയുള്ള മിക്കവാറും എല്ലാകാര്യങ്ങളും ഈ പുസ്തകത്തിൽ സമഗ്രമായി വിവരിക്കുകയും ചെയ്തിരിക്കുന്നു.

തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായും, പ്രവർത്തകരായും ഭാഗഭാക്കാവുന്നവർക്കു മാത്രമല്ല, തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുന്ന എല്ലാ മലയാള വായനക്കാർക്കുമായി ഈ പുസ്തകം ഞാൻ അവതരിപ്പിക്കുന്നു.

തിരുവനന്തപുരം
11-3-74

ജസ്റ്റിസ് (റിട്ട:) P. ഗോവിന്ദമേനോൻ
(ഡയറക്ടർ ആഫ് ലീഗൽ സ്റ്റഡീസ്
കേരള ലാ അക്കാദമി)

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | ഒരു സാമാന്യ വിവരണം | 9 |
| 2 | തിരഞ്ഞെടുപ്പ് കമ്മീഷൻ | 19 |
| 3 | ഡീലിമിറ്റേഷൻ | 26 |
| 4 | സമ്മതിദായകൻ | 41 |
| 5 | സമ്മതിദായകപ്പട്ടിക | 48 |
| 6 | തിരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ | 59 |
| 7 | സ്ഥാനാർത്ഥി | 67 |
| 8 | നാമനിർദേശം | 81 |
| 9 | വോട്ടെടുപ്പ് | 91 |
| 10 | വോട്ടെണ്ണൽ, ഫലപ്രഖ്യാപനം | 99 |
| 11 | ഏജൻസി | 128 |
| 12 | അഴിമതി, കുററം, ശിക്ഷ | 137 |
| 13 | ഭരണസംവിധാനം | 172 |
| 14 | തിരഞ്ഞെടുപ്പ് ചിലവുകൾ | 178 |
| 15 | ഇലക്ഷൻ പെററീഷൻ | 182 |
| 16 | തിര: ആവശ്യത്തിലേക്കുള്ള സ്ഥലവും, വാഹനങ്ങളും | 191 |
| 17 | രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ് | 194 |
| 18 | പഞ്ചായത്തു തിരഞ്ഞെടുപ്പ് | 210 |
| 19 | മുനിസിപ്പൽ–കാർപ്പറേഷൻ തിരഞ്ഞെടുപ്പ് | 229 |
| | ശുദ്ധിപത്രം | |

# തിരഞ്ഞെടുപ്പ്

## 1—ഒരു സാമാന്യവിവരണം

ഇൻഡ്യ ജനസംഖ്യകൊണ്ടു് ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാഷ്ട്രമാണു്. ഇൻഡ്യയിലെ ജനാധിപത്യ സമ്പ്രദായം ഏറെക്കുറെ ബ്രിട്ടണിലെ പാർലിമെൻററി ജനാധിപത്യക്രമത്തിൻെറ രീതിയിലാണു് സംവിധാനം ചെയ്തിട്ടുള്ളതു്. പാർലിമെൻററി ജനാധിപത്യത്തിൻെറ അടിത്തറ ജനങ്ങളുടെ സ്വതന്ത്രമായ സമ്മതിദാനാവകാശത്തിൽ അധിഷ്ഠിതമാണല്ലോ? ഇൻഡ്യൻ ഭരണഘടന ഇതു് സംശയാതീതമാംവണ്ണം ഉറപ്പു് വരുത്തുകയും ചെയ്യുന്നു.

പൗരാണിക കാലം മുതൽ ബ്രിട്ടീഷാധിപത്യത്തിൻെറ അന്ത്യംവരെയും ഇൻഡ്യയിൽ വിവിധരീതിയിലുള്ള തിരഞ്ഞെടുപ്പു് സമ്പ്രദായങ്ങൾ നിലവിലുണ്ടായിരുന്നതായി കാണാം. എന്നാൽ അവയെല്ലാം തന്നെ ഓരോ പരിമിതികളും, പരിധികളുമുൾക്കൊള്ളുന്നവയുമായിരുന്നു. ഇൻഡ്യ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെടുന്നതോടെയാണു് ജനങ്ങൾക്കു് സാർവത്രികമായ പ്രായപൂർത്തിവോട്ടവകാശം കൈവരുന്നതു്. ഇൻഡ്യൻ ഭരണഘടന അതിൻെറ ഉദ്ദേശലക്ഷ്യങ്ങളെ ഇപ്രകാരം പ്രഖ്യാപിക്കുന്നു:

"ഇൻഡ്യൻ ജനതക്കാകമാനം സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും,

ചിന്തക്കും, അഭിപ്രായത്തിനും, വിശ്വാസത്തിനും വിശ്വാസപ്രമാണങ്ങൾക്കും, ആരാധനക്കും ഉള്ള സ്വാതന്ത്ര്യവും,
പദവിയിലും, അവസരത്തിലും സമത്വവും,
സാഹോദര്യത്തിൽ അധിഷ്ഠിതമായി വ്യക്തിയുടെ ശ്രേഷ്ഠതയും, രാഷ്ട്രത്തിൻെറ ഏകൃവും, വളർത്തുന്നതിനും തീരുമാനിക്കുന്നു"

ഇൻഡ്യയിൽ പഞ്ചായത്ത് പ്രസിഡൻറ് മുതൽ ഇൻഡ്യൻ പ്രസിഡൻറ് വരെ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. അതായത് എല്ലാ തലങ്ങളിലും പ്രത്യക്ഷമായോ, പരോക്ഷമായോ, തിരഞ്ഞെടുപ്പുകൾ നടക്കുന്നു. പാർലിമെൻറ്, നിയമസഭാ, രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടം വഹിക്കുന്നതു് സ്വതന്ത്രമായ ഒരു സമിതിയാണ്; ഇതിൻെറ അടിസ്ഥാനം ഭരണഘടനയും.

പരസ്പരബന്ധങ്ങളുടെ ഒരു ശൃംഖല ഇൻഡ്യൻ ഭരണഘടനയിലുടനീളം കാണാൻ കഴിയും. "ഭാരതത്തിനു് ഒരു പ്രസിഡൻറ് ഉണ്ടായിരിക്കും" (ഭ: ഘ. 52-ാംവകുപ്പ്) അധികാരത്തിൻെറ കേന്ദ്രസ്ഥാനം പ്രസിഡൻറാണ്. പ്രസിഡൻറിനെ ഉപദേശിക്കുന്നതിനും, സഹായിക്കുന്നതിനും, കേന്ദ്രത്തിൽ ഒരു മന്ത്രിസഭ ഉണ്ടായിരിക്കും. മന്ത്രിസഭയെ നിയമിക്കുന്നതു് പ്രസിഡൻറാണ്. മന്ത്രിസഭാംഗങ്ങൾ പാർലിമെൻറംഗങ്ങൾ ആയിരിക്കേണ്ടതുണ്ട്. എന്നാൽ പാർലിമെൻറംഗങ്ങളല്ലാത്തവരെയും മന്ത്രിമാരായി നിയമിക്കാൻ കഴിയും. പാർലിമെൻറംഗങ്ങളെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കുന്നു. പ്രസിഡൻറിനും മന്ത്രിസഭക്കും പാർലിമെൻറിനോടാണ് നേരിട്ട് ഉത്തരവാദിത്വം. പരോക്ഷമായി ജനങ്ങളോടെന്നർത്ഥം.

തിരഞ്ഞെടുപ്പ് നടത്തുന്നതു് സ്വതന്ത്രമായ ഒരു തിരഞ്ഞെടുപ്പ് കമ്മീഷനാണ്. കമ്മീഷനെ നിയമിക്കുന്നതു് രാഷ്ട്രപതിയും. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പാർലിമെൻറ്, നിയമസഭാതിരഞ്ഞെടുപ്പുകൾനടത്തുന്നതു്, തിരഞ്ഞെടുപ്പ് കമ്മീ

ഷൻെറ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങ ക്കനുസൃതമായും ആയിരിക്കണം. ചീഫ് ജസ്റ്റിസിനെയും, സു പ്രീംകോടതി, ഹൈക്കോടതി ജഡ്ജിമാരെയും രാഷ്ട്രപതി നി യമിക്കുന്നു. ചീഫ് ജസ്റ്റിസിനും, സുപ്രീംകോടതി ജഡ്ജി മാർക്കും രാഷ്ട്രപതി സത്യവാചകം ചൊല്ലികൊടുക്കേണ്ട തും ഉണ്ട്. എന്നാൽ രാഷ്ട്രപതിക്ക് സത്യവാചകം ചൊല്ലി ക്കൊടുക്കേണ്ടതു ചീഫ് ജസ്റ്റിസുമാണ്. രാഷ്ട്രപതി പാർലി മെൻറംഗമല്ല ആകാൻ പാടുള്ളതുമല്ല. രാഷ്ട്രപതിയെ പാർലി മെൻറിനു് ഇമ്പീച്ച് ചെയ്യാം. സുപ്രീംകോടതി ജഡ്ജിമാരെ യും, ചീഫ് ഇലക്ഷൻ കമ്മീഷണറെയും, പാർലിമെൻറി ൻെറ ഭൂരിപക്ഷാനുമതിയോടെമാത്രമെ രാഷ്ട്രപതിക്ക് പിരി ച്ച് വിടുന്നതിനധികാരമുള്ളു. പാർലിമെൻറംഗങ്ങൾ തിര ഞ്ഞെടുപ്പ് നിയമങ്ങൾ നിർമ്മിക്കുന്നു. അങ്ങിനെ സാധാരണ സമ്മതിദായകൻ മുതൽ രാഷ്ട്രപതി വരെയും, അവിടെ നി ന്നങ്ങോട്ട് സുപ്രീംകോടതി വരെയും, വീണ്ടും പാർലിമെൻറ് വരെയും, പരസ്പരബന്ധങ്ങളാൽ ഒന്നിനൊന്നു് കെട്ട് പിണ ഞ്ഞിരിക്കുന്നു. ഇൻഡ്യൻ ഭരണഘടനയുടെ രാഷ്ട്രീയരക്ത ധമനിയാണ് 'തിരഞ്ഞെടുപ്പ്' എന്നു് പറയാം.

ലിംഗ, ദേശ, ഭാഷാഭേദമെന്യെ സമ്മതിദാനാവകാശം സ്വാതന്ത്ര്യവും, സാർവത്രികവുമാണ്. ഇൻഡ്യൻ പൗരത്വമാണു് പ്രധാന ആധാരം പൗരത്വമില്ലെങ്കിൽ സമ്മതിദാനാവകാശവു മില്ല. അതുകൊണ്ട് ഇൻഡ്യയുടെ രാഷ്ട്രീയ നിശ്ചയം ഇൻഡ്യൻ പൗരന്മാരിൽ ഒതുങ്ങിനിൽക്കുന്നു. ഒരു ഇൻഡ്യൻ പൗരൻ എ വിടെയായിരുന്നാലും അയാൾക്കു് സമ്മതിദാനാവകാശം അനു ഭവിക്കുന്നു രാഷ്ട്രീയസ്വാധീനതക്കതീതമായി സന്ദർഭോചിത മായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സ്വതന്ത്രമായ ഒരു തിര ഞ്ഞെടുപ്പ് കമ്മീഷനു് കഴിയുകയും ചെയ്യും.

തിരഞ്ഞെടുപ്പ് പല സ്ഥലത്തും പല വിധത്തിൽ ആ ണ്. അമേരിക്കൻ പ്രസിഡൻറിനെ ഇലക്ടറൽ കോളേജുകൾ

മുഖേന നേരിട്ട് തിരഞ്ഞെടുക്കുന്നു. എന്നാൽ ഇൻഡ്യൻ പ്രസിഡൻറ്, രാജ്യത്തെമ്പാടുമുള്ള ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട, സമാജികരാൽ ആണ്,തിരഞ്ഞെടുക്കപ്പെടുന്നത്. അമേരിക്കൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുന്നതിന്, മൽസരിക്കുന്ന സ്ഥാനാർത്ഥികളിൽ വച്ചേററവും കൂടുതൽവോട്ട് നേടിയാൽ മതിയാകുന്നതാണ്. ഇൻഡ്യൻപ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുന്നതിന് മൊത്തം പോൾ ചെയ്യുന്ന വോട്ടിൻെറ 'മൂല്യ'ത്തിൽ പകുതിയിൽ അധികം ലഭിക്കേണ്ടതുണ്ട്.

പാർലിമെൻറ്_നിയമസഭാ സാമാജികരെ സംബന്ധിച്ചിടത്തോളം, തിരഞ്ഞെടുക്കപ്പെടുന്നതിന് ഭൂരിപക്ഷം വോട്ട് ലഭിക്കേണ്ട ആവശ്യമില്ല. തൊട്ടടുത്ത എതിർസ്ഥാനാർത്ഥിയെക്കാൾ ഒരു വോട്ട് മാത്രം കൂടുതൽനേടിയാൽ മതിയാകുന്നതാണ്. മററ് ചില രാജ്യങ്ങളിൽ സ്ഥിതി ഇതല്ല. സോവിയററ് റഷ്യയിൽ ഭൂരിപക്ഷം വോട്ടറന്മാരുടെ പിൻതുണ കൂടിയേ കഴിയൂ. മാത്രവുമല്ല ഇഷ്ടമുള്ള അവസരത്തിൽ ഒരു നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക്, ഭൂരിപക്ഷാഭിപ്രായ പ്രകാരം, തങ്ങളുടെ പ്രതിനിധിയെ തിരിച്ച് വിളിക്കാവുന്നതുമാണ്. ഇൻഡ്യയിൽ ഒരു സാമാജികനെ തിരഞ്ഞെടുക്കുന്നത് അഞ്ച് വർഷത്തേക്കാണ്. അതിനിടയിൽ അയാളെ തിരിച്ച് വിളിക്കുന്നതിന് വ്യവസ്ഥയില്ല. ഇൻഡ്യയിൽ പാർലിമെൻറിലേക്കും, നിയമസഭകളിലേക്കും, മററം ചിലപ്പോൾ എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെടുന്നത്. സോവിയററ്റഷ്യയിൽ ഒരു സ്ഥാനാർത്ഥിക്ക് എതിരില്ലെങ്കിലും, അയാൾക്ക് സുപ്രീം സോവിയററിൽ അംഗമാകണമെന്നുണ്ടെങ്കിൽ ഭൂരിപക്ഷം വോട്ട് ലഭിച്ചിരിക്കണമെന്ന് നിർബന്ധമാണ്.

ഇൻഡ്യൻ തിരഞ്ഞെടുപ്പ് നിയമമനുസരിച്ച് എല്ലാവോട്ടറന്മാരും വോട്ട് ചെയ്യണമെന്നില്ല. മാത്രവുമല്ല എത്ര ശതമാനം ആളുകൾ സമ്മതിദാനാവകാശം വിനിയോഗിച്ചിരി

ക്കണം എന്നും നിശ്ചയിച്ചിട്ടില്ല. രേഖപ്പെടുത്തുന്ന വോട്ടാണ് കണക്കാക്കുന്നതു്. മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ വച്ചേററവും കൂടുതൽ, സാധുവായ വോട്ടു് ലഭിക്കുന്ന ആാം വിജയിച്ചതായി കണക്കാക്കും.

എതിരില്ലാതെയൊ,അല്ലെങ്കിൽ എതിരാളിയെതോല്പിച്ചുകൊണ്ടോ, തിരഞ്ഞെടുക്കപ്പെടുക എന്നതു മാത്രമല്ല "തിരഞ്ഞെടുപ്പി"ന്"നിയമം കല്പിക്കുന്ന അർത്ഥം. തിരഞ്ഞെടുപ്പു് ഒരു പ്രക്രിയയും, അതു് പല ഘടകങ്ങാം കോർത്തിണക്കപ്പെട്ടിട്ടുള്ളതും ആണ്. തിരഞ്ഞെടുപ്പു് 'വിജ്ഞാപന' പ്രഖ്യാപനം നാമ നിർദ്ദേശപത്രിക സമർപ്പണം, നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന, പോളിംഗ്, വോട്ടെണ്ണൽ, ഫലപ്രഖ്യാപനം മുതലായവയാണ് പ്രസ്തുത ഘടകങ്ങാം.

ഇൻഡ്യയിൽ രാഷ്ട്രപതിയേയും ഉപരാഷ്ട്രപതിയേയും തിരഞ്ഞെടുക്കപ്പെടുകയാണല്ലോ ചെയ്യുന്നതു്, മാററം ചെയ്യപ്പെടാവുന്ന ഒററവോട്ടാണ് (സിംഗിറം ട്രാൻസ്ഫറബിറം വോട്ടു്) ഈ തിരഞ്ഞെടുപ്പുകളിലെ ഓരോ സമ്മതിദായകർക്കുമുള്ളതു്. ഓരോ സംസ്ഥാനത്തെയും നിയമസഭാസാമാജികരുടെവോട്ടിനു് വെവ്വേറെ മൂല്യവും, പാർലിമെൻറംഗങ്ങളുടെവോട്ടിനു് വേറൊരു മൂല്യവുമാണ് ലഭിക്കുന്നതു്. ഈ മൂല്യങ്ങാം കാലാകാലങ്ങളിൽ മാറിക്കൊണ്ടിരിക്കും. ജനസംഖ്യയിൽവരുന്ന മാററമാണ് ഇതിനാധാരം. രാഷ്ട്രപതി–ഉപരാഷ്ട്രപതിമാരെയും തിരഞ്ഞെടുക്കുന്നതു് അഞ്ചു് വർഷത്തേക്കാണ്. ഒരാാംക്കു് എത്ര തവണവേണമെങ്കിലും ഈ സ്ഥാനങ്ങളിലേക്കു് മത്സരിക്കാം! എത്രപ്രാവശ്യം വേണമെങ്കിലും ഈ സ്ഥാനങ്ങാം വഹിക്കുകയും ചെയ്യാം.

തിരഞ്ഞെടുപ്പു് രണ്ടു വിധത്തിൽ നടത്തുന്നു. ഒന്നു്, നേരിട്ടുള്ള തിരഞ്ഞെടുപ്പു്; രണ്ടു്, പരോക്ഷമായ തിരഞ്ഞെടുപ്പു്. പാർലിമെൻറിനു് ഇരുസഭകാം ഉണ്ടല്ലോ. ലോക് സഭയും, രാജ്യസഭയും. രാജ്യസഭ ഒരു സ്ഥിരംസമിതിയാണ്.ലോക്സ

ഭയുടെ കാലാവധി 5 വർഷം വീതമാണ് നിജപ്പെടുത്തിയിട്ടുള്ളതു്. ലോക്സഭാസാമാജികരെ ജനങ്ങൾ നേരിട്ടു് തിരഞ്ഞെടുക്കുന്നു. രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് പരോക്ഷമായ തിരഞ്ഞെടുപ്പിലൂടെയാണ്. രാജ്യസഭാംഗങ്ങളിൽ മൂന്നിൽ ഒരു ഭാഗം രണ്ടുകൊല്ലം കൂടുമ്പോൾ പിരിഞ്ഞു് പോകേണ്ടതാണ്. അതിനാൽ രണ്ടുവർഷത്തിലൊരിക്കൽ രാജ്യസഭാ തിരഞ്ഞെടുപ്പ് ആവശ്യമായി വരുന്നു.

ലോക്സഭയിലേക്കു് 500ൽ കവിയാതുള്ള എണ്ണം അംഗങ്ങളെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, 25-ൽ കവിയാത്ത എണ്ണം അംഗങ്ങൾ കേന്ദ്രപ്രദേശങ്ങളിൽ നിന്നുമായി തിരഞ്ഞെടുക്കപ്പെടണം. കൂടാതെ ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽ നിന്നും രണ്ടുപേരെ പ്രസിഡൻറ് നാമനിർദ്ദേശം ചെയ്യുകയും വേണം. രാജ്യസഭയിൽ 250 സ്ഥാനങ്ങളാണ് ഉള്ളതു്. ഇതിൽ 238 അംഗങ്ങൾ സംസ്ഥാന നിയമസഭാസാമാജികരാൽ തിരഞ്ഞെടുക്കപ്പെടുന്നു. 12 സ്ഥാനങ്ങളിലേക്കു് പ്രസിഡൻറ് നാമനിർദ്ദേശം ചെയ്യുന്നു. ഉപരാഷ്ട്രപതിയാണ് രാജ്യസഭാ ചെയർമാൻ. ലോക്സഭാസ്പീക്കറെയും, ഇരുസഭകളിലേയും ഡെപ്യൂട്ടിസ്പീക്കർമാരെയും, അതാതു് സഭകളിലെ സാമാജികർ തെരഞ്ഞെടുക്കുന്നു

പട്ടികജാതി-പട്ടികവർഗ്ഗത്തിനു് എല്ലാ സഭകളിലും സീററുകൾ സംവരണം ചെയ്തിട്ടുണ്ടു്. ഈ സംവരണം ഭരണഘടന നിലവിൽവന്നതു മുതൽ മുപ്പതു വർഷം തുടരണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽ നിന്നും നടത്തുന്ന നാമനിർദ്ദേശവും 30 വർഷം തുടരുന്നതായിരിക്കും.

പാർലിമെൻറംഗമാകുന്നതിനു് ഇൻഡ്യയിലെ ഏതു് നിയോജക മണ്ഡലത്തിൽ (സംവരണം ചെയ്തവ ഒഴിച്ചു്) നിന്നും മത്സരിക്കാൻ ഒരു വോട്ടർക്കു് അവകാശമുണ്ടു്. തിരഞ്ഞെടുക്കപ്പെടുന്നവർക്കു് നിയമപ്രകാരമുള്ള അയോഗ്യതകൾ കൈ

AYAM PUBLIC LIBRARY KOTTAYAM

വരാത്തപക്ഷം 5 വർഷം തുടരാൻ കഴിയും. ഒരാൾക്ക് എത്ര പ്രാവശ്യം വേണമെങ്കിലും, മത്സരിക്കുകയും, സാമാജികനായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്യാം, തുടർച്ചയായി അറുപതു് ദിവസം സഭയിൽ ഹാജരാകാത്തവരുടെ സാമാജികത്വം നഷ്ടപ്പെടുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനു ഡീലിമിറേഷൻ കമ്മീഷനുകൾ രൂപീകരിക്കുകയാണു് പതിവ്. ലോകസഭാ–നിയമസഭാ നിയോജകമണ്ഡലങ്ങൾ എല്ലാം പ്രാദേശിക നിയോജക മണ്ഡലങ്ങൾ ആണു്. എല്ലാ സംസ്ഥാനത്തിനും ജനസംഖ്യാനുപാതികമായി പാർലിമെൻറിൽ പ്രാതിനിധ്യം ഉണ്ടായിരിക്കുക എന്നതാണു് മറെറാരു നയമായി അംഗീകരിച്ചിരിക്കുന്നതു്. ഇപ്പോൾ എല്ലാ നിയോജക മണ്ഡലങ്ങളും, ഏകാംഗമണ്ഡലങ്ങളായിട്ടാണു് നിശ്ചയിച്ചിട്ടുള്ളതു്. 1971 ലെ കാനേഷുമാരിയുടെ അടിസ്ഥാനത്തിലുള്ള ഡിലിമിറേഷൻ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു്കൊണ്ടിരിക്കുകയാണു്.

1956 ലെ സംസ്ഥാന പുന:സംഘടന ഭാഷാസംസ്ഥാനങ്ങൾ രൂപീകരിച്ചു് കൊണ്ടുള്ളതായിരുന്നല്ലോ. ഓരോ ദേശീയ ജനവിഭാഗത്തെയും, അടിസ്ഥാനപരമായി ബന്ധിക്കുന്നതു ഭാഷയാണു്. ഓരോ ദേശീയ വിഭാഗങ്ങൾക്കും സ്വന്തവും, പരമ്പരാഗതവുമായ സംസ്കാരവും, സാഹിത്യവും, മററും വികസിപ്പിച്ചെടുക്കുന്നതിനും, പുരോഗതി നേടുന്നതിനും ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം സഹായിക്കുമെന്നും കരുതപ്പെട്ടിരുന്നു. അതുകൊണ്ടാണു് ഭാഷാസംസ്ഥാന രൂപീകരണം ഇൻഡ്യൻ ദേശീയ പ്രസ്ഥാനം മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്നതു്. ആശയ വിനിമയത്തിൻെറയും സംസ്കാരത്തിൻെറയും അത്താണി മാത്രമല്ല ഭാഷ. അതുപോലെ തന്നെ ഭരണപരമായ സൗകര്യങ്ങൾക്കും ഭാഷാസംസ്ഥാനങ്ങൾ ആവശ്യമാണെന്നു് കണ്ടിരുന്നു.

പക്ഷെ ഭാഷാസംസ്ഥാന രൂപീകരണം മുൻകൂട്ടി കാണാ

തിരുന്ന പുതിയ പ്രശ്നങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ചില ഭാഷാ സംസ്ഥാനങ്ങൾ ചെറുതും, മററു ചില സംസ്ഥാനങ്ങൾ വളരെ വലുതുമായിത്തീർന്നു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പ്രാതിനിധ്യം നിശ്ചയിക്കുമ്പോൾ, സംസ്ഥാന പ്രാതിനിധ്യം തുല്യമല്ലാതാവുന്നു. വലിയസംസ്ഥാനങ്ങൾക്ക് പാർലിമെൻറിൽ, ഇതുമൂലം പ്രാതിനിധ്യം കൂടുന്നു. രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലും ഇവക്ക് വർദ്ധിച്ച സ്വാധീനം ചെലുത്താൻ കഴിയുന്നു. ഉദാഹരണമായി, യു. പി. സംസ്ഥാനത്തിന് പാർലിമെൻറിൽ 85 സ്ഥാനങ്ങൾ ലഭിക്കുമ്പോൾ, കേരളത്തിന് ലഭിക്കുന്നതു് 19 സ്ഥാനങ്ങൾ മാത്രമാണ്.

തിരഞ്ഞെടുപ്പിൽ മൂന്നു ഘടകങ്ങൾ പ്രധാനമായും അന്തർലീനമായിട്ടുണ്ട്.

ഒന്ന്, ഒരു പ്രത്യേകസ്ഥാനം അല്ലങ്കിൽ പദവി
രണ്ട്, നിയോജക മണ്ഡലം
മൂന്ന്, സ്ഥാനാർത്ഥി

നിയോജക മണ്ഡലങ്ങൾ പ്രാദേശികവും, വ്യക്തമായ അതൃത്തികൾ ഉള്ളവയുമായിരിക്കും. ഒരു പ്രദേശത്തെ ജനസംഖ്യയിൽ ഒരു വിഭാഗത്തിന് മാത്രമെ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു. അതായതു് പ്രായപൂർത്തി ആയവർക്കും മററ് അയോഗ്യതകൾ ഇല്ലാത്തവർക്കും.

പല കാര്യങ്ങൾക്കും, നിയമപ്രകാരം ഒരാൾ പ്രായപൂർത്തിയായതായി കണക്കാക്കുന്നതു്, അയാൾക്ക് പതിനെട്ടു് വയസ്സ് പൂർത്തിയാകുമ്പോൾ ആണ്. പക്ഷെ വോട്ടവകാശത്തിൻെറ കാര്യത്തിൽ ഇതു് ഇരുപത്തി ഒന്നു് വയസ്സായിട്ടാണ് ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. റഷ്യ, ശ്രീലങ്ക, അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിലെല്ലാം പതിനെട്ടു് വയസ്സ് പൂർത്തിയാകുമ്പോൾ വോട്ടവകാശത്തിന് അർഹത ലഭിക്കും. ഇപ്പോൾ ഫ്രാൻസിലും പതിനെട്ടു് വയസ്സ് പൂർത്തിയാകുന്നയാൾക്ക് വോട്ടവകാശം അനുവദിച്ചു കഴിഞ്ഞു.

## ഇൻഡ്യൻ നിയമങ്ങൾ

ഇൻഡ്യൻ ഭരണഘടനയുടെ 324 മുതൽ 329 വരെയുള്ള വകുപ്പുകൾ തിരഞ്ഞെടുപ്പിനെക്കുറിക്കുന്നവയാണ്. കൂടുതൽ നിയമ നിർമ്മാണങ്ങൾ നടത്തുന്നതിനു് 327-ാം വകുപ്പ് പാർലിമെൻറിനു് അധികാരം നൽകുകയും ചെയ്യുന്നുണ്ടു്. അതിൻെറ അടിസ്ഥാനത്തിൽ ഇതിനകം പല നിയമങ്ങളും പാർലിമെൻറ് നിർമ്മിച്ചിട്ടുണ്ടു്.

ദി റിപ്രസൻറേഷൻ ആഫ് ദി പ്യൂപ്പിൾ ആക്ട് (1950) (ജനപ്രാതിനിധ്യനിയമം) ദി റിപ്രസൻേറഷൻ ആഫ് ദി പ്യൂപ്പിൾ ആക്ട് (1951) (ജനപ്രാതിനിധ്യനിയമം)

രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പു നിയമം (1952), ഡീലിമിറേഷൻ ആക്ടുകൾ, തുടങ്ങിയവ അവയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. കൂടാതെ അയോഗ്യതകൾ നീക്കം ചെയ്തുകൊണ്ടുള്ള പല നിയമങ്ങളും പാർലമെൻറും, സംസ്ഥാന നിയമസഭകളും നിർമ്മിച്ചിട്ടുണ്ടു്.

സംസ്ഥാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് നിയമങ്ങൾ, കേന്ദ്രനിയമങ്ങൾക്ക് വിധേയമായി നിർമ്മിക്കുന്നതിനുള്ള അധികാരം ഭരണഘടന 328-ാം വകുപ്പ്, സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുണ്ടു്. പക്ഷെ നാളിതുവരെ ഒരു സംസ്ഥാന നിയമസഭയും അത്തരം നിയമനിർമ്മാണത്തിനു് ഒരുമ്പെട്ടിട്ടില്ല.

## കോടതികൾ

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പലകാര്യങ്ങളും സിവിൽ കോടതികളുടെ അധികാര പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. അതിനാൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പല കാര്യങ്ങളും സിവിൽ കോടതികൾ മുഖേന ചോദ്യം ചെ

യ്യപ്പെടാൻ കഴിയുന്നതല്ല. മാത്രവുമല്ല നാമ നിർദ്ദേശ പത്രിക സ്വീകരിച്ചു് കഴിഞ്ഞാൽ, ഫലപ്രഖ്യാപനംവരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന 'റിട്ടു' കളും സ്വീകരിക്കുന്നതല്ല. ഫലപ്രഖ്യാപനത്തിനുശേഷം ഇലക്ഷൻ പെററീഷനുകൾ മാത്രമേ സമർപ്പിക്കാൻ കഴിയൂ തിരഞ്ഞെടുപ്പു പെററീഷനുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഹൈക്കോടതികൾക്കാണു്. രാഷ്ട്രപതി-ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ഇലക്ഷൻ പെററീഷൻ സ്വീകരിക്കുന്നതിനുള്ള അധികാരം സുപ്രിം കോടതിക്കുമാത്രമേയുള്ളു.

---

# 2 തിരഞ്ഞെടുപ്പുകമ്മീഷൻ

ജനാധിപത്യത്തിൻെറ അടിത്തറസ്വതന്ത്രമായ സമ്മതിദാനാവകാശത്തിൽ അധിഷ്ഠിതമാണല്ലോ? മാത്രമല്ല സ്വതന്ത്രമായും, നിർഭയമായും സമ്മതിദാനാവകാശം വിനിയോഗിക്കാൻ ഓരോ പൗരനും കഴിയുകയും വേണം. ഇൻഡ്യയെപ്പോലെ വിസ്തൃതവുംജനസാന്ദ്രവുമായ ഒരുപ്രദേശത്തു് തിരഞ്ഞെടുപ്പു് കാലാകാലങ്ങളിൽ നടത്തുക ശ്രമകരമായഒരു ജോലിയാണു്. അതു് സ്വതന്ത്രവും, നിഷ്പക്ഷവും, നീതിപൂർവ്വകവുമാക്കുക അതിലും പ്രയാസകരമാണു്. ദേശീയവും, വിദേശീയവുമായ ഭരണക്രമങ്ങളുടെ ഒരു സമ്മിശ്രിത ഭാവമായിരുന്നു ഇന്ത്യയിൽ നിലനിന്നുപോന്നിരുന്നതു്. ഏകീകൃതമായ ഒരു സ്വഭാവം പലകാര്യങ്ങളിലും ഭാരതത്തിലുടനീളം ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യ സമരത്തിലൂടെ ഭാരത ജനതയുടെ ഏകതാഭാവം വളർന്നു വരുകയാണു് ഉണ്ടായതു്. വിവിധഭാഷക്കാർ, വേഷക്കാർ, സംസ്കാരത്തിൻെറ ഉടമകൾ, എന്നിവയുടെ സങ്കലനവും, സംയോജനവുമാണു് ഭാരതം. നൂററാണ്ടു് കാലത്തെ വിദേശ ഭരണത്തിനു് ശേഷം അന്നുവരെ നിലനിന്നിരുന്ന കീഴ്‌വഴക്കങ്ങൾക്കും ധാരണകൾക്കും വ്യപരീതമായി ഒരു രാഷ്ട്രത്തിലെ ജനത അവരുടെ രാഷ്ട്രനേതാക്കളെ സ്വയം തിരഞ്ഞെടുക്കുന്ന കർത്തവ്യം നിർവഹിച്ചതു്, അവരുടെ ശിക്ഷണവും, അച്ചടക്കബോധവും മൂലമാണു്.

ഇത്തരം ഒരു സംവിധാനത്തിൽ എക്സിക്യൂട്ടീവിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരഞ്ഞെടുപ്പു നടത്തുക അപ്രായോഗികമായിരിക്കും. ഭരണഘടനാ നിർമ്മാതാക്കൾക്കും ഭരണഘടനാ നിർമ്മാണ സമിതിക്കും, തിരഞ്ഞെടുപ്പു് നിഷ്പക്ഷവും, നീതിപൂർവകവുമായിരിക്കണം എന്ന കാര്യത്തിൽ ദൃഢമായ

അഭിപ്രായവും ഉണ്ടായിരുന്നതായി കാണാം. സ്വതന്ത്രമായ ഒരു 'കമ്മീഷൻ' ആയിരിക്കണം. 'തിരഞ്ഞെടുപ്പി'ന്റെ ചുമതല വഹിക്കേണ്ടതെന്ന് തീരുമാനിച്ചതു് അതു കൊണ്ടാണ്. എക്സിക്യൂട്ടീവിന്റെ കൈ കടത്തലും, അധികാരസ്ഥാനങ്ങളിൽ നിന്നുള്ള സ്വാധീനതയും ഒഴിവാക്കണമെന്നതും അതിന്റെ ഉദ്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ട്. അതുപോലെതന്നെ തിര: കമ്മീഷൻ രാഷ്ട്രീയത്തിൽ നിന്നും വിമുക്തവുമായിരിക്കണം.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സ്വതന്ത്രമായ ഒരു കമ്മീഷന്റെ ചുമതലയിൽ ആയിരിക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സുപ്രധാനങ്ങളായ ചുമതലകൾ വഹിക്കുന്ന ഒരു സ്ഥിരം സമിതിയാണ് 'തിരഞ്ഞെടുപ്പ കമ്മീഷൻ'. രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പും, ലോകസഭാ–രാജ്യസഭാ തിരഞ്ഞെടുപ്പുകളും കമ്മീഷന്റെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾ അനുസരിച്ചുമാണ് നടക്കുന്നതു്. അതുപോലെതന്നെ സംസ്ഥാന നിയമസഭാ–കൗൺസിൽ തിരഞ്ഞെടുപ്പുകളും, കമ്മിഷന്റെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾക്കനുസൃതമായും നടക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരഞ്ഞെടുപ്പ്കാര്യങ്ങളിൽ കമ്മീഷന്സ്വയംഭരണാധികാരമാണുള്ളതു്. എക്സിക്യൂട്ടീവിനും, രാഷ്ട്രീയത്തിനും അതീതമാണ് 'തിരഞ്ഞെടുപ്പ കമ്മീഷൻ. സന്ദർഭാനുസ്സരണമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് കമ്മിഷനു കഴിയും. 1966 വരെ തിരഞ്ഞെടുപ്പു് കേസ്സുകൾ തീരുമാനിക്കുന്നതിനുള്ള "ഇലക്ഷൻ ട്രിബ്യൂണലുകൾ" രൂപീകരിക്കുന്നതിനും കമ്മീഷന് അധികാരമുണ്ടായിരുന്നു. ഭരണഘടന 23–ാം ഭേദഗതിയോടെ തിരഞ്ഞെടുപ്പ് ഹർജികൾ തീരുമാനിക്കാനുള്ള അധികാരം ഹൈക്കോടതികളിലേക്ക് മാറുകയുണ്ടായി.

ഭരണഘടന 324–ാം വകുപ്പ്, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമനം, ഘടന, ചുമതല, അധികാരം എന്നിവയെ കു

റിക്കുന്നു. കമ്മീഷൻെറ നിയമനം രാഷ്ട്രപതിയിൽ നിക്ഷിപ്തമാണു്. എന്നാൽ പാർലിമെൻറ് പാസ്സാക്കുന്ന നിയമത്തിൻെറ അടിസ്ഥാനത്തിൽ ആയിരിക്കുകയും വേണം നിയമനം.

ഘടന

തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒരു ചീഫ് ഇലക്ഷൻ കമ്മീഷണർക്കു് പുറമേ കമ്മീഷണറന്മാരെയും നീയമിക്കാവുന്നതാണു്. ചീഫ് ഇലക ഷൻ കമ്മിഷണരെയും, കമ്മിഷണറന്മാരുണ്ടെങ്കിൽ അവരെയും നിയമിക്കുന്നതു് രാഷ്ട്രപതി ആയിരിക്കും. പാർലമെൻറ് നിർമ്മിക്കുന്ന നിയമങ്ങൾക്കു് വിധേയമായിരിക്കും നിയമനം. കാലാകാലങ്ങളിൽ എത്ര കമ്മിഷണറന്മാരുണ്ടായിരിക്കണം എന്നു് തീരുമാനിക്കുന്നതും രാഷ്ട്രപതിയാണു്. കമ്മിഷണറന്മാരെ നിയമിക്കുകയാണെങ്കിൽ ചീഫ് ഇലക്ഷൻ കമ്മീഷണറായിരിക്കും കമ്മീഷൻെറ ചെയർമാൻ. പൊതുതിരഞ്ഞെടുപ്പു്, സംസ്ഥാന നിയമസഭാ-കൗൺസിൽ തിരഞ്ഞെടുപ്പുകൾക്കു് മുൻപ്, തിരഞ്ഞെടുപ്പ് കമ്മിഷനുമായിആലോചിച്ചു് ആവശ്യമുള്ളത്ര കമ്മിഷണറന്മാരേയും, റീജിണൽ കമ്മിഷണറന്മാരെയും നിയമിക്കേണ്ട ചുമതലയും രാഷ്ട്രപതിക്കാണു്. തിരഞ്ഞെടുപ്പ് കമ്മിഷനെ, തിരഞ്ഞെടുപ്പു് ജോലികളിൽ സഹായിക്കുക എന്നതാണു് പ്രാദേശിക കമ്മിഷണറന്മാരുടെ ചുമതല.

നാളിതുവരെ ഏകാംഗകമ്മീഷനാണു് തുടർന്നുവരുന്നതു്.

സേവനവ്യവസ്ഥകൾ

കമ്മീഷൻ അംഗങ്ങളുടെ സേവനവ്യവസ്ഥ, ഔദ്യോഗിക കാലാവധി, തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കുന്നതും രാഷ്ട്രപതിയാണു്. പ്രാദേശിക കമ്മിഷണറന്മാരുടെ കാര്യത്തിലും ഇതേ നടപടിക്രമം തന്നെയാണു് സ്വീകരിക്കുന്നതു്. ഇവപാർ

ലിമെൻറ് പാസ്സാക്കുന്ന നിയമത്തിനു് വിധേയമായിരിക്കുക കയും വേണം. ഗവണ്മെൻറ് ഉത്തരവു് അനുസരിച്ചു് മാററാവുന്നതല്ല ചീഫ് ഇലക്ഷൻ കമ്മിഷണറുടെ പദവി. സുപ്രിം കോടതി ജഡ്ജിമാരെ നീക്കംചെയ്യുന്ന അതേ രീതിയിലും, അടിസ്ഥാനത്തിലും മാത്രമേ ചീഫ് ഇലക്ഷൻ കമ്മീഷണറെയും നീക്കം ചെയ്യാൻ കഴിയുകയുള്ളു. എക്സിക്യൂട്ടീവിൻെറ നിയന്ത്രണത്തിൽ നിന്നും സ്വതന്ത്രമാണു് കമ്മീഷൻ. അതുപോലെ തന്നെ കമ്മിഷണന്മാരും, റീജിണൽ കമ്മിഷണറന്മാരും ഗവണ്മെൻറ് നിയന്ത്രണത്തിൽ ആയിരിക്കുന്നതല്ല. അവരെ കാലാവധിക്കു മുൻപ് നീക്കം ചെയ്യണമെന്നുണ്ടെങ്കിൽ അതു് ചീഫ് ഇലക്ഷൻ കമ്മിഷണറുടെ ശുപാർശപ്രകാരം ആയിരിക്കേണ്ടതുണ്ടു്. കമ്മിഷൻെറ പ്രവർത്തനത്തിനാവശ്യമായ ഉദ്യോഗസ്ഥന്മാരെ നൽകുന്നതിനു് കേന്ദ്ര-സംസ്ഥാന ഗവണ്മെൻറുകൾ ബാദ്ധ്യസ്ഥമാണു്. സമ്മതിദായകപ്പട്ടിക തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്മാർ, വരണാധികാരികൾ, പോളിംഗിനു് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ഇവർക്കെല്ലാം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനു് തിരഞ്ഞെടുപ്പു് കമ്മീഷനു് മാത്രമെ അധികാരമുള്ളു. കേന്ദ്ര-സംസ്ഥാന തിരഞ്ഞെടുപ്പുകളുടെ കേന്ദ്രബിന്ദു തിരഞ്ഞെടുപ്പുകമ്മിഷനാണു്.

[സുപ്രീംകോടതി ജഡ്ജിമാരെ നീക്കം ചെയ്യുന്നതിനുള്ള നടപടിക്രമം ഭരണഘടന 124-ാം വകുപ്പ് 4-ഉം, 5-ഉം, ഉപവകുപ്പുകളിൽ നിർദ്ദേശിക്കുംപ്രകാരമാണു്. തെളിയിക്കപ്പെട്ട സ്വഭാവദൂഷ്യം, കഴിവില്ലായ്മ ഇക്കാരണങ്ങളാൽ സുപ്രീംകോടതി ജഡ്ജിമാരെ തൽസ്ഥാനങ്ങളിൽ നിന്നും നീക്കംചെയ്തു കൊണ്ടുള്ള ഉത്തരവ് രാഷ്ട്രപതിക്കു് പുറപ്പെടുവിക്കാം. എന്നാൽ അപ്രകാരം ചെയ്യുന്നതു് പാർലിമെൻറിൻെറ ഇരുസഭകളിലും, ഓരോ സഭയിലേയും മൊത്തം സാമാജകരിൽ ഭൂരിപക്ഷവും, സഭയിൽ ഹാജരായി വോട്ടു് ചെയ്യുന്ന അംഗങ്ങളിൽ

മൂന്നിൽ രണ്ടു് ഭാഗവും, നീക്കം ചെയ്യുന്നതിനനുകൂലമായി വോട്ടു് രേഖപ്പെടുത്തിയതിനുശേഷം മാത്രം ആയിരിക്കുകയും വേണം ]

ചുമതലകൾ

രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പും, ലോക് സഭാ–രാജ്യസഭാ തിരഞ്ഞെടുപ്പും നിയമസഭാ–കൗൺസിൽ തിരഞ്ഞെടുപ്പും കമ്മിഷന്റെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും, നിർദ്ദേശങ്ങൾ അനുസരിച്ചും നടത്തുന്നതാണെന്നു് പറഞ്ഞിട്ടുണ്ടല്ലോ.

പാർലിമെന്റ് അംഗങ്ങളുടെയും, നിയമസഭാസാമാജികരുടെയും അയോഗ്യതകളെക്കുറിച്ചു് തീരുമാനിക്കുന്നതും, രാഷ്ട്രപതിക്കും, സംസ്ഥാന ഗവർണ്ണർമാർക്കും ഉപദേശം നൽകുന്നതും ഇലക്ഷൻ കമ്മിഷനാണു്. പാർലിമെന്റിലോ, നിയമസഭയിലോ ഒരാൾ സാമാജികനായി തുടരുമ്പോൾ അയോഗ്യതയുടെ പ്രശ്നം ഉത്ഭവിച്ചാലും കമ്മിഷൻ ആയിരിക്കണം തീരുമാനം എടുക്കേണ്ടതു്.

ഓരോ നിയോജകമണ്ഡലങ്ങളിലെയും, സമ്മതിദായകപ്പട്ടിക തയ്യാറാക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതും കമ്മിഷന്റെ ചുമതലയിൽ ഉൾപെടുന്നതാണു്. സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പിന്റെ മേൽനോട്ടം വഹിക്കേണ്ട ചീഫ് ഇലക്ടറൽ ആഫീസറെ നിയമിക്കുന്നതും, നിയന്ത്രിക്കുന്നതും, അവർക്കു് നിർദ്ദേശങ്ങൾ നൽകുന്നതും തിരഞ്ഞെടുപ്പു് കമ്മീഷനാണു്. കൂടാതെ വരണാധികാരികളെ നിശ്ചയിക്കുകയും, തിരഞ്ഞെടുപ്പു് നടത്തുകയും ചെയ്യുന്നതിന്റെ ഉത്തരവാദിത്വവും കമ്മീഷനാണു്. അയോഗ്യതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരവും കമ്മിഷനിൽ നിക്ഷിപ്തമായിരിക്കുന്നു. അയോഗ്യതകൾ നീക്കം ചെയ്യുന്നതുപോലെതന്നെ അയോഗ്യതയുടെ കാലാവധി കുറക്കുന്നതിനുള്ള അധികാരവും കമ്മീഷനുമാത്രം ഉള്ളതാണു്. അയോഗ്യതകളെ സംബന്ധിച്ചുള്ള തിരഞ്ഞെടുപ്പു് കമ്മീഷന്റെ തീരുമാനം അവസാനവാക്കാ

യിരിക്കും. ഒരു കോടതിയിലും, അത് ചോദ്യം ചെയ്യപ്പെടാവുന്നതും അല്ല. തിരഞ്ഞെടുപ്പ് ചിലവിന്റെ കണക്കുകൾ സമർപ്പിക്കാതിരുന്നാൽ ബന്ധപ്പെട്ടവരുടെ മേൽ അയോഗ്യത കല്പിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് കമ്മീഷന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയും.

ഭരണഘടനക്കുപുറമെ, ജനപ്രാതിനിധ്യ നിയമം (ആർ. പി. ആക്ട് (1950), ആർ.പി. ആക്ട് (1951) രജിസ്ട്രേഷൻ ആഫ് ഇലക്ടറേർഴ്സ് റൂൾ (1960), കൺടക്ട് ആഫ് ഇലക്ഷൻ റൂൾസ് (1961) തുടങ്ങിയ നിയമങ്ങളും, ചട്ടങ്ങളും മേൽ പറഞ്ഞ ചുമതലകൾ കമ്മീഷന് നൽകുന്ന വകുപ്പുകൾ ഉൾക്കൊള്ളുന്നുണ്ട്.

### തീര:കമ്മീഷനും, ഹൈക്കോടതിയും

ഭരണഘടന 15–ാം ഭേദഗതിക്ക് മുൻപ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനങ്ങളുടെ മേൽ പഞ്ചാബ് ഹൈക്കോടതിയിൽ മാത്രമേ "റിററ്" കൊടുക്കുവാൻ കഴിയുമായിരുന്നുള്ളു. 15–ാം ഭേദഗതി അനുസരിച്ച് തിരഞ്ഞെടുപ്പു കമ്മിഷന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്തുകൊണ്ടുള്ള "റിററ്"കൾ എല്ലാം ഹൈക്കോടതികളിലും സ്വീകരിക്കുന്നതിനുകഴിയും

### ഏകാംഗകമ്മീഷൻ

ഭരണഘടനയുടെ 324-ാം വകുപ്പനുസരിച്ച്, ചീഫ് ഇലക്ഷൻ കമ്മീഷണർക്ക് പുറമേ, ഇലക്ഷൻകമ്മീഷണറന്മാരേയും നിയമിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ നാളതുവരെ അപ്രകാരം കമ്മിഷണറന്മാരെ നിയമിച്ചിട്ടില്ല. ഡെപ്യൂട്ടി ഇലക്ഷൻ കമ്മിഷണർക്കും, ഇലക്ഷൻ കമ്മീഷൻ സെക്രട്ടറിക്കും, തിരഞ്ഞെടുപ്പുകമ്മീഷന്റെ പൊതുവായമേൽനോട്ടത്തിലും, നിർദ്ദേശങ്ങൾ അനുസ്സരിച്ചും, നിയന്ത്രണങ്ങൾക്ക് വിധേയമായും, തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ

നിർവഹിക്കുന്നതിനുള്ള അധികാരം നൽകുന്ന ഭേദഗതികൾ ഭരണഘടനയിലും, തിരഞ്ഞെടുപ്പ് നിയമങ്ങളിലും വരുത്തിയിട്ടുണ്ട്. എന്നിരുന്നാലും ചീഫ് ഇലക്ഷൻ കമ്മിഷണർ തന്നെയാണ് തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ പരമാധികാരസ്ഥാനം. കമ്മീഷന്റെ അംഗസംഖ്യ അഞ്ചായി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഇപ്പോൾ നിലവിലുണ്ട്.

ഒന്നാമത്തെ പൊതുതിരഞ്ഞെടുപ്പിലേക്ക് (1952) രണ്ട് റീജണൽ കമ്മീഷണർമാരേയും അതിനുശേഷവുമുള്ള മൂന്ന് പൊതുതിരഞ്ഞെടുപ്പുകൾക്കും ഡെപ്യൂട്ടി ഇലക്ഷൻ കമ്മിഷണർമാരേയും നിയമിച്ചിട്ടുണ്ടായിരുന്നു. 1969 ലെ ഇടക്കാല തിരഞ്ഞെടുപ്പിൽ, ചീഫ് ഇലക്ഷൻ കമ്മിഷണറെ സഹായിക്കുന്നതിന് ഒരു ഡെപ്യൂട്ടി ഇലക്ഷൻ കമ്മിഷണറെയും നിയമിക്കുകയുണ്ടായി.

KOTTAYAM PUBLIC LIBRARY
69447
KOTTAYAM.

## 3-ഡീലിമിറേഷൻ

പ്രാദേശിക മണ്ഡലങ്ങളിൽ നിന്നാണല്ലോ ലോക്‌ സഭയിലേയും, നിയമസഭയിലേയും സാമാജികരെ തിരഞ്ഞെടുക്കുന്നതു്. അതിനാൽ തിരഞ്ഞെടുപ്പിനു് മുൻപ്‌ നിയോജക മണ്ഡലങ്ങൾ നിശ്ചയിക്കേണ്ടതുണ്ടു്. നിയമസഭയിലേക്കു് തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനങ്ങൾ എത്രയാണെന്നു് തിട്ടപ്പെടുത്തിയതിനുശേഷം, സംസ്ഥാനങ്ങളെ അത്രയും എണ്ണം നിയോജകമണ്ഡലങ്ങളായി വിഭജിക്കുന്നു. ഓരോ നിയോജക മണ്ഡലത്തിനും വ്യക്തമായ അതൃത്തികൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. പ്രസ്തുതപ്രദേശത്തെ സമ്മതിദായകർക്കു് മാത്രമെ, ആ നിയോജകമണ്ഡലത്തിൽ വോട്ടു് ചെയ്യുന്നതിനു് അവകാശം ഉണ്ടായിരിക്കുകയുള്ളു.

തിരഞ്ഞെടുപ്പു്, രണ്ടു വിധത്തിൽ നടത്തുന്നു; ഒന്നു്, നേരിട്ടുള്ള തിരഞ്ഞെടുപ്പു്: രണ്ടു്, നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പു്.

### നേരിട്ടുള്ള തിരഞ്ഞെടുപ്പ്

നേരിട്ടുള്ള തിരഞ്ഞെടുപ്പിൽ വോട്ടറന്മാർ നേരിട്ടുതന്നെ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കും. ലോക്‌സഭയിലേയും നിയമസഭകളിലേയും സാമാജികർ അപ്രകാരം നേരിട്ടു് തിരഞ്ഞെടുക്കപ്പെടുന്നവർ ആണു്. നേരിട്ടുള്ള തിരഞ്ഞെടുപ്പിനു് നിയോജകമണ്ഡലങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. അതൃത്തികളെ സംബന്ധിച്ചും വ്യക്തത ഉണ്ടായിരിക്കേണ്ടതുണ്ടു്.

### നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പ്

ഉപരിസഭ (ലെജിസ്‌ലേററീവ്‌ കൗൺസിൽ) നിലവിലുള്ള സംസ്ഥാനങ്ങളിൽ ഒരു വിഭാഗം കൗൺസിലർമാരെ

തിരഞ്ഞെടുക്കുന്നതു് നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെയാണു്. മറ്റൊരു വിഭാഗത്തെ നേരിട്ടല്ലാതെയും തിരഞ്ഞെടുക്കുന്നു. സംസ്ഥാനനിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട സാമാജികരാണു് രണ്ടാമത്തെ വിഭാഗത്തെ തിരഞ്ഞെടുക്കുന്നതു്. അതുപോലെ തന്നെ രാജ്യസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നതു്, സംസ്ഥാനനിയമസഭകളിലെ തിരഞ്ഞെടുക്കപ്പെട്ട സമാജികരാണു്. യൂണിയൻ ഭരണ പ്രദേശങ്ങളിൽ, ഇലക്‌ടറൽ കോളേജിലെ വോട്ടറന്മാർ രാജ്യസഭയിലേക്കുള്ള തങ്ങളുടെപ്രതിനിധികളെതിരഞ്ഞെടുക്കുന്നു. അതായതു് പരോക്ഷമായതിരഞ്ഞെടുപ്പാണു് രാജ്യസഭയിലേക്കു് അവലംബിക്കുന്നതു്. നേരിട്ടല്ലാതെയുള്ള തിരഞ്ഞെടുപ്പിനു് നിയോജകമണ്ഡലങ്ങൾ രൂപീകരിക്കുന്ന പ്രശ്നം ഇല്ല. കൗൺസിലിലേക്കു് നേരിട്ടു് തിരഞ്ഞെടുപ്പു് ആവശ്യമായിവരുമ്പോൾ നിയോജക മണ്ഡലങ്ങൾ രൂപീകരിക്കുകയും വേണം.

## നിയോജകമണ്ഡലങ്ങൾ:

സംസ്ഥാന നിയമസഭക്കു് സംസ്ഥാനത്തിന്റെ മുഴുവൻ പ്രാതിനിധ്യവും, ലോക്‌സഭക്കു് ഭാരതത്തിന്റെ മൊത്തം പ്രാതിനിധ്യവും ഉണ്ടായിരിക്കണം. സംസ്ഥാനങ്ങൾ തന്നെ ചെറുതും, വലുതും ആണല്ലോ. വിസ്‌തൃതിയിൽ മാത്രമല്ല, ജനസംഖ്യയിലും. എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പ്രാതിനിധ്യം അല്ല ലോക്‌സഭയിൽ നൽകിയിട്ടുള്ളതു്. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ആണു് പ്രാതിനിധ്യം. ഭരണഘടന 81-ാം വകുപ്പു് രണ്ടു് എ, രണ്ടു് ബി, ഉപവകുപ്പുകൾ ലോക്‌സഭയിൽ ഓരോ സംസ്ഥാനത്തിനും ഉണ്ടായിരിക്കേണ്ട സ്ഥാനങ്ങൾ (സീറ്റുകൾ) തിട്ടപ്പെടുത്തുന്നതിനും സംസ്ഥാനങ്ങൾ അവയെ നിയോജകമണ്ഡലങ്ങലങ്ങളിലായി നിശ്ചയിക്കുന്നതിനും അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്നു.

ലോക്‌സഭയിൽ ഓരോ സംസ്ഥാനത്തിനും ഉള്ള സീറ്റുകൾ നിശ്ചയിക്കുന്നതു്, സംസ്ഥാനത്തിലെ ജനസംഖ്യാടി

സ്ഥാനത്തിൽ ആയിരിക്കും. കഴിയുന്നിടത്തോളം എല്ലാസം സ്ഥാനങ്ങളിലെയും ജനസംഖ്യയും, ലോക്സഭയിലെ സ്ഥാ നങ്ങളും ഒരേ അനുപാതത്തിൽ ആയിരിക്കുകയും ചെയ്യേണ്ട താണ്. സംസ്ഥാനങ്ങൾക്ക് നിശ്ചയിക്കുന്ന സ്ഥാനങ്ങളെ ജ നസംഖ്യയുടെ അടിസ്ഥാനത്തിൽ നിയോജകമണ്ഡലങ്ങളിലാ യി നിശ്ചയിക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലേയും ജന സംഖ്യ കഴിയുന്നിടത്തോളം തുല്യമായിരിക്കത്തക്ക വിധത്തിലാ യിരിക്കണം സംസ്ഥാനങ്ങളിലെ നിയോജകമണ്ഡല വിഭജ നം നടത്തുന്നതു്. ജനസംഖ്യ നിശ്ചയിക്കുന്നതു് തിരഞ്ഞെടു പ്പിനു് തൊട്ടു് മുൻപ് പൂർത്തിയായിട്ടുള്ള കാനേഷുമാരി കണ ക്കനുസ്സരിച്ചായിരിക്കുകയും ചെയ്യും.

സംസ്ഥാന നിയമസഭയിലേക്കു് തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനങ്ങളും പ്രാദേശിക നിയോജകമണ്ഡലങ്ങളിൽ നിന്നു മായി നിശ്ചയിക്കേണ്ടതാണല്ലോ. നിയോജകമണ്ഡലങ്ങൾ വി ഭജിക്കുമ്പോൾ എല്ലാ നിയോജകമണ്ഡലങ്ങളിലെയും ജനസം ഖ്യ ഒരേ ക്രമത്തിൽ ആയിരിക്കുന്നതിനു് കഴിയുന്നിടത്തോളം ശ്രദ്ധിക്കേണ്ടതും ആണു്. ഇക്കാര്യം ഭരണഘടന 172-ാം വകു പ്പു്, രണ്ടാം ഉപവകുപ്പിൽ അനുശ്ശാസിച്ചിരിക്കുന്നു. ചുരുക്ക ത്തിൽ എല്ലാ ലോക്സഭാമണ്ഡലങ്ങളിലെയും ജനസംഖ്യ ക ഴിയുന്നിടത്തോളം തുല്യമായിരിക്കണം എന്നതാണു് ഉദ്ദേശം. അതുപോലെ നിയമസഭാ നിയോജകമകമണ്ഡലങ്ങളിലെയും ജനസംഖ്യ ഒരേ ക്രമത്തിൽ ആയിരിക്കേണ്ടതുമാണു്. തുല്യപ്രാ തിനിധ്യം എല്ലാ തലത്തിലും ലഭിക്കുന്നതിനാണു് ഈ നട പടി.

## വിഭജനത്തിൻെറ തുടക്കം

ഒന്നാമത്തെ പൊതുതിരഞ്ഞെടുപ്പിനു മുൻപ്, ഭരണഘട നാ വ്യവസ്ഥയനുസരിച്ചു്, ദി റിപ്രസൻേറഷൻ ആഫ ദി പ്യൂപ്പിൾ ആക്ട് 1950 (ആർ. പി. ആക്ട് 1950) പാസ്സാക്കി.

പ്രസ്തുത നിയമപ്രകാരം പാർലമെൻറ്-നിയമസഭാനിയോജക മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള അധികാരം പ്രസിഡൻറിൽ നിക്ഷിപ്തമാക്കുകയുണ്ടായി. ഓരോ സംസ്ഥാനത്തെയും പ്രതിനിധീകരിക്കുന്ന പാർലിമെൻറ് അംഗങ്ങൾ അടങ്ങുന്ന ഉപദേശകസമിതികളുടെ സഹായത്തോടെ തിരഞ്ഞെടുപ്പുകമ്മീഷൻ നിയോജക മണ്ഡല വിഭജന നിർദ്ദേശങ്ങൾ രൂപീകരിച്ചു. ഈ നിർദ്ദേശങ്ങൾ പ്രസിഡൻറിനു സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസിഡൻറ് ഡീലിമിറേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുകയും, അവ പിന്നീട് പാർലിമെൻറിൽ വയ്ക്കുകയും ചെയ്തു. ആവശ്യമെന്നു കണ്ട കേസ്സുകളിൽ പാർലിമെൻറ് ഭേദഗതികൾ വരുത്തുകയും ഈ ഭേദഗതികൾക്കു ശേഷം നിയോജകമണ്ഡല വിഭജനം പൂർണ്ണമാക്കപ്പെടുകയും ചെയ്തു. എന്നാൽ മേൽപ്പറഞ്ഞ സംവിധാനം ഫലപ്രദമായി അനുഭവപ്പെട്ടില്ല. അതിനാൽ ഒന്നാമത്തെ പൊതുതിരഞ്ഞെടുപ്പിനു ശേഷം "ഡീലിമിറേഷൻ ആക്ട്" (1952) പാർലിമെൻറ് നിയമമാക്കി.

## ഡീലിമിറേഷൻ ആക്ട് 1952

ഒന്നാമത്തെ പൊതുതിരഞ്ഞെടുപ്പിനു ശേഷം, തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിൽ സ്വതന്ത്രമായ ഒരു ഡീലിമിറേഷൻ കമ്മീഷൻ രൂപീകരിക്കണമെന്നും, കമ്മീഷനു്, ഏറെക്കുറെ ഒരു നീതിന്യായ കോടതിയുടെ അധികാരങ്ങൾ നൽകേണ്ടതാണെന്നും, കമ്മീഷൻെറ റിപ്പോർട്ടിനു് നിയമ പ്രാബല്യം നൽകേണ്ടതാണെന്നും ആവശ്യപ്പെട്ടിരുന്നു. ഡീലിമിറേഷൻ ആക്ട് പാസ്സാക്കുന്നതിനു് ഈ റിപ്പോർട്ടും ഒരു അടിസ്ഥാനമാണു്. മൂന്നു് അംഗങ്ങൾ അടങ്ങുന്ന ഒരു ഡീലിമിറേഷൻ കമ്മീഷൻ രൂപീകരിക്കുകയുണ്ടായി. ആക്ടിലെ വ്യവസ്ഥയനുസരിച്ചു് സുപ്രീം കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ഒരു ജഡ്ജിയും, ഹൈക്കോടതിയിൽ നിന്നു് റിട്ടയർ ചെയ്ത ഒരു ജഡ്ജിയും കമ്മീഷനിൽ അംഗങ്ങളായിരിക്കണം

മൂന്നാമത്തെ അംഗം ചീഫ് ഇലക്ഷൻ കമ്മീഷണറാണ്. കമ്മീഷന്റെ ചെയർമാൻ റിട്ട: സുപ്രീം കോടതി ജഡ്ജിയും. ഇപ്രകാരം രൂപീകരിച്ച കമ്മീഷൻ 1955–ൽ ഡീലിമിറേഷൻ പ്രവർത്തനം പൂർത്തിയാക്കി.

1956-ലെ സംസ്ഥാന പുന:സംഘടന വീണ്ടും ഒരു ഡീലിമിറേഷൻ ആവശ്യമാക്കിത്തീർത്തു. പുതിയ ഡീലിമിറേഷൻ കമ്മീഷൻ രൂപീകരിക്കുന്നതിനു് സംസ്ഥാനപുന:സംഘടനാനിയമ (1956) ത്തിൽ വ്യവസ്ഥചെയ്തിരുന്നു. പുതുതായി രൂപം പ്രാപിച്ച സംസ്ഥാനങ്ങളിൽ പാർലിമെന്റ്–നിയമസഭാ നിയോജക മണ്ഡലങ്ങൾ പുനർനിർണ്ണയം ചെയ്യുക, സീററുകൾ നിശ്ചയിക്കുക എന്നിവ ഡീലിമിറേഷൻ കമ്മീഷന്റെ ചുമതലയിൽ ഉൾക്കൊള്ളിച്ചു. കൂടാതെ പട്ടികജാതി–പട്ടികവർഗ്ഗത്തിനു് സംവരണം ചെയ്യേണ്ട സീററുകളെ കുറിച്ചും ഡീലിമിറേഷൻ കമ്മീഷനു് തീരുമാനിക്കേണ്ടതുണ്ടായിരുന്നു. 1956 ഡിസംബർ 14–ാം തീയതി ഡീലിമിറേഷൻഉത്തരവു് പുറപ്പെടുവിച്ചു (ഡീലിമിറേഷൻ ആഫ് പാർലിമെന്ററി ആൻഡ് അസംബ്ളി കാൺസ്ററിറ്റ്യൂവൻസി ഓർഡർ 1956) പ്രസ്തുത ഉത്തരവിൽ എല്ലാം പാർലിമെൻറ്–നിയമസഭാ മണ്ഡലങ്ങളും കാണിച്ചിട്ടുണ്ട്. അതിനുശേഷംസംസ്ഥാനങ്ങളുടേയും കേന്ദ്രപ്രദേശങ്ങളുടേയും അതൃത്തികൾക്കു് ഇടക്കിടക്കുണ്ടായ ഭേദഗതികൾക്കനുസരിച്ചു് നിയോജക മണ്ഡലങ്ങളിലും ഭേദഗതികൾ വരുത്തി.

1961 ൽ ദ്വയാംഗ മണ്ഡലങ്ങൾ നിറുത്തലാക്കുന്നതിനു് നിശ്ചയിച്ചു. ബോംബെ സംസ്ഥാനത്തിന്റെ വിഭജനം തുടങ്ങിയ സംഭവങ്ങളും ഈ കാലഘട്ടത്തിൽ ഉണ്ടായി. ഇവയുടെ അടിസ്ഥാനത്തിൽ നിയോജക മണ്ഡലങ്ങൾ പുനർ വിഭജിക്കേണ്ടതു് ആവശ്യമായിത്തീർന്നു. ഈ ചുമതല തിരഞ്ഞെടുപ്പു് കമ്മീഷൻ തന്നെ ഏറെറടുക്കുകയാണു് ഉണ്ടായതു്.

1961 ലെ കാനേഷുമാരി പൂർത്തിയായതിനെത്തുടർന്നു് ജനസംഖ്യാനുപാതികമായി നിയോജകമണ്ഡലങ്ങൾ പുനർ

വിഭജിക്കുന്നതിലേക്കു് ഡീലിമിറേറഷൻ ആക്ട് (1962) നിയമമാക്കി.

പ്രസ്തുത ആക്ടിലെ 3-ാം വകുപ്പു് ഡീലിമിറേറഷൻ കമ്മീഷൻെറ രൂപീകരണത്തെ കുറിക്കുന്നു. ഒരു സുപ്രീംകോടതി ജഡ്ജി, ഒരു ഹൈക്കോടതി ജഡ്ജി അല്ലാത്തപക്ഷം സുപ്രീം കോടതിയിൽ നിന്നും, ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ഓരോ ജഡ്ജിമാരും, ചീഫ് ഇലക്ഷൻ കമ്മീഷണരും ഉൾപ്പെടുന്ന ഒരു മൂന്നംഗകമ്മീഷനായിരിക്കും ഡീലിമിറേറഷൻ നടത്തേണ്ടതു്. ജഡ്ജിമാരിൽ ഒരാളെ കമ്മീഷൻെറ ചെയർമാൻ ആയി കേന്ദ്രഗവണ്മെൻറ് നിശ്ചയിക്കുന്നതായിരിക്കും. കമ്മീഷനെ സഹായിക്കുന്നതിനും കമ്മീഷനോടു് സഹകരിച്ചു് പ്രവർത്തിക്കുന്നതിനുമായി ഓരോ സംസ്ഥാനത്തും നിന്നും ഒൻപതു് പേരെ നാമനിർദ്ദേശം ചെയ്യുന്നതാണു്. ഇതിൽ 4 പേർ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലിമെൻറ് അംഗങ്ങളും 5 പേർ നിയമസഭാസാമാജികരും ആയിരിക്കും. ബന്ധപ്പെട്ട സഭകളിലെ സ്പീക്കർമാർ ആയിരിക്കണം നാമനിർദ്ദേശം നടത്തുന്നതു്. ഈ അംഗങ്ങൾക്കു് കമ്മീഷൻ യോഗങ്ങളിൽ വോട്ടു് ചെയ്യുന്നതിനും, കമ്മീഷൻ റിപ്പോർട്ടിൽ ഒപ്പു് വക്കുന്നതിനും അധികാരമില്ല.

കമ്മീഷനു്, സാക്ഷികൾക്കു് സമൻസ് അയക്കുന്നതിനും പ്രമാണങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനും അധികാരമുണ്ടു്. കൂടാതെ കോടതികളിൽ നിന്നും, ഗവണ്മെൻറിൽ നിന്നും ആവശ്യമായ രേഖകൾ ചോദിക്കാവുന്നതുമാണു്. പാർലമെൻറ്-നിയമസഭാ സീററുകൾ നിശ്ചയിക്കുക, പട്ടിക ജാതി-പട്ടിക വർഗ്ഗത്തിനു് സീററുകൾ സംവരണം ചെയ്യുക തുടങ്ങിയ ചുമതലകൾ കമ്മീഷനു് നൽകുകയുണ്ടായി. പട്ടിക ജാതി-പട്ടികവർഗ്ഗത്തിനു് സംവരണം ചെയ്യുന്ന നിയോജക മണ്ഡലങ്ങളിലെ ജനസംഖ്യയിൽ ഭൂരിപക്ഷം പട്ടികജാതി-പട്ടികവർഗ്ഗത്തിലുൾപെടുന്ന ആളുകൾ ആയിരിക്കേണ്ടതുണ്ടു്.

### വിഭജനത്തിന് സ്വീകരിക്കുന്ന തത്വങ്ങൾ

ഒരു നിയോജകമണ്ഡലമായി നിശ്ചയിക്കുന്ന പ്രദേശത്തിനു് വ്യക്തമായ അതൃത്തികഠം ആവശ്യമാണു്. കൂടാതെ നിയോജക മണ്ഡലമാകുന്നതിനനു യോജ്യമായ ഭൂപ്രദേശവുമായിരിക്കണം. മണ്ഡലത്തിൻെറ എല്ലാഭാഗത്തും എത്തിച്ചേരുന്നതിനു് യാത്രാസൗകര്യങ്ങഠം ലഭ്യമായിരിക്കുകയും വേണം. ഭരണപരമായി ഒററഘടകമായി തുടരുന്നതും, നിയോജകമണ്ഡലമായിത്തീർക്കുന്നതിനാവശ്യമായ മററ് സൗകര്യങ്ങഠം ഉള്ളതും ആയിരിക്കേണ്ടതുമാണു്.

ഒരു ലോക്സഭാ മണ്ഡലത്തിനകത്തു് വരുന്ന നിയമസഭാ മണ്ഡലങ്ങഠം എല്ലാം പൂർണ്ണമായും ലോക്സഭാ നിയോജകമണ്ഡലത്തിൽ ഉഠംക്കൊണ്ടിരിക്കണം.

കമ്മീഷൻ റിപ്പോർട്ടു് പ്രസിദ്ധീകരിച്ചതിനു് ശേഷം പരാതികളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതായിരിക്കും. പരാതി നേരിൽ കേഠംക്കുന്നതിനു് ഓരോ സംസ്ഥാനത്തിനകത്തും പ്രത്യേക തീയതികഠം നിശ്ചയിക്കുകയുംചെയ്യും.പരാതികളും,നിർദ്ദേശങ്ങളും പരിഗണിച്ചതിനു് ശേഷം പാർലിമെൻറ്—നിയമസഭാ നിയോജകമണ്ഡലങ്ങഠം നിശ്ചയിച്ചുംകൊണ്ടുള്ള ഡീലിമിറേഷൻ ഉത്തരവ് പുറപ്പെടുവിക്കും. ഈ ഉത്തരവിനു് നിയമപ്രാബല്യം ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഉത്തരവിൻെറ സാധുത ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

ഡീലിമിറേഷൻ സംബന്ധിച്ച അച്ചടിപ്പിശകുകളും, സാധാരണഗതിയിൽ ഉണ്ടായേക്കാവുന്ന മററ് തെററുകളും തിരുത്തുന്നതിനും വിട്ടുപോകുന്ന ഭാഗങ്ങഠം കൂട്ടിച്ചേർക്കുന്നതിനും ഉള്ള അധികാരം തിരഞ്ഞെടുപ്പ് കമ്മീഷനായിരിക്കുന്നതാണു്. കൂടാതെ ഏതെങ്കിലും ജില്ലയുടേയോ, മററ് സ്ഥലങ്ങളുടെയോ പേരിലും, അതൃത്തിയിലും വരുന്ന മാററങ്ങഠംക്കു് അനുസ്സരണമായ ഭേദഗതികളും തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തും. ഇക്കാ

ര്യങ്ങാം അപ്പോഴപ്പോാം ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പാർലിമെൻറിലും നിയമസഭയിലും വക്കേണ്ടതുമാണ്.

പഞ്ചാബ് റീ ആർഗനൈസേഷൻ ആക്ട് പാസ്സായതിനെ തുടർന്ന് ഹരിയാന, പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നിയോജകമണ്ഡലങ്ങാം പുനർവിഭജിക്കേണ്ട ചുമതലയും, ഗവണ്മെൻറ് ആഫ് യൂണിയൻ ടെററിററി ആക്ട് (1963) അനുസരിച്ച് യൂണിയൻ പ്രദേശങ്ങളിൽ നിയമസഭാ മണ്ഡലങ്ങാം രൂപീകരിക്കുന്ന ചുമതലയും ഡീലിമിറേഷൻ കമ്മീഷനായിരുന്നു. **1971**ലെ കാനേഷുമാരിയിൻ പടിയുള്ള ഡീലിമിറേഷൻ പ്രവർത്തനങ്ങാം നടന്നു് കൊണ്ടിരിക്കുന്നതേയുള്ളു.

### ലോക്സഭാസീററുകൾ

ആർ. പി. ആക്ടിൽ (1950) ഒന്നാം പട്ടികയിൽ ഓരോ സംസ്ഥാനത്തിനും ലോക്സഭയിൽ നിശ്ചയിച്ചിട്ടുള്ള സീററുകളുടെയും, അതിൽ തന്നെ പട്ടികജാതി-പട്ടികവർഗ്ഗത്തിന് നീക്കിവച്ചിട്ടുള്ള സീററുകളുടെ എണ്ണവും ചേർത്തിട്ടുണ്ട്.

കേരളം

മൊത്തം സീററ് 19

പട്ടികജാതി-2

[1971 ലെ കാനേഷുമാരി അനുസ്സരിച്ച് കേരളത്തിന് 20 സീററുകൾ ലഭിക്കുന്നതാണ്]

രണ്ടാം പട്ടികയിൽ സംസ്ഥാന നിയമസഭകളിലെ സമാജികരുടെ എണ്ണവും, അതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിന് സംവരണം ചെയ്തിട്ടുള്ള സീററുകളുടെ സംഖ്യയും കൊടുത്തിട്ടുണ്ട്.

കേരളം

മൊത്തം സീററ്-133

പട്ടിക ജാതി -II

പട്ടിക വർഗ്ഗം -2

[1971 ലെ കാനേഷുമാരി അനുസ്സരിച്ച് കേരളനിയമസഭയിൽ 140 സ്ഥാനങ്ങൾ കാണാൻ ഇടയുണ്ട്.]

ഒന്നും രണ്ടും പട്ടികകൾ ഈ ഭാഗത്തിന്റെ അവസാനം ചേർത്തിട്ടുണ്ടു്.

## ഉപരിസഭ (സ്റ്റേററു് ലജിസ്‌ലേററീവു് കൗൺസിൽ)

ലജിസ്‌ലേററീവ് കൗൺസിൽ നിലവിലുള്ള സംസ്ഥാനങ്ങളിൽ കൗൺസിലിൽ ഉണ്ടായിരിക്കേണ്ട സാമാജികരുടെ സംഖ്യ 40-ൽ കുറയാൻ പാടില്ല. എന്നാൽ സംസ്ഥാന നിയമസഭയിലെ മൊത്തം സാമാജികരുടെ മൂന്നിൽ ഒരു ഭാഗത്തിൽ കൂടുകയും അരുതു്.

171-ാം വകുപ്പു് കൗൺസിലിന്റെ ഘടനയെക്കുറിക്കുന്നതു് ചുവടെ ചേർത്തിരിക്കും പ്രകാരമാണു്.

| | |
|---|---|
| മൂന്നിൽ ഒരു വിഭാഗം– 1/3 | മുനിസിപ്പൽ കൗൺസിൽ, ഡിസ്ട്രിക്ട് ബോർഡു്, മററു് പ്രാദേശികസമിതികൾ ഇവയിലെ സാമാജികരാൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ. |
| പന്ത്രണ്ടിൽ ഒരു ഭാഗം – 1/12 | സംസ്ഥാനത്തെ താമസക്കാരായ സർവകലാശാലാ ബിരുദധാരികളാൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ. ബിരുദം സമ്പാദിച്ചു് മൂന്നു കൊല്ലം കഴിഞ്ഞതിനുശേഷം മാത്രമേ വോട്ടവകാശം സിദ്ധിക്കൂ. സർവകലാശലാ ബിരുദത്തിനു് തുല്യമായി അംഗീകരിച്ചിട്ടുള്ള മററു് യോഗ്യതയുള്ളവർക്കും പാർലിമെന്റു് കല്പിക്കുന്ന മററു് യോഗ്യതകൾ ഉള്ളവർക്കും വോട്ടവകാശം അനുവദിക്കാം. |

KOTTAYAM PUBLIC LIBRARY KOTTAYAM

പന്ത്രണ്ടിൽ ഒന്നു് I/12 :– സംസ്ഥാനത്തിനകത്തുള്ള സെക്കൻഡറി വിഭാഗത്തിനു് താഴെയല്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകരാൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ. വോട്ടറാകാൻ അദ്ധ്യാപക വൃത്തിയിൽ മൂന്നു കൊല്ലത്തെ പരിചയം ഉണ്ടായിരിക്കണം.

മൂന്നിൽ ഒരുഭാഗം 1/3 :– നിയമ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നു.

(നിയമസഭാ അംഗങ്ങളെ തിരഞ്ഞെടുക്കാൻ പാടുള്ളതല്ല)

ബാക്കിയുള്ള സ്ഥാനങ്ങളിലേക്കു്, ശാസ്ത്രം, സാഹിത്യം കല, സഹകരണ പ്രസ്ഥാനം, സാമൂഹ്യപ്രവർത്തനം, ഈ രംഗങ്ങളിൽ പ്രത്യേക വൈദഗ്ദ്ധ്യവും, പരിചയവും ഉള്ള ആളുകളെ സംസ്ഥാന ഗവർണർ നാമിനേററു് ചെയ്യും.

ഇതിൽ അദ്ധ്യാപകർ, ബിരുദധാരികൾ, പ്രാദേശിക സ്ഥാപനങ്ങൾ എന്നീ മൂന്നു വിഭാഗത്തിനുമുള്ള നിയോജക മണ്ഡലങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതാണു്. കൗൺസിൽ നിലവിലുള്ള സംസ്ഥാനങ്ങളുടെ പേരും, മുൻപറഞ്ഞ ഓരോ വിഭാഗത്തിനും കൗൺസിലിൽ എത്ര സ്ഥാനങ്ങൾ വീതം ഉണ്ടെന്നും, അവ ഏതെല്ലാം ആണെന്നുമുള്ള വിവരങ്ങൾ ആർ. പി. ആക്ടു് (1950) ലെ മൂന്നും നാലും പട്ടികകളിൽ കൊടുത്തിട്ടുണ്ടു്.

ഉദാ: തമിഴ് നാടു്:

| | |
|---|---|
| കൗൺസിലിലെ മൊത്തംസാമാജികർ | –63 |
| പ്രാദേശിക സ്ഥാപനങ്ങൾ | –21 |
| ബിരുദധാരികൾ | – 6 |
| അദ്ധ്യാപകർ | – 6 |
| നിയമ സഭ | –21 |
| ഗവർണർ നാമനിർദ്ദേശം ചെയ്യുന്നതു് | – 9 |

(കേരളത്തിൽ ലജിസ്‌ലേററീവ് കൗൺസിൽ ഇല്ല)

കൗൺസിലിലെ മൊത്തം സാമാജികരുടെ പകുതി(50%) നേരിട്ടുള്ള തിരഞ്ഞെടുപ്പ് മൂലവും മൂന്നിൽ ഒരുഭാഗം (1/3) പരോക്ഷമായ തിരഞ്ഞെടുപ്പ് മുഖേനയും ആറിൽഒരുഭാഗം(1/6) ഗവർണ്ണർ നാമിനേററ് ചെന്നവരുമാണ്.

[ഡീലിമിറേറഷൻ ആഫ് കൗൺസിൽ കാൻസ്റ്റിററുവൻസീസ് (മദ്രാസ്സ്) ഓർഡർ (1951) ലെ പട്ടികയിൽ ഓരോ വിഭാഗത്തിൻെറയും നിയോജക മണ്ഡലങ്ങളെ പ്രാദേശിക മണ്ഡലങ്ങളായി വിഭജിച്ചിട്ടുണ്ട്.

കൗൺസിൽ ഉള്ള മററ് സംസ്ഥാനങ്ങളിലും ഇപ്രകാരം പ്രാദേശിക മണ്ഡലങ്ങളായി തിരിച്ചിട്ടുള്ള ഡീലിമിറേഷൻ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.]

### കൗൺസിൽ മണ്ഡലങ്ങളുടെ വിഭജനം

ആർ. പി. ആക്ട് (1950) ലെ 11, 12, 13 എന്നീ വകുപ്പുകൾ കൗൺസിൽ നിയോജകമണ്ഡലങ്ങളുടെ വിഭജനം സംബന്ധിച്ചുള്ളവയാണ്. രാഷ്ട്രപതിയാണ് ഓരോ സംസ്ഥാന കൗൺസിലിലെയും മണ്ഡലങ്ങൾ നിശ്ചയിക്കുന്നതു്. ഓരോ സംസ്ഥാന കൗൺസിലിലെയും അംഗങ്ങളുടെ എണ്ണം നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതും രാഷ്ട്രപതിയാണ്. തിരഞ്ഞെടുപ്പ് കമ്മീഷനുമായി ആലോചിച്ച് കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്യും. രാഷ്ട്രപതിയുടെ ഉത്തരവ് പാർലിമെൻറിൽ വക്കേണ്ടതും ഉണ്ടു്. പാർലിമെൻറിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും കഴിയും. പക്ഷെ അതിലേക്കുള്ള പ്രമേയം 20 ദിവസത്തിനകം അവതരിപ്പിച്ചിരിക്കേണ്ടതുമാണ്.

## ഒന്നാം പട്ടിക

### ലോക്സഭാ സീററുകൾ

| | സംസ്ഥാനം/യൂണിയൻ ടെറിററി/ഏരിയാ | 1966 നവംബർ ഒന്നിന് രൂപീകരിച്ച സഭയിലെ സീററുകളുടെ എണ്ണം | | | അതിനു ശേഷം രൂപീകരിച്ച സഭയിലെ സീററിൻെറ എണ്ണം | | |
|---|---|---|---|---|---|---|---|
| | സംസ്ഥാനം | മൊത്തം സീററ് | പട്ടികജാതിക്ക സംവരണം ചെയ്തിട്ടുള്ള എണ്ണം | പട്ടികവർഗ്ഗത്തിനു സംവരണം ചെയ്തിട്ടുള്ള എണ്ണം | മൊത്തം സീററ് | പട്ടികജാതിക്ക സംവരണം ചെയ്തിട്ടുള്ള എണ്ണം | പട്ടികവർഗ്ഗത്തിനു സംവരണം ചെയ്തിട്ടുള്ള എണ്ണം |
| 1 | ആന്ധ്രാപ്രദേശ് | 43 | 6 | 2 | 41 | 6 | 2 |
| 2 | ആസ്സാം | 12 | 1 | 2 | 14 | 1 | 2 |
| 3 | ബീഹാർ | 53 | 7 | 5 | 53 | 7 | 5 |
| 4 | ഗുജറാത്ത് | 22 | 1 | 3 | 24 | 2 | 3 |
| 5 | ഹരിയാന | 8 | 2 | – | 9 | 2 | – |
| 6 | ജമ്മു–കാശ്മീർ | 6 | – | – | 6 | – | – |
| 7 | കേരളം | 18 | 2 | – | 19 | 2 | – |
| 8 | മദ്ധ്യപ്രദേശ് | 36 | 5 | 7 | 37 | 5 | 8 |
| 9 | തമിഴ്നാട് | 41 | 7 | – | 39 | 7 | – |
| 10 | മഹാരാഷ്ട്ര | 44 | 6 | 2 | 45 | 3 | 3 |
| 11 | മൈസൂർ | 26 | 3 | – | 27 | 4 | – |
| 12 | നാഗാലാൻറ് | 1 | – | – | 1 | – | – |
| 13 | ഒറീസ്സ | 20 | 4 | 4 | 20 | 3 | 5 |
| 14 | പഞ്ചാബ് | 13 | 3 | – | 13 | 3 | – |
| 15 | രാജസ്ഥാൻ | 22 | 3 | 2 | 23 | 4 | 3 |
| 16 | ഉത്തർ പ്രദേശ് | 86 | 18 | – | 85 | 18 | – |
| 17 | വെസ്റ്റ് ബംഗാൾ | 36 | 6 | 2 | 40 | 8 | 2 |
| 18 | ഹിമാചൽപ്രദേശ് | – | – | – | 4 | 1 | – |

## ii യൂണിയൻ ടെറിററി

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| I ആൻഡമാൻ, നിക്കോബാർ | 1 | – | – | 1 | – | – |
| 2 ചന്ദ്രഗിരി | – | – | – | 1 | – | – |
| 3 ഭദ്ര,നാഗർ, ഹാവേലി | 1 | – | – | 1 | – | 1 |
| 4 ഡൽഹി | 5 | 1 | – | 7 | 1 | – |
| 5 ഗോവ,ഡാമൻ,ഡ്യൂ | 2 | – | – | 2 | – | – |
| 6 ലക്ഷദ്വീപ്,മിനി ക്കോയ് അമിനി ദ്വീപുകൾ | 1 | – | – | 1 | – | 1 |
| 7 മണിപ്പൂർ | 2 | – | 1 | 2 | – | 1 |
| 8 പോണ്ടിച്ചേരി | 1 | – | – | 1 | – | – |
| 9 ത്രിപുര | 2 | – | 1 | 2 | – | 1 |

## iii യൂണിയൻ ഏരിയാ

| | | | | | | |
|---|---|---|---|---|---|---|
| നാർത്ത് ഈസ്റ്റ് ഫ്രാണ്ടിയർ ട്രാക്ട് | 1 | – | – | 1 | – | – |
| ആകെ | 508 | 76 | 31 | 521 | 77 | 37 |

1970 ലെ ഭേദഗതിനിയമ (Act 53 of 1970) പ്രകാരം ലോക്സഭയിലെ മൊത്തം സീററ് 519ആണ്

## രണ്ടാം പട്ടിക-സംസ്ഥാനനിയമസഭ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ആന്ധ്രാപ്രദേശ് | 300 | 43 | 11 | 287 | 40 | 11 |
| ആസ്സാം | 105 | 5 | 23 | 114 | 8 | 10 |
| ബീഹാർ | 318 | 40 | 32 | 318 | 40 | 25 |
| ഗുജറാത്ത് | 154 | 11 | 21 | 168 | 11 | 22 |
| ഹരിയാന | 54 | 10 | — | 81 | 15 | — |
| കേരളം | 133 | 11 | 2 | 133 | 11 | 2 |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| മദ്ധ്യപ്രദേശ് | 288 | 44 | 53 | 296 | 39 | 61 |
| തമിഴ്നാട്ട് | 206 | 37 | 1 | 234 | 42 | 2 |
| മഹാരാഷ്ട്ര | 264 | 33 | 14 | 270 | 15 | 16 |
| മൈസൂർ | 208 | 28 | 1 | 216 | 29 | 2 |
| നാഗാലാൻഡ് | 46 | — | — | 52 | — | — |
| ഒറീസ്സാ | 140 | 25 | 29 | 140 | 22 | 34 |
| പഞ്ചാബ് | 87 | 20 | — | 104 | 23 | — |
| രാജസ്ഥാൻ | 176 | 28 | 20 | 184 | 31 | 21 |
| ഉത്തർപ്രദേശ് | 430 | 89 | — | 425 | 89 | — |
| വെസ്റ്റ്ബംഗാൾ | 252 | 45 | 15 | 280 | 56 | 17 |
| ഹിമാചൽപ്രദേശ് | — | — | — | 68 | 16 | 3 |
| മണിപ്പൂർ | — | — | — | 60 | 1 | 19 |
| ത്രിപുര | — | — | — | 60 | 6 | 19 |
| മേഘാലയ | — | — | — | 60 | — | 50 |

2. യൂണിയൻ ടെറിററി

| | | | | | | |
|---|---|---|---|---|---|---|
| ഗോവാ,ഡാമൻ,ഡ്യൂ | 30 | — | — | 30 | — | — |
| പോണ്ടിച്ചേരി | 30 | 5 | — | 30 | 5 | — |

[1971 ലെ കാനേഷുമാരി അനുസ്സരിച്ച് നിയോജകമണ്ഡലങ്ങളുടെ പുനർ നിർണ്ണയം ആവശ്യമായി തീർന്നിട്ടുണ്ട്. അതിലേക്കുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതനുസ്സരിച്ച് ലോക്സഭാ സീററുകളുടെ എണ്ണം 547 ആയി ഉയരുന്നതായിരിക്കും. ഇതിൽ 525സ്ഥാനങ്ങളിലേക്ക് വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശികനിയോജകമണ്ഡലങ്ങളിൽ നിന്നും 20 സ്ഥാനങ്ങളിലേക്ക് യൂണിയൻ ഭരണ പ്രദേശങ്ങളിൽ നിന്നും ആയിരിക്കും തിരഞ്ഞെടുക്കപ്പെടുക. രണ്ടു് സ്ഥാനങ്ങൾ പൂരിപ്പിക്കുന്നതു് നോമിനേഷൻ മൂലവും ആയിരിക്കും. ഇതിലേക്കാവശ്യമായ ഭരണഘടനാഭേദഗതി അധികം വൈകാതെ ഉണ്ടാകുമെന്നു് പ്രതീക്ഷിക്കാം.]

രാജ്യസഭാ സീററുകൾ സംസ്ഥാനാട സ്ഥാനത്തിൽ

| | | |
|---|---|---|
| ആന്ധ്രാപ്രദേശ് | — | 18 |
| ആസ്സാം | — | 7 |
| ബീഹാർ | — | 22 |
| ഗുജറാത്ത് | — | 11 |
| ഹരിയാന | — | 5 |
| കേരളം | — | 9 |
| മദ്ധ്യപ്രദേശ് | — | 16 |
| തമിഴ്നാട്ട് | — | 18 |
| മഹാരാഷ്ട്ര | — | 19 |
| മൈസൂർ | — | 10 |
| ഒറീസ്സ | — | 12 |
| പഞ്ചാബ് | — | 7 |
| രാജസ്ഥാൻ | — | 10 |
| ഉത്തർപ്രദേശ് | — | 34 |
| പശ്ചിമബംഗാൾ | — | 16 |
| ജമ്മു-കാശ്മീർ | — | 4 |
| നാഗാലാൻറ് | — | 1 |
| ഡൽഹി | — | 3 |
| ഹിമാചൽ പ്രദേശ് | — | 3 |
| മണിപ്പൂർ | — | 1 |
| ത്രിപുര | — | 1 |
| പോണ്ടിച്ചേരി | — | 1 |
| | | 228 |
| രാഷ്ട്രപതി നാമനിർദ്ദേശംചെയ്യുന്ന സീററുകൾ | | 12 |
| ആകെ | | 240 |

# 4-സമ്മതിദായകൻ

"സമ്മതിദായകൻ" എന്ന പദംകൊണ്ടർത്ഥമാക്കുന്നതു് ഒരു നിയോജകമണ്ഡലത്തിൽ പ്രാബല്യത്തിലിരിക്കുന്ന സമ്മതിദായ പട്ടികയിൽ പേരു് ചേർത്തിട്ടുള്ള ആളും, നിയമ പ്രകാരം കല്പിച്ചിട്ടുള്ള അയോഗ്യതകൾ ഇല്ലാത്ത ആളും എന്നാണു്. ഇപ്രകാരമുള്ള ആൾ പ്രസ്തുത നിയോജകമണ്ഡലത്തിലെ വോട്ടർ ആയിരിക്കും. സാർവത്രികമായ പ്രായപൂർത്തി വോട്ടവകാശമാണു് ഭരണഘടന വ്യവസ്ഥചെയ്യുന്നതു്. ഇരുപത്തിഒന്നു് വയസ് പൂർത്തിയായ ഇൻഡ്യൻ പൗരനു് വോട്ടവകാശം ലഭ്യമാണു്. എന്നാൽ ഭരണഘടനയും, തിരഞ്ഞെടുപ്പു നിയമങ്ങളും കൽപിക്കുന്ന അയോഗ്യതകൾ നിലവിലിരിക്കുമ്പോൾ ഈ അവകാശം നിഷേധിക്കപ്പെടുകയും ചെയ്യും. സമ്മതിദായ പട്ടികയിൽ പേരുചേർക്കുന്നതിനുള്ള അടിസ്ഥാനയോഗ്യതകൾ ചുവടെ ചേർക്കുന്നു.

## യോഗ്യതകൾ

1) ഇൻഡ്യൻ പൗരത്വം
2) 21 വയസ്സു് പൂർത്തിയായിരിക്കണം.

ഈ രണ്ടു് യോഗ്യതകൾ ഉണ്ടായിരുന്നാൽ മാത്രം പോര. ഭരണഘടനയിലും മററു് നിയമങ്ങളിലും നിശ്ചയിച്ചിട്ടുള്ള അയോഗ്യതകൾ ഇല്ലാതിരിക്കുകയും വേണം. എങ്കിൽ മാത്രമേ വോട്ടർ ആയി പേർ രജിസ്റ്റർ ചെയ്യാൻ അനുവാദമുണ്ടായിരിക്കുകയുള്ളു. താഴെപ്പറയുന്ന വിഭാഗം ആളുകൾ ഒരു നിയോജകമണ്ഡലത്തിൽ വോട്ടർആകുന്നതിനു് അർഹതയില്ലാത്തവരാണു്.

1) നിയോജകമണ്ഡലത്തിനുള്ളിൽ സാധാരണ താമസക്കാരൻ (ഓർഡിനറി റസിഡൻറു്) അല്ലാത്ത ആൾ

2) ചിത്തരോഗികൾ

3) ക്രിമിനൽ കുററവാളികൾ,

4) തിരഞ്ഞെടുപ്പിൽ, അഴിമതി, ക്രമക്കേട് തുടങ്ങിയ കുററങ്ങളിൽ ഏർപ്പെട്ടുന്നവർക്കു് അയോഗ്യത കൽപിക്കാൻ ആവശ്യമായ വകുപ്പുകൾ ഭരണഘടനയിലും തിരഞ്ഞെടുപ്പു നിയമങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇത്തരത്തിൽ അയോഗ്യത കൈവന്നിട്ടുള്ളവരും വോട്ടർ ആയി പേരു് രജിസ്റ്റർ ചെയ്യാൻ അർഹതയില്ലാത്തവരാണു്.

### സാധാരണ താമസക്കാരൻ

ആർ. പി. ആക്ടു്(1951) 20-ാം വകുപ്പു് 'സാധാരണ താമസക്കാരൻ' എന്നതിനെ വിശദീകരിക്കുന്നുണ്ടു്. ഒരു നിയോജകമണ്ഡലത്തിനകത്തു് ഒരു വീടിന്റെ ഉടമസ്ഥാവകാശമോ, കൈവശാവകാശമോ ഉള്ളതുകൊണ്ടു മാത്രം ഒരാൾ പ്രസ്തുത നിയോജകമണ്ഡലത്തിലെ സാധാരണതാമസക്കാരൻ ആകണമെന്നില്ല. നിയോജകമണ്ഡലത്തിനകത്തു് സ്ഥിതി ചെയ്യുന്ന ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള രോഗിയും, ജയിലിൽ കിടക്കുന്ന പുള്ളിയും, താൽകാലികമായി അതാതിടങ്ങളിലാണു് താമസിക്കുന്നതെങ്കിലും അവരെയും സാധാരണതാമസക്കാർ ആയി കണക്കിലെടുക്കുകയില്ല. അതേസമയം തൽക്കാലം നിയോജക മണ്ഡലത്തിനകത്തല്ല താമസം എന്നുള്ളതു് കൊണ്ടു് മാത്രം, നിയോജകമണ്ഡലത്തിലെ താമസക്കാരൻ അല്ലാതെയും ആകുന്നില്ല. വസ്തുനിഷ്ഠമായിട്ടായിരിക്കണം ഇക്കാര്യം തീരുമാനിക്കേണ്ടതു്.

പ്രസ്തുത വകുപ്പിലെ മൂന്നു് മുതൽ ഏഴു് വരെ ഉപവകുപ്പുകൾ ചില പ്രത്യേകവിഭാഗം ആളുകൾ ഒരു നിയോജകമണ്ഡലത്തിനു് പുറത്താണു് താമസിക്കുന്നതെന്നു് വരികിലും അവരെ പ്രസ്തുത മണ്ഡലത്തിലെ സാധാരണ താമസക്കാർ ആയി കണക്കാക്കുന്നതിനു് അനുവദിച്ചിട്ടുണ്ടു്. ഇത്തരം പ്രത്യേകത ലഭിക്കുന്ന വിഭാഗങ്ങൾ ഏതെല്ലാമെന്നു് നോക്കാം.

AM PUBLIC LIBRARY KOTTAYAM.

(1) കേന്ദ്ര സായുധസേനാവിഭാഗം

(2) ആർമിആക്ട് (1950) ലെ വ്യവസ്ഥകൾക്ക് വിധേയരാകുന്ന സേനാവിഭാഗത്തിലെ അംഗങ്ങൾ

(3) സംസ്ഥാനത്തിന് പുറത്ത് ജോലി നോക്കുന്ന സംസ്ഥാനസായുധ പോലീസ്സേനയിലെ അംഗങ്ങൾ.

(4) ഇൻഡ്യക്ക് പുറത്തു ജോലിയിലിരിക്കുന്ന കേന്ദ്ര ഗവണ്മെൻറ് ജീവനക്കാർ.

(5) ഇൻഡ്യക്കകത്ത് "പ്രത്യേകപദവി" നൽകിയിട്ടുള്ളവരായി രാഷ്ട്രപതി പ്രഖ്യാപിച്ചിട്ടുള്ളവർ. അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവർ ചുവടെ ചേർത്തിട്ടുള്ള പദവികൾ വഹിക്കുന്നവരാണ്.

(a) രാഷ്ട്രപതി

(b) ഉപരാഷ്ട്രപതി

(c) സംസ്ഥാന ഗവർണർമാർ

(d) കേന്ദ്ര–സംസ്ഥാന (ക്യാബിനററ്) മന്ത്രിമാർ

(e) പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാനും, കമ്മിഷൻ അംഗങ്ങളും

(f) കേന്ദ്ര-സംസ്ഥാനഡെപ്യൂട്ടിമന്ത്രിമാർ

(g) കേന്ദ്രസംസ്ഥാന (സ്റ്റേററ്) മന്ത്രിമാർ

(h) സംസ്ഥാനാന ലെജിസ് ലേററീവ് കൗൺസിൽ ചെയർമാൻമാർ

(i) കേന്ദ്ര ഭരണപ്രദേശങ്ങളിലെ ലഫ്ററനൻറ് ഗവർണർമാർ

(j) പാർലിമെൻറ്–നിയമസഭാസ്പീക്കർമാർ

(k) പാർലിമെൻറ്–നിയമസഭാഡെപ്യൂട്ടിസ്പീക്കർമാർ

(l) രാജ്യസഭയിലെയും ലെജി: കൗൺസിലിലെയും ഡെപ്യൂട്ടിസ്പീക്കർമാർ

[m] കേന്ദ്ര–സംസ്ഥാനപാർലിമെൻററി സെക്രട്ടറിമാർ

[6] മുകളിൽ പറഞ്ഞിട്ടുള്ള "പ്രത്യേക പദവി"യിൽ ഉള്ളവരുടെ ഭാര്യമാർ [ഭാര്യ ഭർത്താവിനോടൊപ്പം താമസിച്ചാലേ ഈ സൗകര്യം ലഭിക്കു]

മേൽ കാണിച്ചിട്ടുള്ള അഞ്ചു് വിഭാഗം ആളുകളും, തിരഞ്ഞെടുപ്പ് സമയത്ത് ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തം നിയോജകമണ്ഡലങ്ങൾക്ക് പുറത്ത് കഴിയേണ്ടി വരുന്നതുകൊണ്ടു്, അവരുടെ സമ്മതിദാനാവകാശം നഷ്ടപ്പെടാൻ ഇടയാകാതിരിക്കുന്നതിലേക്കാണ്, അവർ നിയോജകമണ്ഡലത്തിനു് പുറത്തായിരുന്നാലും അതതു് മണ്ഡലങ്ങളിലെ "സാധാരണതാമസക്കാർ" എന്നു് കണക്കാക്കിയിരിക്കുന്നതു്.

## അയോഗ്യതകൾ

ഇനി അയോഗ്യതകൾ ഏവയെന്നു പരിശോധിക്കാം. ചിത്തരോഗികൾക്കും, മന്ദബുദ്ധികൾക്കും, വോട്ടവകാശം നിഷേധിച്ചിട്ടുണ്ടു്. ഇൻഡ്യൻ ലൂനാസി ആക്റ്റിൽ (1912), ചിത്തരോഗി, മന്ദബുദ്ധി ഇവക്കു നൽകിയിട്ടുള്ള നിർവചനം തന്നെയാണ് തിരഞ്ഞെടുപ്പു കാര്യത്തിലും മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നതു്. കോടതി വിധിമൂലം ചിത്തരോഗിയായി കണക്കാക്കുന്ന ആൾക്കും വോട്ടു് രേഖപ്പെടുത്താൻ നിയമം അനുവാദം നൽകുന്നില്ല.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഴിമതി നടത്തിയ കാരണത്താൽ അയോഗ്യത കൽപിച്ചിട്ടുള്ളവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുപ്പു കുററങ്ങളുടെ പേരിൽ ശിക്ഷകൾക്കു് വിധേയരായിട്ടുള്ളവർക്കും അയോഗ്യത കൽപിച്ചിട്ടുണ്ടു്. അത്തരക്കാർക്കു് അയോഗ്യതനിലനിൽക്കുന്ന കാലത്തോളം വോട്ടവകാശം നിഷേധിച്ചിട്ടുണ്ടു്. സമ്മതിദായപ്പട്ടികയിൽ പേരു് ഇല്ലാത്ത ആളെ വോട്ടറായി കണക്കാക്കുകയും ഇല്ല. ഒന്നിൽക്കൂടുതൽ നിയോജക മണ്ഡലങ്ങളിലും ഒരേനിയോജക മണ്ഡലത്തിൽ തന്നെ ഒന്നിലധികം

സ്ഥലത്തും ഒരാളെ വോട്ടർ ആയി പേരു് രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നതല്ല.

ജയിൽപുള്ളികാംക്കും, നിയമപരമായി പോലീസ്° ബന്തവസ്സിൽ കഴിയുന്നവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിരോധനത്തടങ്കലിൽ കഴിയുന്ന 'ഡെററിന്യൂ' കാംക്കു് പേർ രജിസ്റ്റർചെയ്യുന്നതിനും വോട്ടു് രേഖപ്പെടുത്തുന്നതിനുംഅവകാശമുണ്ടായിരിക്കുകയും ചെയ്യും.

ഒരാം ഒന്നിലധികം പ്രാവശ്യം വോട്ടു് രേഖപ്പെടുത്തുന്നതായാൽ, അയാം രേഖപ്പെടുത്തുന്ന എല്ലാവോട്ടുകളും അസാധുവായിത്തീരും. ഇതു് ഒരു മണ്ഡലത്തിൽ തന്നെ ആയാലും വ്യത്യസ്ഥ നിയോജക മണ്ഡലങ്ങളിലായാലും ഫലം ഒന്നുതന്നെയാണു്.

തിരഞ്ഞെപ്പിൽ അവിഹിതമായി സ്വാധീനം ചെലുത്തുന്നതും, കൈക്കൂലി ഒരു ഉപാധിയായി സ്വീകരിക്കുന്നതും തിരഞ്ഞെടുപ്പിലെ അഴിമതിയാണു്. ബാലററു് പേപ്പർ പോളിംഗു് സ്റ്റേഷനു് പുറത്തു് കൊണ്ടുപോകുന്നതു് ശിക്ഷാർഹമായ കുററമാണു്. ഭിന്ന വിഭാഗം ജനങ്ങളിൽ ശത്രുത ജീനിപ്പിക്കുന്നതും ശിക്ഷക്കു് ഇടനാംകും. മേൽപറഞ്ഞ കുററങ്ങാംക്കു് ഇൻഡ്യയിലെ ഏതെങ്കിലും കോടതിയിൽ നിന്നും ശിക്ഷ ലഭിച്ചിട്ടുള്ള ആംക്കു് ശിക്ഷലഭിച്ച തിയതി മുതൽ അല്ലങ്കിൽ ശിക്ഷ പ്രാബല്യത്തിൽ വന്ന തീയതി മുതൽ ആറു് വർഷത്തേക്കു് വോട്ടു് രേഖപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതല്ല. തിരഞ്ഞെടുപ്പു് ജോലിക്കാംക്കു് നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാർ ക്രമക്കേടുകാം കാണിച്ചാൽ അവർ ശിക്ഷിക്കപ്പെടും. അപ്രകാരം ശിക്ഷിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കും 6 കൊല്ലം വോട്ടു് രേഖപ്പെടുത്താൻ കഴിയുന്നതല്ല. കൂടാതെ തിരഞ്ഞെടുപ്പു് പെററീഷൻ വിചാരണവേളയിൽ ഒരാം അഴിമതി കാണിച്ചു എന്നു് തെളിഞ്ഞാൽ അയാംക്കും ആറു് വർഷം അയോഗ്യത ഉണ്ടായിരിക്കും.

നിരക്ഷരകുക്ഷികൾ, അന്ധന്മാർ, ചെകിടന്മാർ, മററ് അംഗവൈകല്യങ്ങളും, അവശതകളും ഉള്ള ആളുകൾ, ഇവർക്കൊന്നും തന്നെ അയോഗ്യത കല്പിച്ചിട്ടില്ല. മാത്രവുമല്ല ഇവർക്ക് വോട്ട് രേഖപ്പെടുത്തുന്നതിന് പ്രത്യേക സൗകര്യങ്ങളും നിയമപ്രകാരം ലഭിക്കുന്നുമുണ്ട്.

ഇൻഡ്യൻ തിരഞ്ഞെടുപ്പ് നിയമം, "സാധാരണതാമസ്സക്കാര"ല്ലാത്തവർക്കും, ചിത്തരോഗികൾക്കും, മന്ദ ബുദ്ധികൾക്കും കുററവാളികൾക്കും, തിരഞ്ഞെടുപ്പിൽ ആഴിമതികളും ക്രമക്കേടുകൾ കാണിച്ചിട്ടുള്ളവർക്കും മാത്രമാണ് അയോഗ്യത കല്പിച്ചിട്ടുള്ളതു്.

സ്ത്രീകൾക്ക് പുരുഷന്മാർക്ക് ഉള്ളത്ര സ്വാതന്ത്ര്യം തിരഞ്ഞെടുപ്പ് കാര്യങ്ങളിൽ ലഭിക്കുന്നു. സമ്മതിദാനാവകാശത്തിലും വിവേചനം കാണിക്കുന്നില്ല. ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ് മുതൽ തന്നെ സ്ത്രീകൾക്ക് ഈ തുല്യത സ്വായത്തമാക്കുകയും ചെയ്തിട്ടുണ്ട്. പാർലിമെൻററി ജനാധിപത്യത്തിൻെറ ഈററില്ലം എന്നവകാശപ്പെടുന്ന ബ്രിട്ടണിൽ ഏതാണ്ട് ഒൻപതു് വർഷങ്ങൾക്ക് മുൻപ് മാത്രമാണ്, സ്ത്രീക്കും, പുരുഷനും തുല്യമായ വോട്ടവകാശം ലഭിച്ചിതു്. അമേരിക്കയിൽ 1920 ലും—കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ ഒഴിച്ചാൽ സ്ത്രീക്ക്, പുരുഷനുള്ള തുല്യത തുടക്കത്തിൽ തന്നെ അംഗീകരിച്ച രാജ്യം ഇൻഡ്യയാണ്.

ലോകത്തിൽ പല രാജ്യങ്ങളിലും പതിനെട്ടുവയസ്സ് പൂർത്തിയായാൽ വോട്ടവകാശം ലഭിക്കുന്ന സ്ഥിതിയുണ്ട്. റഷ്യ, ശ്രീലങ്ക, അമേരിക്ക, തുടങ്ങിയ രാജ്യങ്ങളിലെല്ലാം വോട്ടവകാശം ലഭിക്കുന്നതിനുള്ള കുറഞ്ഞപ്രായം 18 വയസായാണ് നിശ്ചയിച്ചിട്ടുള്ളതു്. മെക്സിക്കോയിൽ വിവാഹിതർക്ക് (സ്ത്രീ ആയാലും, പുരുഷനായാലും) 18 വയസ്സ് പൂർത്തിയായാൽ വോട്ടവകാശം ലഭ്യമാണ്. എന്നാൽ അവിവാഹിതർക്ക് 21 വയസ്സ് പൂർത്തിയാകേണ്ടതുണ്ട്. ബ്രിട്ടണിലും, ഫ്രാൻസിലും പ്രായപരിധി 18 വയസായി കുറച്ചിട്ടുണ്ട്. ഇൻഡ്യയിൽ പലകാര്യ

ങ്ങാംക്കും, നിയമപ്രകാരം പ്രായപൂർത്തിയായതായി കണക്കാക്കുന്നതു് 18 വയസ്സ് പൂർത്തിയാകുമ്പോൾ ആണു്. അതേസമയം വോട്ടവകാശത്തിൻെറ കാര്യത്തിൽ 21 വയസ്സായി ക്ലിപ്തപ്പെടുത്തിയരിക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ഇതു് ഒരു വിരോധാഭാസമാണു്. ,പ്രായപരിധി 18 ആയികുറക്കുന്ന പ്രശ്നം. അടുത്തകാലത്തു് പാർലിമെൻറിൽ ചർച്ചാവിഷയമാകുകയുണ്ടായി.

സ്വത്തു് വോട്ടവകാശത്തിൻെറ കാര്യത്തിൽ ഇൻഡ്യയിൽ ഒരു പ്രശ്നമല്ല. ഇതു് മററു് പല രാജ്യങ്ങളിൽ നിന്നും വ്യത്യസ്ഥമായ ഒരു സമീപനമാണു്.

സോഷ്യലിസ്ററു് രാജ്യങ്ങാം ഒഴിച്ചാൽ സാർവത്രികമായ പ്രായപൂർത്തിവോട്ടവകാശം അനുവദിച്ചിട്ടുള്ള രാജ്യങ്ങളിൽ ഒന്നു് ഇൻഡ്യയാണു്.

# 5-സമ്മതിദായപട്ടിക

ജാതി, മതം, ലിംഗം ജന്മസ്ഥലം ഇക്കാരണങ്ങളാൽ ഒരു പൗരനോടും വിവേചനം കാണിക്കരുതെന്നാണ് ഭരണഘടന 15-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് അനുശാസിക്കുന്നതു്. അതിനാൽ, ജാതി, മതം, ലിംഗം, പ്രദേശം ഇവ ഒന്നുംതന്നെ വോട്ടേർഴ്സ് ലിസ്റ്റിൽ പേർ ചേർക്കുന്നതിനു് ബാധകമാകാൻ പാടില്ല. ഒരാൾക്കു് വോട്ടു് രേഖപ്പെടുത്തുന്നതിനുള്ള പ്രാഥമികാവകാശം ലഭ്യമാകുന്നതു് വോട്ടർപട്ടികയിൽ പേർചേർക്കുന്നതു് മൂലമാണു്. ഓരോ നിയോജകമണ്ഡലത്തിനും പൊതുവായ സമ്മതിദായപട്ടിക ഉണ്ടായിരിക്കും. നിയോജകമണ്ഡലം എന്നതു്കൊണ്ടു് നിയമസഭാ നിയോജകമണ്ഡലത്തെയാണു് ഇവിടെ ഉദ്ദേശിക്കുന്നതു്.

സമ്മതിദായ പട്ടിക തയ്യാറാക്കുന്നതു്, തിരഞ്ഞെടുപ്പ് കമ്മിഷന്റെ മേൽനോട്ടത്തിലും, നിയന്ത്രണത്തിലും നിർദ്ദേശങ്ങൾക്കനുസൃതമായും ആയിരിക്കണം. ഒരാളിന്റെ പേർ ഒരു സ്ഥലത്തു് മാത്രമെ രജിസ്റ്റർ ചെയ്യാൻ അനുവാദമുള്ളു. പട്ടികയിൽ പേർ രജിസ്റ്റർ ചെയ്യുന്ന ആളിനു തൻമൂലം വോട്ടവകാശം കൈവരിച്ചു എങ്കിലും പിന്നീടു് പല കാരണങ്ങളാൽ പ്രസ്തുത അവകാശം നഷ്ടപെടാൻ സാദ്ധ്യതയുണ്ടു്. ഏതെങ്കിലും തരത്തിലുള്ള അയോഗ്യത കൈവരിക്കുന്നതു് കാരണമാണു് ഇപ്രകാരം സംഭവിക്കുന്നതു്. അയോഗ്യത കൈവരുന്ന ആൾക്കു് അയോഗ്യതയിൽ നിന്നും വിമുക്തി ലഭിച്ചാൽവീണ്ടും വോട്ടവകാശം ലഭിക്കുന്നതും പേർ നീക്കം ചെയ്യുകയാണെങ്കിൽ വീണ്ടും പേർ ചേർക്കാവുന്നതും ആണു്.

തിരഞ്ഞെടുപ്പു് കമ്മീഷൻ നിർദ്ദേശിക്കുന്ന ഭാഷയിൽ ആയിരിക്കണം സമ്മതിദായ പട്ടിക തയാർ ചെയ്യുക. ഓരോ

സംസ്ഥാനത്തിന്റെയും ഭാഷയിൽ തന്നെ ആയിരിക്കണം ലിസ്റ്റ് തയ്യാറാക്കേണ്ടതെന്നു് കമ്മീഷൻ നിർദ്ദേശിച്ചിട്ടും ഉണ്ടു്. ഒരു നിയോജകമണ്ഡലത്തിലെ സമ്മതിദായകപട്ടിക പല ഭാഗങ്ങളായിട്ടായിരിക്കും തയ്യാറാക്കുന്നതു്. ഓരോ ഭാഗവും വീടുകളുടെ ക്രമനമ്പർ അനുസരിച്ചായിരിക്കുകയും ചെയ്യും. അക്ഷരമാലാക്രമത്തിൽ സമ്മ: പട്ടിക തയ്യാറാക്കാൻ തിര: കമ്മീഷന് നിർദ്ദേശിക്കാനും അധികാരമുണ്ടു്. ഓരോ ഭാഗവും ആരംഭിക്കുന്നതു് "ഒന്നു" മുതൽക്കായിരിക്കും. കൂടാതെ ക്രമമായി തുടരുകയും വേണം.

കരട് പട്ടിക

ഓരോ വീട്ടിലെയും, വോട്ടർമാരുടെ വിശദവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള "ഫാറം" ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അതാതു് വീടുകളിലെ താമസക്കാരെ ഏൽപ്പിക്കും. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ശരിയായി രേഖപ്പെടുത്തിയ ശേഷം മടക്കി ഏൽപ്പിക്കേണ്ടതാണു്. വീടു് വീടാന്തരം നേരിൽ ചെന്നു് വിവരങ്ങൾ ശേഖരിക്കുന്ന രീതിയും അവലംബിക്കാം. അപ്രകാരമാണെങ്കിൽ അതിലേക്കു് ആവശ്യമായ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനും കമ്മീഷന് അധികാരമുണ്ടു്. ജനന തീയതി സംബന്ധമായ റിക്കാർഡുകൾ ബന്ധപ്പെട്ടവരിൽ നിന്നും ആവശ്യപ്പെടാൻ ഇലക്ടറൽ രജി: ആഫീസ്സർക്കും അധികാരം നൽകിയിട്ടുണ്ടു്. കൈവശക്കാർ അവ ഹാജരാക്കാൻ ബാദ്ധ്യസ്ഥരാണു്.

സായുധ സേനാവിഭാഗത്തിലെ അംഗങ്ങളും, പ്രത്യേകപദവിയുള്ള വോട്ടർമാരും, നിശ്ചിതഫാറങ്ങളിൽ ശരിയായ വിവരങ്ങൾ എഴുതി ഇല: രജി: ആഫീസ്സറെ അറിയിക്കണം. മുൻ പറഞ്ഞ രീതികളിലെല്ലാം, ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികയുടെ കരടു് തയ്യാറാക്കുകയും, അതു് പരസ്യപ്പെടുത്തുകയും ചെയ്യും. ഇല:രജി: ആഫീസ്സറുടെ ആഫീസിന് പുറമെ, ഓരോ ഭാഗവും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ പൊതുസ്ഥലങ്ങളിലും ലിസ്റ്റു് പ്രസിദ്ധപ്പെടുത്തുന്ന

താണ്. കരട് പട്ടിക പരസ്യപ്പെടുത്തുന്നതോടൊപ്പം, പരാതികൾ ഉണ്ടായിരുന്നാൽ അവ സ്വീകരിക്കുന്നതിലേക്ക് നിശ്ചയിക്കുന്ന അവസാനതീയതിയും, പരാതിസ്വീകരിക്കുന്ന സ്ഥലവും, വ്യക്തമാക്കുകയും ചെയ്യും എല്ലാ അംഗീകൃത രാഷ്ട്രീയ കക്ഷികൾക്കും സമ്മ: പട്ടികയുടെ രണ്ട്" പ്രതികൾ വീതം നൽകുന്നതാണ്.

വിട്ട് പോയതു് മൂലമോ, മററ് കാരണങ്ങളാലൊ പേരുകൾ പുതുതായി ചേർക്കേണ്ടതു് ആവശ്യമായി വരും. അതുപോലെ തന്നെ നീക്കം ചെയ്യേണ്ടതായും കാണാൻ സാദ്ധ്യതയുണ്ട്.

അത്തരം പരാതികളും അക്ഷേപങ്ങളും സ്വീകരിക്കുന്നതിനു് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ ആഫീസും തപാൽ മേൽവിലാസവും പരസ്യത്തിൽ കാണിച്ചിരിക്കും.

സേനാവിഭാഗങ്ങളുടെയും, അവരുടെ ഭാര്യമാരുടെയും പേരുകൾ പട്ടികയുടെ അവസാനഭാഗത്തായിരിക്കും ചേർക്കുന്നതു്. പ്രത്യേക പദവിയുള്ള സമ്മതിദായകരുടെയും, അവരുടെ ഭാര്യമാരുടെയും പേരുകൾ, അതാതു് നിയോജകമണ്ഡലത്തിലെ സമ്മതിദായകപട്ടികയിൽ തന്നെ ഉൾപ്പെടുത്തുകയും ചെയ്യും. പുതുതായി പേർ ചേർക്കേണ്ട ആൾ അതിലേക്കു് അപേക്ഷിക്കുകയും വേണം.

## പരാതികൾ

കരടു് പത്രിക പ്രസിദ്ധീകരിച്ചു് 30 ദിവസത്തിനകം, പരാതികൾ സമർപ്പിക്കാവുന്നതാണു്. ഈ കാലാവധി തിരഞ്ഞെടുപ്പ് കമ്മീഷനു് ദീർഘിപ്പിക്കാം. അപ്രകാരം തിര: കമ്മീഷൻ തീയതി ദീർഘിപ്പിക്കുന്നതു് ഒരു നിയോജകമണ്ഡലത്തിലെ സമ്മതിദായകപ്പട്ടിക മൊത്തമായും, ചില പ്രദേശങ്ങളെ സംബന്ധിച്ചു് ഭാഗികമായും ആകാവുന്നതാണു്. തീയതി ദീർഘിപ്പിക്കുകയാണെങ്കിൽ അക്കാര്യം ഗവണ്മെൻറു് ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും.

പുതുതായി പേർ ചേർക്കുന്നതിനും സമ്മ: പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പേർ നീക്കംചെയ്തു കിട്ടുന്നതിനും അപേക്ഷിക്കാവുന്നതാണെന്നു് പറഞ്ഞുവല്ലോ. മാത്രമല്ല സമ്മ: പട്ടികയിൽ കാണിച്ചിട്ടുള്ള വിവരങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനും അപേക്ഷിക്കാൻ കഴിയും. ഈ ഓരോ കാര്യങ്ങൾക്കും അപേക്ഷിക്കുന്നതിലേക്കു് വെവ്വേറെ ഫാറങ്ങൾ നിശ്ചയിച്ചിട്ടുണ്ടു്. അതിനാൽ ഓരോ ആവശ്യത്തിനും അപേക്ഷിക്കുമ്പോൾ അതാതിലേക്കുള്ള ഫാറങ്ങൾ തന്നെ വേണം ഉപയോഗിക്കേണ്ടതു്. നിശ്ചിതതീയതിക്കകത്തു തന്നെ അപേക്ഷിക്കുകയും വേണം.

പുതുതായി പേർചേർത്തു് കിട്ടുന്നതിന്നുള്ള അപേക്ഷയിൽ, അപേക്ഷകനും, അതേ സമ്മ: പട്ടികയിൽ പേരുള്ള മറ്റൊരാളും ഒപ്പു് വച്ചിരിക്കണം.

ഒരാളുടെ പേർ സമ്മ: പട്ടികയിൽനിന്നും നീക്കം ചെയ്തു് കിട്ടുന്ന ആവശ്യത്തിലേക്കു പ്രസ്തുത സമ്മ: പട്ടികയിൽ പേർചേർത്തിട്ടുള്ള ഏതൊരാൾക്കും അപേക്ഷിക്കാം. എന്നാൽ അതേപട്ടികയിൽ പേരുള്ള രണ്ടാമതൊരാൾകൂടെ ഒപ്പുവച്ചിരിക്കേണ്ടതാണു്.

സമ്മ: പട്ടികയിൽ ഒരാളെക്കുറിച്ചു് ചേർത്തിട്ടുള്ള വിവരണങ്ങളിൽ ഭേദഗതി വരുത്തുന്നകാര്യത്തിൽ അപേക്ഷിക്കേണ്ടതു് പരാതിക്കാരൻ തന്നെ ആയിരിക്കണം.

അപേക്ഷ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ഓരോ, ആവശ്യത്തിന്നും ഉള്ള അപേക്ഷകൾ പ്രത്യേകം, പ്രത്യേകം തരംതിരിക്കുകയും, വെവ്വേറെ ലിസ്റ്റു് തയ്യാർ ചെയ്യുന്നതുമാണു്. ഓരോ ലിസ്റ്റിനും രണ്ടു് പ്രതികൾ ആവശ്യമാണു്. ഇതിൽ ഒരു പ്രതി തന്റെ ആഫീസ്സിൽ സൂക്ഷിക്കുകയും, മറേറ പ്രതി ഇല: രജി: ആഫീസ്സർക്കു് അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഇല: രജി: ആഫീസ്സറും ലിസ്റ്റിനു് രണ്ടു പ്രതികൾ തയാറാക്കേണ്ടതുണ്ടു്. ഓരോ അപേക്ഷയുടെയും വിശദവിവരങ്ങളും, ലഭിച്ചിട്ടുള്ള വിവരങ്ങളും ഈ ലിസ്റ്റിൽ ചേർത്തിട്ടുണ്ടായിരിക്കും. ഇപ്രകാരമുള്ള ലിസ്റ്റിന്റെ ഒരു പ്രതി തന്റെ ആഫീസിലെ നോട്ടീ

സ് ബോർഡിൽ പതിക്കുന്നതാണ്. നോട്ടീസ് ബോർഡിൽ പരസ്യം ചെയ്ത് ഒരാഴ്ചക്കുശേഷം, അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉത്തമബോദ്ധ്യം വരികയാണെങ്കിൽ കൂടുതൽ അന്വേഷണം കൂടാതെ തന്നെ ഒരു തീരുമാനമെടുക്കാൻ കഴിയും. ചേർക്കത്തക്ക പേരുകൾ ചേർക്കുകയും, നീക്കം ചെയ്യേണ്ടവ നീക്കുകയും, തിരുത്തലുകൾ വരുത്തേണ്ടവയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുകയും ചെയ്യാം. എന്നാൽ ഒരാഴ്ചക്കുള്ളിൽ ആരെങ്കിലും രേഖാമൂലം, അന്വേഷണം ആവശ്യപ്പെട്ടാൽ അന്വേഷണം നടത്തേണ്ടതുണ്ട്. ആയതിലേക്ക്, അന്വേഷണം ആവശ്യപ്പെടുന്ന ആളിനും. അപേക്ഷകനും നോട്ടീസ് അയക്കുകയും ചെയ്യണം. നോട്ടീസിൽ അന്വേഷണം നടത്തുന്ന സമയവും, സ്ഥലവും, കാണിച്ചിരിക്കേണ്ടതാണ്. ഈ നോട്ടീസിൻെറ പകർപ്പും ഇല: രജി: ആഫീസ്സിലെ നോട്ടീസ് ബോർഡിൽ പതിക്കുന്നതാണ്.

ഇരു കക്ഷികളുടെയും, മൊഴിയും, വാദമുഖങ്ങളും അവർ ഹാജരാക്കുന്ന തെളിവുകളും, പരിശോധിച്ചശേഷംഇല: രജി: ആഫീസർ കൈക്കൊള്ളുന്ന തീരുമാനം രേഖപ്പെടുത്തുന്നതായിരിക്കും.

സമ്മതിദായകപ്പട്ടിക തയ്യാറാക്കുന്നതിൽ വന്നേക്കാവുന്ന പാകപ്പിഴകൾ കാരണം ഒട്ടധികം പേരുകൾ വിട്ടു് പോകാൻ ഇടയായാൽ, അപ്രകാരം വിട്ട് പോകുന്ന എല്ലാ പേരുകളും ചേർത്ത് കൊണ്ട് ഒരു ലിസ്ററ് തയ്യാറാക്കേണ്ടതാണ്. ഈ ലിസ്ററ് പരിഗണിക്കുന്നതിനുള്ള സമയവും, തീയതിയും സ്ഥലവും കാണിക്കുന്ന നോട്ടീസ് ലിസ്ററ് സഹിതം, നോട്ടീസ് ബോർഡിൽ പതിക്കുകയും ചെയ്യും. പരാതികൾ പരിഗണിച്ചശേഷം അവസാന തീരുമാനം എടുക്കുന്നു.

മുകളിൽ വിവരിച്ച നടപടികൾക്കു ശേഷം സമ്മതിദായകപ്പട്ടികയിൽ ഉണ്ടായേക്കാവുന്ന അച്ചടിപ്പിശകുകളും, മററ് തെററുകളും, തിരുത്തുകയും,അത്യാവശ്യമായി വരുത്തേണ്ട ഭേദഗതികൾ ഉണ്ടായിരുന്നാൽ, പ്രസ്തുത ഭേദഗതികളും ഉൾപ്പെട്ട

ത്തിയശേഷം അവസാന ലിസ്ററ് പ്രസിദ്ധപ്പെടുത്തുന്നു. ഇതായിരിക്കും ഒരു നിയോജകമണ്ഡലത്തിലെ സമ്മതിദായക പട്ടിക. അല്ലെങ്കിൽ വോട്ടർഴ്സ് ലിസ്ററ്. ലിസ്ററ് പ്രസിദ്ധപ്പെടുത്തുന്നതീയതി മുതൽ പ്രാബല്യത്തിൽ വരികയും ചെയ്യും.

## അപ്പീൽ

ഇല: രജി: ആഫീസറുടെതീരുമാനത്തിനെതിരെ അപ്പീൽ നൽകുന്നതിനു് കഴിയും. അപ്പീൽ അധികാരിആരായിരിക്കുമെന്നു്തീരുമാനിക്കുന്നതു് തിര: കമ്മീഷനാണു്. ഇല: രജി: ആഫീസറുടെ മുൻപിൽ സമർപ്പിക്കുന്ന അപേക്ഷയും, പരാതിയും നിരസിക്കുന്ന കേസ്സുകളിൽ മാത്രമേ അപ്പീൽ അവകാശം ഉണ്ടായിരിക്കുകയുള്ളു. അപ്പീൽ നൽകുന്നതു് ഇല: രജി: ആഫീസറുടെ തീരുമാനത്തിനുശേഷം 15 ദിവസത്തിനകം ആയിരിക്കുകയും വേണം. അപ്പീൽ കേൾക്കുന്ന അധികാരിയുടെ തീരുമാനം അവസാനത്തേതായിരിക്കും.

ലിസ്ററു് പൂർത്തിയായതിനുശേഷം ഉണ്ടായേക്കാവുന്ന മാററങ്ങൾ, ഇല: രജി: ആഫീസർക്കു തന്നെ തിരുത്താവുന്നതാണു്. ഇതിലേക്കു് പ്രത്യേകിച്ചു് ആരുടേയും അപേക്ഷ ലഭിക്കണമെന്നില്ല. ഇല: രജി: ആഫീസർക്കു് സ്വയം ബോദ്ധ്യമായാൽ മാത്രം മതിയാകും ഇപ്രകാരം വരുത്തുന്ന തിരുത്തലുകൾ ലിസ്ററിൻെറ ഒരു ഭാഗത്തു് പ്രത്യേകം കാണിക്കുകയും ചെയ്യും.

ഉദാ.—

മരിച്ചു പോയവരുടെ പേരുകൾ

താമസം മറെറാരു ഭാഗത്തേക്കു് മാററിയ ആളുകളുടെ പേരുകൾ, തുടങ്ങിയവ, സമ്മതിദായകപ്പട്ടികയിൽ പ്രത്യേക ഭാഗത്തു് കാണിക്കുന്നതാണു്.

ഒരു നിയോജകമണ്ഡലത്തിലെ സമ്മതിദായകപ്പട്ടികയിൽ പേർ ചേർത്തിട്ടുള്ള ആൾക്കു് പ്രസ്തുതമണ്ഡലത്തിലെ പട്ടിക

യിൽ നിന്നും, തൻെറ പേർമാററി മറെറാരു നിയോജകമണ്ഡലത്തിലെ സമ്മതിദായകപ്പട്ടികയിൽ, ഉൾപ്പെടുത്തുന്നതിനായി അപേക്ഷിക്കാവുന്നതാണ്. അപ്രകാരം തൻെറ പേർ മറെറാരു മണ്ഡലത്തിലേക്ക് മാററികിട്ടുന്നതിന് അപേക്ഷിക്കുന്നതോടൊപ്പം ആദ്യമണ്ഡലത്തിലെ പട്ടികയിൽ നിന്നും തൻെറ പേർനീക്കം ചെയ്യുന്നതിനും അപേക്ഷിച്ചിരിക്കണം. അപേക്ഷകൻെറ പേർ, ആദ്യമണ്ഡലത്തിലെ പട്ടികയിൽനിന്നും നീക്കംചെയ്യുകയും അയാഠം ആവശ്യപ്പെട്ടിട്ടുള്ള മണ്ഡലത്തിലെ സമ്മ: പട്ടികയിൽ ഉൾപെടുത്തുകയും ചെയ്യും,

നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്നതിലേക്കു നിശ്ചയിക്കുന്ന അവസാന തീയതിക്കുശേഷം, വോട്ടേർഴ്സ് ലിസ്ററിൽ യാതൊരുവിധമായ ഭേദഗതികളോ, തിരുത്തലുകളോ ഒന്നും തന്നെ അനുവദിക്കുന്നതല്ല. തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെ ഇത്തരം യാതൊരു കാര്യങ്ങളും പരിഗണിക്കുന്നതുമല്ല.

## ഫീസ്സ്

ഇല: രജി: ആഫീസ്സറുടെ തീരുമാനത്തിനെതിരെ ചീഫ് ഇലക്ടറൽ ആഫീസ്സർക്ക് 15 ദിവസത്തിനകം പരാതിനൽകാൻ കഴിയുമെന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലോ? ഇല: രജി. ആഫീസറുടെ ഉത്തരവിൻെറ പകർപ്പ് സഹിതം ആയിരിക്കണം പരാതി നൽകുക. കൂടാതെ നിശ്ചിതഫീസ്സും പരാതിയോടൊപ്പം ഒടുക്കിയിരിക്കുകയും വേണം. യാതൊരു കാരണവശാലും ഫീസ്സ് മടക്കി കിട്ടുന്നതായിരിക്കുകയില്ല.

## സമ്മ: പട്ടിക പുതുക്കൽ

മതിയായ കാരണങ്ങളാൽ, മറിച്ചൊരുത്തരവ്, തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കാത്തപക്ഷം ഓരോ പൊതു തിരഞ്ഞെടുപ്പിനും, ഉപതിരഞ്ഞെടുപ്പിനും മുമ്പ് സമ്മതിദായകപ്പട്ടിക പുതുക്കേണ്ടതുണ്ട്. കൂടാതെ ഏതു് വർഷവും സമ്മതിദാ

യക പട്ടിക പുതുക്കുന്നതിനു് തിര: കമ്മീഷനു് നിർദ്ദേശിക്കുക യുംചെയ്യാം.

ചട്ടപ്രകാരമുള്ള രീതിയിലും, സമയത്തും അല്ലാതെ ലിസ്റ്റു് പുതുക്കുന്നതായാൽ അതു് സാധുവായ നടപടി ആയിരിക്കുന്ന തല്ല. ചട്ടപ്രകാരം പുതുക്കുന്ന ലിസ്റ്റും പ്രസിദ്ധീകരിക്കുന്ന തീയതി മുതൽക്കു് മാത്രമെ പ്രാബല്യത്തിൽ വരുകയുള്ളു. മുൻകാല പ്രാബല്യം ലഭിക്കുന്നതല്ല.

### പ്രായപൂർത്തി കണക്കാക്കുന്ന തീയതി

21 വയസ്സ് പൂർത്തിയായാൽ വോട്ടവകാശത്തിനർഹത യുണ്ടെന്നും സമ്മ: പട്ടികയിൽ പേർ രജിസ്റ്റർ ചെയ്യാൻ കഴി യുമെന്നും കണ്ടുവല്ലോ. 21 വയസ്സ് പൂർത്തിയായിരിക്കേണ്ട തീയതി ഇന്നതാണെന്നും നിശ്ചയിച്ചിട്ടുണ്ടു്. പട്ടിക പുതുക്കു കയോ, തയ്യാറാക്കുകയോ, ചെയ്യുന്ന വർഷം ജനുവരി ഒന്നാം തീയതിക്കു് 21 വയസു് പൂർത്തിയാകുന്നവരുടെ പേർ മാത്രമെ രജിസ്റ്റർ ചെയ്യുകയുള്ളു. അതായതു് ജനുവരി ഒന്നാണു് ക്വാളിഫയിംഗ് ഡേററ് (യോഗ്യതാദിവസം) ആയി നിശ്ച യിച്ചിട്ടുള്ളതു്.

ലോക്സഭാ നിയോജകമണ്ഡലങ്ങൾക്കായി പ്രത്യേകം സമ്മതിദായകപട്ടിക ഉണ്ടായിരിക്കുന്നതല്ല. ഒരു ലോക്സഭാ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ നിയമസഭാമണ്ഡ ലങ്ങളുടെയും ലിസ്ററുകൾ ചേർന്നതാണു് ലോക്സഭയിലെ ക്കുള്ള വോട്ടേർഴ്സ് ലിസ്ററ്. ഒരു ലോക്സഭാനിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന എല്ലാ നിയമസഭാ മണ്ഡലങ്ങളും, പൂർണ്ണമായും ലോക്സഭാ മണ്ഡലത്തിനുള്ളിൽ ആയിരിക്കും.

### ലെ: കൗൺസിൽ നിയോജകമണ്ഡലങ്ങൾ

ആർ. പി. ആക്ടി (1950) ലെ 4–ാം ഭാഗം ലെജി: കൗൺ സിൽ നിയോജകമണ്ഡലങ്ങളിലെ സമ്മതിദായപ്പട്ടികയെ സംബന്ധിക്കുന്നതാണു്. ബിരുദധാരികളുടെയും, അദ്ധ്യാപകരു

ടേയും നിയോജകമണ്ഡലങ്ങൾ പ്രാദേശികാടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നതു്. ഓരോ നിയോജകമണ്ഡലത്തിലേക്കും പ്രത്യേകം സമ്മതിദായകപ്പട്ടികയും ഉണ്ടായിരിക്കും. ഒരാൾ ഒരു മണ്ഡലത്തിൽ ഒന്നിലധികം പ്രാവശ്യം പേർ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. പേർ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ നിയമസഭാ നിയോജകമണ്ഡലങ്ങളിലേക്കു് ആവിഷ്ക്കരിച്ചിട്ടുള്ളതു തന്നെയാണ്.

പ്രാദേശിക സമിതികളിലെ വോട്ടറന്മാർ അതാതു് സ്ഥാപനങ്ങളിലെ സാമാജികർ മാത്രം ആയിരിക്കും. ഈ മണ്ഡലങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ആയിരിക്കും വിഭജിക്കുന്നതു്. ഈ സ്ഥാപനങ്ങളിലെ പ്രധാന എക്സിക്യൂട്ടീവ് ആഫീസ്സറന്മാർ (Chief Executive Officer) അംഗങ്ങളുടെ വിവരങ്ങൾ യഥാസമയം ഇല: രജി: ആഫീസറെ അറിയിക്കേണ്ടതുണ്ടു്. തദനുസരണം, കാലാകാലങ്ങളിൽ, ശരിയായ ലിസ്ററു തയ്യാറാക്കി സൂക്ഷിക്കേണ്ട ചുമതല ഇല: രജി: ആഫീസ്സറുടേതാണ്.

സംസ്ഥാന ലെജി: കൗൺസിൽ തിരഞ്ഞെടുപ്പിലെ സമ്മതിദായകർ അദ്ധ്യാപകർ, ബിരുദധാരികൾ, പ്രാദേശിക സ്ഥാപനങ്ങളിലെ അംഗങ്ങൾ, നിയമസഭാസാമാജികർ എന്നിവരാണല്ലോ. ഇതിൽ ആദ്യം പറഞ്ഞിട്ടുള്ള മൂന്നു വിഭാഗങ്ങൾക്കും ഉള്ള നിയോജക മണ്ഡലങ്ങൾ പ്രാദേശികാടിസ്ഥാനത്തിലാണ് വിഭജിക്കുന്നതു്. ഒരോ മണ്ഡലത്തിലും പ്രത്യേകം വോട്ടേഴ്സ് ലിസ്ററും ഉണ്ടായിരിക്കുകയും വേണം. കൂടാതെ ഓരോ വിഭാഗത്തിൻെറയും മണ്ഡലങ്ങൾ വെവ്വേറെ ആയിരിക്കേണ്ടതുമാണ്.

### യോഗ്യതാതീയതി

ലജി: കൗൺസിൽ നിയോജകമണ്ഡലത്തിലെ വോട്ടർ ആയി പേർ രജിസ്റ്റർ ചെയ്യുന്നതിലേക്കുള്ള യോഗ്യത കൈവന്നതായി നിശ്ചയിക്കുന്നതീയതി ഓരോ വർഷത്തിലും നവംബർ ഒന്നാംതിയതി ആയിട്ടാണ് നിശ്ചയിച്ചിട്ടുള്ളതു്.

പോളിംഗ്ഗ് നടന്നു് കൊണ്ടിരിക്കുമ്പോഠം ലിസ്ററിൽ പേർ കാണുന്ന ആളെ, മററ് അയോഗ്യതകളുടെ പേരിൽ വോട്ടു ചെയ്യുന്നതിൽ നിന്നും വിലക്കാൻ കഴിയുന്നതല്ല. അതായതു് മററ് എന്തു് അയോഗ്യതകഠം ഒരാഠംക്കു് ഉണ്ടായിരുന്നാലും വോട്ടേഴ്സ് ലിസ്ററിൽ പേർ ഉണ്ടായിരുന്നാൽ, അയോഗ്യതയുടെ പേരിൽ, വോട്ടു് രേഖപ്പെടുത്തുന്നതിൽ നിന്നും അയാളെ തടസ്സപ്പെടുത്താൻ പാടില്ല. ഇക്കാര്യത്തിൽ തിരഞ്ഞെടുപ്പിനു് ശേഷം ഇലക്ഷൻ പെററീഷൻ മാത്രമെ കരണീയമായിട്ടുള്ളു.

### കോടതികൾ

സമ്മതിദായകപ്പട്ടികയെ സംബന്ധിച്ച് ഇല: രജി: ആഫീസർ എടുക്കുന്ന തീരുമാനങ്ങഠം ഒരു സിവിൽകോടതിയിലും ചോദ്യം ചെയ്യപ്പെടാൻ കഴിയുന്നതല്ല. പേർ ചേർക്കുന്ന കാര്യത്തിലും, ഭേദഗതികഠം വരുത്തുന്ന കാര്യത്തിലും, സിവിൽകോടതികൾക്കു് അധികാരപരിധി നാഠംകിയിട്ടില്ല. ലിസ്ററ് പുതുക്കുമ്പോഠം സംജാതമാകുന്ന പ്രശ്നങ്ങളിലും തീരുമാനം എടുക്കുന്നതു് ഇല: രജി: ആഫീസറോ, അധികാരപ്പെടുത്തുന്ന മറെറാരു ഉദ്യോഗസ്ഥനോ ആയിരിക്കും. ഈ തീരുമാനങ്ങളിലും സിവിൽ കോടതികഠംക്കു് അധികാരപരിധിയില്ല.

### ശിക്ഷ

സമ്മതിദായകപ്പട്ടികയിൽ പേർചേർക്കുക, നീക്കംചെയ്യുക, പുതുക്കുക, ഭേദഗതികഠം വരുത്തുക, തുടങ്ങിയ സന്ദർഭങ്ങളിൽ ഒരാഠം എഴുതി കൊടുക്കുന്ന സ്റേററ്മെൻറം, ഡിക്ളറേഷനും, തെററായ വിവരങ്ങഠം ഉഠംക്കൊള്ളുന്നവയാണെന്നു്, അറിഞ്ഞുകൊണ്ടും വിശ്വസിച്ചു് കൊണ്ടുമാണു് ചെയ്യുന്നതെങ്കിൽ, അപ്രകാരം എഴുതികൊടുക്കുന്ന ആളെ ഒരു വർഷം വരെ തടവിനോ, പിഴ അടക്കുന്നതിനോ, രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണു്.

### സാക്ഷിപത്രം (ഐഡൻററിററി കാർഡ്)

ആഠംമാറാട്ടം തടയുന്നതിന്നായി വോട്ടറന്മാർക്കു് ഐ

ഡൻററിററി കാർഡുകൾ നൽകുകയും ചെയ്യാം.അപ്രകാരംകാർഡു നല്കാൻ ഉദ്ദേശമുണ്ടെങ്കിൽ തിരഞ്ഞെടുപ്പ് കമ്മീഷൻഇക്കാര്യം മുൻകൂട്ടിസംസ്ഥാന ഗവണ്മെൻറ് ഗസററിൽ പരസ്യംചെയ്യുന്നതാണ്.ഒരുനിയോജകമണ്ഡലത്തിലെഎല്ലാവോട്ടർമാക്കും ഐഡൻററിററികാർഡുകൾ നൽകാവുന്നതാണ്. ഒരു പ്രത്യേക ഭാഗത്തേക്കു മാത്രമായും നൽകുന്നതിന് തീരുമാനിക്കാം. കാർഡുകൾ നൽകേണ്ട ചുമതല ഇല: രജി: ആഫീസർക്കുള്ളതാണ്. കാർഡിനു് രണ്ടു് പ്രതികൾ ഉണ്ടായിരിക്കും. വോട്ടറുടെ പേർ വയസ്സ്, താമസസ്ഥലം, തുടങ്ങിയ കാര്യങ്ങൾ കാർഡിൽ രേഖപ്പെടുത്തിയിരിക്കും. കൂടാതെ വോട്ടറുടെ ഫോട്ടോയും കാർഡിൽ പതിച്ചിരിക്കണം. ഇല: രജി: ആഫീസറുടെ ഒപ്പും അതിൽ ഉണ്ടായിരിക്കും

ഫോട്ടോ എടുക്കുന്നതു് ഗവണ്മെൻറ് ചിലവിലാണ്. ഏതെങ്കിലും സമ്മതിദായകൻ ഫോട്ടോ എടുക്കുന്നതിനു് വിസമ്മതിക്കുകയോ, ഒഴിഞ്ഞ് നിൽക്കുകയോ, സ്ഥലത്തില്ലാതിരിക്കുകയോ ചെയ്താൽ അക്കാര്യം ലിസ്റ്റിൽ രേഖപ്പെടുത്തുന്നതായിരിക്കും. കാർഡിന്റെ ഒരു പ്രതി ഇല: രജി: ആഫീസർ സൂക്ഷിക്കുകയും മറേറ പ്രതി വോട്ടർക്കു് നൽകുകയും ചെയ്യും.വോട്ട് രേഖപ്പെടുത്താൻ പോളിംഗ് സ്റ്റേഷനിൽ ഹാജരാകുന്ന സമ്മതിദായകർ കാർഡ് കൈവശം കൊണ്ടു ചെല്ലേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ കാണിക്കേണ്ടതും ആണ്. അതിനുശേഷം മാത്രമേ വോട്ട് രേഖപ്പെടുത്തുന്നതിനു് അനുവദിക്കുകയുള്ളൂ.

## സമ്മതിദായകപ്പട്ടികയുടെ പകർപ്പ്

സമ്മതിദായകപട്ടികയുടെ അടയാള സഹിതമുള്ള പകർപ്പ് നിശ്ചിതഫീസ്സ് ഒടുക്കി അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്.

# 6. തിര: വിജ്ഞാപനങ്ങൾ

രാജ്യസഭയും, സംസ്ഥാന ലെജി: കൗൺസിലും സ്ഥിരം സമിതികളാണല്ലോ. ലോക്സഭയും, നിയമസഭയും പിരിച്ചുവിടുന്ന പരിതസ്ഥിതിയിലും രാജ്യസഭയും, ലെജി: കൗൺസിലും നിലനിൽക്കും.

ഇംഗ്ലണ്ടിൽ ഹൗസ് ആഫ് ലാർഡ്സ്, ഹൗസ്ആഫ് കോമൺസ് എന്നീ പേരുകളിൽ ആണ് പാർലിമെൻറിൻെറ ഇരുസഭകളും അറിയപ്പെടുന്നതു്. ഇതിൽ ഹൗസ് ആഫ് ലാർഡ്സ് സ്ഥിരം സമിതിയാണ്.

രാജ്യസഭാ-കൗൺസിൽ തിരഞ്ഞെടുപ്പുകൾ ഒരു പ്രത്യേകരീതിയിലാണ് നടത്താറുള്ളതു്. അവയിലെ സാമാജികർ പിരിഞ്ഞു് പോകുന്ന രീതിയും പ്രത്യേക തരത്തിലാണ്. ഈ രണ്ടു് സഭകളിലെയും $\frac{1}{3}$ ഭാഗം സാമാജികർ രണ്ടു് വർഷത്തിൽ ഒരിക്കൽ പിരിഞ്ഞു് പോകുന്നു. അതിനാൽ രണ്ടു വർഷത്തിൽ ഒരിക്കൽ $\frac{1}{3}$ ഭാഗം അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതു് ആവശ്യമായി വരുന്നു.

ലോക്സഭയുടെയും നിയമസഭയുടെയും കാലാവധി (Term) 5 വർഷമായാണ് ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു്. ദേശീയ അടിയന്തിരാവസ്ഥ നിലവിലുണ്ടായിരുന്നാൽ, നിയമനിർമ്മാണം മൂലം കാലാവധി നീട്ടാൻ കഴിയും. ഇപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതു് ഒരേ സമയം ഒരു വർഷത്തിൽ കൂടുതൽ കാലത്തേക്കു് ആകാൻ പാടില്ല. അടിയന്തിരാവസ്ഥ പിൻവലിച്ചു് കഴിഞ്ഞാൽ ആറു് മാസത്തിലധികം ഈ കാലാവധി നീണ്ടു് നിൽക്കുന്നതിനും പാടില്ല.

### തിര: വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയം

രാജ്യസഭാ–ലെജി: കൗൺസിൽ തിരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ തിരഞ്ഞെടുപ്പിനു് മൂന്നു് മാസം മുൻപ് ആണു് പ്രഖ്യാപിക്കുന്നതു്. ലോക്സഭാ–നിയമസഭാ പൊതുതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതു് തിരഞ്ഞെടുപ്പിനു് ആറു മാസം മുൻപുമാണു്. ലോക്സഭയും, നിയമസഭയും നിലവിലുള്ളപ്പോൾ തന്നെ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണു്. ഇംഗ്ലണ്ടിൽ ഹൗസ് ആഫ് കോമൺസ് പിരിച്ചുവിട്ടതിനു് ശേഷം മാത്രമെ തിരഞ്ഞെടുപ്പ് നടത്താറുള്ളു.

### വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള ചുമതല

രാജ്യസഭാ- ലോക്സഭാ തിരഞ്ഞെടുപ്പുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതു് രാഷ്ട്രപതിയാണു്. തിര: കമ്മീഷൻ തീയതി മുൻകൂട്ടി ശുപാർശ ചെയ്തിരിക്കും. വിജ്ഞാപനം കേന്ദ്രഗവണ്മെന്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തും. സംസ്ഥാന നിയമസഭാ-കൗൺസിൽ തിര: വിജ്ഞാപനങ്ങൾ സംസ്ഥാന ഗവർണർമാർ പുറപ്പെടുവിക്കുന്നതും സംസ്ഥാന ഗവ: ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണു്. ഇതിനുള്ള തീയതി നിശ്ചയിക്കുന്നതും തിര: കമ്മീഷനാണു്.

കൗൺസിൽ മണ്ഡലങ്ങൾ പ്രത്യേകതരത്തിലാണെന്നു് നേരത്തെപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഏതു് നിയോജകമണ്ഡലത്തിൽനിന്നാണോസാമാജികരെതിരഞ്ഞെടുക്കേണ്ടതു്ആമണ്ഡലത്തിലെ സമ്മതിദായകരോടായിരിക്കും തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുന്നതു്. നിയമസഭാ സാമാജികരാണു് തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതെങ്കിൽ അവരോടായിരിക്കും, തിരഞ്ഞെടുപ്പിനു് ആവശ്യപ്പെടുക. ഇലക്ടറൽകോ

KOTTAYAM PUBLIC LIBRARY KOTTAYAM

ളേജുകൾ മുഖേനയാണു് തിരഞ്ഞെടുക്കപ്പെടേണ്ടതെങ്കിൽ പ്രസ്തുത ഇല:കോളേജിലെ വോട്ടറന്മാരോടും ആയിരിക്കും.

ലോക്സഭാ നിയമസഭാസാമാജികരെതിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള വിജ്ഞാപനം, തിരഞ്ഞെടുപ്പ് ആവശ്യമായിവരുന്ന നിയോജക മണ്ഡലങ്ങളിലെ സമ്മതിദായകരോടു് ആയതിലേക്കു് ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരിക്കും. തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി വിജ്ഞാപനത്തിൽ കാണിച്ചിട്ടുണ്ടായിരിക്കുകയും ചെയ്യും.

ഉപതിരഞ്ഞെടുപ്പിൻെറ കാര്യത്തിൽ രണ്ടു് വിജ്ഞാപനങ്ങൾ ആവശ്യമായിവരുന്നു. ആദ്യ വിജ്ഞാപനത്തിൽ ഒരു നിശ്ചിതതീയതിക്കകം തിരഞ്ഞെടുപ്പ് നടക്കുമെന്നുമാത്രമെ ഉണ്ടായിരിക്കുകയുള്ളു. കൃത്യമായ തിയതി കാണിക്കുന്നതു് രണ്ടാമത്തെ വിജ്ഞാപനത്തിൽ ആയിരിക്കും.

ആർ. പി. ആക്ടു് (1951) ലെ മൂന്നും, ഒൻപതും ഭാഗങ്ങളിലും 53-ാം വകുപ്പ് മൂന്നാം ഉപ വകുപ്പിലും വിവിധ തിരഞ്ഞെടുപ്പുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന രീതിയെയും, തിയതികളെയും കുറിച്ചു് വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

തിര: വിജ്ഞാപനം പുറപ്പെടുവിച്ചു് കഴിഞ്ഞാൽ ഉടൻതന്നെ, നാമ നിർദേശപത്രിക സ്വീകരിക്കുന്നതീയതി, പിൻമാറുന്നതിനുള്ളതീയതി, പോൾ ആരംഭിക്കുന്ന തീയതി തുടങ്ങിയ ഓരോ കാര്യത്തിനും ഉള്ളതീയതികൾ പ്രത്യേകം, പ്രത്യേകം കാണിച്ചുകൊണ്ടുള്ള ഒരു വിജ്ഞാപനവും പുറപ്പെടുവിക്കും.

## രാജ്യസഭ

രണ്ടു് കൊല്ലത്തിൽ ഒരിക്കൽ (ബൈനിയൽ) ⅓ഭാഗം അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനംരാഷ്ട്രപതിയും,

ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിര: കമ്മീഷനും പുറപ്പെടുവിക്കുന്നു. തീയതികളെ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.

(1) നാമനിർദ്ദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാനതീയതി.

തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് ശേഷമുള്ള 7–ാമത്തെ ദിവസം.അന്ന് പൊതു ഒഴിവാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം

(2) സൂക്ഷ്മ പരിശോധന:- നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാനദിവസത്തിൻെറ തൊട്ടടുത്ത ദിവസം. പൊതു ഒഴിവാണെങ്കിൽ തൊട്ടടുത്തദിവസം

(3) പിൻമാറുന്നതിനുള്ളതീയതി:- പരിശോധനക്ക് നിശ്ചയിക്കുന്നതിൻെറ രണ്ടാം ദിവസം. അന്ന് പൊതു ഒഴിവ് ദിവസമായിരുന്നാൽ അടുത്ത പ്രവർത്തിദിവസം.

(4) പോരം- പിൻ മാറുന്നതിനുള്ള അവസാനതിയതിക്ക്ശേഷം വരുന്ന ഏഴ് ദിവസം കഴിഞ്ഞിട്ടായിരിക്കും പോരം ആരംഭിക്കുന്നതീയതി ആയി നിശ്ചയിക്കുന്നത്.

(5) തിരഞ്ഞെടുപ്പ് പൂർത്തിയായിരിക്കേണ്ടതീയതി

ഈ അഞ്ച് കാര്യങ്ങളും മേൽ കാണിച്ച അടിസ്ഥാനത്തിൽ വ്യക്തമായി കാണിച്ചിരിക്കും.

## ലോക്സഭ

പൊതു തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം രാഷ്ട്രപതിയും ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിര: കമ്മീഷനും ആണ് പുറപ്പെടുവിക്കുന്നത്. വിജ്ഞാപനം ഗവ: ഗസററിൽ പ്രസിദ്ധപ്പെടുത്തിയാൽ ഉടൻ തന്നെ തിര: കമ്മീഷൻ ഓരോ ഘട്ടങ്ങൾക്കുമുള്ള തീയതികൾ കൃത്യമായി കാണിച്ച്

കൊണ്ടുള്ള വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. തീയതികൾ നിശ്ചയിക്കുന്നതു് ചുവടെ ചേർക്കും പ്രകാരമായിരിക്കും

1. നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം_

വിജ്ഞാപനം പുറപ്പെടുവിക്കുന്ന ദിവസം കഴിഞ്ഞു് ഏഴാമത്തെ ദിവസം. അന്നു് പൊതുഒഴിവ് ദിവസമാണങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമായാരിക്കും അവസാന ദിവസമായി നിശ്ചയിക്കുന്നതു്.

2. സൂക്ഷ്മപരിശോധന:_ നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസത്തിൻെറ തൊട്ടടുത്ത ദിവസം. അന്നു് പൊതുഒഴിവ് ദിവസമാണെങ്കിൽ അടുത്ത പ്രവർത്തി ദിവസമായിരിക്കും അവസാന ദിവസമായി നിശ്ചയിക്കുന്നതു്.

3. പിൻമാറുന്നതിനുള്ള അവസാനതീയതി:_പരിശോധനക്കു്ശേഷം ഉള്ള രണ്ടാം ദിവസം. അന്നു് പൊതു ഒഴിവായിരുന്നാൽ അടുത്ത പ്രവർത്തി ദിവസം

4. പോൾ:_വോട്ടെടുപ്പു് ആരംഭിക്കുന്നതു് നാമനിർദേശ പത്രിക പിൻവലിക്കുന്നതിനു് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസത്തിനു് ശേഷം കുറഞ്ഞതു് 20 ദിവസം കഴിഞ്ഞിട്ടായിരിക്കണം.

5. തിരഞ്ഞെടുപ്പു് പൂർത്തിയായിരിക്കേണ്ട തീയതി

ലോക്സഭ നിലവിലിരിക്കുമ്പോൾ തന്നെ പൊതുതിരഞ്ഞെടുപ്പു് നടത്താവുന്നതാണ്. അപ്രകാരം ലോക്സഭ പിരിച്ചു് വിടുന്നതിനു് മുൻപു് തിരഞ്ഞെടുപ്പു് നടത്തുകയാണെ

ങ്കിൽ സഭയുടെ കാലാവധി തീരുന്നതിനു് ആറു് മാസം മുൻപു് തിരഞ്ഞെടുപ്പു് വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

നിയമസഭ

സംസ്ഥാനനിയമസഭയിലേക്കുള്ള പൊതുതിരഞ്ഞെടുപ്പു് വിജ്ഞാപനം സംസ്ഥാനഗവർണരും, ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിര: കമ്മീഷനും ആണു് പുറപ്പെടുവിക്കുന്നതു്. ഇവ സംസ്ഥാനഗവ: ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. നിലവിലുള്ള നിയമസഭയുടെ കാലാവധി തീരുന്നതിനു് മുൻപാണു് പൊതുതിരഞ്ഞെടുപ്പു് നടത്തുന്നതെങ്കിൽ, കാലാവധി അവസാനിക്കുന്നതിനു് 6 മാസം മുൻപു് വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടുള്ളതല്ല. വിജ്ഞാപനം പുറപ്പെടുവിച്ചു് കഴിഞ്ഞാൽ ഉടൻതന്നെ വിവിധ കാര്യങ്ങൾക്കുള്ള ടൈംടേബിൾ കാണിച്ചു് കൊണ്ടുള്ള വിജ്ഞാപനം തിര: കമ്മീഷൻ പുറപ്പെടുവിക്കും,

അതു് താഴെ കൊടുക്കുന്ന പ്രകാരമാണു്:

(1) നാമ നിർദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാനദിവസം തിര: വിജ്ഞാപനം പുറപ്പെടുവിക്കുന്ന ദിവസത്തിനു് ശേഷമുള്ള ഏഴാം ദിവസം

(2) സൂക്ഷ്മ പരിശോധന നടത്തുന്നതീയതി:- നാമനിർദേശപത്രിക സമർപ്പിക്കാനുള്ള അവസാനദിവസത്തിൻെറ തൊട്ടടുത്തതീയതി

(3) പിൻമാറുന്നതിനുള്ള അവസാനദിവസം:- പരിശോധനക്കുള്ള തീയതി കഴിഞ്ഞു് രണ്ടാം ദിവസം

(4) പോൾ:- പിൻമാറുന്നതിനു് നിശ്ചയിച്ചിട്ടുള്ള തീയതിക്കു് ശേഷം കുറഞ്ഞതു് 20 ദിവസം കഴിഞ്ഞിട്ടായിരിക്കും പോൾ ആരംഭിക്കുന്നതിനു് നിശ്ചയിക്കുന്നതു്.

(5) തിര: പൂർത്തിയാക്കേണ്ട ദിവസം.

ഈ തീയതികഠം അവധിദിവസമാണു് വരുന്നതെങ്കിൽ അടുത്ത പ്രവർത്തി ദിവസമായിരിക്കണം ആയതിലേക്കു് നിശ്ചയിക്കുന്നതു്.

## ലെ: കൗൺസിൽ

ബിനിയൽ ഇലക്ഷനുള്ള വിജ്ഞാപനം സംസ്ഥാനഗവമെൺറം, ഉപതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിര: കമ്മീഷനും പുറപ്പെടുവിക്കുന്നതാണു്. തുടർന്നു് തിരഞ്ഞെടുപ്പു് കമ്മീഷൻ, നാമനിർദ്ദേശപത്രിക സ്വീകരിക്കുന്നതിനുള്ള അവസാന ദിവസവും, സൂക്ഷ്മപരിശോധന നടത്തുന്ന തീയതിയും, പിൻമാറുന്നതിനുള്ള അവസാന തീയതിയും കാണിച്ചുകൊണ്ടു് വിജ്ഞാപനം പുറപ്പെടുവിക്കും. അതിൽ പോഠം ആരംഭിക്കുന്ന ദിവസവും തിരഞ്ഞെടുപ്പു് പൂർത്തിയായിരിക്കേണ്ട തീയതിയും കാണിച്ചിട്ടുണ്ടായിരിക്കുകയും ചെയ്യും. തീയതികഠം നിശ്ചയിക്കുന്നതു് രാജ്യസഭാ തിരഞ്ഞെടുപ്പിനു് അനുവർത്തിക്കുന്ന അതേ ക്രമത്തിലാണു്.

## പൊതുപരസ്യം

മുകളിൽ പറഞ്ഞിട്ടുള്ള വിജ്ഞാപനംപ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ,ബന്ധപ്പെട്ട വരണാധികാരി നാമനിർദ്ദേശപത്രികകഠം വിതരണം ചെയ്യുന്ന സ്ഥലം കാണിച്ചുകൊണ്ടു് പൊതുപരസ്യം നടത്തും. പൊതുപരസ്യം പുറപ്പെടുവിക്കുന്നതു് അതിലേക്കായി നിശ്ചയിച്ചിട്ടുള്ള മാതൃകയിലും, ഫാറത്തിലും ആയിരിക്കുന്നതാണു്. നോട്ടീസിൻെറ മാതൃക (ഫാറം ഒന്നു് (Form 1) കൺടക്ട് ആഫ് ഇലക്ഷൻ റൂളി (1961) ൽ ചേർത്തിട്ടുള്ള വിധമാണു്. പരസ്യം ഇംഗ്ലീഷിലും, പ്രാദേശിക ഭാഷകളിലും പ്രസിദ്ധീകരിക്കും. സംസ്ഥാനത്തെ പ്രാദേശിക ഭാഷയിലല്ലാതെ മററൊരുഭാഷയിലാണു്സമ്മതിദായകപ്പട്ടി

ക തയ്യാറാക്കിയിട്ടുള്ളതെങ്കിൽ, സമ്മതിദായകപ്പട്ടിക തയ്യാറാക്കിയിട്ടുള്ള ഭാഷയിലും പരസ്യം ചെയ്യുന്നതായിരിക്കും.

ആർ. പി ആക്ട് (1951) ലെ 30, 39, വകുപ്പുകറം തിരഞ്ഞെടുപ്പ് പൂർത്തിയായിരിക്കേണ്ടതീയതി ഇന്നതായിരിക്കണമെന്നു് മുൻകൂട്ടി വിജ്ഞാപനം ചെയ്തിരിക്കണമെന്നു് ആവശ്യപ്പെടുന്നു. എന്നാൽ ഏതെങ്കിലും കാരണവശാൽ പ്രസ്തുതദിവസം വോട്ടെടുപ്പ് പൂർത്തിയാകാതെ വന്നാൽ, മതിയായ കാരണങ്ങളുണ്ടെങ്കിൽ വോട്ടെടുപ്പ് നീട്ടിവക്കുന്നതിനുള്ള അധികാരം 153-ാം വകുപ്പ് തിര: കമ്മീഷനു് നൽകുന്നുണ്ടു്.

# 7. സ്ഥാനാർത്ഥി

ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലേക്കാണല്ലോ തിരഞ്ഞെടുപ്പ് നടത്തുന്നതു്. അതിനാൽ സ്ഥാനാർത്ഥിയുടെ ഉത്തരവാദിത്വങ്ങളും, ചുമതലകളും വിഷമമേറിയതായിത്തീരുന്നു. സ്ഥാനാർത്ഥികൾക്കു് യോഗ്യതകൾ നിശ്ചയിക്കുക സാധാരണയാണു്. ഓരോ രാജ്യത്തിലും ഇതു് ഒരോ രീതിയിൽ ആയിരിക്കും. വയസ്സിന്റെ കാര്യം എല്ലാ രാജ്യത്തും പ്രത്യേകം പരിഗണിക്കുന്ന ഒന്നാണു്. വോട്ടറന്മാരെക്കാൾ ഉയർന്ന പ്രായം സ്ഥാനാർത്ഥിക്കു് നിശ്ചയിക്കുക സാധാരണ പതിവാണു്. പ്രായക്കൂടുതൽ പ്രശ്നങ്ങൾ വിവേചിച്ചു് അറിയുന്നതിനുള്ള പക്വത നൽകുന്നു എന്നതാണു് ഇതിനു് ആധാരം.

ഇൻഡ്യൻ നിയമം സ്ഥാനാർത്ഥികൾക്കു് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പരിഗണിക്കാം.

### ലോക്സഭ–രാജ്യസഭ

ലോക്സഭയിലും, രാജ്യസഭയിലും സാമാജികരായി തിരഞ്ഞെടുക്കപ്പെടുന്നതിനും, നാമനിർദേശം ചെയ്യപ്പെടുന്നതിനും ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, ഭരണഘടനയും ആർ. പി. ആക്ടും നിശ്ചയിച്ചിട്ടുണ്ടു്.

### ഭരണഘടന നിശ്ചയിക്കുന്ന യോഗ്യതകൾ:-

(1) ഇൻഡ്യൻ പൗരത്വം

(2) തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തുന്ന ആളുടെ മുൻപിൽ വച്ചു് പ്രതിജ്ഞ (സത്യപ്രതിജ്ഞ അല്ലെങ്കിൽ ദൃഢപ്രതിജ്ഞ) ചെയ്യിരിക്കണം.

ഭരണഘടനയുടെ മൂന്നാം ഷെഡ്യൂളിൽ പ്രതിജ്ഞാ പത്രം കൊടുത്തിട്ടുണ്ട്. അതനുസരിച്ചായിരിക്കണം പ്രതിജ്ഞ ചെയ്യുക.

(3) ലോക്സഭാ സാമാജികനായി മത്സരിക്കുന്നതിന് 25 വയസ്സും, രാജ്യസഭയിലേക്ക് മത്സരിക്കുന്നതിന് 30 വയസ്സും പൂർത്തിയായിരിക്കണം.

(4) പാർലിമെന്റ് നിയമമാക്കുന്ന മററ് യോഗ്യതകളും ഉണ്ടായിരിക്കണം.

ആർ. പി. ആക്ട് (1957) അനുസരിച്ച്
ആവശ്യമായ യോഗ്യതകൾ:-

രാജ്യസഭ

ഒരു സംസ്ഥാനത്തെയൊ, കേന്ദ്രഭരണപ്രദേശത്തെയൊ പ്രതിനിധീകരിച്ച് രാജ്യസഭാ സാമാജികനായി തീരേണ്ട ആാം, പ്രസ്തുത സംസ്ഥാനത്തിലേയോ, കേന്ദ്രഭരണപ്രദേശത്തിലെയോ, ഏതെങ്കിലും ലോക്സഭാ നിയോജകമണ്ഡലത്തിലെ വോട്ടർ ആയിരിക്കണം

ലോക്സഭ

(a) പട്ടിക ജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള സീററിൽ മത്സരിക്കുന്ന ആാം പട്ടികജാതിയിൽ ഉാംപ്പെടുന്ന ആളായിരിക്കണം. ഏതെങ്കിലും സംസ്ഥാനത്തെ പാർലിമെൻറ് നിയോജക മണ്ഡലത്തിലെ വോട്ടർ ആയിരിക്കുകയും വേണം.

(മത്സരിക്കുന്ന സംസ്ഥാനത്തിലെ തന്നെ വോട്ടർ ആയിരിക്കണമെന്നില്ല.)

(b) പട്ടികവർഗത്തിന് സംവരണം ചെയ്തിട്ടുള്ള നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥി പട്ടികവർഗ്ഗത്തിൽ പെടുന്ന ആളും, ആസ്സാമിലെ ട്രൈബൽ പ്രദേശം

ഒഴിച്ചുള്ള ഏതെങ്കിലും ഒരു പാർലിമെൻറ് നിയോജക മണ്ഡലത്തിലെ സമ്മതിദായകനും, ആയിരിക്കണം.

(c) സംവരണം ചെയ്യപ്പെടാത്ത സീററിൽ (ജനറൽ സീററ്) മത്സരിക്കുന്ന സ്ഥാനാർത്ഥി ഏതെങ്കിലും ഒരു പാർലിമെൻറ് മണ്ഡലത്തിലെ വോട്ടർ ആയിരിക്കണം.

(d) ലക്ഷദ്വീപ്, മിനിക്കോയി, ആൻഡമാൻ, എന്നീ പ്രദേശങ്ങളിൽ പട്ടികവർഗ്ഗത്തിനു സംവരണം ചെയ്തിട്ടുള്ള സീററിലേക്കു മത്സരിക്കുന്ന ആൾ, പ്രസ്തുത പ്രദേശത്തു് പട്ടികവർഗ്ഗമായി അംഗീകരിച്ചിട്ടുള്ള വിഭാഗത്തിൽ ഉള്ള ആളായിരിക്കണം. കൂടാതെ ഈ പ്രദേശങ്ങളിലെതന്നെ ഏതെങ്കിലും മണ്ഡലത്തിലെ സമ്മതിദായകനും ആയിരിക്കേണ്ടതാണ്.

മുകളിൽ കാണിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്ത ഒരാളിനു പാർലിമെൻറിൽ അംഗമാകുന്നതിനും, തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുന്നതിനും കഴിയുന്നതല്ല. മുൻപറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും, ഭരണഘടന 102-ാം വകുപ്പിലും, ആർ. പി. ആക്ടി (1951) ലെ 7 മുതൽ 10 എ വരെയുള്ള വകുപ്പുകളിലും പറയുന്ന അയോഗ്യതകൾ ഉണ്ടായിരുന്നാൽ, സ്ഥാനാർത്ഥിയായി അംഗീകരിക്കുകയില്ല. (അയോഗ്യതകൾ പ്രത്യേകം ചേർത്തിട്ടുണ്ട്)

### നിയമസഭാലെജി: കൗൺസിൽ

ഭരണഘടനാ 173-ാം വകുപ്പ് ഒരു സംസ്ഥാന നിയമസഭാ സാമാജികനു് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിച്ചിരിക്കുന്നതു് ചുവടെ ചേർക്കും പ്രകാരമാണ്.

(1) ഇൻഡ്യൻ പൗരത്വം

(2) തിരഞ്ഞെടുപ്പ് കമ്മീഷൻ ചുമതലപ്പെടുത്തുന്ന ആളിൻെറ മുൻപിൽ വച്ചു് സത്യപ്രതിജ്ഞ അല്ലെങ്കിൽ ദൃഢപ്രതിജ്ഞ ചെയ്തിരിക്കണം. പ്രതിജ്ഞാപത്രം, ഭ. ഘ: മൂന്നാം ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള പ്രകാരമാണ്.

(3) നിയമസഭയിൽ അംഗമാകുന്നതിന് 25 വയസ്സും ലെജി: കൗൺസിലിൽ അംഗമാകുന്നതിന്ന് 30 വയസ്സും പൂർത്തിയായവർക്ക് മാത്രമെ മത്സരിക്കാവൂ.

(4) പാർലിമെൻറ് നിശ്ചയിക്കുന്ന മററ് യോഗ്യതകളും ഉണ്ടായിരിക്കണം.

ആർ. പി. ആക്ട് നിശ്ചയിക്കുന്ന മററു് യോഗ്യതകൾ:-

(a) പട്ടികജാതി–പട്ടിക വർഗ്ഗത്തിന് സംവരണംചെയ്തിട്ടുള്ള മണ്ഡലത്തിൽ മത്സരിക്കുന്ന ആൾ പട്ടിക ജാതിയിലും, വർഗ്ഗത്തിലും ഉള്ള ആളുകൾ തന്നെയായിരിക്കണം.

SURESH

കൂടാതെ സംസ്ഥാനത്തിലെ ഏതെങ്കിലും നിയമസഭാ നിയോജകമണ്ഡലത്തിലെ വോട്ടർ ആയിരിക്കുകയുംവേണം.

(b) ലെജി:കൗൺസിലിലേക്ക് മത്സരിക്കുന്ന ആൾ, സംസ്ഥാനത്തിലെ ഏതെങ്കിലും ഒരു നിയമസഭാ മണ്ഡലത്തിലെ സമ്മതിദായകൻ ആയിരിക്കേണ്ടതാണ്.

[c) സംസ്ഥാന ഗവർണർ നാമനിർദേശം ചെയ്യുന്ന ആൾ സംസ്ഥാനത്തിനകത്ത് താമസക്കാരൻ ആയിരിക്കണം.

വോട്ടവകാശം ലഭ്യമാകാൻ 21 വയസ്സ് പൂർത്തിയായാൽ മതിയാകുന്നതാണ്. എന്നാൽ ലോക്സഭയിലും, നിയമ സഭയിലും മത്സരിക്കുന്നതിന് 25 വയസ്സ് പൂർത്തിയായിരിക്കേണ്ടതുണ്ട്. ഇൻഡ്യയിൽ മാത്രമല്ല ലോകത്തിൽ പല രാജ്യങ്ങളിലും വോട്ടറെക്കാൾ ഉയർന്ന പ്രായം സ്ഥാനാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുണ്ട്.

രാജ്യസഭയിലും, ലെജി: കൗൺസിലിലും അംഗമാകുന്നതിന് മത്സരിക്കുന്ന ആൾക്ക് 30 വയസ്സ് പൂർത്തിയായിരിക്കേണ്ടതുണ്ട . രണ്ട് സഭകൾ ഉള്ള പല രാജ്യങ്ങളിലും ഉപരിസഭാ സാമാജികർക്ക് ഉയർന്ന പ്രായം നിശ്ചയിക്കുന്ന

വഴക്കം അനുവർത്തിച്ചു് വരുന്നുണ്ടു്. ഫ്രാൻസിൽ ഉപരിസഭാ അംഗത്തിനു് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പ്രായം 40 വയസ്സാണു്.

പ്രതിജ്ഞ

ഡെററിന്യൂകാക്കു്സമ്മതിദാനകാവകാശവും,തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിനുള്ള അവകാശവും നൽകുന്നുണ്ടു്. പ്രതിജ്ഞ എടുക്കുന്ന കാര്യത്തിൽ പ്രത്യേകം വ്യവസ്ഥകാ നിയമത്തിൽ ഉാകൊള്ളിച്ചിട്ടുണ്ടു്. ജയിൽ സൂപ്രണ്ടിൻേറയോ, ഡിററൻഷൻ ക്യാമ്പ് കമാൻഡറുടെയോ മുൻപിൽവച്ചു് പ്രതിജ്ഞാപത്രം ഒപ്പിടുന്നതിനു് തിരഞ്ഞെടുപ്പു് കമ്മീഷനു് അനുവാദം നൽകാം. അതുപോലെ ആശുപത്രിയിൽ ചികിൽസക്കായി പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികാക്കു്ആശുപത്രി അധികൃതരുടെ മുന്നിൽ വച്ചു് പ്രതിജ്ഞാപത്രം ഒപ്പിടുന്നതിനും അനുവാദം നൽകാവുന്നതാണു്.

എന്നാൽ രാജ്യരക്ഷാചട്ടംമൂലം ഒളിവിൽകഴിയുന്ന രാഷ്ട്രീയപ്രവർത്തകർക്കു് മേൽപ്പറഞ്ഞപ്രത്യേക ആനുകൂല്യംലഭിക്കുന്നതല്ല. അതിനാൽ പ്രതിജ്ഞാ പത്രംഒപ്പിടുന്ന കാര്യത്തിൽ അവർക്കു് പ്രയാസങ്ങാ നേരിടാറുണ്ടു്. പ്രതിജ്ഞാപത്രം ഒപ്പിടുന്നതിന്നായി, തിരഞ്ഞെടുപ്പു കമ്മീഷൻ നിശ്ചയിക്കുന്ന ആളിൻെറ മുൻപിൽ ഹാജരാകുന്ന അവസരത്തിൽ അറസ്റ്റു്ചെയ്യപ്പെട്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടു്.

അയോഗ്യതകൾ

ഭരണഘടന 102, 191 എന്നീവകുപ്പുകളും, ആർ. പി. ആക്ടു് (1951) 7 മുതൽ10 എ വരെയുള്ളവകുപ്പുകളും നിശ്ചയിച്ചിട്ടുള്ള അയോഗ്യതകാ ചുവടെ ചേർക്കുന്നു.

1 കേന്ദ്ര സംസ്ഥാന ഗവണ്മെൻറുകളിൽ "പ്രതിഫലം ലഭിക്കുന്ന ഔദ്യോഗികപദവി" വഹിക്കുന്നവർ.

ഇതിൽ കേന്ദ്രസംസ്ഥാന മന്ത്രിമാരെ ഒഴിവാക്കിയിട്ടുണ്ട്.

2 ചിത്തരോഗി–ചിത്തരോഗിയാണെന്ന, കോടതി വിധി നിലവിലുണ്ടായിരുന്നാലും അയോഗ്യതയാണ്.

3 പാപ്പർ–പാപ്പരായി പ്രഖ്യാപിക്കപ്പെട്ട ആളെ, അതിൽ നിന്നും വിമുക്തനാക്കിക്കൊണ്ട് ഒരു വിധി കോടതിയിൽ നിന്നും പുറപ്പെടുവിച്ചു കഴിഞ്ഞാൽ അയാളുടെ അയോഗ്യത നീങ്ങിയതായി കണക്കാക്കുന്നതുമായിരിക്കും.

4 ഇൻഡ്യൻ പൗരത്വമില്ലാത്ത ആളും, വിദേശ പൗരത്വം സ്വയം സ്വീകരിച്ച ആളും, വിദേശരാജ്യവുമായി, ബോധപൂർവം അവിഹിത ബന്ധംപുലർത്തുന്നആളുംഅയോഗ്യനാണ്.

5 പ്രായപൂർത്തിയെത്തിയിട്ടില്ലാത്തവർ (മൈനർ)

6 ഇൻഡ്യയിലെ ഏതെങ്കിലും കോടതി രണ്ടു കൊല്ലത്തിൽ കുറയാത്ത കാലത്തേക്കു ശിക്ഷിക്കുകയും, തടവിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, അപ്രകാരമുള്ളവർക്ക് ശിക്ഷവിധിക്കപ്പെട്ട തീയതിമുതൽ ശിക്ഷാകാലവും തുടർന്നുള്ള അഞ്ച് വർഷവും അയോഗ്യത നിലവിലുണ്ടായിരിക്കും.

ഭക്ഷ്യധാന്യങ്ങൾ, മരുന്നുകൾ, മററ് അത്യാവശ്യ സാധനങ്ങൾ ഇവയിൽ മായം ചേർക്കുക അവ പൂഴ്ത്തിവക്കുക, കൊള്ളലാഭം എടുക്കുക. തുടങ്ങിയ കുററങ്ങൾക്ക് 6 മാസത്തിൽ കുറയാത്ത കാലത്തേക്ക് തടവുശിക്ഷ ലഭിച്ചിട്ടുള്ള ആളുകൾക്ക്, ശിക്ഷിക്കപ്പെട്ട തീയതി മുതൽ, ശിക്ഷാകാലവും, തുടർന്നുള്ള 5 വർഷവും അയോഗ്യത ഉള്ള കാലമായി കണക്കാക്കും.

പൂഴ്ത്തിവയ്പിനും, കൊള്ളലാഭത്തിനും, വളരെ വിപുലമായ അർത്ഥമാണ്നൽകിയിരിക്കുന്നത്. ഉല്പാദനം വിതരണം, സൂക്ഷിക്കൽ, നീക്കം, ഉപയോഗം, വിലനിരക്ക്, വില്പന നടത്താതിരിക്കുക തുടങ്ങിയ കാര്യങ്ങൾ എല്ലാം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ,നിയമപ്രാബല്യമുള്ള ഉത്തരവുകളും, വിജ്ഞാപനങ്ങളും നിയമം എന്ന അർത്ഥത്തിൽ കണക്കാക്കുകയും ചെയ്യുന്നതായിരിക്കും.

ഇൻഡ്യൻ ശിക്ഷാനിയമം (I. P. C.) ഒൻപതു് (എ) അദ്ധ്യായത്തിലെ വകുപ്പുകൾ പ്രകാരം, തിരഞ്ഞെടുപ്പു് കുററങ്ങൾക്കു് ശിക്ഷിക്കപ്പെടുന്നവർക്കു് ശിക്ഷാകാലവും, തുടർന്നുള്ള 6 വർഷവും അയോഗ്യത ഉണ്ടായിരിക്കും.

പാർലമെൻററിലോ, നിയമസഭയിലോ ഒരാൾ അംഗമായിരിക്കുമ്പോഴാണു് ശിക്ഷിക്കപ്പെടുന്നതെങ്കിൽ, അപ്പീൽ കാലാവധി (മൂന്നുമാസം) കഴിഞ്ഞതിനുശേഷം മാത്രമെ അയോഗ്യത കൈവരിച്ചതായി കണക്കാക്കുകയുള്ളു. അപ്പീൽനൽകുകയോ, റിവിഷൻ പെററിഷൻ സമർപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ അതിന്മേൽ വിധി പ്രസ്താവിച്ചതിനുശേഷം മാത്രമെ അയോഗ്യതയുടെ കാര്യം കണക്കിലെടുക്കൂ. അതുവരെ സാമാജികനായി തുടരാൻ കഴിയുന്നതുമാണു്.

### ശ്രീ മണിലാൽ Vs. ശ്രീ പാർമയിലാൽ

ശിക്ഷ നിലവിലിരിക്കുമ്പോൾ ഉത്തരപ്രദേശ് നിയമസഭയിലേക്കു് തിരഞ്ഞെടുക്കപ്പെട്ട ദേഹമാണു് ശ്രീ. പാർമയലാൽ. ഈ തിരഞ്ഞെടുപ്പിനെ ചോദ്യം ചെയ്തുകൊണ്ടു് ശ്രീ. മണിലാൽ, തിരഞ്ഞെടുപ്പു് പെററീഷൻ നൽകുകയുണ്ടായി. സംഭവം ഇപ്രകാരമാണു്:

1969 ജനുവരി ഒൻപതാം തീയതി ആയിരുന്നു നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാനദിവസം. ജനുവരി 11-ാം തീയതി പാർമയിലാലിനെ 10 കൊല്ലത്തേക്കു കഠിനതടവിനു്, ഒരു കേസ്സിൽ ശിക്ഷിച്ചു. ജനുവരി 16-ാം തീയതി കീഴ്ക്കോടതി വിധിക്കെതിരെ ഹൈക്കോടതിയിൽ അയാൾ അപ്പീൽ ബോധിപ്പിച്ചു. ഫെബ്രുവരി ഒൻപതിനു് പോളിംഗ് നടന്നു. 11—ാം തീയതി ഫലപ്രഖ്യാപനം ഉണ്ടാകുകയും, ശ്രീ. പാർമയിലാൽ വിജയിച്ചതായി പ്രഖ്യാപിക്കുകയും ഉണ്ടായി.

ഈ പശ്ചാത്തലത്തിലാണ് തിരഞ്ഞെടുപ്പ് പെററിഷൻ ശ്രീ. മണിലാൽ സമർപ്പിച്ചതു്. പെററീഷൻ വിചാരണയിൽ ഇരിക്കുമ്പോൾ സെപ്തംബർ മുപ്പതാം തീയതി ഹൈക്കോടതി ക്രിമിനൽഅപ്പിൽ അനുവദിക്കുകയും പാർമയിലാലിനെ വെറുതെവിടുകയും ചെയ്തു. ഒക്ടോബർ27-ാംതീയതിതിരഞ്ഞെടുപ്പ് ഹർജി വിധിയായി. വിധിയിൽ ഇപ്രകാരം പറയുന്നു.

"പ്രതിയുടെ അപ്പീൽ അനുവദിച്ച് അയാളെ വെറുതെ വിടുക എന്നതിനർത്ഥം, ശിക്ഷിച്ച തീയതിമുതൽ വെറുതെ വിടുക എന്നതാണ്". അതുകൊണ്ട് തിരഞ്ഞെടുപ്പ് സാധുവായി പ്രഖ്യാപിക്കുകയും, പെററിഷൻ തള്ളുകയും ഉണ്ടായി. [(1970 (2) S. C. ( 462)]

(7) തിരഞ്ഞെടുപ്പിൽ അഴിമതി പ്രവർത്തിച്ചു എന്നു് തിരഞ്ഞെടുപ്പ് പെററീഷന്റെ വിചാരണയിൽ ഒരാളെ കുറിച്ച്ഹൈക്കോടതി വിധി ഉണ്ടായാൽ വിധിയുണ്ടായതുമുതൽ 6 വർഷത്തേക്കു് അഴിമതി പ്രവർത്തിച്ചആളിനു് അയോഗ്യത ഉള്ളതായികണക്കാക്കും.

(8) തിരഞ്ഞെടുപ്പിൽ, അവിഹിതമായ രീതിയിൽ ആളുകളെ സ്വാധീനിക്കുക, കോഴകൊടുക്കുക, ജനങ്ങളിൽ ചേരിതിരിവും ശത്രുതയും ജനിപ്പിക്കുക, ബാലററ്പേപ്പർ പോളിംഗ് സ്റ്റേഷനു് പുറത്തു് കടത്തികൊണ്ടുപോകുക, തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർ ക്രമക്കേടുകൾ കാണിക്കുക, തുടങ്ങിയ കുററങ്ങൾക്കു് ശിക്ഷിക്കപ്പെടുകയാണെങ്കിൽ ശിക്ഷ പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ, 6വർഷം അയോഗ്യത ഉണ്ടായിരിക്കും.

തിരഞ്ഞെടുപ്പു കമ്മീഷനു് മേൽപ്പറഞ്ഞ അയോഗ്യത നീക്കം ചെയ്യുന്നതിനും, കാലാവധി കുറവു ചെയ്യുന്നതിനും അധികാരമുണ്ടു്.

(9) അഴിമതി, രാജ്യത്തോടു്കൂറില്ലായ്മ, എന്നീകാരണങ്ങളാൽ സർവ്വീസിൽ നിന്നും ബഹിഷ്ക്കരിക്കപ്പെടുന്ന (ഡിസ്മിസ്സൽ) കേന്ദ്ര–സംസ്ഥാന ഗവണ്മെൻറ ജീവനക്കാർക്കു്, ഡിസ്മിസ് ചെയ്യപ്പെടുന്ന തിയതിമുതൽ 5 വർഷത്തേക്കു് സ്ഥാനാർത്ഥിയായിമത്സരിക്കാൻ യോഗ്യതയുണ്ടായിരിക്കുന്നതല്ല. ഒരാളെ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്തതു് മേൽപ്പറഞ്ഞ കാര്യങ്ങാംക്കായിട്ടല്ലായിരുന്നു എന്നു് തിരഞ്ഞെടുപ്പുകമ്മീഷൻ സർട്ടിഫിക്കററു് നൽകുകയാണെങ്കിൽ, അതു് മതിയായ തെളിവായി സ്വീകരിച്ചു് അയാളെഅയോഗ്യതയിൽ നിന്നും വിമുക്തനാക്കുന്നതാണു്. കൂടാതെ മററു് തെളിവുകാം ഹാജരാക്കുന്നതിനും അയാാംക്കു അനുവാദമുണ്ടായിരിക്കുകയും ചെയ്യും.

(10) ഗവണ്മെൻറ് കാൺട്രാക്ടർ:– ഗവണ്മെൻറുമായി കൺട്രാക്ടു് ഉള്ള ആാംക്കു് തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ കഴിയുന്നതല്ല. തിരഞ്ഞെടുപ്പു്സമയത്തു് കാൺട്രാക്ട് ഉണ്ടെങ്കിൽ മാത്രമേ അയോഗ്യത കൽപ്പിക്കുകയുള്ളു. 'കാൺട്രാക്ട്' എന്നതിൽ ചരക്കു് നൽകുന്നതിനുള്ള കാൺട്രാക്ട് പണികാംക്കുള്ള കാൺട്രാക്ട് എന്നിവ ഉാംപ്പെടും.

ഒൻപതു് എ(ആർ. പി. ആക്ട്) വകുപ്പിനു് നൽകിയിട്ടുള്ള വിശദീകരണത്തിൽ നിന്നും ഗവണ്മെൻറും കാൺട്രാക്ടറുമായുള്ള കരാറിൽ കാൺട്രാക്ടർ അയാളുടെഭാഗത്തു് നിന്നും ചെയ്തുതീർക്കേണ്ട പണികാം മുഴുവൻ ചെയ്തു് തീർക്കുകയും, ബാദ്ധ്യതകാം ഗവണ്മെൻറു് ഭാഗത്തുമാത്രം ആയിരിക്കുകയും ചെയ്താൽ കാൺട്രാക്ടർക്കു് അയോഗ്യതകല്പിക്കാൻ പാടില്ലെന്നു് കാണാൻ കഴിയും.

(11) ഗവൺമെൻറിനു് 25%ത്തിൽ കുറയാത്ത ഓഹരിഉള്ള കമ്പനികളിലെയും കാർപ്പറേഷനുകളിലെ

യും മാനേജർ, മാനേജിംഗ് ഡയറക്ടർ, സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിക്കുന്നവർക്ക് സ്ഥാനാർത്ഥിയാകുന്നതിനും സാമാജികനാകുന്നതിനും അയോഗ്യത കല്പിച്ചിട്ടുണ്ട്. എന്നാൽ സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥ ബാധകമല്ല.

ഗവൺമെൻറുമായി കാൺട്രാക്ടിൽ ഏർപ്പെടുന്ന കമ്പനിയിൽ ഓഹരി ഉള്ളതുകൊണ്ട്, ഒരാൾ അയോഗ്യനാകുന്നില്ല. അവിഭക്ത ഹിന്ദുകുടുംബത്തിന് ഗവൺമെൻറ് കാൺട്രാക്ട് ഉണ്ടായിരുന്നാൽ പ്രസ്തുത കുടുംബത്തിലെ ഒരംഗത്തിനും സ്ഥാനാർത്ഥിയാകുന്നതിനും, സാമാജികനാകുന്നതിനും അർഹതയുണ്ടായിരിക്കുകയില്ല. അതേ സമയം കുടുംബത്തിലെ ഒരാൾ സ്വന്തം നിലയിലാണ് കാൺട്രാക്ട് എടുക്കുന്നതെങ്കിൽ അയോഗ്യത അയാളിൽ മാത്രം ഒതുങ്ങി നിൽക്കും.

### ശ്രീ. ചട്ടനാഥക്കരയാളർ. Vs. രാമചന്ദ്രഅയ്യർ

ശ്രീ. ചട്ടനാഥക്കരയാളർ ചെങ്കോട്ട നിയോജകമണ്ഡലത്തിൽ നിന്നും തിരു:കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കൊല്ലം, ഇലക്ഷൻ ട്രിബ്യൂണൽ പ്രസ്തുത തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിച്ചു. അതിന്മേൽ ചട്ടനാഥക്കരയാളർ അപ്പീൽ നൽകി. സുപ്രീംകോടതി, ട്രിബ്യൂണൽ ഉത്തരവിനോട് വിയോജിക്കുകയും, ട്രിബ്യൂണൽ വീണ്ടും രൂപീകരിച്ചു പെററിഷൻ കേൾക്കേണ്ടതാണെന്ന്, തിര: കമ്മീഷനോട് നിർദേശിക്കുയുംചെയ്തു. കേസ്സിൻെറ ചുരുക്കംതാഴെ കൊടുക്കുന്ന

ഒരു കുപ്പ്സ്വാമി കരയാളരുടെ പേരിൽ ഗവ:വക വനത്തിൽ നിന്നും തടിവെട്ടി, കയററി അയക്കുന്നതിന് കൺട്രാക്ട് ഉണ്ടായിരുന്നു. ശ്രീ. രാമചന്ദ്ര അയ്യരുടെ വാദം, ശ്രീ കുപ്പുസ്വാമിക്കരയാളർ എന്ന ആൾ ശ്രീ ചട്ടനാഥക്കരയാളർ ഉൾപ്പെടുന്ന അവിഭക്ത ഹിന്ദു കുടുംബത്തിലെ മാനേജരായ ശ്രീ. കൃഷ്ണ

സ്വാമിക്കരയാളരുടെ ആാംപ്ലേർ ആണെന്നായിരുന്നു. കൂടാതെ കാൺടാക്ട് പ്രസ്തുത കുടുംബത്തിനുവേണ്ടിയും ആയിരുന്നു. കുപ്പുസ്വാമികരയാളർ ബിനാമിദാർ മാത്രമാണ്. ഈ നിലയിൽ ചട്ടനാഥ കരയാളരുടെ തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കണം. (A I R 1955 sc (799)

(12) നിശ്ചിതരീതിയിലും, ക്ലിപ്തസമയത്തിനുള്ളിലും, തിരഞ്ഞെടുപ്പ് ചിലവിൻെറ കണക്കുകഠം സമർപ്പിച്ചിട്ടില്ലെന്ന് തിര: കമ്മീഷനു് ബോദ്ധ്യമായാൽ ബന്ധപ്പെട്ട സ്ഥാനാർത്ഥിക്കും, തിര: ഏജൻറിനും അയോഗ്യത കല്പിക്കുന്നതാണ്. കണക്കുകഠം സമർപ്പിക്കാതിരിക്കാൻ മതിയായ കാരണവും, നീതീകരണവും ഉണ്ടായിരുന്നില്ല എന്നു് കമ്മീഷനു് ബോദ്ധ്യമായാൽ അയോഗ്യത കല്പിക്കും. അയോഗ്യത മൂന്നുകൊല്ലംവരെ ആയിരിക്കുകയും ചെയ്യുന്നതാണ്.

(അയോഗ്യത നീക്കം ചെയ്യുന്നതിനും, കാലാവധി കുറവു ചെയ്യുന്നതിനും തിര:കമ്മീഷനു് അധികാരമുണ്ടു്. കമ്മീഷൻെറ അധികാരത്തിൽ കോടതികഠം ഇടപെടുന്നതുമല്ല.)

## അയോഗ്യത നീക്കം ചെയ്യുന്ന നടപടി

പ്രതിഫലം ലഭിക്കുന്ന ഔദ്യോഗിക പദവിയിൽ തുടരുന്ന ആളുകഠംക്ക തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിക്കാൻ കഴിയുകയില്ലെന്നു് പറഞ്ഞിട്ടുണ്ടല്ലോ? ഇത്തരം അയോഗ്യതകളും മററു് അയോഗ്യതകളും ഉള്ള വിഭാഗങ്ങളുടെ അയോഗ്യതകഠം നീക്കം ചെയ്തു കൊണ്ടുള്ള നിയമനിർമ്മാണം നടത്തുന്നതിനു് പാർലിമെൻറിനും, നിയമസഭകഠംക്കും അധികാരമുണ്ടു്. "പാർലിമെൻറ് പ്രിവൻഷൻആഫ് ഡിസ്കാളിഫിക്കേഷൻ ആക്ട് (1959) " എന്ന നിയമം 1959 ൽ പാസ്സാക്കുകയുണ്ടായി. ഔദ്യോഗിക പദവികഠം ഉള്ളവരും, പ്രതിഫലം

പറയുന്നവരുമായ ഏതൊന്നും വിഭാഗങ്ങളെ, പ്രസ്തുത ഔദ്യോഗിക പദവിയിൽ തുടർന്നു് കൊണ്ടു് തന്നെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് ഈ നിയമം അനുവദിക്കുന്നുണ്ടു്. അതായതു് പ്രസ്തുത പദവികഠം തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് ഒര യോഗ്യതയാകുന്നില്ല. ഇപ്രകാരം അയോഗ്യത നീക്കം ചെയ്യപ്പെട്ട വിഭാഗങ്ങഠം ഏതെല്ലാമെന്നു് ചുവടെ ചേർത്തിരിക്കുന്നു.

(1) കേന്ദ്ര–സംസ്ഥാന മന്ത്രിമാർ

(2) ചീഫ്‌വിപ്പ്, ഡെപ്യൂട്ടിചീഫ്‌വിപ്പ്, വിപ്പ് പാർലിമെൻററി സെക്രട്ടറി

(3) എൻ. സി. സി. ആക്ട് (1948) ടെററിറേറാറിയൽ ആർമി ആക്ട് (1948), റിസർവ് ആൻറ് ആക്സിലറിഎയർഫോർഴ്സ് ആക്ട് (1952) എന്നീ ആക്ടുകഠംക്ക വിധേയരായിട്ടുള്ള ആഫീസ്സറന്മാർ.

(4) സംസ്ഥാന ഹോംഗാർഡുകഠം

(5) ബാംബെ, കൽക്കട്ട, മദ്രാസ് എന്നീപട്ടണങ്ങളിലെ ഷെരീഫ്മാർ

(6) യൂണിവേർഴ്സിററിസിൻഡിക്കേററ്,സെനററ്, എക്സിക്യൂട്ടീവ് കമ്മിററി, തുടങ്ങി യൂണിവേഴ്സിററിയുമായി ബന്ധപ്പെട്ട കമ്മിററികളുടെ ചെയർമാനും, അംഗങ്ങളും

(7) പ്രത്യേക ആവശ്യങ്ങഠം മുൻനിറുത്തി ഇൻഡ്യാഗവൺമെൻറ് വിദേശങ്ങളിൽ അയക്കുന്ന, പ്രതിനിധി സംഘാംഗങ്ങഠം.

(8) താൽക്കാലിക ആവശ്യങ്ങഠംക്കായി ഗവണ്മെൻറ് രൂപീകരിക്കുന്ന ഉപദേശകസമിതി, അന്വേഷണ കമ്മീഷൻ, സ്ഥിതിവിവരക്കണക്കുകഠം ശേഖരിക്കുന്നതിനു് നിയോഗിക്കപ്പെടുന്ന വിഭാഗങ്ങഠം തുടങ്ങിയ, കമ്മിററികളിലെ അംഗങ്ങളും, ചെയർമാ

ന്നം, ഇവർ ശമ്പളം പററാതിരിക്കുകയും, കാമ്പൻസേററി അലവൻസ് മാത്രം സ്വീകരിക്കുകയുമായിരുന്നാൽ, മററ് അയോഗ്യതകഠം ഇല്ലെന്നുണ്ടെങ്കിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതാണു്.

(9) മണിപ്പൂർ, ത്രിപുര എന്നീ കേന്ദ്രപ്രദേശങ്ങളിലെ ചീഫ് കമ്മീഷണറന്മാരുടെ ഉപദേശകസമിതി അംഗങ്ങഠം.

(10) ഏതെങ്കിലും ഒരു പദവി, പ്രതിഫലം ലഭിക്കുന്ന പദവിയല്ലന്നു് മററ് നിയമനിർമ്മാണങ്ങഠം മൂലം നിശ്ചയിച്ചാൽ പ്രസ്തുത പദവിയിൽ തുടരുന്നആഠം.

(11) പട്ടേൽ, ദേശ്മുഖ്, തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന,നികുതി പിരിവിനു് നിയോഗിക്കപ്പെടുന്ന വില്ലേജ് ഉദ്യോഗസ്ഥന്മാർ. ഇവർക്കു് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളതു്, പിരിവിൻെറ ശതമാനക്കണക്കിലോ, കമ്മീഷൻ അടിസ്ഥാനത്തിലോ ആയിരിക്കുകയും, പോലീസ് അധികാരം ഇല്ലാതിരിക്കുകയും ചെയ്താൽ അയോഗ്യത കല്പിക്കുന്നതല്ല.

അയോഗ്യത നീക്കംചെയ്തുകൊണ്ടുള്ള നിയമനിർമ്മാണങ്ങഠം പല സംസ്ഥാന നിയമസഭകളും പാസ്സാക്കിയിട്ടുണ്ടു്. ഒട്ടാകെ 22-ൽ പരം നിയമങ്ങഠം അത്തരത്തിൽ പെടുന്നവയായുണ്ടു്.

കേരളനിയമസഭ നിയമനിർമ്മാണംമൂലം അയോഗ്യതകഠം നീക്കം ചെയ്ത വിഭാഗങ്ങളിൽ താഴെപ്പറയുന്ന വിഭാഗങ്ങഠം ഉഠംപ്പെടുന്നു.

ഭരണഘടന, മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിനുള്ള കമ്മിററിയിലെ അംഗങ്ങഠം, ഗവ:വിദ്യാഭ്യാസ സ്ഥാപനങ്ങഠം

ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ, കേരളാസ്റ്റേററ് ലാകമ്മീഷൻ അംഗങ്ങൾ, ചെയർമാൻ, സ്റ്റേററ് പ്ലാനിംഗ്ബോർഡ് ചെയർമാൻ, വൈസ്ചെയർമാൻ, അംഗങ്ങൾ, ബാക്ക്വേർഡ് ക്ലാസ്സ് റിസർവേഷൻ കമ്മിഷൻ ചെയർമാൻ,അംഗങ്ങൾ തുടങ്ങിവർ ഇപ്രകാരം അയോഗ്യത നീക്കം ചെയ്യപ്പെട്ട വിഭാഗത്തിൽ വരുന്നുണ്ട്.

അയോഗ്യത കല്പിച്ചുകൊണ്ടുള്ള നിയമം നിർമ്മിക്കുന്നതിന് സംസ്ഥാന നിയമ സഭകൾക്ക് അധികാരമില്ല.

# 8- നാമനിർദ്ദേശം

"തിരഞ്ഞെടുപ്പ് വിജ്ഞാപനം" പുറപ്പെടുവിച്ച് കഴിഞ്ഞാൽ ഉടൻ തന്നെ, തിരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളെ കാണിക്കുന്ന 'ടൈംടേബി'ളും പ്രസിദ്ധീകരിക്കുന്നു. നാമനിർദേശപത്രിക സമർപ്പിക്കുന്നതിനും, പരിശോധിക്കുന്നതിനും, പിൻവലിക്കുന്നതിനും, നിശ്ചയിച്ചിട്ടുള്ള തീയതികളും പോൾ ആരംഭിക്കുന്നതും, അവസാനിപ്പിക്കുന്നതുമായ തിയതികളും, ഫലപ്രഖ്യാപനം നടത്തുന്ന തീയതിയും ടൈംടേബിളിൽ കാണിച്ചിട്ടുണ്ടാവും എന്ന് കണ്ടുവല്ലോ? തുടർന്ന് വരണാധികാരി നാമനിർദേശ പത്രികകൾ ക്ഷണിച്ച് കൊണ്ടുള്ള പൊതുപരസ്യം പുറപ്പെടുവിക്കുന്നു

## നാമനിർദേശപത്രിക

നാമനിർദേശപത്രിക വിതരണംചെയ്യുന്നസ്ഥലം വരണാധികാരി മുൻകൂട്ടിപരസ്യപ്പെടുത്തുന്നു. ടൈംടേബിളിൽകാണിച്ചിട്ടുള്ള അവസാനതീയതിക്കകം, നിശ്ചിതഫാറത്തിൽ തയ്യാറാക്കിയ നാമനിർദേശ പത്രിക, വരണാധികാരിക്ക് സമർപ്പിച്ചിരിക്കണം. രാവിലെ 11 മണിക്കുശേഷം, വൈകുന്നേരം 3 മണിവരെയുള്ള സമയത്തിനുള്ളിലാണ് നാമനിർദേശ പത്രികകൾസ്വീകരിക്കുന്നത്. പത്രികസമർപ്പിക്കുന്നത് സ്ഥാനാർത്ഥിയോ, പേർനിർദേശിക്കുന്ന ആളോ,നേരിട്ടായിരിക്കേണ്ടതുണ്ട്.
നിർദേശകൻ പ്രസ്തുത മണ്ഡലത്തിലെ വോട്ടർ ആയിരിക്കുകയും വേണം. സ്ഥാനാർത്ഥിയും, നിർദേശകനും പത്രികയിൽ ഒപ്പുവച്ചിരിക്കണം. ഗവണ്മെന്റ സർവ്വീസിൽ നിന്നും ഡിസ്മിസ് ചെയ്യപ്പെട്ട ആളാണ് സ്ഥാനാർത്ഥിയെങ്കിൽ, ഡിസ്

മിസ് ചെയ്തതു്, കൂറില്ലായ്മക്കോ, അഴിമതിക്കോ ആയിരുന്നില്ല എന്നുള്ള സർട്ടിഫിക്കററ്, നാമനിർദേശപത്രികയോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതുണ്ടു്. പ്രസ്തുത സർട്ടിഫിക്കററ് നൽകുന്നതു് തിര: കമ്മീഷനാണു് മത്സരിക്കുന്ന നിയോജക മണ്ഡലത്തിലെ വോട്ടർ അല്ല സ്ഥാനാർത്ഥിയെങ്കിൽ അയാഠം ഉഠംപ്പെടുന്ന നിയോജക മണ്ഡലത്തിലെ, സമ്മതിദായകപ്പട്ടികയുടെ, അധികൃതമായി ലഭിച്ചിട്ടുള്ള ഒരു പ്രതി (Certified Copy ) ഹാജരാക്കിയിരിക്കണം. പ്രസക്ത ഭാഗത്തിൻെറ കോപ്പിയും മതിയാകുന്നതാണു്. ഇതു് പത്രിക പരിശോധിക്കുന്ന അവസരത്തിൽ ഹാജരാക്കിയാലും മതിയാകും.

പട്ടികജാതി_പട്ടികവർഗ്ഗത്തിനു് സംവരണം ചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥി, താൻ പട്ടികജാതി_പട്ടികവർഗ്ഗത്തിൽ ഉഠംപെടുന്ന ആളാണെന്നു് കാണിക്കുന്ന ഡിക്ലറേഷൻ നാമനിർദേശ പത്രികയോടൊപ്പം സമർപ്പിച്ചിരിക്കണം.

നാമനിർദേശ പത്രികയിലും,സമ്മതിദായകപ്പട്ടികയിലും സ്ഥാനാർത്ഥിയുടേയോ, നിർദേശകൻേറയോ പേരു്, സ്ഥലം ഇവ എഴുതുന്നതിൽ വരുന്ന തെററു്, അച്ചടിപിശകു്, മററു് സാങ്കേതികമായ തെററുകഠം, എന്നിവ, നാമനിർദേശപത്രികയെ ആകെ ബാധിക്കുന്നതിനിടയാക്കും. അതിനാൽ നാമനിർദേശപത്രിക ലഭിച്ചാൽ ഉടൻതന്നെ വരണാധികാരി ഒരുപ്രാഥമികപരിശോധന നടത്തുകയും, മേൽപറഞ്ഞ തെററുകഠം വല്ലതും ഉണ്ടായിരുന്നാൽ അവ തിരുത്തുന്നതിനു അനുവദിക്കുന്നതുമായിരിക്കും.

### ജാമ്യത്തുക

നാമനിർദേശപത്രികയോടൊപ്പം നിശ്ചിതസംഖ്യ ജാമ്യത്തുകയായി കെട്ടിവക്കേണ്ടതാണു്. തുക പണമായി വരണാധികാരിയെ ഏല്പിക്കുകയോ, അല്ലാത്തപക്ഷം ഗവണ്മെൻറു് ട്രഷറിയിലോ, റിസർവ് ബാങ്കിലോ അടച്ചു് രസീതു് ഹാജ

രാക്കുകയോ ചെയ്യണം. ഒരേ സീററിലേക്കു് ഒന്നിലധികം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കുന്ന സ്ഥാനാർത്ഥി ഒരെണ്ണത്തിനുള്ള തുക കെട്ടിവച്ചാൽ മതിയാകും.

### തുക

| | |
|---|---|
| പാർലിമെൻറു് | 500 രൂപ |
| നിയമസഭ | 250 രൂപ |

പട്ടികജാതി-പട്ടികവർഗ്ഗത്തിനു് സംവരണം ചെയ്തിട്ടുള്ള സീററിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ഇതിൻെറ പകുതി തുക കെട്ടിവെച്ചാൽ മതിയാകും.

ജാമ്യത്തുക കെട്ടിവെക്കാത്ത നാമനിർദ്ദേശ പത്രികകൾ സ്വീകാര്യമല്ല.

### പ്രതിജ്ഞ

നാമനിർദ്ദേശപത്രിക സമർപ്പിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും, തിര:കമ്മീഷൻ അധികാരപ്പെടുത്തുന്ന ആളുടെ മുൻപിൽവച്ചു് പ്രതിജ്ഞ എടുക്കേണ്ടതുണ്ടു്. വരണാധികാരിയെയും അതിന്നു്, ചുമതലപ്പെടുത്താവുന്നതാണു്. ഭരണഘടനയുടെ മൂന്നാം ഷെഡ്യൂളിൽ പ്രതിജ്ഞാപത്രത്തിൻെറ മാതൃക കൊടുത്തിട്ടുണ്ടു്.

സ്ഥാനാർത്ഥി നിരോധനത്തടങ്കലിൽ കഴിയുന്ന ആളാണെങ്കിൽ ജയിൽ സൂപ്രണ്ടിൻെറ മുൻപിൽവച്ചു് പ്രതിജ്ഞ ഒപ്പിട്ടാൽ മതിയാകും. ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥിയെ ആശുപത്രി അധികൃതരുടെ മുൻപിൽവച്ചു് പ്രതിജ്ഞചെയ്യുന്നതിനു് അനുവദിക്കുന്നതാണു്. പ്രതിജ്ഞഅടങ്ങുന്ന, ഫാറത്തിൻെറസർട്ടിഫൈഡ്കോപ്പി ജയിൽ സൂപ്രണ്ടിനെയും, ആശുപത്രി അധികൃതരെയും ഏല്പിക്കുന്നതായിരിക്കും. ഇപ്രകാരം ഒപ്പിടുന്ന പ്രതിജ്ഞാപത്രം

നാമനിർദേശ പത്രിക പരിശോധിക്കുന്ന സമയത്ത് ഹാജരാക്കിയിരിക്കണം.

നാമനിർദേശപത്രികകൾ ലഭിക്കുന്ന ക്രമത്തിന്, ക്രമനമ്പർ ഇടുകയും, ലഭിച്ച സമയവും, തീയതിയും, രേഖപ്പെടുത്തുകയും ചെയ്തശേഷം വരണാധികാരി ഒപ്പ് വെക്കണം. പരിശോധന നടത്തുന്ന സ്ഥലവും, തീയതിയും, സമയവും നാമനിർദേശപത്രിക ഏല്പിച്ച ആളെ അറിയിക്കുകയുംവേണം. സ്ഥാനാർത്ഥിയുടെയും നിർദേശകൻെറയും, വിശദവിവരങ്ങൾ പത്രികയിൽ ചേർത്തിട്ടുള്ള അതേ രീതിയിൽ നോട്ടീസ് ബോർഡിൽ പതിക്കുന്നതാണ്.

## സൂക്ഷ്മപരിശോധന

നാമനിർദേശപത്രിക പരിശോധിക്കുന്ന സ്ഥലവും സമയവും മുൻകൂട്ടിനിശ്ചയിച്ച് പരസ്യപ്പെടുത്തിയിട്ടുണ്ടായിരിക്കും. നാമനിർദേശ പത്രിക സമർപ്പിച്ചു കഴിഞ്ഞാൽ പ്രഥമ പരിശോധനക്കുശേഷം സൂക്ഷ്മപരിശോധനക്കുള്ള നോട്ടീസ് വരണാധികാരി നൽകും. പരിശോധന നടത്തുന്നത് നാമനിർദേശപത്രിക സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതിയുടെ തൊട്ടടുത്ത ദിവസമായിരിക്കും. പരിശോധനാ സമയത്ത് സ്ഥാനാർത്ഥി, തിര:ഏജൻറ് എന്നിവർക്ക് സന്നിഹിതരാകാം. കൂടാതെ നിർദേശകനും, സ്ഥാനാർത്ഥി അധികാരപ്പെടുത്തുന്ന വേറൊരാളിനും, പരിശോധനാസ്ഥലത്ത് ഹാജരാവാൻ അനുവാദം ഉണ്ടായിരിക്കും. നിശ്ചിത സമയത്തിനുള്ളിലും നിശ്ചിത ഫാറത്തിലും സമർപ്പിച്ചിട്ടുള്ള എല്ലാ നാമനിർദേശപത്രികകളും സന്നിഹിതരാകുന്നവർക്ക് പരിശോധിക്കാൻ അവസരം നൽകും. തുടർന്ന് തർക്കങ്ങൾ പരിഗണനക്കെടുക്കും. ഏതെങ്കിലും തർക്കം അപ്പോൾ പരിഹരിക്കാൻ കഴിയാതെ വന്നാൽ തർക്കവിധേയമായ നാമനിർദേശ പത്രിക സമർപ്പിച്ച സ്ഥാ

നാർത്ഥിക്കു് തൊട്ടടുത്ത ദിവസംവരെ സമയം അനുവദിക്കുന്നതായിരിക്കും. ഇതു് തെളിവുകൾ ഹാജരാക്കുന്നതിനും എതിർവാദം ഉന്നയിക്കുന്നതിനുമാണു്. ഈ സമയം വീണ്ടും ദീർഘിപ്പിക്കുന്നതല്ല. എന്നാൽ സമ്മറി എൻക്വയറിയോ, ഇൻവെസ്റ്റിഗേഷനോ ആവശ്യമാണെന്നു് വരണാധികാരിക്കു് ബോദ്ധ്യമായാൽ, മറെറാരു ദിവസത്തേക്കു് മാററി വെക്കാം. പരിശോധനക്കുശേഷം പത്രിക സ്വീകരിച്ചതായോ, നിരാകരിച്ചതായോ ഉള്ള, തൻെറ തീരുമാനം വരണാധികാരി രേഖപ്പെടുത്തണം. നിരാകരിക്കുന്ന പത്രികയിൽ നിരാകരിക്കാനുണ്ടായ കാരണങ്ങൾ കാണിക്കുകയും വരണാധികാരി ഒപ്പു് വക്കുകയും ചെയ്യേണ്ടതാണു്.

മററാരും തർക്കം ഉന്നയിച്ചില്ലെങ്കിലും തെററായ രീതിയിലുള്ള നാമനിർദ്ദേശപത്രിക തിരസ്കരിക്കുന്നതിനു് വരണാധികാരിക്കു അധികാരം ഉണ്ടു്.

തൻെറ നിയന്ത്രണത്തിനതീതമായ അക്രമങ്ങൾ മൂലം പരിശോധന വിഘാതപ്പെടുന്നതായാൽ മാത്രമേ നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മപരിശോധന മാററിവക്കുന്നതിനു് വരണാധികാരിക്കു് അധികാരമുള്ളു.

മററു് തരത്തിലൊന്നും അയോഗ്യത ഇല്ലെങ്കിൽനിലവിലുള്ള സമ്മതിദായകപ്പട്ടികയുടെ അടയാളസഹിതമുള്ള പ്രതിയാണു് ഒരു നിയോജക മണ്ഡലത്തിലെ വോട്ടർ എന്നതിനു് അവസാനതെളിവു്.

നാമനിർദ്ദേശപത്രിക പരിശോധിക്കുന്ന ദിവസം, നിയമപരമായ അയോഗ്യതകൾ ഉണ്ടായിരിക്കുകയോ, യോഗ്യത ഇല്ലാതിരിക്കുകയോ ചെയ്താൽ മാത്രമേ പത്രിക നിരസിക്കാൻ പാടുള്ളു. കൂടാതെ സ്ഥാനാർത്ഥിയുടെയോ നിർദ്ദേശകൻെറയോ ഒപ്പു് ശരിയായതല്ലെങ്കിലും നാമനിർദ്ദേശപത്രിക നിരസിക്കപ്പെടും.

ബലവത്തായകാരണങ്ങളാൽ മാത്രമെ നിർദ്ദേശപത്രിക നിരസിക്കാൻ പാടുള്ളു.

സൂക്ഷ്മപരിശോധന കഴിഞ്ഞാൽ ഉടൻ തന്നെ സ്വീകരിക്കപ്പെടുന്ന നാമനിർദേശ പത്രികകളുടെ ലിസ്റ്റ് തയ്യാറാക്കുകയും, സ്ഥാനാർത്ഥികളുടെ പേരു് വിവരം നോട്ടീസ് ബോർഡിൽ പതിക്കുന്നതുമായിരിക്കും.

പിൻമാററം

നാമനിർദേശ പത്രിക പിൻവലിക്കുന്ന നോട്ടീസ് സ്ഥാനാർത്ഥിയോ, നിർദേശകനോ നേരിട്ടു് വരണാധികാരിയെ ഏൽപ്പിക്കേണ്ടതാണു്. രേഖാമൂലം അധികാരപ്പെടുത്തുകയാണെങ്കിൽ തിര: ഏജൻറു് നേരിട്ട സമർപ്പിച്ചാലും മതിയാകും. പിൻവലിക്കുന്നതിനു് നിശ്ചയിച്ചിട്ടുള്ള അവസാന ദിവസം മൂന്നു മണിക്കു മുമ്പു് പിൻമാറുന്നവർ അതിന്നുള്ള നോട്ടീസ് നൽകിയിരിക്കണം. 5-ാം നമ്പർ ഫാറത്തിൽവേണം നോട്ടീസ് നൽകുന്നതു്. നോട്ടീസ് ലഭിക്കുന്ന സമയം വരണാധികാരി രേഖപ്പെടുത്തുകയും നോട്ടീസ് തൃപ്തികരമാണെങ്കിൽ പിൻമാറിയ വിവരം നോട്ടീസ് ബോർഡിൽ പതിക്കുകയും ചെയ്യുന്നതായിരിക്കും. പിൻമാറുന്ന നോട്ടീസ് നൽകിക്കഴിഞ്ഞാൽ പ്രസ്തുത നോട്ടീസ് റദ്ദാക്കുന്നതല്ല.

പിൻമാറുന്നതിനുള്ള അവസാനദിവസത്തിനുശേഷംമത്സരത്തിൽ അവശേഷിക്കുന്ന സ്ഥാനാർത്ഥികളുടെ പേരു് അക്ഷരമാലാക്രമത്തിൽ തയ്യാറാക്കുകയും, നാമനിർദേശ പത്രികയിൽ കാണിച്ചിട്ടുള്ള മേൽവിലാസവും മററു് വിവരങ്ങളും ചേർത്തു് പ്രസിദ്ധപ്പെടുത്തുന്നതുമായിരിക്കും. സ്ഥാനാർത്ഥിയോ, തിരഞ്ഞെടുപ്പ് ഏജൻേറാ ആവശ്യപ്പെട്ടാൽ ലിസ്റ്റിൻെറ പകർപ്പ് ലഭിക്കുന്നതാണു്. ലിസ്റ്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യും

ഒരു സ്ഥാനാർത്ഥിയുടെ നാമനിർദേശ പത്രിക മാത്രമാണു് ലഭിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത സ്ഥാനാർത്ഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതായിപ്രഖ്യാപിക്കും. അതുപോലെ ഒരു

പത്രികമാത്രമാണ് സ്വീകാര്യയോഗ്യമായി ശേഷിച്ചിട്ടുള്ളതെങ്കിൽ പ്രസ്തുത പത്രിക സമർപ്പിച്ച സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്നതാണ്.

ഒരു നിയോജക മണ്ഡലത്തിൽ ഒരു നാമനിർദേശപത്രികയും ലഭിക്കാതിരുന്നാൽ തിര: കമ്മീഷൻ പ്രസ്തുത സീററിലെക്കുവേണ്ടി വീണ്ടും തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതായിരിക്കും. ഈ തിരഞ്ഞെടുപ്പിനും മുൻപറഞ്ഞ എല്ലാ നടപടിക്രമങ്ങളും ആവശ്യമാണ്.

## സ്ഥാനാർത്ഥിയുടെ മരണം

സ്വീകരിക്കപ്പെട്ട നാമനിർദേശപത്രികസമർപ്പിച്ചിരുന്ന സ്ഥാനാർത്ഥികളിൽ ആരെങ്കിലും തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതിനു് മുൻപ് നിര്യാതനാകുകയാണെങ്കിൽ പ്രസ്തുതമണ്ഡലത്തിലെ തിരഞ്ഞെടുപ്പ് നടപടികൾ എല്ലാം നിറുത്തിവക്കുന്നതാണ്. മരണം സംഭവിക്കുന്നതു് പിൻമാറുന്നതിനുള്ള അവസാനദിവസത്തിനു് മുൻപായിരുന്നാലും തിരഞ്ഞെടുപ്പ് മാററിവക്കുന്നതാണ്. അതായതു് നാമനിർദേശ പത്രികയുടെ പരിശോധന കഴിഞ്ഞശേഷം സ്വീകരിക്കപ്പെട്ട പത്രിക സമർപ്പിച്ചിരുന്ന സ്ഥാനാർത്ഥികളിൽ ആരെങ്കിലും വോട്ടെടുപ്പിനു് മുൻപ് എപ്പോൾ നിര്യാതനായാലും തിരഞ്ഞെടുപ്പ് നടപടികൾ നിറുത്തിവയ്ക്കുന്നതായിരിക്കും. തുടർന്നു് പുതിയതിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യും. സ്വീകരിക്കപ്പെട്ട പത്രിക നൽകിയിരുന്നവർ, പുതിയ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് വീണ്ടും പ്രത്യേകം നാമനിർദേശ പത്രിക സമർപ്പിക്കേണ്ടതില്ല. അതേസമയം നേരത്തെ പിൻമാറിയിരുന്നവർക്കു് പുതുതായി നാമനിർദേശപത്രിക സമർപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ പുതിയ ആളുകളുടെ

നാമനിർദേശപത്രിക സ്വീകരിക്കുകയും ചെയ്യും.

കോടതികൾ

നാമനിർദേശ പത്രികയുടെ കാര്യത്തിൽ വരണാധികാരി സ്വീകരിക്കുന്ന തീരുമാനം ഒരു സിവിൽ കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ കഴിയുന്നതല്ല. റിട്ടും, ഈ പ്രശ്നത്തിൽ അനുവദിക്കുകയില്ല. കരണീയമായിട്ടുള്ളതു് തിരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷം, ഹൈക്കോടതിയിൽ ഇലക്ഷൻ പെററിഷൻ സമർപ്പിക്കുകമാത്രമാണു്.

നാമനിർദേശപത്രികയിലെ ചില പ്രധാന വിവരങ്ങൾ

വിവിധ സഭകളിലേക്കു് നാമനിർദേശ പത്രികയായി ഉപയോഗിക്കാൻ നിശ്ചയിച്ചിട്ടുള്ളതു് രണ്ടു് എ മുതൽ രണ്ടു് ബി വരെയുള്ള ഫാറങ്ങൾ ആണു്. കൺടക്ട് ആഫ് ഇലക്ഷൻ റൂൾസ് (1961) 4-ാം വകുപ്പ് ഇക്കാര്യം വ്യക്തമാക്കുന്നു. ഫാറത്തിൽ 5 ഭാഗങ്ങൾ ഉണ്ടായിരിക്കും.

(1) നാമനിർദേശം നടത്തുന്ന ഭാഗം:- ഇതിൽ സ്ഥാനാർത്ഥിയുടെ പേരു്, മേൽവിലാസം, മത്സരിക്കുന്ന മണ്ഡലം, ഏതു് മണ്ഡലത്തിലെ വോട്ടർപട്ടികയുടെ ഭാഗം, ക്രമനമ്പർ എന്നിവകാണിക്കണം. പേർനിർദേശിക്കുന്ന ആളിൻെറ പേരും, മേൽവിലാസവും മററു് വിവരങ്ങളും കാണിക്കുകയും നിർദേശകൻ ഒപ്പുവക്കുകയും ചെയ്യണം.

(2) സ്ഥാനാർത്ഥിയുടെ ഭാഗം:- സ്ഥാനാർത്ഥിയുടെ വയസ്സ്, മത്സരിക്കുന്ന മണ്ഡലം, ഏതെങ്കിലും കക്ഷിയുടെ സ്ഥാനാർത്ഥി ആണെങ്കിൽ ആ വിവരം, ആവശ്യപ്പെടുന്ന ചിഹ്നം ഇവയും, പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ആളാണെങ്കിൽ ആ വിവരവും ഉണ്ടായിരിക്കണം. സ്ഥാനാർത്ഥിയുടെ

ഒപ്പം ഈ ഭാഗത്തു് ആണു് ചേർക്കേണ്ടതു്.

(3) വരണാധികാരിയുടെ ഉപയോഗത്തിനുള്ള ഭാഗം:- നാമനിർദേശപത്രിക ലഭിച്ച സമയം, തീയതി, ക്രമനമ്പർ എന്നിവ ഈ ഭാഗത്തു് കാണിക്കണം.

(4) പരിശോധനക്കു ശേഷം വരണാധികാരി തന്റെ തീരുമാനം 4-ാം ഭാഗത്തായിരിക്കും രേഖപ്പെടുത്തുന്നതു്.

(5) നാമനിർദേശ പത്രിക ലഭിച്ചതിന്റെതെളിവായും സൂക്ഷ്മ പരിശോധനക്കുള്ള നോട്ടീസായും ഉപയോഗിക്കേണ്ട ഭാഗമാണു് 5-ാ മത്തേതു്. പ്രഥമ ദൃഷ്ട്യാ ഉള്ളപരിശോധനക്കു് ശേഷം നാമനിർദേശപത്രികയുടെ പരിശോധനക്കുള്ള സ്ഥലവും സമയവുംരേഖപ്പെടുത്തി സ്ഥാനാർത്ഥിക്കു് നൽകുകയും ചെയ്യും.

## തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ

തിരഞ്ഞെടുപ്പ് ചിഹ്നങ്ങൾ, ഇല: കമ്മീഷൻ കേന്ദ്ര-സംസ്ഥാന ഗവണ്മെൻറു് ഗസററുകളിൽ മുൻകൂട്ടി പരസ്യം ചെയ്യുന്നതായിരിക്കും. ചിഹ്നങ്ങൾ അനുവദിക്കുന്ന കാര്യത്തിലുള്ള നിയന്ത്രണങ്ങളും അതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നതാണു്. ഒരു സ്ഥാനാർത്ഥി ഒരേ മണ്ഡലത്തിൽ ഒന്നിലധികം നാമനിർദേശ പത്രികകൾ സമർപ്പിക്കുന്നതായാൽ അവയിൽ ആദ്യത്തെ പത്രികയിൽ ആവശ്യപ്പെടുന്ന ചിഹ്നം ആയിരിക്കും അയാൾക്കു് ലഭിക്കാൻ അർഹതയുള്ളതു്. പ്രസ്തുത നാമനിർദേശപത്രികനിരസിച്ചാലും, അതിൽ ആവശ്യപ്പെട്ടിട്ടുള്ള ചിഹ്നം ലഭിക്കാൻ അർഹതയുണ്ടു്. ഒന്നിലധികം സ്ഥാനാർത്ഥികൾ ഒരേ ചിഹ്നം ആവശ്യപ്പെട്ടാൽ "നറുക്കിട്ടു" തീരുമാനമെടുക്കും. ചിഹ്നങ്ങൾ അനുവദിക്കുന്നകാര്യത്തിൽ വരണാധികാരിയുടെ തീരുമാനം അവസാനത്തേതാണു്. അതുപോലെ തന്നെ തിര: കമ്മീഷന്റെ പ്രത്യേകമായ നിർദ്ദേശങ്ങൾ അനുസരിക്കുന്നതി

നം ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാണ്. അല്ലാത്തപക്ഷം കമ്മീഷന് ഭേദഗതികൾ വരുത്തുവാൻകഴിയും. വരണാധികാരി ഒരു തീരുമാനം എടുത്തു് കഴിഞ്ഞാൽ പ്രസ്തുത തീരുമാനം സ്ഥാനാർത്ഥികളെ ധരിപ്പിക്കുകയും അവർക്കു് ചിഹ്നത്തിൻെറ മാതൃകകൾ നൽകുകയും ചെയ്യുന്നതാണ്.

ചിഹ്നങ്ങൾ

| ദേശീയ കക്ഷികൾ | | ചിഹ്നം |
|---|---|---|
| 1 | ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഭരണവിഭാഗം) | പശുവും കിടാവും |
| 2 | ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (സംഘടനാവിഭാഗം) | ചക്കയിൽനൂൽനൂൽക്കുന്നസ്ത്രീ |
| 3 | സ്വതന്ത്ര | നക്ഷത്രം |
| 4 | ഭാരതീയ ജനസംഘം | ദീപം |
| 5 | കമ്മ്യൂണിസ്റ്റ് പാർട്ടി ആഫ് ഇൻഡ്യ | കതിരും, അരിവാളും |
| 6 | കമ്മ്യൂണിസ്റ്റ് പാർട്ടി ആഫ് ഇൻഡ്യ (മാർക്സിസ്റ്റ്) | അരിവാൾ, ചുറ്റിക, നക്ഷത്രം |
| 7 | സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി | വൃക്ഷം |
| 8 | പ്രജാ സോഷ്യലിസ്റ്റ് പാർട്ടി | കുടിൽ |

സംസ്ഥാന പാർട്ടികൾ (കേരളം)

| | | |
|---|---|---|
| 1 | മുസ്ലിം ലീഗ് | ഏണി |
| 2 | കേരളാകോൺഗ്രസ് | കുതിര |
| 3 | ആർ. എസ്സ്. പി. | മൺവെട്ടിയും കോരികയും |

കേരളത്തിനു നിശ്ചയിച്ചിട്ടുള്ള മററു ചിഹ്നങ്ങൾ സൈക്കിൾ, വള്ളം, സ്റ്റെയിൽസ്, രണ്ടില, റെയിൽവേഎൻജിൻ, കുടം, ഒട്ടകം, പ്രകാശിക്കുന്ന ടാർച്ച്, ഉദയ സൂര്യൻ കായ്ഫലമുള്ളതെങ്ങ്, സ്വസ്തിക്കുംവളയവും, കലപ്പയുംചക്രവും.

# 9-വോട്ടെടുപ്പ്

എട്ട് മണിക്കൂറിൽ കുറയാത്ത സമയം വോട്ടെടുപ്പിനു വേണ്ടി അനുവദിക്കുന്നതാണു്. അപ്രതീക്ഷിതമായ പ്രകൃതി കോപം, നിയന്ത്രണാതീതമായ അസ്വാസ്ഥ്യങ്ങൾ, പോളിംഗ് അസാദ്ധ്യമാക്കുന്ന മററ് സംഭവങ്ങൾ എന്നിവ ഉളവായാൽ മാത്രമെ പോളിംഗ് നിറുത്തിവെക്കുന്നതിനു് വരണാധികാരിക്കും, പ്രിസൈഡിംഗ് ആഫീസർക്കും അധികാരമുള്ളു. പോളിംഗ് നിറുത്തിവക്കുകയാണെങ്കിൽ ഉടൻതന്നെ വിവരം തിരഞ്ഞെടുപ്പ് കമ്മിഷനെ അറിയിക്കുകയും വേണം. തിരഞ്ഞെടുപ്പു കമ്മീഷൻെറ നിർദേശപ്രകാരം ആയിരിക്കണം പിന്നീടുള്ള നടപടികൾ. പോൾ വീണ്ടും ആരംഭിക്കുന്നതു് കമ്മീഷൻെറ നിർദേശപ്രകാരം ആയിരിക്കും. കമ്മീഷൻ നിർദേശിക്കുന്നതനുസരിച്ച് വീണ്ടും വോട്ട് എടുക്കുന്ന തീയതി വരണാധികാരി നിശ്ചയിക്കുകയും, വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്യും. ഇപ്രകാരം വീണ്ടും നടത്തുന്ന പോളിംഗ കഴിയുന്നതുവരെ, ഭാഗികമായി നേരത്തെ തീർന്നിരുന്ന വോട്ടെടുപ്പിലെ, വോട്ടുകൾ എണ്ണുന്നതല്ല.

ബാലററ്പെട്ടി തട്ടിക്കൊണ്ടു പോകുകയോ, പൊട്ടിച്ച് കളയുകയോ, നശിപ്പിക്കപ്പെടുകയോ, ചീത്തയാക്കുകയോ, ചെയ്താലും പോളിംഗ് മാററിവക്കുന്നതിനു് പ്രിസൈഡിംഗ് ആഫീസർക്കും, വരണാധികാരിക്കും അധികാരമുണ്ടു്. മാത്രമല്ല ബാലററ്പെട്ടി നഷ്ടപ്പെടുന്നതായാലും, നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ സംഭവിച്ചാലും പോളിംഗ് മാററിവെക്കാം. എന്നാൽ ക്രമക്കേടുകൾ സാരമായവയല്ലെന്നും, തിരഞ്ഞെടുപ്പ് ഫലത്തെ ബാധിക്കത്തക്ക തരത്തിലുള്ളവയല്ലെന്നും, തിരഞ്ഞെ

പ്പ് കമ്മീഷൻ ബോദ്ധ്യമാകുകയാണെങ്കിൽ പോളിംഗ് തുടരു ന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

ഇടക്ക് വച്ച് പോളിംഗ് മാററിവെക്കുകയാണെങ്കിൽ, ബാലാററ് പെട്ടിയും, ബന്ധപ്പെട്ട റിക്കാർഡുകളും മുദ്രവെക്കുന്നതും മററും പോളിംഗ് ശരിയായ രീതിയിൽ തീർന്നുകഴിഞ്ഞാൽ അനുവർത്തിക്കേണ്ട അതേ രീതിയിൽ തന്നെയായിരിക്കേണ്ടതാണ്. രണ്ടുപ്രാവശ്യം വോട്ട് രേഖപ്പെടുത്തുവാൻ ആരെയും അനുവദിക്കുന്നതല്ല.

പോളിംഗ്സ്റ്റേഷനകത്ത് പ്രത്യേകം തയ്യാർചെയ്തിട്ടുള്ള അറയിൽ വെച്ചായിരിക്കണം ബാലററ്പേപ്പറിൽ വോട്ട് രേഖപ്പെടുത്തുന്നത്. ഈ അറക്കകത്ത് ഒരേസമയം ഒന്നിൽകൂടുതൽ ആളുകൾക്ക് പ്രവേശനമുണ്ടായിരിക്കുന്നതല്ല. ഇപ്രകാരം രഹസ്യമായി വോട്ട് രേഖപ്പെടുത്തിയ ബാലററ്പേപ്പർ മടക്കുകയും, ബാലററ്പെട്ടിയിൽ നിക്ഷേപിക്കുകയും വേണം.

(ഓരോ സ്ഥാനാർത്ഥിക്കും പ്രത്യേകം, പ്രത്യേകം ബാലററ്പെട്ടികൾ ഉപയോഗിക്കുന്ന രീതി ഇപ്പോൾ കേരളത്തിൽ അനുവർത്തിക്കുന്നില്ല.)

## തപാൽവോട്ട്

പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരാകാതെ, തപാൽ മാർഗ്ഗം വോട്ട്ചെയ്യുന്ന രീതിയാണ് പോസ്റ്റൽവോട്ട് എന്നു പറയുന്നത്. തപാൽ മാർഗ്ഗം വോട്ട് രേഖപ്പെടുത്താൻ അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നവരാണ്.

(1) 'സ്പെഷ്യൽ വോട്ടർ' ആയി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവരും അവരുടെ ഭാര്യമാരും.

(ഇവർക്ക് പോളിംഗ്സ്റ്റേഷനിൽ നേരിൽചെന്ന് വോട്ട് രേഖപ്പെടുത്തുകയും ചെയ്യാം )

(2) സായുധസേനാംഗങ്ങളും അവരുടെ ഭാര്യമാരും.

(ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെടുന്നവരാരൊക്കെയെന്ന് സമ്മതിദായകൻ എന്ന ഭാഗത്ത് ചേർത്തിട്ടുണ്ട്. ഭാര്യ ഭർത്താവിനോടൊപ്പം താമസിക്കുകയാണെങ്കിൽ മാത്രമെ പോസ്റ്റൽവോട്ട് ലഭിക്കുകയുള്ളു)

(3) ഡെററിന്യൂകാം- പോസ്ററൽ വോട്ട് ലഭിക്കുന്നതിന് ഡെററിന്യൂകാം പോളിംഗ് ആരംഭിക്കുന്നതിൻെറ 15ാം ദിവസം മുൻപ് നിശ്ചിത ഫാറത്തിൽ അപേക്ഷിച്ചിരിക്കേണ്ടതാണ്.

(4) തിരഞ്ഞെടുപ്പു ജോലിയിൽ (ഇലക്ഷൻഡ്യൂട്ടി) ഏർപ്പെട്ടിരിക്കുന്നവർ:-
പ്രിസൈഡിംഗ് ആഫീസർ, പോളിംഗ് ആഫീസർ, തിരഞ്ഞെടുപ്പു ജോലികൾക്ക് ഔദ്യോഗികമായി നിയമിക്കപ്പെട്ടിട്ടുള്ള മററ് ഗവണ്മെൻറ ജീവനക്കാർ തുടങ്ങിയുള്ളവർക്കു് പോസ്ററൽ വോട്ട് അനുവദിക്കുന്നതാണ്. ഗവണ്മെൻറ ജീവനക്കാർ പോളിംഗ് തുടങ്ങുന്നതിനു് 7 ദിവസം മുൻപ് അപേക്ഷിച്ചിരിക്കണം. പ്രത്യേക സാഹചര്യങ്ങളിൽ ഈ സമയ പരിധി കുറവു് ചെയ്യുന്നതിനു വരണാധികാരിക്കധികാരമുണ്ടു്.

ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരല്ലാത്തവരും തിരഞ്ഞെടുപ്പു് ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരുമായ ആളുകൾക്കു തങ്ങളുടെ വോട്ട് നേരിൽ രേഖപ്പെടുത്താൻ കഴിയാതെ വരുന്ന സന്ദർഭത്തിൽ "ഇലക്ഷൻഡ്യൂട്ടിസർട്ടിഫിക്കററ്" (Election duty Certificate) സഹിതം പോൾ ആരംഭിക്കുന്നതിനു് 4 ദിവസം മുൻപ് അപേക്ഷിക്കുകയാണെങ്കിൽ പോസ്ററൽ വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം ലഭിക്കും.

ലെ: കൗൺസിൽ തിരഞ്ഞെടുപ്പിൽ, നാമനിർദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാനദിവസത്തിനു് മുൻപ്, ഗസററ വിജ്ഞാപനം മൂലം നിയമസഭാംഗങ്ങൾ പോസ്ററൽവോട്ടു് മൂലം ആയിരിക്കണം വോട്ട് രേഖപ്പെടുത്തേ

ണ്ടതു് എന്നു് തിര കമ്മീഷനു് ആവശ്യപ്പെടാൻ അധികാരമുണ്ടു്. കൂടാതെ ഏതെങ്കിലും പ്രത്യേക കൗൺസിൽ നിയോജകമണ്ഡലത്തിലെ വോട്ടറന്മാരോടും ഇപ്രകാരം നിർദേശിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിക്കാം.

പോസ്ററൽവോട്ടു് ആവശ്യപ്പെടുന്നവർക്കു് വരണാധികാരി, ബാലററ പേപ്പറും, ഡിക്ലറേഷനും അയച്ചുകൊടുക്കുന്നതാണു്. സ്പെഷ്യൽ വോട്ടറന്മാർ, ഗവ: ഡെപ്യൂട്ടിസെക്രട്ടറിക്കു് താഴെയല്ലാത്ത പദവിയിൽഉള്ള ഒരു ഉദ്യോഗസ്ഥൻെറ മുൻപിൽ വെച്ചും തിരഞ്ഞെടുപ്പു് ഡ്യൂട്ടിയിൽ ഉള്ള വോട്ടറന്മാർ ഒരു ഗസററഡു് ആഫീസറുടെ മുൻപിൽ വെച്ചും, സർവ്വീസ് വോട്ടറന്മാർ കമാണ്ടറുടെ മുൻപിൽ വെച്ചും ഡിക്ലറേഷൻ ഫാറത്തിൽ ഒപ്പു് വെക്കണം. ഡെററിന്യൂകാം ഡിക്ലറേഷൻ ഒപ്പുവക്കുന്നതു് ജയിൽ സൂപ്രണ്ടിൻെറ മുൻപിൽവെച്ചും മററു് വിഭാഗങ്ങറം ഒരു മജിസ്ട്രേററിൻെറ മുൻപിൽവെച്ചും ആയിരിക്കണംഒപ്പു്വെക്കുന്നതു്. വോട്ടർ ഒപ്പിട്ടതിനുശേഷം, ആരുടെ മുമ്പിൽ വെച്ചാണോ, അവർ ഡിക്ലറേഷനിൽ ഒപ്പിട്ടതു്, ആ ഉദ്യോഗസ്ഥനും തൻെറ ഒപ്പു് രേഖപ്പെടുത്തണം ഈ ഡിക്ലറേഷനും വോട്ടു് രേഖപ്പെടുത്തിയ ബാലററപേപ്പറും പോളിംഗ് ആരംഭിക്കുന്ന ദിവസം രാവിലെ 10 മണിക്കു് മുൻപു് വരണാധികാരിക്കു് ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണു്.

## നേരിട്ടു് വോട്ടു് രേഖപ്പെടുത്തുന്ന വിധം

ബാലററു്പേപ്പറിൽ ഓരോ സ്ഥാനാർത്ഥിയുടെയും പേർ അക്ഷരമാലാക്രമത്തിൽ ചേർത്തിട്ടുണ്ടായിരിക്കും. പേരിൻെറ നേർക്കു് ചിഹ്നവും കാണിച്ചിരിക്കും. വോട്ടു് രേഖപ്പെടുത്തുന്നതിന്നായി പ്രത്യേകം തയ്യാർചെയ്തിട്ടുള്ള അറക്കകത്തുവച്ചു് ബാലററു്പേപ്പറിൽ, തങ്ങറം വോട്ടു് രേഖപ്പെടുത്താൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനുനേരെ അടയാളപ്പെടുത്തണം. രേഖപ്പെടുത്തുന്നതിനു് ഉപയോഗിക്കേണ്ട

ഉപകരണം വോട്ടറന്മാർക്കു് നൽകുന്നതായിരിക്കും. വോട്ടു്രേഖപ്പെടുത്തിയ ബാലററ്പേപ്പർ മടക്കുകയും ബാലററ്പെട്ടിയിൽ നിക്ഷേപിക്കുകയും വേണം.

കാഴ്ചശക്തിയില്ലാത്തവർക്കും, മററ് അവശതകൾ ഉള്ളവർക്കും, അവർ ആവശ്യപ്പെട്ടുന്നപക്ഷം പ്രീസൈഡിംഗ് ആഫീസർ അവർ നിർദേശിക്കുന്ന സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടു് രേഖപ്പെടുത്തി കൊടുക്കുന്നതാണു്.

ഇടത്തേ കൈയിലെ തള്ളവിരലിൽ മായാത്ത മഷികൊണ്ടു് അടയാളം ഇടുന്നതിനു് അനുവദിക്കാത്ത വോട്ടറന്മാരെ വോട്ടു് ചെയ്യുന്നതിനു് അനുവദിക്കുന്നതല്ല. അതുപോലെതന്നെ ഐഡൻറിററി കാർഡു് ലഭിച്ചിട്ടുള്ള വോട്ടറന്മാർപ്രസ്തുത കാർഡു് ഹാജരാക്കാതിരുന്നാലും വോട്ടു് രേഖപ്പെടുത്താൻ അനുവദിക്കുന്നതല്ല.

## പോളിംഗ്സ്റേറഷൻ

തിര: കമ്മീഷൻെറ മുൻകൂട്ടിയുള്ള അനുവാദത്തോടെ വരണാധികാരി ഒരു നിയോജകമണ്ഡലത്തിലേക്കു് ആവശ്യമായത്രയും പോളിംഗ്സ്റേറഷനുകൾ കാലേകൂട്ടി നിശ്ചയിക്കേണ്ടതാണു്. അവയുടെ ലിസ്ററു് പരസ്യപ്പെടുത്തുകയും വേണം.

ഒരു പോളിംഗ് സ്റേറഷൻെറ പരിധിക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, സമ്മതിദായകരുടെവിവരം, സ്ഥാനാർത്ഥികളുടെ ലിസ്ററു് ഇവ പോളിംഗ് സ്റേറഷനു് പുറത്തു് പ്രദർശിപ്പിച്ചിരിക്കണം.

ബാലററു് പെട്ടിക്കു് പുറമെ, ആവശ്യമായത്രയും ബാലററ്പേപ്പർ, വോട്ടേഴ്സ്ലിസ്ററ്, വോട്ടു്രേഖപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ, മുദ്ര, തുടങ്ങിയ സാധനങ്ങൾ പ്രീസൈഡിംഗ് ആഫീസർ പോൾ ആരംഭിക്കുന്നതിനു മുൻപും കൊണ്ടുവന്നിട്ടുണ്ടായിരിക്കണം. വോട്ടു് രേഖപ്പെടുത്തുന്ന ആ

ളുകളെ തിരിച്ചറിയുന്നതിന്നു അടയാളപ്പെടുത്തുന്നതിന്ന പയോഗിക്കുന്ന മഷിയും പോളിംഗ്സ്റ്റേഷനകത്ത് കരുതി യിരിക്കണം.

വോട്ടു് രേഖപ്പെടുത്താൻ എത്തുന്നവരെ നിയന്ത്രിക്കുകയും ഒരേസമയം എത്രപേർക്ക് പോളിംഗ് സ്റ്റേഷനകത്ത് പ്ര വേശനം നൽകണമെന്നു തീരുമാനിക്കുകയും ചെയ്യേണ്ടതു്. പ്രിസൈഡിംഗ് ആഫീസറുടെ ചുമതലകളിൽ പെട്ടതാണു്. വോട്ടു് രേഖപ്പെടുത്താൻ സന്നിഹിതരാകുന്നവരെ കൂടാതെ താഴെ കൊടുത്തിരിക്കുന്ന ആളുകൾക്ക് മാത്രമെ പോളിംഗ് സ്റ്റേഷനകത്ത് പ്രവേശനം അനുവദിക്കുകയുള്ളു.

(1) പോളിംഗ് ആഫീസറന്മാർ
(2) തിരഞ്ഞെടുപ്പ് ജോലിക്ക് നിയുക്തരായിട്ടുള്ള മററു് ഉദ്യോഗസ്ഥന്മാർ
(2) തിര: കമ്മീഷൻ ചുമതലപ്പെടുത്തുന്ന ആളുകൾ
(4) സ്ഥാനാർത്ഥികൾ
(5) സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ഏജൻറന്മാർ
(9) ഓരോ പോളിംഗ് ഏജൻറന്മാർ

കൂടാതെ കാഴ്ച ശക്തിയില്ലാത്തവരും, അവശന്മാരും ആ യവോട്ടറന്മാരെ സഹായിക്കുന്നതിന് എത്തുന്ന ആളുകൾക്കും, സ്ത്രീ വോട്ടറന്മാരുടെ കൈക്കുഞ്ഞുങ്ങൾക്കും പോളിംഗ് സ് റേറഷനകത്ത് പ്രവേശനം ഉണ്ടായിരിക്കുന്നതാണു്. വോട്ടറ ന്മാരെ തിരിച്ചറിയുന്നതിന്നോ, സ്ത്രീകളെ സഹായിക്കുന്ന തിന്നോ, വരണാധികാരിയോ, പ്രിസൈഡിംഗ് ആഫീ സറോ ആരെയെങ്കിലും നിയമിക്കുന്നതായാൽ അയാൾക്കും പ്ര പ്രവേശനം അനുവദിക്കും (ഇപ്രകാരം നിയമിക്കണമെന്നു് നിർ ബന്ധമില്ല.)

## ചോദ്യം ചെയ്യപ്പെടുന്ന വോട്ടുകൾ:-

ഇവരണ്ടുതരത്തിലാണു്.

(1) ചലഞ്ചിംഗ്‌വോട്ടു് (2) ടെൻഡേഴ്സ്‌വോട്ടു്

യഥാർത്ഥ വോട്ടറന്മാരുടെ പേരിൽ മററൊരാളാണു്

വോട്ടു് ചെയ്യാൻ ഉദ്യമിക്കുന്നതെങ്കിൽ, പോളിംഗ് ഏജൻറിന്ന് അതിനെ ചോദ്യം ചെയ്യാം ഇതിനെ 'ചലൻജ്' എന്നു പറയുന്നു. ചലൻജ് ചെയ്യുന്നതിന്ന് രണ്ടുരൂപ കെട്ടിവെക്കണം ചലൻജ് ചെയ്താൽ, വോട്ടുരേഖപ്പെടുത്താൻ ഉദ്യമിച്ച ആളെ പ്രിസൈഡിംഗ് ആഫീസർ താക്കീതു ചെയ്യുന്നതായിരിക്കും. ആൾ മാറാട്ടത്തിനുള്ള ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നു് അയാളെ അറിയിക്കുകയും പട്ടികയിൽ ചേർത്തിട്ടുള്ള വിവരങ്ങളും, മേൽവിലാസവും മററും വായിച്ചുകേൾപ്പിക്കുകയും അയാൾ തന്നെയാണോ യാഥാർത്ഥ പേരുകാരൻ എന്നു് ആരായുകയുംചെയ്യുന്നതാണു്. അതിനുശേഷം പ്രസ്തുതവിവരങ്ങൾ 14-ാം നമ്പർ ഫാറത്തിൽ എഴുതി അയാളെക്കൊണ്ടു് ഒപ്പു് ഇടുവിക്കുന്നതാണു്. മാത്രമല്ല തെളിവു് ഹാജരാക്കാൻ ആവശ്യപ്പെടുകയും, സത്യപ്രതിജ്ഞ ചെയ്യിച്ചു് മൊഴി രേഖപ്പെടുത്തുകയും ചെയ്യുന്നതിനും പ്രിസൈ: ആഫീസർക്കു് അധികാരമുണ്ടു്. പ്രിസൈ: ആഫീസറുടെ ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം നൽകുന്നതിന്ന് വോട്ടുരേഖപ്പെടുത്താൻ ശ്രമിച്ച ആൾ ബാദ്ധ്യസ്ഥനാണു്. കളവായിവോട്ടു് രേഖപ്പെടുത്തുന്നതിനുശ്രമിച്ചതാണെന്നു് പ്രിസൈ: ആഫീസർക്കു് ബോദ്ധ്യമായാൽ അയാളെവോട്ടു് രേഖപ്പെടുത്താൻ അനുവദിക്കുന്നതല്ല. ചലൻജ് ശരിയല്ലെന്നു് ബോദ്ധ്യമായാൽ കെട്ടിവച്ചതുക കണ്ടുകെട്ടും മററുതരത്തിലാണെങ്കിൽ തീരുമാനം ആയതിനുശേഷം കെട്ടിവച്ചതുകയെപ്പററി പരിഗണിക്കും.

## ടെൻൻേറർഡ് വോട്ടു്

ഒരാൾ വോട്ടു രേഖപ്പെടുത്തുന്നതിൽ പരാജിതനാകുമ്പോൾ അതേപേരിലും, നമ്പരിലും വോട്ടു് രേഖപ്പെടുത്തിയിരിക്കുന്നതായികാണുകയാണെങ്കിൽ, പ്രിസൈ: ആഫീസർക്കു് വോട്ടുരേഖപ്പെടുത്താൻ സന്നിഹിതനായ ആളെ ചോദ്യം ചെയ്യാം. ഇതു ആളെ ബോദ്ധ്യപ്പെടുന്നതിന്നാണു്. ആഫീസർക്കു്

ബോദ്ധ്യമായാൽ അയാളെ വോട്ട് രേഖപ്പെടുത്താൻ അനുവദിക്കും. വോട്ടുരേഖപ്പെടുത്താൻ നൽകുന്ന ബാലററ്പേപ്പർ, പ്രസ്തുത പോളിംഗ്സ്റ്റേഷനിലേക്കു അനുവദിച്ചിട്ടുള്ളതിൽ ഏററവും ഒടുവിലത്തെ നമ്പർ ബാലററ്പേപ്പർആയിരിക്കും. ഇതിനെ ടെൻേർഡ് ബാലററ്പേപ്പർ എന്നു പറയുന്നു. ബാലററപേപ്പറിൻെറ പുറകിൽ അപ്രകാരം രേഖപ്പെടുത്തുകയും ചുവടെ പ്രിസൈ: ആഫീസർ ഒപ്പ്‌വക്കുകയും ചെയ്യും.

അതിനു മുൻപ് 15–ാം നമ്പർ ഫാറം പൂരിപ്പിച്ച് വോട്ടറെ ക്കൊണ്ടു് ഒപ്പ് ഇടുവിക്കുന്നതുമായിരിക്കും. ഇപ്രകാരംരേഖപ്പെടുത്തുന്ന വോട്ട്പ്രത്യേക കവറിൽ ഇട്ട്സൂക്ഷിക്കുന്നതാണു്. ഒരു തിരഞ്ഞെടുപ്പ് കേസ് ഉൽഭവിക്കുകയും, പരാജിതനാകുന്ന സ്ഥാനാർത്ഥി, താൻ വിജയിയായതായി പ്രഖ്യാപിക്കണമെന്നആവശ്യം ഉന്നയിക്കുകയും ചെയ്താൽ മാത്രമേ, ടെൻഡേർഡ് വോട്ട് പരിഗണിക്കുകയുള്ളു. അതല്ലാതെ കവർ പൊട്ടിക്കുകയോ, പ്രസ്തുത വോട്ട് എണ്ണുകയോ ചെയ്യുന്നതല്ല.

## സമാപനം

കൃത്യസമയത്തു തന്നെ പോളിംഗ് അവസാനിപ്പിക്കേണ്ടതാണു്. സമയം കഴിയുന്നതിനുമുമ്പ് പോളിംഗ് സ്റേറഷനിൽ ഹാജരാകുന്ന എല്ലാവോട്ടറന്മാരേയും വോട്ട്ചെയ്യാൻ അനുവദിക്കുന്നതാണു്.

പോളിംഗ് അവസാനിച്ചാൽ ഉടൻതന്നെ ബാലററ് പെട്ടി പൂട്ടി മുദ്രവെക്കുന്നതായിരിക്കും. പോളിംഗ് ഏജൻറന്മാർക്കും അവരുടെ മുദ്ര പതിക്കുന്നതിനു് സൗകര്യം നൽകുന്നതാണു്. പെട്ടിയും ബന്ധപ്പെട്ട മററ് റിക്കാർഡു്കളും മുദ്രവെച്ച് ഉടൻതന്നെവരണാധികാരിയെ ഏൽപ്പിക്കുകയും ചെയ്യും. വോട്ട് എണ്ണുന്നതു് വരെ അവ ഭദ്രമായി സൂക്ഷിക്കേണ്ട ചുമതല വരണാധികാരിക്കാണു്.

# 10- വോട്ടെണ്ണൽ, ഫലപ്രഖ്യാപനം

## എ-വോട്ടെണ്ണൽ

വോട്ട് എണ്ണുന്നതിൻെറ മേൽനോട്ടം വഹിക്കുന്നതു് റിട്ടേണിംഗ് ആഫീസർ ആയിരിക്കും. അസി: റിട്ടേ: ആഫീസറെയുംഇക്കാര്യത്തിനു് ചുമതലപ്പെടുത്താവുന്നതാണു്. വോട്ടെണ്ണുന്നസ്ഥലവും, സമയവും, തീയതിയും, ഒരാഴ്ചക്കുമുൻപെങ്കിലും നിശ്ചയിക്കുകയും, വിവരം മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളെയും അറിയിച്ചിരിക്കേണ്ടതുമാണു്. വോട്ടെണ്ണുന്ന സ്ഥലത്തു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് പുറമെ, മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കും, തിര: ഏജൻറന്മാർക്കും കൗണ്ടിംഗ് ഏജൻറന്മാർക്കും പ്രവേശനം അനുവദിക്കുന്നതായിരിക്കും. കൗണ്ടിംഗ് സ്റേറഷനകത്തെ നിയന്ത്രണം റിട്ടേണിംഗ് ആഫീസറുടെ ചുമതലയിൽ ആണു്. ഓരോ കൗണ്ടിംഗ് ഏജൻറിൻെറയും സ്ഥാനം നിർണ്ണയിക്കുന്നതു് റിട്ടേ: ആഫീസ്സർ ആണു്. വരണാധികാരിയുടെ നിർദ്ദേശങ്ങൾ അനുസരിക്കാത്തവരും, ക്രമരഹിതമായി പെരുമാറുന്നവരുമായ കൗണ്ടിംഗ്. ഏജൻറന്മാരെ പുറത്താക്കുന്നതിനുള്ള അധികാരവും വരണാധികാരിക്കുണ്ടു്. കൗണ്ടിംഗ് ആരംഭിക്കുന്നതിനു മുൻപ് തന്നെ ആർ പി. ആക്ടിലെ 128-ാം വകുപ്പ് വായിച്ചു കേൾപ്പിക്കുകയും ചെയ്യും. വോട്ടെണ്ണൽതുടർന്നുകൊണ്ടിരിക്കുമ്പോൾ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ, വിവരങ്ങൾ പുറത്തറിയിക്കാൻ പാടുള്ളതല്ല. അവരഹസ്യമായിത്തന്നെസൂക്ഷിക്കുകയുംവേണ്ടതാണു്. മറിച്ചു് പ്രവർത്തിക്കുന്നതായാൽ മൂന്നുമാസത്തെതടവുശിക്ഷയോ, പിഴ ഈടാക്കലോ, രണ്ടു ശിക്ഷയും ഒരുമിച്ചോ ലഭിക്കുന്നതിനിടയാകും.

കൗണ്ടിംഗ് ആരംഭിക്കുന്നതിനു മുൻപ് ബാലററ് പെട്ടികൾ പരിശോധിക്കേണ്ടതുണ്ട്. പെട്ടികൾ നശിപ്പിക്കപ്പെട്ടതായി മനസ്സിലായാൽ വോട്ടെണ്ണൽ ആരംഭിക്കുവാൻ പാടുള്ളതല്ല. തിര:കമ്മീഷനെ ആ വിവരം അറിയിക്കുകയും, കമ്മീഷൻറ നിർദ്ദേശങ്ങൾ വാങ്ങുകയും വേണം. പെട്ടിതുറക്കുന്നതിനു മുൻപ് സമീപത്തിരിക്കുന്ന കൗണ്ടിംഗ് ഏജൻറിനെ കാണിക്കുകയും, ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## അസാധു

ചുവടെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ വോട്ട് അസാധുവായി പരിണമിക്കുന്നതാണ്.

(1) വോട്ട രേഖപ്പെടുത്തിയ ആളിനെ തിരിച്ചറിയത്തക്ക അടയാളങ്ങൾ ഏതെങ്കിലും ബാലററപേപ്പറിൽ ഉണ്ടായിരിക്കുക.

(2) ബാലററപേപ്പറിൽ വോട്ട രേഖപ്പെടുത്താതിരിക്കുകയോ തിരഞ്ഞെടുപ്പിനു ഉപയോഗിക്കാൻ നൽകിയതല്ലാതുള്ള ഏതെങ്കിലും ഉപകരണംകൊണ്ട് വോട്ട്രേഖപ്പെടുത്തുകയോ ചെയ്തിരിക്കുക.

(3) ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾക്ക വോട്ട് രേഖപ്പെടുത്തിയിരിക്കുക.

(4) ഏതു സ്ഥാനാർത്ഥിക്കാണ് വോട്ടരേഖപ്പെടുത്തിയിരിക്കുന്നതെന്നു കൃത്യമായി വ്യക്തമല്ലാതിരിക്കുകയും, ആർക്കാണ് വോട്ടരേഖപ്പെടുത്തിയിരിക്കുന്നതെന്നു സംശയം ഉളവാകത്തക്ക രീതിയിൽ അടയാളപ്പെടുത്തിയിരിക്കുകയുംചെയ്യുക.

(5) വ്യാജനിർമ്മിതമായ ബാലററ്പേപ്പർ ഉപയോഗിക്കുക.

(6) ബാലററ പേപ്പറിൻറ സാധുത മനസിലാക്കാൻ

പ്രയാസകരമായ വിധത്തിൽ ബാലററുപേപ്പർ ദുരുപയോഗപ്പെടുത്തിയിരിക്കുക.

(7) ഒരു പോളിംഗ്സ്റേറഷനിൽ ഉപയോഗിച്ചതിൽ നിന്നും വ്യത്യസ്ഥമായ മാതൃകയിലും, ക്രമനമ്പരിലും കാണുന്ന ബാലററ് പേപ്പറുകൾ നിരാകരിക്കുന്നതാണ്.

(8) ബാലററ്പേപ്പറിന്റെ പുറകിൽ ഉള്ള ഒപ്പും, മുദ്രയും പ്രസ്തുത പോളിംഗ് സ്റേറഷനിൽ ഉപയോഗിച്ച രീതിയിൽ നിന്നും വിഭിന്നമായിരിക്കുക.

മേൽകാണിച്ച വിധത്തിലുള്ള വോട്ടുകൾ എല്ലാം തന്നെ അസാധുവാണ്. ബാലററു പേപ്പറുകൾ നിരാകരിക്കുന്നതിനുമുമ്പ് കൗ: ഏജൻറന്മാരെ കാണിച്ചു ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും. കൂടാതെ 'തിരസ്കരിച്ചു' എന്നു് വരണാധികാരി അവയിൽ രേഖപ്പെടുത്തുകയും വേണം.

## പോസ്ററൽ വോട്ട്

നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പോസ്റ്റൽവോട്ട് കവർപൊട്ടിക്കുന്നതല്ല.

ഓരോ കവർവീതമായിരിക്കും പൊളിക്കുന്നതു്. കവർ പൊളിച്ചുകഴിഞ്ഞാൽ, ഡിക്ലറേഷൻ, ക്രമനമ്പർ, സാക്ഷിപ്പെടുത്തിയ ആളിന്റെ ഒപ്പ് ഇവ പരിശോധിക്കുന്നതാണ്. ഇവയിൽ ഏതെങ്കിലും ശരിയെല്ലന്നു് കാണുന്ന പക്ഷം പ്രസ്തുതബാലററ് പേപ്പർ നിരാകരിക്കപ്പെടും.

പോസ്റ്റൽവോട്ട് അസാധുവാകുന്നതു് താഴെപ്പറയുന്ന കാരണങ്ങളാൽ ആണു്.

(1) വോട്ട് രേഖപ്പെടുത്തിയ ആളെ തിരിച്ചറിയത്തക്ക വിധത്തിലുള്ള അടയാളങ്ങളോ, കുറിപ്പുകളോ ഉണ്ടായിരിക്കുക.

(2) വോട്ട് രേഖപ്പെടുത്താതിരിക്കുക

(3) ഒന്നിൽകൂടുതൽ സ്ഥാനാർത്ഥികൾക്ക് വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കുക

(4) ബാലററ്പേപ്പർവ്യാജനിർമ്മിതമായിരിക്കുക.

(5) തിരിച്ചയക്കുന്നതിലേക്കായി വരണാധികാരി നൽകിയിരുന്ന കവറിൽ നിന്നും വ്യത്യസ്ഥമായ കവറിൽ തിരിച്ചയച്ചിട്ടുണ്ടായിരിക്കുക.

(6) ഏതുസ്ഥാനാർത്ഥിക്കു വേണ്ടിയാണു വോട്ട് രേഖപ്പെടുത്തിയിരിക്കുന്നതെന്നു സംശയം ജനിക്കത്തക്ക വിധത്തിൽ അടയാളപ്പെടുത്തിയിരിക്കുക.

ഒരു സ്ഥാനാർത്ഥിക്കു വേണ്ടി, ബാലററപേപ്പറിൽ ഒന്നിലധികം സ്ഥലത്ത് വോട്ടു രേഖപ്പെടുത്തിയിട്ടുള്ള ബാലററപേപ്പർ, ഏതു സ്ഥാനാർത്ഥിയെ ഉദ്ദേശിച്ചാണു് അടയാളപ്പെടുത്തിയിരിക്കുന്നതെന്നു് തികച്ചും വ്യക്തമാക്കുന്ന തരത്തിൽ ആയിരുന്നാൽ നിരാകരിക്കുന്നതല്ല.

## B- ഫലപ്രഖ്യാപനം

മത്സരിച്ച സ്ഥാനാർത്ഥികളിൽ ഏററവും കൂടുതൽ സാധുവായ വോട്ട് ലഭിച്ച സ്ഥാനാർത്ഥി വിജയിച്ചതായിപ്രഖ്യാപിക്കും. രണ്ടു സ്ഥാനാർത്ഥികൾക്കു് ലഭിക്കുന്ന വോട്ട് തുല്യമായിരുന്നാൽ, വരണാധികാരി 'നറുക്കു'മൂലം വിജയിയെ നിശ്ചയിക്കും. അതായതു് നറുക്കു വീഴുന്ന ആൾക്ക് ഒരു വോട്ട് കൂടുതൽ ലഭിച്ചതായി കണക്കാക്കുന്നതും. അയാളെ വിജയിച്ചതായി പ്രഖ്യാപിക്കുന്നതുമാണു്.

വോട്ടുഎണ്ണിക്കഴിഞ്ഞാൽ വരണാധികാരിയാണു് ഫലം പ്രഖ്യാപിക്കേണ്ടതു്. തിരഞ്ഞെടുത്തതായ സർട്ടിഫിക്കററ് വിജയിച്ചസ്ഥാനാർത്ഥിക്കു് നൽകുകയും ചെയ്യും. സർട്ടിഫിക്കററ കൈപ്പററിയതായുള്ള അറിയിപ്പ് കിട്ടികഴിഞ്ഞാൽ ഏതു സഭയിലേക്കാണോ തിരഞ്ഞെടുക്കപ്പെട്ടതു് ആ സഭയിലെ സെക്രട്ടറിയെ വിവരം അറിയിക്കുന്നതായിരിക്കും. തുടർ

ന്നു. തിരഞ്ഞെടുപ്പു ഫലം, തിര: കമ്മീഷനെയും ബന്ധപ്പെട്ട മററു അധികൃതരേയും അറിയിക്കുകയും ചെയ്യുന്നു.

ഫലം പ്രഖ്യാപിച്ച തീയതി മുതൽ തിരഞ്ഞെടുക്കപ്പെട്ടതായി കണക്കാക്കും.

## രാജ്യസഭാ-സംസ്ഥാന ലെജി:കൗൺസിൽ

രാജ്യസഭാ സാമാജികരെ തിരഞ്ഞെടുക്കുന്നതു് സംസ്ഥാനനിയമസഭാ സാമാജികരാൽ ആണെന്നു് വ്യക്തമായിട്ടുണ്ടല്ലോ? അതുപോലെ തന്നെ ഉപരിസഭ (ലെജി:കൗൺസിൽ)നിലവിലുള്ള സംസ്ഥാനങ്ങളിൽ കൗൺസിൽ സാമാജികരിൽ ഒരു വിഭാഗത്തെ തിരഞ്ഞെടുക്കുന്നതും സംസ്ഥാന നിയമസഭാ സാമാജികരാൽ ആണു്.

നിയമസഭാസാമാജികർക്കു് മാററം ചെയ്യപ്പെടാവുന്ന ഓരോ വോട്ടാണു് ഈ തിരഞ്ഞെടുപ്പുകളിൽ ഉള്ളതു്. മാററംചെയ്യപ്പെടാവുന്ന വോട്ടുമൂലം തിരഞ്ഞെടുപ്പു നടക്കുന്ന രീതിയും, വോട്ടു എണ്ണുന്ന രീതിയും താഴെ വിവരിക്കും പ്രകാരമാണു്.

രാജ്യസഭയും സംസ്ഥാന ലെജി: കൗൺസിലും സ്ഥിരം സമിതികളാണെന്നും, രണ്ടു വർഷത്തിൽ ഒരിക്കൽ പ്രസ്തുത സഭകളിലെ മൂന്നിൽ ഒരു വിഭാഗം അംഗങ്ങൾ പിരിഞ്ഞു പോകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ടല്ലോ? സാധാരണ രണ്ടുകൊല്ലത്തിൽ ഒരിക്കൽ തിരഞ്ഞെടുക്കപ്പെടുന്ന സാമാജികരുടെ ഔദ്യോഗിക കാലാവധി ആറു് വർഷമായാണു് നിശ്ചയിച്ചിട്ടുള്ളതു്. ഉപതിരഞ്ഞെടുപ്പുകളിൽ കൂടെ വിജയികളാകുന്നവരുടെ ഔദ്യോഗിക കാലാവധി, പ്രസ്തുത സ്ഥാനത്തേക്കു് പൊതു തിരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ടവരുടെ കാലാവധി അവസാനിക്കേണ്ട അതേ സമയത്തു, തന്നെ അവസാനിക്കുതാണു്. അതായതു നേരത്തെ ഉള്ളതിൻെറ തുടർച്ചയായിട്ടാണു് പരിഗണിക്കുന്നതു്.

## വോട്ട് രേഖപ്പെടുത്തുന്ന വിധം

ഒരു നിയമസഭാ സാമാജികന് ഒരു വോട്ടാണല്ലോ ഉള്ളതു്. അതു് മുൻഗണനാക്രമം അനുസരിച്ച് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കു് നൽകാവുന്നതാണു്. അതായതു് മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ഓരോരുത്തർക്കും നൽകുന്ന മുൻഗണന അവരുടെ പേരിനു് നേരെ രേഖപ്പെടുത്തണം പ്രഥമ മുൻഗണന നൽകുന്ന സ്ഥാനാർത്ഥിയുടെ പേരിനു് നേരെ (1) എന്നും രണ്ടാമത്തെ മുൻഗണനനൽകുന്ന സ്ഥാനാർത്ഥിയുടെ പേരിനെതിരെ 2 എന്നും തുടർന്നു് മുൻഗണ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തദനുസരണമായ അക്കങ്ങളും രേഖപ്പെടുത്തണം എന്നാൽ ഒന്നിലധികം സ്ഥാനാർത്ഥികൾക്കു് ഒരേ മുൻഗണന നൽകുകയോ, ഒരു സ്ഥാനാർത്ഥിയുടെ തന്നെ പേരിനു നേർക്കു മുൻഗണനകളെ കുറിക്കുന്ന ഒന്നിലധികം, അക്കങ്ങളെ രേഖപ്പെടുത്താവുന്നതോ അല്ല.

## അസാധു (രാജ്യസഭ)

(1) എന്ന അക്കം രേഖപ്പെടുത്താത്ത ബാലററ് പേപ്പറും (1) എന്ന അക്കം ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിനു നേരെ അടയാളപ്പെടുത്തിയിട്ടുള്ള ബാലററ പേപ്പറും അസാധുവായി ത്തീരും (1) എന്ന അക്കത്തിനോടൊപ്പം വേറെ ഏതെങ്കിലും അക്കം രേഖപ്പെടുത്തിയിട്ടുള്ള ബാലററപേപ്പറും അസാധുവായിരിക്കും കൂടാതെ വോട്ടു രേഖപ്പെടുത്തിയ ആളെ തിരിച്ചറിയുന്നതിനു് പര്യാപ്തമായ അടയാളങ്ങൾ വല്ലതും ബാലററ പേപ്പറിൽ ഉണ്ടായിരിക്കുന്നതായാൽ പ്രസ്തുത ബാലററ് പേപ്പറും അസാധുവായി കണക്കാക്കും.

### അക്കങ്ങൾ

അന്തർദേശീയമായ ഉപയോഗങ്ങൾക്കു അംഗീകരിക്കപ്പെ

ട്ടിട്ടുള്ള ഇൻഡ്യൻ ഭാഷയിലുള്ള അക്കങ്ങളോആയരിക്കണം വോട്ടു രേഖപ്പെടുത്തുന്നതിലേക്കു് സ്വീകരിക്കേണ്ടതു്. അക്ഷരത്തിൽ എഴുതാൻ പാടുള്ളതല്ല.

## പോസ്ററൽ വോട്ട്

രാജ്യസഭാ തിരഞ്ഞെടുപ്പിൽ വോട്ടർമാർക്കു പോസ്ററൽ വോട്ടു് അനുവദിക്കുന്ന സന്ദർഭങ്ങൾ ഇന്നതാണെന്നു നേരത്തെ വിവരിച്ചിട്ടുണ്ടല്ലോ. വോട്ടെണ്ണൽ തുടങ്ങിയാൽ ആദ്യമായി പോസ്ററൽ വോട്ടുകളായിരിക്കും കൈകാര്യം ചെയ്യുന്നതു്. പോസ്ററൽവോട്ടുകൾ വന്നിട്ടുള്ള കവറുകൾ പരിശോധിക്കുകയും ചെയ്യുന്നതാണു്. അതിനുശേഷം മാത്രമെ ബാലററുപെട്ടികൾ തുറക്കുകയും, ബാലററു പേപ്പറുകൾ പരിശോധിക്കുകയും ചെയ്യുകയുള്ളു.

അസാധുവായ ബാലററു പേപ്പറുകൾ നീക്കം ചെയ്തതിനു ശേഷം ഓരോ സ്ഥാനാർത്ഥിക്കും പ്രഥമ മുൻഗണനാ വോട്ടുകൾ രേഖപ്പെടുത്തിയിട്ടുള്ള ബാലററു പേപ്പറുകൾ പ്രത്യേകം കെട്ടുകൾ ആക്കുന്നു. അവ എണ്ണി ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ചിട്ടുള്ള വോട്ടുകൾ തിട്ടപ്പെടുത്തുന്നു.

## വിജയം നിശ്ചയിക്കുന്ന രീതി

ഒരേസമയം ഒന്നോ, അതിലധികം സ്ഥാനങ്ങളിലേക്കോ ഒഴിവുണ്ടാകാമല്ലോ. തിരഞ്ഞെടുപ്പു് ഒരു സ്ഥാനത്തേക്കു് മാത്രമാണെങ്കിൽ വിജയം നിശ്ചയിക്കുന്നതിനു് സ്വീകരിക്കുന്ന രീതിയല്ല, ഒന്നിലധികം സ്ഥാനത്തേക്കു് തിരഞ്ഞെടുപ്പു നടക്കുമ്പോൾ സ്വീകരിക്കുന്നതു്. രണ്ടിനും രണ്ടു് വ്യത്യസ്ത രീതികളാണു് നിശ്ചയിച്ചിട്ടുള്ളതു്. ഒരു സ്ഥാനം മാത്രം ഒഴിവാകുകയും, തിരഞ്ഞെടുപ്പു് നടത്തുകയും ചെയ്താൽ വോട്ടെണ്ണി ഫലം പ്രഖ്യാപിക്കുന്ന രീതി ആദ്യം വിശദമാക്കാം.

ഒരു സീററിലേക്കു് മാത്രമായുള്ള തിരഞ്ഞെടുപ്പിൽ സാ

ധുവായിട്ടുള്ള ഓരോ ബാലററ പേപ്പറിനും ഓരോ വോട്ടാണ് മൂല്യമായി നിശ്ചയിച്ചിട്ടുള്ളതു്. അതിനാൽ ഓരോ സ്ഥാനാർത്ഥിക്കും പ്രഥമ മുൻഗണനയിൽ ലഭിച്ചിട്ടുള്ള വോട്ടുകൾ പ്രത്യേകം കെട്ടുകളാക്കി എണ്ണിതിട്ടപ്പെടുത്തുന്നു. അതിനുശേഷം മത്സരത്തിൽ ഉണ്ടായിരുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും കൂടെ മൊത്തം ലഭിച്ച വോട്ടുകൾ എത്രയാണെന്നു് കണക്കാക്കുന്നു. അതായതു് മൊത്തം പോൾ ചെയ്തതിൽ അസാധുവായതു് കഴിച്ചു് ബാക്കിയുള്ളവോട്ടുകൾ. ഈ മൊത്തം വോട്ടിനെ രണ്ടു(2) കൊണ്ടു ഹരിക്കുകയും ഹരണഫലത്തിൽ ഒന്നു കൂടെ കൂട്ടുകയും ചെയ്യുന്നു. ഇപ്രകാരം ഹരണഫലത്തിൽ ഒന്നു കൂടെ കൂട്ടിയാൽ ലഭിക്കുന്ന സംഖ്യയാണ് ഒരു സ്ഥാനാർത്ഥിക്കു് വിജയിക്കാൻ ആവശ്യമായവോട്ടു്. ഇതിനു് 'ക്വോട്ടാ' എന്നാണ് പേരു്. ഹരിക്കുമ്പോൾ 8 ശിഷ്ടം വരുകയാണെങ്കിൽ അതു് കണക്കാക്കുകയില്ല.

## ഉദാഹരണം

| | | |
|---|---|---|
| രാജ്യസഭയിലേക്കു് ഒഴിവുള്ള സ്ഥാനം | = | 1 |
| സംസ്ഥാന നിയമസഭയിലെ അംഗസംഖ്യ (ആകെ പോൾചെയ്തവോട്ടു്) | = | 140 |
| സ്ഥാനാർത്ഥികൾ | = | 5 |

ഓരോസ്ഥാനാർത്ഥിക്കും ലഭിച്ച സാധുവായവോട്ടു്

| | | |
|---|---|---|
| A | — | 69 |
| B | — | 20 |
| C | — | 16 |
| D | — | 20 |
| E | — | 10 |
| | | 135 |
| അസാധു | | 5 |
| ആകെ | | 140 |

വിജയിക്കാൻ ആവശ്യമായ വോട്ട് (ക്വോട്ടാ) $= \frac{135}{2} + 1$

$= 67 + 1 = 68$

വോട്ടെണ്ണുമ്പോൾ നിശ്ചിത ക്വോട്ടായോ, അതിൽ കൂടുതലോ വോട്ട് ലഭിക്കുന്ന സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിക്കും.

പ്രഥമ മുൻഗണനാപ്രകാരം ഒരു സ്ഥാനാർത്ഥിക്കും നിശ്ചിത 'ക്വോട്ടോ' ലഭിക്കാത്തപക്ഷം ഏററവും കുറഞ്ഞ വോട്ട് ലഭിച്ച സ്ഥാനാർത്ഥി മത്സരത്തിൽ നിന്നും ഒഴിവായതായി കണക്കാക്കും. അയാളുടെ ബാലററ് പേപ്പറിൽ രണ്ടാമത്തെ മുൻഗണനകൾ നൽകിയിട്ടുള്ളതിനെ പരിഗണിക്കും. രണ്ടാമത്തെ മുൻഗണന നൽകപ്പെട്ടിട്ടുള്ള ഓരോ സ്ഥാനാർത്ഥിക്കും ഉള്ള വോട്ടുകൾ കണക്കാക്കി അതാതു സ്ഥാനാർത്ഥികൾക്കു നൽകും. അവ പ്രസ്തുത സ്ഥാനാർത്ഥികളുടെ ആദ്യവോട്ടിൽ കൂട്ടുന്നു. ഈ പ്രകാരം കൂട്ടിക്കഴിഞ്ഞാലും ഒരു സ്ഥാനാർത്ഥിക്കും നിശ്ചിത 'ക്വോട്ടാ' ലഭിക്കാതെ വന്നാൽ ശേഷിച്ച സ്ഥാനാർത്ഥികളിൽ കുറഞ്ഞ വോട്ട് ലഭിച്ച ആളെ വീണ്ടും ഒഴിവാക്കുന്നു. തുടർന്ന് അയാളുടെ ബാലററ് പേപ്പർ അടുത്ത മുൻഗണനക്കാർക്ക് നൽകുന്നു. ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്ക് നിശ്ചിത ക്വോട്ടാ വോട്ട് ലഭിച്ചു കഴിഞ്ഞാൽ വോട്ടെണ്ണൽ അവസാനിപ്പിക്കുകയും, ക്വോട്ടാ ലഭിച്ച സ്ഥാനാർത്ഥിയെ വിജയിയായി പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

## ക്വോട്ടായിൽ എത്താതെയും വിജയിക്കാം?

മുകളിൽ വിവരിച്ച രീതിയിൽ ഏററവും കുറഞ്ഞ വോട്ടു ലഭിച്ച ആളെ ഒഴിവാക്കുകയും അയാൾക്ക് ലഭിച്ച ബാലററ് പേപ്പറുകൾ മുൻഗണനാപ്രകാരം മററ് സ്ഥാനാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന നടപടി തുടരുന്നു. എന്നാൽ ഒരു സ്ഥാനാർത്ഥിക്കും 'ക്വോട്ടാ'യിൽ എത്തുന്നതിനു കഴിയുന്നില്ല. അങ്ങിനെ വരുന്ന പക്ഷം മത്സരത്തിൽ കൂടുതൽ വോട്ട്

ലഭിച്ച ആൾ മുന്നിട്ടു് നിൽക്കും. മുന്നിട്ടു നിൽക്കുന്ന ആളിനു് നിശ്ചിത ക്വോട്ടാ വോട്ടു് ലഭിച്ചിട്ടുണ്ടായിരിക്കുകയും ഇല്ല. ഇപ്രകാരം മത്സരത്തിൽ മുന്നിട്ടു് നിൽക്കുന്ന ശേഷിച്ച ആളെ, അയാൾക്കു് നിശ്ചിത ക്വോട്ടാ വോട്ടു് ലഭിച്ചില്ലെങ്കിൽപോലും വിജയിയായി പ്രഖ്യാപിക്കുന്നതാണു്.

## നറുക്കു്

ഏററവും കുറഞ്ഞ വോട്ടു് ലഭിക്കുന്ന സ്ഥാനാർത്ഥിയെ ഒഴിവാക്കുകയും, അയാളുടെ ബാലററ പേപ്പർകെട്ടു് അടുത്ത മുൻഗണന നൽകിയിട്ടുള്ളവർക്കായി വിഭജിക്കുകയുമാണല്ലോ ചെയ്യുന്നതു്. ഒരേസമയം ഒന്നിലധികം സ്ഥാനാർത്ഥികൾ, ഒരേസംഖ്യ വോട്ടു് ലഭിക്കുന്നവരായിവരാം. പ്രസ്തുത സംഖ്യയാണു് ഏററവും കുറഞ്ഞ വോട്ടിൻെറ സംഖ്യയായി വരുന്നതും. അപ്രകാരം ഏററവും കുറഞ്ഞ സംഖ്യയുള്ള ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടായാൽ, അവരിൽ ഒരാളെ മാത്രമേ ഒരേ സമയത്തു് ഒഴിവാക്കുകയുള്ളു. ഒഴിവാക്കേണ്ട ആളെ കണ്ടുപിടിക്കുന്നതു് നറുക്കു മൂലമാണു്. വോട്ടെണ്ണലിൻെറ ചുമതല വഹിക്കുന്ന വരണാധികാരി 'നറുക്കു' മൂലം ഒഴിവാക്കേണ്ട ആളെ നിശ്ചയിക്കേണ്ടതാണു്.

## ഒന്നിലധികം സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്

ഇവിടെയും ആദ്യം പരിശോധിക്കേണ്ടതു് പോസ്റ്റൽ വോട്ടാണു്. അതിനുശേഷം ബാലററപെട്ടി തുറന്നു് പരിശോധിക്കുന്നു. അസാധുവായ വോട്ടുകൾ നീക്കം ചെയ്തു് പ്രത്യേകം ഒരു കെട്ടാക്കുന്നു. ഓരോ സ്ഥാനാർത്ഥിക്കും പ്രഥമ മുൻഗണന നൽകിയിട്ടുള്ള ബാലററു് പേപ്പറുകൾ വെവ്വേറെ കെട്ടുകൾ ആക്കുകയാണു് അടുത്തപടി. പ്രഥമമുൻഗണനയിൽ ലഭിക്കുന്നവോട്ടുകൾക്കു് അസ്സൽ വോട്ടു് എന്നാണു് പേരു് പറയുക. ഓരോ

അസ്സൽ വോട്ട് രേഖപ്പെടുത്തിയിട്ടുള്ള ബാലററുപേപ്പറിനും 100 (നൂറ്) വോട്ടാണു് 'മൂല്യ' മായി നിശ്ചയിച്ചിട്ടുള്ളതു്. അതിനാൽ ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ചിട്ടുള്ള അസ്സൽവോട്ടിന്റെ കെട്ടുകളിൽ ഉള്ള ബാലററുപേപ്പറുകൾ എണ്ണി മൂല്യം നിശ്ചയിക്കുന്നു. ബാലററു പേപ്പറിന്റെ എണ്ണത്തെ നൂറു കൊണ്ടു് പെരുക്കിയാൽ കിട്ടുന്ന സംഖ്യയാണു് ആകെ മൂല്യം. എല്ലാ സ്ഥാനാർത്ഥികൾക്കും കൂടെ ലഭിക്കുന്ന വോട്ടുകൾ ഒരുമിച്ചു് കൂട്ടി സാധുവായ മൊത്തം വോട്ട് (മൂല്യം) എത്രയാണെന്നു് കണക്കാക്കുന്നു.

അതിനുശേഷം തിരഞ്ഞെടുപ്പു് ആവശ്യമായിത്തീർന്ന സ്ഥാനങ്ങളുടെ ആകെ എണ്ണത്തിൽ ഒന്നുകൂടെ കൂട്ടുന്നു. മൊത്തം വോട്ടിനെ ഈ സംഖ്യ (സ്ഥാനം + ഒന്നു്) കൊണ്ടു് ഭാഗിക്കുന്നു. ഭാഗിക്കുമ്പോൾ കിട്ടുന്ന തുകയിൽ ഒന്നു് കൂടെ കൂട്ടിയാൽ കിട്ടുന്ന സംഖ്യയാണു് വിജയിക്കാൻ ആവശ്യമായ 'ക്വോട്ട'. ഭാഗിക്കുമ്പോൾ ശിഷ്ടം വരുകയാണെങ്കിൽ കണക്കാക്കുന്നതല്ല.

വോട്ടെണ്ണുമ്പോൾ ഒരു സ്ഥാനാർത്ഥിക്കു് അസ്സൽവോട്ടിൽ [പ്രഥമ മുൻഗണനാവോട്ട് (1) ] തന്നെ നിശ്ചിത 'ക്വോട്ട'യൊ അതിൽ കൂടുതലോ ലഭിക്കുകയാണെങ്കിൽ പ്രസ്തുതസ്ഥാനാർത്ഥിയെ വിജയിയായി അപ്പോൾ തന്നെ പ്രഖ്യാപിക്കും. അതുപോലെതന്നെ തുടർന്നുള്ള മുൻഗണനാവോട്ടുകൾ കൊണ്ടും ക്വോട്ടായിൽ എത്തിച്ചേർന്നാൽ ഉടനെ വിജയിച്ചതായി കണക്കാക്കും. തുടർന്നുള്ള കൗണ്ടിംഗിൽ അവരെ ഒഴിവാക്കുകയും ചെയ്യും.

## മിച്ചവോട്ട്

വിജയിയായി പ്രഖ്യാപിക്കപ്പെടുന്ന സ്ഥാനാത്ഥിക്കു് നിശ്ചിത ക്വോട്ടായിൽ കൂടുതൽ വോട്ട് ലഭിക്കുന്നതായാൽ

കേപാട്ടാക്കു് മുകളിൽ ലഭിക്കുന്ന വോട്ടിനെ അയാളുടെ 'മിച്ച' വോട്ടായി കണക്കാക്കും.

ഈ മിച്ചവോട്ടിനെ, പ്രസ്തുതബാലററു പേപ്പർകളിൽ അ അടുത്ത മുൻഗണന നൽകിയിട്ടുള്ള 'തുടരുന്ന' മററു് സ്ഥാനാർത്ഥികൾക്കായി മററം ചെയ്തു് കൊടുക്കുന്നതാണു്. ഒന്നിലധികം സ്ഥാനാർത്ഥികൾ പ്രഥമ മുൻഗണനാ വോട്ടു് മൂലം ഒരേ സമയം വിജയിച്ചാൽ അതിൽ ഏററവും കൂടുതൽ'മിച്ച' വോട്ടു് ലഭിച്ചിട്ടുള്ള സ്ഥാനാർത്ഥിയുടെ 'മിച്ചവോട്ടു്' ആദ്യമായി മാററം ചെയ്യുന്നതും, അതിനുശേഷം മിച്ചത്തിൻെറ വലിപ്പത്തിൻെറ ക്രമമനുസരിച്ചു് വിജയിച്ച മററു് സ്ഥാനാർത്ഥികളുടെ വോട്ടുകളും മത്സരത്തിൽ തുടരുന്ന സ്ഥാനാർത്ഥികൾക്കായി മുൻഗണനാ ക്രമത്തിൽ മാററം ചെയ്യുന്നതാണു്.

മിച്ചവോട്ടു് മാററം ചെയ്യപ്പെടുമ്പോൾ ആദ്യമായി കൈകാര്യം ചെയ്യുന്നതു്. അസ്സൽ വോട്ടുകളായിരിക്കും അതിനു് ശേഷം രണ്ടാമത്തെ മുൻഗണനാ വോട്ടുകളും, തുടർന്നു് മുൻഗണനയുടെ ക്രമമനുസരിച്ചു് വരുന്നബാലററു പേപ്പറുകളും ആയിരിക്കുംമാററം ചെയ്യപ്പെടുക. ഒന്നിൽകൂടുതൽസ്ഥാനാർത്ഥികൾക്കു് മിച്ചവോട്ടുകൾ ഉണ്ടായിരിക്കുകയും അവയിൽ രണ്ടോ, അതിലധികമോ തുല്യമായിരിക്കുകയും ചെയ്താൽ ഓരോസ്ഥാനാർത്ഥിയുടെയും അസ്സൽവോട്ടുകൾ ആയിരിക്കും ആദ്യം മാററപ്പെടുന്നതു്. വിജയിച്ച രണ്ടു സ്ഥാനാർത്ഥികളുടെ അസ്സൽ വോട്ടിലെ മിച്ചം തുല്യമായിരുന്നാൽ വരണാധികാരി നറുക്കിട്ടായിരിക്കും ആദ്യം മാററം ചെയ്യപ്പെടേണ്ടതു് ഏതു് സ്ഥാനാർത്ഥിയുടെ മിച്ചവോട്ടാണെന്നു് നിശ്ചയിക്കുക.

വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട സ്ഥാനാത്ഥിയുടെ അസ്സൽ വോട്ടിൽ മാത്രമാണു് മിച്ചവോട്ടു് വരുന്നതെങ്കിൽ, പ്രസ്തുത സ്ഥാനാർത്ഥിക്കു് ലഭിച്ചിട്ടുള്ള എല്ലാ ബാലററു പേപ്പറുകളും പരിശോധിക്കുന്നു. അവയിൽ മററു് സ്ഥാനാർത്ഥികൾക്കു് രണ്ടാമത്തെ മുൻഗണന രേഖപ്പെടുത്തികാണുന്ന ബാല

ററ പേപ്പറുകഠം തിരഞ്ഞെടുക്കുന്നു. അവ ഓരോസ്ഥാനാർത്ഥിക്കും വേണ്ടി ചെറിയ കെട്ടുകളാക്കി മാററുന്നു. ഇപ്രകാരം ലഭിക്കുന്ന ബാലററ പേപ്പറുകളുടെ മൂല്യവും ഓരോസ്ഥാനാർത്ഥിക്കും ലഭിക്കുന്ന മൂല്യവും കണക്കാക്കുകയാണ് അടുത്തപ്രവൃത്തി. വിജയിച്ച സ്ഥാനാർത്ഥിയുടെ ബാലററ പേപ്പറുകളിൽ മററാർക്കും അടുത്ത മുൻഗണന നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത ബാലററ പേപ്പറിനെ 'ശോഷണം' ചെയ്ത ബാലററ പേപ്പർ എന്നാണ് പറയുന്നതു്. അടുത്ത മുൻഗണനകഠം രേഖപ്പെടുത്തിയിട്ടുള്ള ബാലററ് പേപ്പറിനെ 'ശോഷണം ചെയ്യപെടാത്ത (Unexhaustive) എന്നുപറയും.

ശോഷണംചെയ്യപ്പെടാത്ത ബാലററ് പേപ്പറുകളുടെ മൂല്യം, മിച്ചവോട്ടിൻെറ മൂല്യമോ, അതിൽ കുറവോ ആയിരുന്നാൽ, ശോഷണം ചെയ്യപ്പെടാത്ത ബാലററ് പേപ്പറുകഠം, വിജയിച്ച സ്ഥാനാർത്ഥിക്കു് ലഭിച്ച അതേ മൂല്യത്തിലായിരിക്കും മാററം ചെയ്യപ്പെടുന്നതു്. എന്നാൽ ശോഷണം ചെയ്യപ്പെടാത്ത വോട്ടിൻെറ മൂല്യം മിച്ചവോട്ടിനെക്കാഠം കൂടുതൽ ആയി കണ്ടാൽ മാററം ചെയ്യപ്പെടുന്ന വോട്ടിൻെറ മൂല്യം നിർണ്ണയിക്കുന്നതു്, മിച്ചത്തെ ശോഷണം ചെയ്യപ്പെടാത്ത പേപ്പറുകളുടെ എണ്ണംകൊണ്ടു് ഭാഗിച്ചിട്ടാണ്, (ഉദാഹരണം പ്രത്യേകം ചേർത്തിട്ടുണ്ടു്.)

വിജയിക്കുന്ന ഒരു സ്ഥാനാർത്ഥിക്കു് മിച്ചവോട്ടു് വരുന്നതു് അയാഠക്കു് ലഭിച്ച അസ്സൽവോട്ടുകഠം മുഖേനയും, മാററം ചെയ്തു കിട്ടുന്ന വോട്ടുകഠം കൂടെ കൂടുമ്പോഴും ആയിരിക്കാമല്ലോ. ഇപ്രകാരം അസ്സൽവോട്ടിനു് പുറമെ മാററംചെയ്തു കിട്ടിയ വോട്ടും കൂടെ കൂട്ടുമ്പോഠം ആണു് മിച്ചം വരുന്നതെങ്കിൽ അവയിൽ അവസാനമായി മാററം ചെയ്ത ബാലററ് പേപ്പറുകളുടെ കെട്ടു് പരിശോധിക്കുന്നതും, ശോഷണം ചെയ്യപ്പെടാത്തവ അടുത്ത മുൻഗണന നൽകിയിരിക്കുന്ന സ്ഥാനാർത്ഥികഠക്കായി വിഭജിക്കുകയുമാണു് ആദ്യമായി ചെയ്യുന്നതു്.

## ഏററവും കുറഞ്ഞ വോട്ട് ലഭിച്ച ആളെ ആദ്യം ഒഴിവാക്കണം

വിജയിച്ച സ്ഥാനാർത്ഥിയുടെ മിച്ചവോട്ടുകൾ മുഴവനും മാററം ചെയ്യപ്പെട്ടതിനുശേഷവും, തുടരുന്ന സ്ഥാനാർത്ഥികൾക്കാർക്കും ക്വോട്ടയിൽ എത്തിച്ചേരാൻ കഴിയാത്ത പക്ഷം, ഏററവും കുറഞ്ഞവോട്ട് സമ്പാദിച്ച ആളെ മത്സരത്തിൽനിന്നും ഒഴിവാക്കുന്നു. അയാളുടെ ബാലററ് പേപ്പറുകളിൽ ശോഷണം ചെയ്യാത്തവ മററ് സ്ഥാനാർത്ഥികൾക്ക് അടുത്ത മുൻഗണന അനുസരിച്ച് വിതരണം ചെയ്യുന്നതാണ്. ഈ സന്ദർഭത്തിൽ അയാളുടെ അസ്സൽ വോട്ടിൽ നിന്നുള്ള മുൻഗണനാവോട്ടാണ് ആദ്യം കണക്കാക്കുന്നതും, മാററുന്നതും. ഇവയുടെ മൂല്യം 100 തന്നെ ആയിരിക്കും. അതിനുശേഷം മാററം ചെയ്യപ്പെട്ട് കിട്ടിയ വോട്ടുകളുടെ ബാലററ്പേപ്പർ മാററം ചെയ്യുന്നു. അവയുടെ മൂല്യം, പ്രസ്തുത ബാലററ് പേപ്പറുകൾക്ക് അയാൾക്ക് ലഭിച്ച അതേ മൂല്യം ആയിരിക്കും. ഇപ്രകാരം വരുത്തുന്ന ഓരോ മാററവും, പ്രത്യേകമാററമായി കണക്കാക്കുന്നതാണ്. എന്നാൽ പ്രത്യേക 'വോട്ടെണ്ണൽ' ആയിരിക്കുന്നതല്ല. ബാലട്ടു പേപ്പറുകൾ മാററം ചെയ്യുന്നതിൻെറ ഫലമായി ഒരു സ്ഥാനാർത്ഥിക്ക് 'ക്വോട്ടാ' യൊ, അതിൽ കൂടുതലോ വോട്ട് ലഭിക്കുന്നതായാൽ, അയാൾക്കു വേണ്ടി വീണ്ടും മാററം ചെയ്യുന്നതല്ല.

ഈ രീതിയിൽ ഏററവും പിന്നിൽ നിൽക്കുന്ന ആളുകളെ ഒഴിവാക്കുകയും, അവരുടെ ബാലററുപേപ്പറുകൾ മത്സരത്തിൽ തുടരുന്ന മററ് സ്ഥാനാർത്ഥികൾക്കായി മാററുകയും ചെയ്യുന്ന നടപടി, എത്രസ്ഥാനങ്ങളിലേക്കാണോ, തിരഞ്ഞെടുപ്പ് നടത്തിയതു് അത്രയും സ്ഥാനങ്ങൾ പൂരിപ്പിക്കുന്നതുവരെ തുടരുന്നതാണ്.

## ക്വോട്ടാ നേടാതെയുള്ള വിജയങ്ങൾ

തുടരുന്ന സ്ഥാനാർത്ഥികളുടെ എണ്ണം, പൂരിപ്പിക്കേണ്ട

സ്ഥാനങ്ങളുടെ എണ്ണത്തെക്കാൾ കുറവായിരുന്നാൽ തുടരുന്ന സ്ഥാനാർത്ഥികൾ വിജയിച്ചതായി പ്രഖ്യാപിക്കും. ക്വോട്ടാ തികയേണ്ട ആവശ്യമില്ല.

മുകളിൽ വിവരിച്ച രീതിയിൽ വോട്ടുകൾ മാററം ചെയ്തുകൊണ്ടു് വോട്ടെണ്ണൽ തുടരുന്ന സന്ദർഭത്തിൽ ഒരു സീററു് മാത്രം പൂരിപ്പിക്കാതെ അവശേഷിക്കുന്ന അവസ്ഥ ഉണ്ടാവുകയും, ഒരു സ്ഥാനാർത്ഥിയുടെ പേപ്പറുകളുടെ മൊത്തംമൂല്യം, തുടരുന്ന മററു് സ്ഥാനാർത്ഥികളുടെബാലററു് പേപ്പറിന്റെ മൂല്യത്തെക്കാൾ കൂടുതൽ ആയിരിക്കുകയും, മാററം ചെയ്യപ്പെടാവുന്ന മിച്ചം ഇല്ലാതിരിക്കുകയുംചെയ്താൽ, പ്രസ്തുത സ്ഥാനാർത്ഥി വിജയിച്ചതായി കണക്കാക്കും.

അതുപോലെതന്നെ ഒരു സീററു് മാത്രം പൂരിപ്പിക്കാൻ ശേഷിക്കുകയും, രണ്ടു സ്ഥാനാർത്ഥികൾ തുടരുന്നവരായി അവശേഷിക്കുകയും, അവർക്കു് തുല്യവോട്ടു് ഉണ്ടായിരിക്കുകയും, മാററം ചെയ്യപ്പെടാവുന്ന മിച്ചവോട്ടു് ഇല്ലാതിരിക്കുകയും ചെയ്താൽ, ഈ രണ്ടു്പേരിൽ ആരെയാണു് ഒഴിവാക്കേണ്ടതെന്നു് നിശ്ചയിക്കുന്നതു് നറുക്കെടുത്തായിരിക്കും. നറുക്കെടുക്കുന്നതു് വരണാധികാരിയാണു്.

## പുനരെണ്ണൽ

വോട്ടെണ്ണൽ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ, എണ്ണിയ വോട്ടുകൾ വീണ്ടും എണ്ണണമെന്നു് ഒരു സ്ഥാനാർത്ഥി ആവശ്യപ്പെടുകയാണെങ്കിൽ ഉടൻതന്നെ അപ്രകാരം ചെയ്യുന്നതിന്നു വരണാധികാരിക്കു്ചുമതലയുണ്ടു്. സ്ഥാനാർത്ഥി ഇല്ലാത്തപക്ഷം, തിരഞ്ഞെടുപ്പു് ഏജൻറിനും, കൗണ്ടിംഗ് ഏജൻറിനും, വീണ്ടും വോട്ടെണ്ണണമെന്നു് ആവശ്യപ്പെടാൻ കഴിയും. മാററം ചെയ്യപ്പെട്ട വോട്ടുകൾ എണ്ണുന്നതിനു മുൻപോ, എണ്ണി കഴിഞ്ഞ ഉടനെയോ, വീണ്ടും എണ്ണണമെന്നും, ബാലററു് പേപ്പറുകൾ പരിശോധിക്കണമെന്നും ആവശ്യപ്പെടാം

എന്നാൽ അവസാന തീരുമാനം എടുത്തുകഴിഞ്ഞ കേസ്സുകളിൽ വീണ്ടും വോട്ടെണ്ണൽ ആവശ്യപ്പെടാൻ പാടുള്ളതല്ല.

വോട്ടെണ്ണിയതു് കൃത്യമായാണെന്ന സംതൃപ്തി, വരണാധികാരിക്കു് സ്വയം ഉണ്ടാകാത്തപക്ഷം ഒന്നോ, ഒന്നിലധികം പ്രാവശ്യമോ, സ്വന്തം വിവേചനാധികാരം ഉപയോഗിച്ചു് വീണ്ടും എണ്ണാവുന്നതുമാണു്.

## ഉദാഹരണം

ഒരു സംസ്ഥാന നിയമസഭയിലെസാമാജികരുടെ എണ്ണം 140 എന്നും പ്രസ്തുത സംസ്ഥാനത്തു് നിന്നും രാജ്യസഭയിലേക്കു് ഒഴിവുള്ള സ്ഥാനങ്ങൾ 7 എന്നും കരുതുക. പ്രസ്തുത ഏഴു് സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ 16 സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. എങ്കിൽ വോട്ടെണ്ണലും, ഫലപ്രഖ്യാപനവും നടത്തുന്നതു് താഴെ പറയുന്ന വിധത്തിലായിരിക്കും.

പ്രഥമ മുൻഗണനയുടെ അടിസ്ഥാനത്തിൽ ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ ബാലററ പേപ്പറുകൾ പ്രത്യേകം കെട്ടുകൾ ആക്കുന്നു. ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച ബാലററപേപ്പറുകൾ ചുവടെ ചേർക്കുന്ന തോതിലാണെന്നു കരുതുക:

| സ്ഥാനാർത്ഥി | | പ്രഥമമുൻഗണന (അസ്സൽ വോട്ടു്) |
|---|---|---|
| A— | — | —12 |
| B— | — | — 8 |
| C— | — | — 6 |
| D— | — | — 9 |
| E— | — | —10 |
| F— | — | — 7 |
| G— | — | — 4 |
| H— | — | —19 |
| I— | — | —13 |

| | | |
|---|---|---|
| J— | — | — 5 |
| K— | — | —14 |
| L— | — | — 8 |
| M— | — | —10 |
| N— | — | — 6 |
| O— | — | — 4 |
| P— | — | — 5 |
| ആകെ | | 140 |

ഒരു ബാലററ പേപ്പറിൻെറ മൂല്യം 100 എന്നു് നിശ്ച യിച്ചിട്ടുണ്ടല്ലോ.

അതിനാൽ ആകെ മൂല്യം = 140×100 = 14000

ഒഴിവുള്ള സ്ഥാനങ്ങൾ = 7

ഒരു സ്ഥാനാർത്ഥിക്കു് വിജയിക്കാൻ ആവശ്യമായ വോട്ടു് (കോട്ടാ) എത്രയാണെന്നു് കണ്ടുപിടിക്കുന്നതിനു്, ആകെ മൂല്യത്തിനെ, സ്ഥാനങ്ങളുടെ എണ്ണം + ഒന്നു് കൊണ്ടു് ഭാഗിച്ചു കിട്ടുന്ന തുകയിൽ ഒന്നുകൂടെ കൂട്ടേണ്ടതാണല്ലോ.

അതായതു് $\frac{14,000}{(7+1)}+1$

$$= \frac{14000}{8}+1 = 1750+1$$

$$= 1751$$

H എന്ന സ്ഥാനാർത്ഥിക്കു് (19x100)= 1900 വോട്ടുകൾ ലഭിച്ചതായി കാണാം. അതിനാൽ അയാൾ വിജയിച്ചതായി പ്രഖ്യാപിക്കപ്പെടുന്നു.

H നു് വിജയിക്കാൻ ആവശ്യമായ (1751) വോട്ടിനെക്കാൾ കൂടുതൽ വോട്ടു് ലഭിച്ചതായി കാണാം. അതിനാൽ 'മിച്ച'വോട്ടു് അടുത്തതായി മാററം ചെയ്യപ്പെടണം.

H ൻെറ മിച്ചവോട്ടു് = 1900–1751

= 149

ഈ 149 വോട്ടും അസ്സൽ വോട്ടിൽനിന്നും വന്ന മിച്ചമാ

ണ്ട്. അതിനാൽ H ൻെറ എല്ലാ ബാലററ് പേപ്പറുകളും പരിശോധിക്കണം. അവയിൽ അടുത്ത മുൻഗണന നൽകിട്ടുള്ളവ അവ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാനാർത്ഥികൾക്കായി മാററുന്നു. അടുത്ത മുൻഗണന രേഖപ്പെടുത്താത്ത ബാലററ് പേപ്പറുകൾ (ശോഷണം ചെയ്തവ) പ്രത്യേകം കെട്ടാക്കുന്നു.
ഇപ്രകാരം തരം തിരിച്ചതിൻെറ ഫലം ചുവടെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| B ക്കു് | അടുത്ത | മുൻഗണന | രേഖപ്പെടുത്തിയിട്ടുള്ള | പേപ്പർ | 7 |
| D ,, | ,, | ,, | ,, | ,, | 4 |
| E ,, | ,, | ,, | ,, | ,, | 4 |
| F ,, | ,, | ,, | ,, | ,, | 3 |
| | ആകെ | | | | 18 |
| ശോഷണം ചെയ്ത (ആർക്കും അടുത്തമുൻഗണന രേഖപ്പെടുത്തിയിട്ടില്ലാത്ത പേപ്പർ | | | | | 1 |
| | ആകെ | | | | 19 |

ഇവയുടെ വില താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| B | 7x100 = | 700 |
| D | 4x100 = | 400 |
| E | 4x100 = | 400 |
| F | 3x100 = | 300 |
| | | 1800 |
| ശോഷണം ചെയ്തതു്. | 1x100 | 100 |
| | | = 1900 |

ശോഷണം ചെയ്യാത്ത വോട്ടുകളുടെ മൂല്യം 1800 ഇതു് H ൻെറ മിച്ച വോട്ടിനെക്കാൾ കൂടുതൽ ആണു്. അതിനാൽ മിച്ചവോട്ടിൻെറ മൂല്യം നിർണ്ണയിക്കേണ്ടതുണ്ടു്. രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ബാലററപേപ്പറുകളും മാററം ചെയ്യപ്പെടണം. അതുകൊണ്ടു് മൂല്യം കുറവായിരിക്കുകയും ചെയ്യുമല്ലോ. ഈ കുറഞ്ഞ മൂല്യം കണ്ടുപിടിക്കുന്നതിനു്, മിച്ചത്തെ ര

ണ്ടാം മുൻഗണന രേഖപ്പെടുത്തിയിട്ടുള്ള ബാലററപേപ്പറുകളുടെ എണ്ണം കൊണ്ടു് ഭാഗിക്കണം.

അതായതു് $\frac{149}{18} = 8$

(ശിഷ്ടം കണക്കാക്കേണ്ടതില്ല)

അതിനാൽ ഒരു ബാലററു്പേപ്പറിന്റെ മൂല്യം = I00–8
= 92

ഇതു് H ന്റെ ക്വോട്ടാക്കു് തുല്യമാണെന്നു് കാണാം.

ശോഷണം ചെയ്തപേപ്പർ = I= I00+

I8 പേപ്പറിന്റെ പുതിയ മൂല്യം =I8x92 = I656

ആകെ I756

മാററം ചെയ്യപ്പെട്ടതു മൂലം വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥികൾക്കു് കൂടുതലായി കിട്ടുന്ന മൂല്യം.

| | | |
|---|---|---|
| B— | — | 7x8 = 56 |
| D— | — | 4x8 = 32 |
| E— | — | 4x8 = 32 |
| F— | — | 3x8 = 24 |

ഈ രീതി അനുസരിച്ച് മാററം ചെയ്യപ്പെട്ട വോട്ടുകളുടെ കണക്കുകൾ കാണിക്കുന്ന ട്രാൻസ്ഫർ പേപ്പർ താഴെ കൊടുക്കുന്നു.

H ന്റെ മാററം ചെയ്യപ്പെടേണ്ട വോട്ടിന്റെ മൂല്യം = I49

H നു് ലഭിച്ച ബാലററു് പേപ്പർ = I9

ഒരു പേപ്പറിന്റെ മൂല്യം = I00

ശോഷണം ചെയ്യാത്ത പേപ്പറുകൾ = I8

അവയുടെ ആകെ മൂല്യം = I800

ഒരു പേപ്പറിന്റെ പുതുക്കിയ മൂല്യം $= \frac{149}{18} = 8$

| അടുത്ത മുൻഗണനനൽകിയിട്ടുള്ള സ്ഥാനാർത്ഥികളുടെ പേരു് | മാററംചെയ്യപ്പെടേണ്ട പേപ്പർ | മാററംചെയ്യപ്പെടേണ്ട വോട്ടിൻെറ മൂല്യം |
|---|---|---|
| B | 7 | 56 |
| D | 4 | 32 |
| E | 4 | 32 |
| F | 3 | 24 |
| | 18 | 144 |
| ശോഷണം ചെയ്ത പേപ്പർ | = 1 | -- |
| ശിഷ്ടം കണക്കാക്കാത്തതിനാൽ മൂല്യത്തിൽ വന്ന നഷ്ടം | = - | 5 |
| ആകെ | 19 | 149 |

ഇപ്രകാരം രണ്ടാമത്തെ മുൻഗണനാ വോട്ടു് ലഭിച്ചതു് കാരണം, കൈവന്നമൂല്യം അതാതു് സ്ഥാനാർത്ഥികൾക്കുള്ള അസ്സൽ വോട്ടിൻെറ മൂല്യത്തിൽ ചേർത്തു് അവരുടെ മൊത്തം മൂല്യം കണക്കാക്കുന്നു.

എന്നാൽ H ഒഴികെ ആർക്കും തന്നെ രണ്ടാമത്തെ മുൻഗണനാ വോട്ടു് പരിഗണിച്ച ശേഷവും വിജയിക്കാൻ ആവശ്യമായ വോട്ടു് ലഭിക്കുന്നില്ല. കൂടാതെ മാററം ചെയ്യപ്പെടാവുന്ന വോട്ടും ശേഷിക്കുന്നില്ല അതിനാൽ ഏററവും കുറഞ്ഞ വോട്ടു് ലഭിച്ച സ്ഥാനാർത്ഥിയെ മത്സരത്തിൽ നിന്നും ഒഴിവാക്കുകയാണു് അടുത്ത നടപടി. ഇവിടെ ഏററവും പിന്നിൽ നിൽക്കുന്നതു് രണ്ടു് സ്ഥാനാർത്ഥികളാണു്, G യും, O യും. ഇവർക്കു രണ്ടുപേർക്കും 400 വോട്ടുകൾ വീതം ലഭിച്ചിട്ടുണ്ടു്.

തന്മൂലം ഒഴിവാക്കേണ്ട ആളെ നറുക്കെടുത്തുവേണം തീരുമാനിക്കേണ്ടതു്. നറുക്കെടുത്തതിൻെറ ഫലമായി G എന്ന സ്ഥാനാർത്ഥി ഒഴിവായതായി വിചാരിക്കുക. G ക്കു് ലഭിച്ചിട്ടുള്ള 400 വോട്ടും അസ്സൽ വോട്ടാണല്ലോ. അതായതു് 4 പേപ്പർ ആണുള്ളതു്. ഒരു പേപ്പറിൻെറ മൂല്യം 100 ഉം ആണു്. G യുടെ പേപ്പറുകൾ, 4-ഉം പരിശോധിച്ചതിൽ അടുത്തമുൻഗണന നൽകിയിരിക്കുന്നതു് A, D, E എന്നിവർക്കാണെന്നു് കാണാം:

A = 2 = 2x100 = 200
D = 1 = 1x100 = 100
E = 1 = 1x100 = 100

ഈ വോട്ടുകൾ കൂട്ടിയാലും തുടരുന്ന 14 സ്ഥാനാർത്ഥികളിൽ ആർക്കും തന്നെ നിശ്ചിത കോട്ടാ (1751) വോട്ട് ലഭിക്കുന്നില്ല. അതിനാൽ ഏററവും പിന്നിൽ നിൽക്കുന്ന O യെ ഒഴിവാക്കുന്നു. O യുടെ പേപ്പറുകളിൽ അടുത്ത മുൻഗണന നൽകിയിട്ടുള്ളതു് I, B, K എന്നിവർക്കാണ്.

I ക്കു് 2 = 2 x 100 = 200
B ക്കു് 1 = 1 x 100 = 100
K ക്കു് 1 = 1 x 100 = 100

O യുടെ വോട്ടുകൾ മാററം ചെയ്തിട്ടും ശേഷിച്ച 13 സ്ഥാനാർത്ഥികളിൽ ആർക്കും വിജയിക്കാൻ ആവശ്യമായ കോട്ടാ ലഭിക്കുന്നില്ല. അതിനാൽ 13 പേരിൽ കുറഞ്ഞ വോട്ട് ലഭിച്ച ആളെ ഒഴിവാക്കുകയാണ് അനന്തര നടപടി. J, P എന്നിവർ ഏററവും പിന്നിലാണ്. രണ്ടുപേർക്കും 500 വോട്ടുകൾ വീതം ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഒഴിവാക്കേണ്ടആളെ നിശ്ചയിക്കുന്നതിനു് നറുക്കു് ഇടേണ്ടി വരുന്നു. നറുക്കിട്ടതിൻെറ ഫലമായി J ഒഴിവായതായി കണക്കാക്കുക.

J യുടെ ബാലററ് പേപ്പറുകളിൽ അടുത്ത മുൻഗണന നൽകിയിരിക്കുന്നവർക്കായി പ്രസ്തുത പേപ്പറുകൾ മാററുന്നു. അവമാററുമ്പോഴും മൂല്യം 100 തന്നെ ആയിരിക്കും. കാരണം അവ അസ്സൽ വോട്ടുകൾ ആണ്.

ഇവയിൽ മുൻഗണന നൽകിയിരിക്കുന്നതു A, B, D, I എന്നിവർക്കാണ്.

A = 1 = 1 × 100 = 100
B = 1 = 1 × 100 = 100
D = 1 = 1 × 100 = 100
I = 2 = 2 × 100 = 200

ഇപ്പോഴും ശേഷിക്കുന്നവരിൽ ആർക്കും 1751 വോട്ടു തികയുന്നില്ല. അതുകൊണ്ടു് ഏററവുംപിന്നിൽ നിൽക്കുന്ന P യെ

ഒഴിവാക്കുന്നു. P യുടെ പേപ്പറുകളിൽ അടുത്തമുൻഗണന രേഖപ്പെടുത്തിയിരിക്കുന്നത് E, L, K എന്നിവർക്കാണ്. പ്രസ്തുത പേപ്പറുകൾ അവർക്കായി മാറുന്നു. മൂല്യം I00 തന്നെആണ്.

E = I = I00
L = I = I00
K = 3 = 300

ഈ ക്രമത്തിൽ ആണ് P യുടെ ബാലററ പേപ്പറുകളിൽ മുൻഗണന നൽകിയിരിക്കുന്നത്.

ഇപ്പോൾ K ക്ക് കോട്ടായിൽ കൂടുതൽ വോട്ട് ലഭിച്ചുകഴിഞ്ഞു (I400 + I00 + 300 = I800 )

K വിജയിച്ചതായി പ്രഖ്യാപിക്കുന്നു.

അടുത്തതായി K യുടെ മിച്ച വോട്ടുകൾ കണക്കാക്കുന്നു

1800 — 1751
= 49

ഈ 49 വോട്ടുകളും മാററം ചെയ്യപ്പെടുകയാൽ ഇനി ചെയ്യേണ്ടത് ഇതിൽ അവസാനം മാററം ചെയ്തുകിട്ടിയ വോട്ടുകൾ ആയിരിക്കണമല്ലോ ആദ്യം മാററംചെയ്യപ്പെടേണ്ടത്. K ക്ക് വിജയിക്കാൻ ആവശ്യമായ വോട്ട് ലഭിച്ചത് അസ്സൽ വോട്ടി (I400)ന് പുറമെ രണ്ട് പ്രാവശ്യംമാററം ചെയ്തപ്പോൾ കിട്ടിയവോട്ടുകളും ചേർത്താണ്. അവയഥാക്രമം I0),ഉം 300ഉം ആയിരുന്നു. അവസാനം മാററം ചെയ്തപ്പോൾ ലഭിച്ച 3 പേപ്പറുകളുടെ മൂല്യവും I00 ആയിരുന്നു. ഈ മൂന്നു പേപ്പറുകളും പരിശോധിക്കുന്നു. ഈ മൂന്ന് പേപ്പറുകളിൽ B, F ,I എന്നിവർക്ക് ഓരോ പേപ്പറിൽ അടുത്ത മുൻഗണന നൽകിയിരിക്കുന്നതായികാണാം. അതിനാൽ ശോഷണം ചെയ്യപ്പെടേണ്ട പേപ്പറുകൾ ഇല്ല. അടുത്ത നടപടി കുറഞ്ഞ മൂല്യം എത്രയാണെന്നു നിശ്ചയിക്കുകയാണ്.

കുറഞ്ഞ മൂല്യം $= \frac{49}{3} = I6$

അതിനാൽ B, F, I എന്നിവർക്ക് I6 വോട്ടുകൾ വീതം ലഭിക്കുന്നു. ഈ വോട്ടുകൾ കൂട്ടിയാലും ശേഷിക്കുന്നവർക്കാർ

ക്കും തന്നെ ക്വോട്ടാ തികയുന്നതായി കാണുന്നില്ല. അടുത്തതായി ശേഷിക്കുന്നവരിൽ ഏററവും കുറഞ്ഞ വോട്ട് ലഭിച്ചിട്ടുള്ള ആളെ വീണ്ടും ഒഴിവാക്കുന്നു. C, N എന്നിവർക്ക് 600 വോട്ടുകൾ വീതം ഉണ്ട്. നറുക്കിടുന്നു. C ഒഴിവായതായി നിശ്ചയിക്കുന്നു. C യുടെ പേപ്പറുകളിൽ അടുത്ത മുൻഗണന നൽകിയിട്ടുള്ളതു് ആർക്കാണെന്നു് പരിശോധിച്ചതിൽ B, D, E എന്നിവർക്കാണെന്നു കാണുന്നു.

B = 2

D = 2

E = 2 എന്നീ രീതിയിലാണു്.

C യുടെ മാററം ചെയ്ത വോട്ടുകൾ മുഴുവൻ തന്നെ ആദ്യ മുൻഗണനയിൽ ലഭിച്ചവയാണു്. അതിനാൽ അസ്സൽ വോട്ടുകൾ ആണു്. മൂല്യം 100 ആയിരിക്കുകയും ചെയ്യും.

അതുകൊണ്ടു് B = 2 × 100 = 200

D = 2 × 100 = 200

E = 2 × 100 = 200

മാററം ചെയ്തിട്ടും ശേഷിച്ചവർക്കാർക്കും ക്വോട്ടാ തികയുന്നില്ല. അതിനാൽ ഏററവും പിന്നിൽ നിൽക്കുന്ന 'N' നെ ഒഴിവാക്കുന്നു. N ൻെറ പേപ്പറുകളിൽ അടുത്ത മുൻഗണന നൽകിയിട്ടുള്ളതു് താഴെ കാണും പ്രകാരമാണു്:

A = 3

F = 1

I = 1

L = 1

ഇവ അസ്സൽ വോട്ടുകളായതിനാൽ മൂല്യം 100 ആണു്.

| | |
|---|---|
| A | 3 × 100 = 300 |
| F | 1 × 100 = 100 |
| I | 1 × 100 = 100 |
| L | 1 × 100 = 100 |

ഇപ്പോൾ A ക്കും, I ക്കും കേപാട്ടായിൽ കവിഞ്ഞുള്ള വോട്ടുകൾ ആയിക്കഴിഞ്ഞു. അതിനാൽ A യും I യും വിജയിച്ചതായി ഉടനെ പ്രഖ്യാപിക്കപ്പെടുന്നു.

ഇനി അവരുടെ മിച്ച വോട്ടുകൾ മാററം ചെയ്യപ്പെടണം. ഇതിൽ I യുടെ മിച്ചവോട്ടുകളാണ് കൂടുതൽ. അതായതു് 65 എണ്ണം ഉണ്ടു്

$$[1300 + 200 + 200 + 16 + 100 = 1816]$$

$$1816 - 1751 = 65$$

ഇതു് ആദ്യം മാററം ചെയ്യപ്പെടണം.

'I' ക്കു് അവസാനം മാററം ചെയ്തുകിട്ടിയ വോട്ടു് ഒന്നു് ആണു്. അതിൻെറ മൂല്യം 100 ആയിരുന്നു. പ്രസ്തുത പേപ്പറിൽ അടുത്ത മുൻഗണനന നൽകിയിട്ടുള്ളതു് D ക്കു് ആണു്. അതിനാൽ I യുടെ മിച്ചവോട്ടായ 65-ഉം D ക്കു് ലഭിക്കുന്നു.

$$D = 65$$

അടുത്തതായി A യുടെ മിച്ചവോട്ടു് കണക്കാക്കാം.

$$1200 + 200 + 100 + 300 = 1800$$

$$1800 - 1751 = 49$$

മിച്ചം = 49

A ക്കു് അവസാനം ലഭിച്ചതു് മൂന്നു പേപ്പറുകൾ ആയിരുന്നു. മൂല്യം 100 ആയിരിക്കുകയും ചെയ്തു.

അവ മൂന്നും പരിശോധിച്ചതിൽ അടുത്ത മുൻഗണനന നൽകിയിരിക്കുന്നതു് താഴെ പറയും പ്രകാരമാണു്

$$B = 2, \quad E = 1$$

അവയുടെ മൂല്യം അടുത്തതായി കണക്കാക്കാം.

മിച്ചം = 49

പേപ്പർ = 3

മൂല്യം $\frac{49}{3} = 16$

$$B = 2 \times 16 = 32$$

$$E = 1 \times 16 = 16$$

ശേഷിക്കുന്ന സ്ഥാനാർത്ഥികൾക്കാർക്കും ക്വോട്ടാ തികയുന്നില്ല. അതിൽ F നെ ഒഴിവാക്കേണ്ടിയിരിക്കുന്നു. F ൻെറ ആകെ വോട്ട് 840 ആണ്. F ൻെറ അസ്സൽ വോട്ടുകൾവേണമല്ലോ ആദ്യം മാററം ചെയ്യുന്നതു്. F ൻെറ അസ്സൽ വോട്ട് 7 ആണ്. അവയിൽ അടുത്ത മുൻഗണന നൽകിയിരിക്കുന്നതു് ഇപ്രകാരമാണ്:

| | | | | | | |
|---|---|---|---|---|---|---|
| B | 3 | x | 100 | = | 300 | |
| D | 2 | x | 100 | = | 200 | |
| E | 2 | x | 100 | = | 200 | (മൂല്യം 100 ആണ്) |

അടുത്തതായി F ന് മാററംചെയ്തു കിട്ടിയ വോട്ടുകൾ, കിട്ടിയ ക്രമമനുസരിച്ച് മാററം ചെയ്യുന്നു.

H ൻെറ മിച്ചവോട്ടിൽ നിന്നും ലഭിച്ച 3 വോട്ടുകൾ ആണ് ആദ്യത്തേതു്. അവയുടെ മൂല്യം 8 ആയിരുന്നു. ഈ മൂന്നു പേപ്പറുകളിൽ അടുത്ത മുൻഗണന നൽകിയിട്ടുള്ളതു് L ന് ആണ്. അതിനാൽ അവ മൂന്നും അതേ മൂല്യത്തിൽ L ന് മാററം ചെയ്യുന്നു.

L = 3 x 8 = 24

K യുടെ മിച്ചം മാററം ചെയ്തപ്പോൾ F ന് 1 വോട്ട് ലഭിച്ചു. അതിൻെറ മൂല്യം 16 ആയിരുന്നു. പ്രസ്തുത പേപ്പർ പരിശോധിച്ചതിൽ അടുത്ത മുൻഗണന M നാണ്. അതിനാൽ അതിൻെറ മൂല്യം 16-ഉം M ന് മാററം ചെയ്യുന്നു.

M = 16

N നെ ഒഴിവാക്കിയപ്പോൾ ലഭിച്ചതാണ് അടുത്ത പേപ്പർ. ഇതു് ഒരെണ്ണം ആയിരുന്നു. മൂല്യം 100 ഈ പേപ്പറിൽ അടുത്ത മുൻഗണന D ക്ക് ആണ് നൽകിയിട്ടുള്ളതു്. അതിനാൽ D ക്ക് അവയുടെ മൂല്യം ലഭിക്കുന്നു.

D = I x 100 = 100

ഇപ്പോഴും ശേഷിക്കുന്നവരാരും ക്വോട്ടായിൽഎത്തിച്ചേരുന്നില്ല. അതിനാൽ ഏററവും കുറഞ്ഞ വോട്ടുകാരനായ Mനെ

(IOI6) ഒഴിവാക്കുകയും, അയാളുടെപേപ്പർമുൻഗണനരേഖപ്പെടുത്തിയിട്ടുള്ളതിൻെറഅടിസ്ഥാനത്തിൽ മാററുകയും ചെയ്യുന്നു.

M ൻെറ ആദ്യമുൻഗണന വോട്ട് 100 ആണ്. അവ അസ്സൽ വോട്ടായതിനാൽ മൂല്യം 100 ആണ്. മുൻഗണന രേഖപ്പെടുത്തിയിരിക്കുന്നതു്. B, D, E, L എന്നിവർക്കാണ്.

| | | | | | | |
|---|---|---|---|---|---|---|
| B | - | 3 | x | 100 | = | 300 |
| D | - | 3 | x | 100 | = | 300 |
| E | - | 2 | x | 100 | = | 200 |
| L | - | 2 | x | 100 | = | 200 |

തന്മൂലം B യും D യും ക്വോട്ടായിൽ കൂടുതൽ വോട്ടുകൾ നേടിയവരായിത്തീരുന്നു. അതിനാൽ അവരും വിജയിച്ചതായി പ്രഖ്യാപിക്കുന്നു. ഇപ്പോൾ ആകെ വിജയികൾ, 7 പേരായിത്തീർന്നു. അതിനാൽ വോട്ടെണ്ണൽ അവസാനിപ്പിക്കുന്നു.
(റിസൽട്ട് ഷീററ് പുസ്തകത്തിൻെറ അവസാന ഭാഗത്തു് ചേർത്തിട്ടുള്ളതു് നോക്കുക)

## അംഗത്വം ഒരു സഭയിൽ മാത്രം

ഒരേ സമയം ഒന്നിൽ കൂടുതൽ സ്ഥാനങ്ങൾ വഹിക്കുന്നതിനു് ഒരാൾക്കു് അനുവാദമില്ല. ഒരു സഭയിൽ മാത്രമെ ഒരേ സമയം അംഗത്വം അനുവദിക്കുകയുള്ളു. ഒന്നിൽ കൂടുതൽ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഒരു സ്ഥാനം ഒഴിച്ചു് ബാക്കിയുള്ളവ രാജിവെക്കേണ്ടിവരും. ഏതു് സ്ഥാനം ആണു് സ്വീകരിക്കുന്നതെന്നു് വിജയിച്ച സ്ഥാനാർത്ഥിക്കു് സ്വയം തീരുമാനിക്കാം.
ഒന്നൊഴികെയുള്ള സ്ഥാനങ്ങൾ രാജിവക്കാത്ത പക്ഷം നിയമപ്രകാരം ഒരു സ്ഥാനം നഷ്ടപ്പെടും. എല്ലാ സ്ഥാനങ്ങളും നഷ്ടപ്പെടുന്നതിനും ഇടയുണ്ടു്.

രാജ്യസഭയിലേക്കും, ലോകസഭയിലേക്കും ഒരേ സമയം ഒരാൾ തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഈരണ്ടു് സ്ഥാനങ്ങളിൽഏതു് സഭയിലെഅംഗത്വമാണു്സ്വീകരിക്കാൻനിശ്ച

യിച്ചതെന്നു് 10 ദിവസത്തിനകം തിരഞ്ഞെടുപ്പു് കമ്മീഷൻ സെക്രട്ടറിയെ വിവരം അറിയിക്കണം. അപ്രകാരം 10 ദിവസത്തിനകം വിവരം അറിയിക്കാത്ത പക്ഷം ലോക്സഭാ സാമാജികത്വം സ്വീകരിച്ചതായി കണക്കാക്കുന്നതായിരിക്കും. രാജ്യസഭാസാമാജികത്വം നഷ്ടപ്പെടുകയും ചെയ്യും.

രണ്ടു് സഭകൾ ഉള്ള സംസ്ഥാനങ്ങളിൽ രണ്ടിലേക്കും ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നതായിരുന്നാൽ 10 ദിവസത്തിനകം തൻെറ തീരുമാനം ബന്ധപ്പെട്ടവരെ അറിയിക്കാത്ത പക്ഷം നിയമസഭാ സാമാജികത്വം സ്വീകരച്ചതായി കണക്കാക്കും. ലെ: കൗൺസിൽ സ്ഥാനം ഉപേക്ഷിച്ചതായും നിശ്ചയിക്കുന്നതുമാണു്.

നിയമസഭയിലേക്കും, ലോകസഭയിലേക്കും ആണു് ഒരേ സമയം ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ 14 ദിവസത്തിനകം തൻെറ തീരുമാനം അറിയിക്കേണ്ടതുണ്ടു്. അപ്രകാരം അറിയിക്കാത്തപക്ഷം അയാളുടെ ലോകസഭാ സാമാജികത്വം നഷ്ടപ്പെടുന്നതാണു്. സംസ്ഥാന ലെജി: കൗൺസിലേക്കും ലോകസഭയിലേക്കും ആണു് തിരഞ്ഞെടുക്കപ്പെടുന്നതെങ്കിലും ഇതേ യിയമം തന്നെ ബാധകമാണു്.

രണ്ടോ, അതിലധികമോ സംസ്ഥാന നിയമസഭകളിലേക്കു് ഒരാൾ ഒരേ സമയം തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 10 ദിവസത്തിനകം ഒരു സഭയിലെ സാമാജികത്വം രാജിവെക്കേണ്ടതുണ്ടു്. 10 ദിവസത്തിനുള്ളിൽ ഒന്നൊഴികെയുള്ള സ്ഥാനങ്ങൾ രാജിവെക്കാത്ത പക്ഷം എല്ലാ സഭകളിലേയും അംഗത്വം നഷ്ടപ്പെടുന്നതായിരിക്കും.

ലോക് സഭയിലേക്കു് ഒരാൾ ഒന്നിലധികം മണ്ഡലങ്ങളിൽനിന്നു് മത്സരിക്കുകയും വിജയിക്കുകയും ചെയ്യുകയാണെങ്കിൽ അവയിൽ ഒരു മണ്ഡലത്തിൽ നിന്നും ഉള്ള സ്ഥാനം ഒഴിച്ചു് ബാക്കിസ്ഥാനങ്ങൾ 14 ദിവസത്തിനകം രാജിവെക്കണം അല്ലെങ്കിൽ ഏതു് നിയോജക മണ്ഡലത്തിൽ നിന്നുള്ള സ്ഥാനം സ്വികരിക്കുന്നു എന്നു് ലോക്സഭാസ്പീക്കറെ അറിയിച്ചി

രിക്കണം. അപ്രകാരം 14 ദിവസത്തിനകംഅറിയിച്ചില്ലെങ്കിൽ എല്ലാ സ്ഥാനങ്ങളും നഷ്ടപ്പെടുന്നതായിരിക്കും.

സംസ്ഥാന നിയമസഭയിലേക്കാണ് ഇപ്രകാരം ഒന്നിൽ അധികം സ്ഥാനങ്ങളിൽ നിന്നു് വിജയിക്കുന്നതെങ്കിലും മുകളിൽ പറഞ്ഞിട്ടുള്ള അനുഭവമാണുണ്ടാവുക. വിവരം അറിയക്കേണ്ടതു് നിയമ സഭാ സ്പീക്കറെ ആണെന്ന വ്യത്യാസംമാത്രമേയുള്ളു.

ഒരിക്കൽ എഴുതി അറിയിക്കുന്ന തീരുമാനം പിന്നീടു് മാററാവുന്നതുമല്ല.

## ജാമ്യത്തുക നഷ്ടപ്പെടുന്ന വിധം

ഒരു നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികൾക്കും കൂടെ ആകെ ലഭിക്കുന്ന വോട്ടിൻെറ ആറിൽ ഒരു ഭാഗം വോട്ടു് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ജാമ്യത്തുക നഷ്ടപ്പെടുന്നതായിരിക്കും. എല്ലാ സ്ഥാനാർത്ഥികൾക്കും കൂടെ ലഭിച്ച ആകെ വോട്ടു് എന്നു പറയുന്നതു് പ്രസ്തുതമണ്ഡലത്തിൽ മൊത്തം പോൾ ചെയ്ത വോട്ടിൽ അസാധുവാകുന്ന വോട്ടു് കഴിച്ചു് ബാക്കിയുള്ള വോട്ടാണു്. സാധുവായ വോട്ടു് മാത്രമെ മൊത്തം വോട്ടായി കണക്കാക്കുകയുള്ളു. സ്ഥാനാർത്ഥികൾക്കു ലഭിച്ച വോട്ടായി കണക്കാക്കുന്നതും സാധുവായ വോട്ടുകൾ മാത്രമാണു്.

രാജ്യസഭാ- ലെ: കൗൺസിൽ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥിക്കു് ഒരു സ്ഥാനാർത്ഥിക്കു് വിജയിക്കാൻ മതിയായ വോട്ടിൻെറ ആറിൽ ഒരു ഭാഗം വോട്ടു് ലഭിക്കാത്തപക്ഷം ജാമ്യസംഖ്യ നഷ്ടപ്പെടുന്നതായിരിക്കും. നിയമസഭയിലെ സാമാജികരാൽ തിരഞ്ഞെടുക്കപ്പെടേണ്ട ലെ: കൗൺസിൽ സ്ഥാനാർത്ഥികൾക്കും, രാജ്യസഭാ സ്ഥാനാർത്ഥികൾക്കും ഈ വ്യവസ്ഥ ബാധകമാണു്.

പൊതു തിരഞ്ഞെടുപ്പിൽ ഒന്നിൽ കൂടുതൽ നിയമസഭാ മണ്ഡലങ്ങളിലോ, ലോക്സഭാ മണ്ഡലങ്ങളിലോ മത്സരി

ക്കുന്ന സ്ഥാനാർത്ഥികൾക്കു് ഒരു മണ്ഡലത്തിലെ ജാമ്യസംഖ്യ മാത്രമെ മടക്കിക്കിട്ടുന്നതിനു് അർഹതയുള്ളു. ബാക്കിയുള്ളവ നഷ്ടപ്പെടുന്നതായിരിക്കും.

നേരിട്ടു് തിരഞ്ഞെടുക്കപ്പെടേണ്ട കൗൺസിൽ മണ്ഡലങ്ങളിൽ ഒന്നിലധികം മണ്ഡലങ്ങളിലും, നേരിട്ടു് തിരഞ്ഞെടുപ്പുള്ള ഒരു മണ്ഡലത്തിലും നിയമസഭാ സാമാജികരാൽ തിരഞ്ഞെടുക്കപ്പെടേണ്ട സ്ഥാനാത്തേക്കും ഒരാൾതന്നെ മത്സരിച്ചാൽ അയാൾക്കും ഒരു ജാമ്യസംഖ്യ മാത്രമെ മടക്കി കിട്ടുന്നതിനു് അർഹതയുള്ളു. ബാക്കിയുള്ള സംഖ്യ നഷ്ടപ്പെടും.

മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റിൽ ഇല്ലാത്തവരുടെ (പിൻമാറിയവരും, നിരസ്സിക്കപ്പെട്ട പത്രിക നൽകിയിരുന്നവരും) ജാമ്യസംഖ്യ ലിസ്റ്റു് പ്രസിദ്ധീകരിച്ചു് കഴിഞ്ഞാൽ, കഴിയുന്നതും വേഗം തിരിച്ചു് നൽകുന്നതിനാണു് വ്യവസ്ഥ. പോളിംഗിനു് മുൻപു് നിര്യാതരാകുന്ന സ്ഥാനാർത്ഥികളുടെ ജാമ്യത്തുക അനന്തരാവകാശികൾക്കു് തിരിച്ചു് നൽകുന്നതാണു്.

മററു് കാര്യങ്ങളിൽ ഫല പ്രഖ്യാപനത്തിനുശേഷം അർഹതയുള്ള സ്ഥാനാർത്ഥികളുടെ ജാമ്യസംഖ്യ, കഴിയുന്നതും വേഗം തിരികെ കൊടുക്കുന്നതിനാണു് വ്യവസ്ഥ.

# 11– ഏജൻസി

തിരഞ്ഞെടുപ്പിൽ ഏജൻറന്മാർ ഒരു നിർണ്ണായക ഘടകമായിട്ടാണല്ലോ പ്രവർത്തിക്കുന്നതു്. കക്ഷിഅടിസ്ഥാനത്തിലാണു് സാധാരണതിരഞ്ഞെടുപ്പു് മത്സരം ഉണ്ടാകുക പതിവു്. ഓരോ കക്ഷിക്കും പ്രവർത്തകരും, പ്രചാരകന്മാരും ഉണ്ടായിരിക്കും. പാർട്ടി സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പു് പ്രവർത്തനങ്ങളുടെ പ്രധാന കണ്ണി, പാർട്ടി ഘടകങ്ങളും അവയിലെ പ്രവർത്തകരും ആയിരിക്കുമല്ലോ കക്ഷികൾ രാജ്യം ഒട്ടുക്കുള്ള പ്രവർത്തനങ്ങൾക്കു് രൂപം നൽകുമ്പോൾ പ്രവർത്തകർ പ്രാദേശികാടിസ്ഥാനത്തിൽ അവ പ്രാവർത്തികമാക്കുന്നു. സ്വതന്ത്രന്മാരായ സ്ഥാനാർത്ഥികളെ സംബന്ധിച്ചിടത്തോളം, പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദു അയാൾ തന്നെയായിരിക്കും.

ഒരു നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു് സ്ഥാനാർത്ഥിക്കു് ഒരു ഏജൻറ് ആവശ്യമായിവരും. സ്ഥാനാർത്ഥിസ്വതന്ത്രനായാലും, ഏതെങ്കിലുംകക്ഷിയുടെ പ്രതിനിധി ആയാലും ഒരു ഏജൻറ് ഉണ്ടായിരിക്കുന്നതു് നല്ലതാണു്. സ്ഥാനാർത്ഥി സ്വയം ചെയ്യേണ്ട കാര്യങ്ങൾ, പലപ്പോഴും അയാളെകൊണ്ടു് നിർവ്വഹിക്കാൻ കഴിയാതെയും വരും. അതിനാൽ പ്രവർത്തകരെക്കാൾ കൂടുതൽ ഉത്തരവാദിത്വവും, ചുമതലയും ഉള്ള തിരഞ്ഞെടുപ്പു് ഏജൻറിനെ നിയമിക്കുന്നതിനു് നിയമം സ്ഥാനാർത്ഥികൾക്കു് അനുവാദം നൽകുന്നു. ഏററവും വിശ്വാസയോഗ്യരായവരെ മാത്രമേ തിരഞ്ഞെടുപ്പു് ഏജൻറന്മാരായി നിയമിക്കാൻ സാദ്ധ്യതയുള്ളു.

ആർ. പി ആക്ടു് (1951) നൽകുന്ന വിശദീകരണത്തിൽ നിന്നും ഏജൻറ് എന്ന പദം കൊണ്ടു് ഉദ്ദേശിക്കുന്നതു്. തിര

ഞ്ഞെടുപ്പ് ഏജൻറ്, പോളിംഗ് ഏജൻറ്, എന്നിവർ മാത്രമല്ലെന്നു് വ്യക്തമാണു്. സ്ഥാനാർത്ഥിയുടെയും. തിരഞ്ഞെടുപ്പ് ഏജൻറിൻെറയും സമ്മതപ്രകാരം സ്ഥാനാർത്ഥിക്കു് വേണ്ടി പ്രവർത്തിക്കുകയും നിലകൊള്ളുകയും ചെയ്യുന്ന മററാളുകളെയും ഏജൻറന്മാരായി ചില സന്ദർഭങ്ങളിൽ കണക്കാക്കും. ഇവിടെ സ്ഥാനാർത്ഥിയുടെ സമ്മതം ഒരു പ്രധാന കാര്യമാണു്. ഒരാളുടെ പ്രവർത്തനത്തെപ്പററി സ്ഥാനാർത്ഥിക്കു് അറിവുണ്ടായിരുന്നാൽ മാത്രം മതിയാകുന്നതല്ല. 'സമ്മതം' എന്ന വാക്കു് പാർട്ടി സ്ഥാനാർത്ഥികളെ സംബന്ധിച്ചടത്തോളം ഒരു രക്ഷാകവചം ആയി വർത്തിക്കുന്നു.

ഏജൻറിൻെറ അഴിമതി, തിരഞ്ഞെടുപ്പ് അസാധുവാക്കാൻ കാരണമാകുന്നു. അഴിമതി നടത്തുന്നതു് സ്ഥാനാർത്ഥി അറിഞ്ഞുകൊണ്ടായിരിക്കണമെന്നില്ല. തിരഞ്ഞെടുപ്പ് ഏജൻറിൻെറ അനുമതിയോടെ മറെറാരാൾ അഴിമതിനടത്തിയാലും തിരഞ്ഞെടുപ്പ് അസാധുവായി പരിണമിക്കും. തിരഞ്ഞെടുക്കപ്പെടുന്ന ആളിൻെറ സാമാജികത്വം നഷ്ടമാക്കുന്നതിനും ഇട വരുത്തും.

## ഏജൻറ് പൊതുനിയമത്തിലും തിരഞ്ഞെടുപ്പ് നിയമത്തിലും

പൊതു നിയമത്തിലെ ഏജൻറിനെക്കാൾ വ്യത്യസ്ഥനാണു് തിരഞ്ഞെടുപ്പ് നിയമത്തിലെ ഏജൻറ്. ഒരാൾ തനിക്കു് വേണ്ടി. മൂന്നാമതൊരാളുമായി ഇടപെടുന്നതിലേക്കു് നിയമിക്കുന്ന ആളെയാണു് ഇൻഡ്യൻ കാൺട്രാക്ട് ആക്ടിൽ ഏജന്റായി നിർവചിച്ചിട്ടുള്ളതു്. തിരഞ്ഞെടുപ്പ് നിയമം അനുസരിച്ച് സ്ഥാനാർത്ഥി ചുമതലപ്പെടുത്തിയാലും, ഇല്ലെങ്കിലും തിരഞ്ഞെടുപ്പ് ഏജൻറിൻെറ പ്രവർത്തനങ്ങളുടെ ബാദ്ധ്യത സ്ഥാനാർത്ഥിയിൽ വന്നുചേരും. ഏജന്റ് തന്റെ അധികാര പരിധിവിട്ടു് ചെയ്യുന്നകാര്യമായിരുന്നാൽപ്പോലും അങ്ങിനെയാ

ണ്. സ്ഥാനാർത്ഥിയുടെയോ തിരഞ്ഞെടുപ്പ് ഏജൻറിൻെറയോ, അനുമതിയോടെ അല്ലാതെ മൂന്നാമതൊരാൾ നടത്തുന്ന അഴിമതി തിരഞ്ഞെടുപ്പിൽ അഴിമതിയായി കണക്കാക്കപ്പെടുന്നില്ല. 'അനുമതി' എന്നതിൽ പ്രവത്തി കഴിഞ്ഞതിനു് ശേഷം അതിനു് നൽകുന്ന അംഗീകാരവും ഉൾപ്പെടും. പൊതു നിയമമനുസരിച്ച് ഏജൻറിനെ നേരിട്ട് നിയമിക്കുകയും നിയമനത്തിനു് വ്യവസ്ഥകൾ രൂപീകരിക്കുകയും ചെയ്തിരിക്കും. വ്യവസ്ഥകൾക്കു് വിപരീതമായി ഏജൻറ് പ്രവർത്തിച്ചാൽ അതിൻെറ ഉത്തരവാദിത്വത്തിൽ നിന്നും നിയമിക്കുന്ന ആളിനു് ഒഴിഞ്ഞു് നിൽക്കാൻ കഴിയുകയും ചെയ്യും.

## തിരഞ്ഞെടുപ്പു് പെററിഷനും ഏജൻറും

തിരഞ്ഞെടുപ്പ് കേസ്സുകൾ ഉത്ഭവിക്കുമ്പോഴാണു് ഏജൻസിയുടെ പ്രശ്നം പ്രധാനമായും പൊന്തി വരുന്നതും, വിവാദവിഷയമായിത്തീരുന്നതും. തിരഞ്ഞെടുപ്പ് ഏജൻറ്, പോളിംഗ് ഏജൻറ്, കൗണ്ടിംഗ് ഏജൻറ് ഇവരുടെ കാര്യത്തിൽ തർക്കത്തിനവകാശമില്ല. അവർ ആ നിലയിൽ നിയമിക്കപ്പെടുകയാണല്ലോ ചെയ്യുന്നതു്. അല്ലാതുള്ള ഒരാൾ സ്ഥാനാർത്ഥിയുടെയോ, തിര: ഏജൻറിൻെറയോ, സമ്മതപ്രകാരം പ്രവർത്തിക്കുമ്പോൾ രണ്ടു് കാര്യങ്ങൾ പ്രധാനമായും സ്ഥാപിക്കേണ്ടതുണ്ട്:

(I) അയാൾ ഏജൻറായി പ്രവർത്തിച്ചിരുന്നുവോ?
(2) സ്ഥാനാർത്ഥിയുടേയോ, തിര: ഏജൻറിൻെറയോ അനുമതിയോടെയാണോ പ്രവർത്തിച്ചിരുന്നതു്?

വ്യക്തമായ അനുമതി നൽകുന്നതുപോലെ തന്നെയാണു് അംഗീകരിക്കുന്നതും. അനുമതി നൽകുന്നതു് പ്രവർത്തനങ്ങൾ അംഗീകരിക്കുന്നതു് കൊണ്ടാവാം. അറിവുണ്ടായിരുന്നോ എന്നതാണു് കാതലായ പ്രശ്നം. മൗനം അനുവാദവുമാകാം. അപ്പോൾ ഓരോ കേസ്സിലും സാഹചര്യവും കണക്കിലെടുക്കണം എന്നും

വരുന്നു. പാർട്ടി സ്ഥാനാർത്ഥികളുടെ കാര്യത്തിൽ അവർക്കു് സ്ഥാനാർത്ഥിത്വം നൽകുന്നതു് പാർട്ടി നേതൃത്വമാണു്. തങ്ങളുടെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ അവർ കൂട്ടിയിണക്കുകയും ചെയ്യും. നേതൃത്വം കാണിക്കുന്ന അഴിമതികളിൽ തനിക്കു പങ്കില്ലെന്നു് അറിവില്ലെന്നും പറഞ്ഞു് ഒഴിയുന്നതിനു് സ്ഥാനാർത്ഥിക്കു് കഴിയുന്നതുമല്ല. ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയുടെ കാര്യത്തിൽ 'ഏജൻറായി' നിയമനം നടത്തിയിരുന്നോ എന്ന പ്രശ്നം മുന്നിൽ നിൽക്കും. സ്ഥാനാർത്ഥിയുടെ അടുത്ത ബന്ധുവോ, മറേറാ ആയതു് കൊണ്ടു മാത്രം ഏജൻറായി കണക്കാക്കുന്നതും ശരിയായിരിക്കുകയില്ല.

## തിരഞ്ഞെടുപ്പു് ഏജൻറ്

ഒരു സ്ഥാനാർത്ഥിക്കു്, അയാൾ ഒഴിച്ച് മററൊരാളെ തൻെറ 'തിരഞ്ഞെടുപ്പ് ഏജൻറാ'യി നിയമിക്കാം. അപ്രകാരം ഒരാളെ നിയമിച്ചാൽ, നിയമന നോട്ടീസിൻെറ രണ്ടു് പകർപ്പു് വരണാധികാരിക്കു് നൽകിയിരിക്കണം. (നിയമനം 8-ാം നമ്പർ ഫാറത്തിൽ ആയിരിക്കണം. ഇതിൽ ഒരു കോപ്പി വരണാധികാരി തൻെറ ഒപ്പോടും ആഫീസ് മുദ്രയോടും തിരിച്ചു് അയച്ചു് കൊടുക്കുന്നു. ഇതു് നിയമനത്തിൻെറ അംഗീകാരമാണു്.) ആർ.പി ആക്ടു് (1951) അനുസരിച്ചു് സ്ഥാനാർത്ഥി, തിരഞ്ഞെടുപ്പു് ഏജൻറിനെ നിയമിക്കണമെന്നു നിർബ്ബന്ധമില്ല. 40-ാം വകുപ്പു് ഒരു സ്ഥാനാർത്ഥിക്കു ഒരു തിരഞ്ഞെടുപ്പു് ഏജൻറിനെ നിയമിക്കാൻ മാത്രമെ അനുവാദം നൽകുന്നുള്ളു. നിയമന രീതിയെയും പ്രസ്തുതവകുപ്പു് പ്രതിപാദിക്കുന്നു. സ്ഥാനാർത്ഥിയാകാൻ ആവശ്യമായ യോഗ്യതകൾ എല്ലാം തന്നെ തിര: ഏജൻറാകുന്നതിനും ആവശ്യമാണു്. (തിരഞ്ഞെടുപ്പിൽ അയോഗ്യത കല്പിച്ചിട്ടുള്ള ആൾക്കു് തിരഞ്ഞെടുപ്പു് ഏജൻറാകാൻ അനുവാദമില്ല ആർ പി. ആക്ട്,

അനുസരിച്ചുള്ള അയോഗ്യതകൾ തിരഞ്ഞെടുപ്പ് ഏജൻറിന് ഉണ്ടായിരിക്കാൻ പാടില്ല. അയോഗ്യതകൾ ചുവടെ ചേർക്കുന്നു.

(I) ഭരണഘടന പ്രകാരം ഉള്ള അയോഗ്യതകൾ
(2) ലോക്സഭ, രാജ്യസഭ, സംസ്ഥാനനിയമസഭ, കൗൺസിൽ എന്നിവയിൽ അംഗമായിരിക്കാൻ അയോഗ്യതയുള്ളയാൾ.
(3) വോട്ട് രേഖപ്പെടുത്തുന്ന കാര്യത്തിൽ അയോഗ്യത കല്പിച്ചിട്ടുള്ള ആൾ മേൽപറഞ്ഞ അയോഗ്യതകൾ നിലനിൽക്കുന്ന കാലത്തോളം ഒരാൾക്ക് തിര: ഏജൻറായി വർത്തിക്കാൻ കഴിയുന്നതല്ല.

ഒരേ സമയത്ത്, ഒരു സ്ഥാനാർത്ഥിക്ക് ഒന്നിൽകൂടുതൽ തിരഞ്ഞെടുപ്പ് ഏജൻറന്മാരെ നിയമിക്കാൻ കഴിയുകയില്ലെന്ന് പറഞ്ഞുവല്ലോ. എന്നാൽ ഒരാളുടെ നിയമനം റദ്ദാക്കിയ ശേഷം, പുതിയൊരാളെ നിയമിക്കാവുന്നതാണ്. മരണം മൂലം ഉണ്ടാകുന്ന ഒഴിവിലും പുതിയ നിയമനമാകാം. വരണാധികാരിക്കോ, മററാർക്കെങ്കിലുമോ തിര: ഏജൻറിൻെറ നിയമനം റദ്ദാക്കണമെന്നാവശ്യപ്പെട്ടാൽ (അയോഗ്യത ഇല്ലെങ്കിൽ) അധികാരമില്ല. അതേ സമയം പ്രത്യേക കാരണം കൂടാതെ സ്ഥാനാർത്ഥിക്ക് നിയമനം റദ്ദാക്കുകയും ചെയ്യാം. റദ്ദാക്കുന്ന നോട്ടീസ് വരണാധികാരിക്ക് നൽകിയാൽ മാത്രം മതിയാകും. വരണാധികാരിക്ക് നോട്ടീസ് നൽകുന്ന ദിവസം മുതൽ റദ്ദാക്കിയ നടപടി പ്രാബല്യത്തിൽ വരുന്നതുമാണ്.

## ചുമതലകൾ

I) തിരഞ്ഞെടുപ്പ് ചിലവുകളുടെ കണക്കുകൾ, കൃത്യമായും ശരിയായും 'അക്കൗണ്ട്'ബുക്കുകളിൽ പ്രത്യേകം സൂക്ഷിക്കണം.

2) പോളിംഗ്ഏജൻറന്മാരെയും, കൗണ്ടിംഗ് ഏജൻറന്മാരെയും നിയമിക്കാവുന്നതും, ആവശ്യമെന്ന്കണ്ടാൽ അ

വരെ തൽസ്ഥാനങ്ങളിൽ നിന്നും നീക്കം ചെയ്യാവുന്നതുമാണു്.

3) നാമനിർദ്ദേശപത്രിക പരിശോധിക്കുന്നസമയത്തും വോട്ടെണ്ണുന്ന സമയത്തും, അതാതിടങ്ങളിൽ ഹാജരാകാം.

4) നാമനിർദ്ദേശപത്രിക, സ്ഥാനാർത്ഥിക്കുവേണ്ടി വരണാധികാരിയെ നേരിൽ ഏൽപിക്കാം. സ്ഥാനാർത്ഥിയുയുടെ രേഖാമൂലമായ അനുമതിയോടെ, നാമനിർദ്ദേശപത്രികപിൻവലിക്കുന്ന നോട്ടീസ് നേരിട്ടു് സമർപ്പിക്കാനും അനുവാദമുണ്ടു്.

5) പോളിംഗ്സമയത്തു് സ്റ്റേഷനകത്തു് പ്രവേശിക്കാം

6) പോളിംഗ് ഏജൻറിൻെറയും, കൗണ്ടിംഗ് ഏജൻറിൻെറയും ചുമതലകൾ സ്വയം ഏറെറടുത്തു് ചെയ്യാവുന്നതും, അവരെ സഹായിക്കാവുന്നതും ആണു്.

(7) തിരഞ്ഞെടുപ്പ് ചിലവുകളുടെ കണക്കു്, നിശ്ചിതരീതിയിലും, നിശ്ചിത സമയപരിധിക്കുള്ളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥനു് സമർപ്പിക്കേണ്ടതാണു്.

തിരഞ്ഞെടുപ്പ് ചിലവുകളുടെ കണക്കുകൾ ശരിയായി സൂക്ഷിക്കാതിരുന്നാൽ, സ്ഥാനാർത്ഥിയും, തിര:ഏജൻറും ശിക്ഷിക്കപ്പെടുന്നതായിരിക്കും. കൃത്യസമയത്തിനകം കണക്കുകൾ നൽകിയില്ലെങ്കിൽ അയോഗ്യത കല്പിക്കപ്പെടുകയും ചെയ്യും.

## പോളിംഗ് ഏജൻറ്

ഓരോ പോളിംഗ് സ്റ്റേഷനിലും, ഓരോ പോളിംഗ് ഏജൻറിനേയും, രണ്ടു് റിലീഫ് ഏജൻറന്മാരെയും, ഒരു സ്ഥാനാർത്ഥിക്കു് വേണ്ടി നിയോഗിക്കാൻ കഴിയും. നിയമിക്കുന്നതു് (ഫാറം 10) സ്ഥാനാർത്ഥിയോ, തിര: ഏജൻേറാ ആയിരിക്കണം. നിയമന നോട്ടീസ് പോളിംഗ് ഏജൻറ് കൈവശം സൂക്ഷിക്കേണ്ടതാണു്. നോട്ടീസ് കൈവശം ഇല്ലാ

ത്ത ആളെ പോളിംഗ് സ്റ്റേഷനകത്തു് പ്രവേശിപ്പിക്കുന്നതല്ല. ഫാറത്തിൽ കൊടുത്തിട്ടുള്ള 'ഡിക്ലറേഷൻ' പ്രീസയിഡിംഗ് ആഫീസ്സറുടെ മുൻപിൽ വെച്ച് ഒപ്പിടേണ്ടതാണ്. ഇതു് നിർബന്ധവുമാണ്. നിയമനം റദ്ദാക്കുന്നതിനു് സ്ഥാനാർത്ഥിക്കും തിരഞ്ഞെടുപ്പ് ഏജൻറിനും അധികാരമുണ്ട്. ഒരാളുടെ നിയമനം റദ്ദാക്കുന്നപക്ഷം, റദ്ദാക്കൽ നോട്ടീസ് പ്രിസയിഡിംഗ് ആഫീസ്സർക്കു് നൽകണം. അല്ലാത്തപക്ഷം പുതിയ നിയമനം അംഗീകരിക്കുന്നതല്ല. ആദ്യത്തെ ആളെ തന്നെ തുടരാൻ അനുവദിക്കുന്നതുമായിരിക്കും. പോളിംഗ് അവസാനിക്കുന്നതിനു് മുൻപ് ഏതവസരത്തിലും, നിയമനം റദ്ദാക്കുകയും, പുതിയ നിയമനം നടത്തുകയും ചെയ്യാം.

## ചുമതലകൾ

(1) പോളിംഗ് ആരംഭിക്കുന്നതിനു് മുൻപ്, പോളിംഗിനു് ഉപയോഗിക്കുന്ന ബാലററ് പെട്ടികൾ പരിശോധിക്കാൻ കഴിയും. അതു് പെട്ടി പൂട്ടുന്നതിനും, മുദ്രവെക്കുന്നതിനും മുൻപായിരിക്കണം. ബാലററു് പെട്ടി, പൊതിയുകയോ മററോ ചെയ്താൽ, പൊതിയുന്നകടലാസ്സിൽ ഒപ്പ് വെക്കുന്നതിനും, മുദ്രവെക്കുന്നതിനും അനുവദിക്കുന്നതാണ്. ബാലററ് പെട്ടി ശരിയായ സ്ഥലത്താണോ, സ്ഥാപിച്ചിട്ടുള്ളതെന്നും പരിശോധിക്കാം.

2) വോട്ടു് രേഖപ്പെടുത്തുന്നതിനു് പോളിംഗ്സ്റ്റേഷനകത്തുവരുന്ന ആൾ ശരിയായ വോട്ടർ അല്ലെന്നു് സംശയം ഉണ്ടായാൽ അതു് ഉന്നയിക്കുന്നതിനും തെളിവു് ഹാജരാക്കുന്നതിനും അനുവദിക്കുന്നതാണ്.

3) 'ചാലഞ്ച്' ചെയ്യുന്നതായാൽ രണ്ടുരൂപ കെട്ടിവെക്കേണ്ടതുണ്ട്. തുക പണമായി തന്നെ പ്രിസയിഡിംഗ് ആഫീസ്സറെ ഏൽപിക്കണം.

AYAM PUBLIC LIBRARY KOTTAYAM

4) പോളിംഗ്സ്റ്റേഷനകത്തിരുന്നു് വോട്ടറന്മാരെ സ്വാധീനിക്കുകയോ, ക്യാൻവാസ് ചെയ്യുകയോ അരുതു്.

5) പോളിംഗ് പൂർത്തിയായതിനുശേഷം, ബാലററ പെട്ടിയുടെ തുറന്നിട്ടുള്ള (ബാലററപേപ്പർ നിക്ഷേപിക്കുന്നതിലേക്കു്) ഭാഗം അടച്ചതും, മുദ്രവെച്ചതും ശരിയായിട്ടാണോ എന്നു് പരിശോധിക്കുകയും, മുദ്രയുണ്ടെങ്കിൽ അതു് പതിക്കുകയും ചെയ്യാവുന്നതുമാണു്.

## കൗണ്ടിംഗു് ഏജൻറു്

ഒരു സ്ഥാനാർത്ഥിക്കു് എത്രപേരെ കൗണ്ടിംഗ് ഏജൻറന്മാരായി നിയോഗിക്കാമെന്നു് നിശ്ചയിക്കുന്നതു്, തിരഞ്ഞെടുപ്പുകമ്മീഷൻെറ അപ്പോഴപ്പോഴുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിട്ടായിരിക്കും. എന്നാൽ യാതൊരു കാരണവശാലും 16 പേരിൽക്കൂടുതൽ അനുവദിക്കുന്നതല്ല. നിയമനം നടത്തുന്നതു് സ്ഥാനാർത്ഥിയോ. തിര: ഏജൻേറാ ആയിരിക്കണം. നിയമനനോട്ടീസ്സിൻെറ (ഫാറം 18) കോപ്പി,വോട്ടെണ്ണൽ ആരംഭിക്കുന്നതിനു് ഒരു മണിക്കൂർ മുമ്പെങ്കിലും വരണാധികാരിയെ ഏൽപിച്ചിരിക്കേണ്ടതാണു്. ഫാറത്തിൽ ഉള്ള ഡിക്ളറേഷൻ കൗണ്ടിംഗ് ഏജൻറ്, വരണാധികാരിയുടെ മുൻപിൽ വെച്ചു് ഒപ്പിടണം. നിയമനനോട്ടീസ്സു് കൈവശമില്ലാത്ത ആളെ കൗണ്ടിംഗ്സ്റ്റേഷനിൽ പ്രവേശിപ്പിക്കുന്നതല്ല. ഒരു കൗണ്ടിംഗ് ഏജൻറിൻെറ നിയമനം റദ്ദാക്കി പുതിയൊരാളെ നിയമിക്കുന്നതു് കൗണ്ടിംഗ് ആരംഭിക്കുന്നതിനു് മുൻപായിരിക്കണം.

വോട്ടെണ്ണുന്ന സ്ഥലത്തു് ഓരോ കൗണ്ടിംഗ് ഏജൻറിൻെറയും സ്ഥാനം നിർണ്ണയിക്കുന്നതു് വരണാധികാരിയാണു്. അവിഹിതമായി പെരുമാറുന്ന ആരെയും പുറത്താക്കുന്നതിനും വരണാധികാരിക്കു് അധികാരമുണ്ടു്. വോട്ടെടുപ്പിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടതും, പുറ

ത്തറിയിക്കാതിരിക്കേണ്ടതും കൗ:ഏജൻറിൻെറ ചുമതലയാണ്. രഹസ്യങ്ങൾ പുറത്താക്കുന്നവരെ മൂന്നുമാസംവരെ തടവിനോ, പിഴയടക്കുന്നതിനോ, രണ്ടിനും കൂടെയോ ശിക്ഷിക്കുന്നതുമായിരിക്കും.

ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരെ കൗണ്ടിംഗ് ഏജൻറായും, പോളിംഗ് ഏജൻറായും നിയമിക്കാൻ പാടില്ല.

ഏജൻറിൻെറ ചുമതല നിർവഹിച്ച് കഴിഞ്ഞാൽ ഏജൻസി അവസാനിച്ചതായി കണക്കാക്കും.

## 12. അഴിമതി, കുററം, ശിക്ഷ

"തിരഞ്ഞെടുപ്പ്" അഴിമതിക്കതീതമായിരുന്നില്ലെങ്കിൽ അതിന് അർത്ഥമില്ലാതാകും. അഴിമതി 'തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കക്ഷികളുടെ ഭാഗത്തു് നിന്നു മാത്രമല്ല, സമ്മതിദായകരുടെ ഭാഗത്തു് നിന്നായാലും ശിക്ഷിക്കപ്പെടുന്നതാണു്. തിരഞ്ഞെടുപ്പ് ജോലിയിലേക്കു് നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നാണു് അഴിമതിയും, ക്രമക്കേടും ഉണ്ടാകുന്നതെങ്കിലും ശിക്ഷിക്കപ്പെടുമെന്നാണു് നിയമം. കുററവാസനകൾ ജന്മസിദ്ധമാണു്. സാഹചര്യങ്ങൾ കുററവാളികളെ സൃഷ്ടിക്കുന്നു സാഹചര്യങ്ങൾ തുടച്ച് മാററുക ക്ഷിപ്രസാദ്ധ്യവുമല്ല. ആ നിലയിൽ കരണീയമായിട്ടുള്ളതു കുററക്കാരെശിക്ഷിക്കുക എന്നതാണു്. ശിക്ഷ ഭാവിയിൽ കുററങ്ങൾ കുറക്കുന്നതിനു് കാരണമാക്കും. ശിക്ഷിക്കപ്പെടും എന്നതു്കൊണ്ടു്, കുററ കൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞു് നിൽക്കുന്നതിനും പ്രേരകമാകും. തിരഞ്ഞെടുപ്പിൽ ഏതൊക്കെ പ്രവർത്തികളാണു്കുററകരമായി കണക്കാക്കപ്പെടുന്നതെന്നു്പല നിയമസംഹിതകളിലുംപ്രതിപാദിച്ചിട്ടുണ്ടു്. അവയിൽ ആർ. പി ആക്ട്(1951),ഇൻഡ്യൻ ശിക്ഷാ നിയമം ഇവ പ്രാധാന്യം അർഹിക്കുന്നു. അഴിമതി ഒരാളെ തിരഞ്ഞെടുപ്പിൽ ഭാഗഭാക്കാകുന്നതിനു് അയോഗ്യനാക്കുന്നു. പുറമെ ശിക്ഷയും നൽകുന്നു. അഴിമതി നടത്തിയും, ആയതിലേക്കു് മററാളുകളെ പ്രേരിപ്പിച്ചും ആണു് ഒരാൾ തിരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ, തിരഞ്ഞെടുപ്പ്അസാധുവാക്കിത്തീർക്കുന്നതിനുംനിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ആർ പി. ആക്ട്, നിയമസഭ, കൗൺസിൽ, ലോക്സഭാ രാജ്യസഭാ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട കുററ

ങ്ങളെയും, ശിക്ഷകളെയും കുറിക്കുന്നു. എന്നാൽ തിരഞ്ഞെടുപ്പ് മേൽ പറഞ്ഞ സഭകളിലേക്ക് മാത്രമല്ലല്ലോ നടക്കുന്നതു്. അതിനാൽ പൊതുവായ ഒരു നിയമവും, തിരഞ്ഞെടുപ്പ് കുററങ്ങളെ സംബന്ധിച്ച് ആവശ്യമാണ്. പൊതുവും, സാർവത്രികവുമായ കാര്യങ്ങൾക്ക് ഓരോ സംസ്ഥാനവും പ്രത്യേകം, പ്രത്യേകം നിയമങ്ങൾ നിർമ്മിക്കുക അസംഗതവും ആയിരിക്കും. അതിനാൽ ഭാരതത്തിനാകമാനംബാധകമായ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 'ഒൻപതു് എ' അദ്ധ്യായത്തിൽ 'തിരഞ്ഞെടുപ്പ കുററവും ശിക്ഷയും' എന്ന ശീർഷകത്തിൽ എല്ലാ തിരഞ്ഞെടുപ്പുകൾക്കും ബാധകമായ കുററങ്ങളെയും, അവക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷകളെയും പ്രതിപാദിക്കുന്നു.

## അഴിമതി

ആർ.പി.ആക്ട്(1951ലെ 123-ാം വകുപ്പ് അഴിമതിയായികണക്കാക്കാവുന്നചെയ്തികൾ ഏതെല്ലാമാണെന്നു് വ്യക്തമാക്കുന്നുണ്ട്. അവ ചുവടെ വിവരിക്കുന്നു.

1) കോഴ അല്ലെങ്കിൽ കൈക്കൂലി

2) അവിഹിതമായ മാർഗങ്ങളിലൂടെസ്വാധീനം ചെലുത്തൽ

3) ജാതി, മതം, സമുദായം ഇവ ആയുധമായി ഉപയോഗിക്കുന്നതു്

4) വ്യാജപ്രസ്താവനകൾ

5) വോട്ടറന്മാർക്ക് സൗജന്യ വാഹന സൗകര്യം ഏർപ്പെടുത്തുന്നതു്

6) നിയമവിരുദ്ധമായ ചിലവുകൾ

7) ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരുടെ സഹായം തേടൽ.

## 1) കൈക്കൂലി

ഇതിനെ രണ്ടുഭാഗമായി തിരിക്കാം:

a) കൈക്കൂലിനൽകുന്നഭാഗം
b) കൈക്കൂലിവാങ്ങുന്നഭാഗം

### (a) കോഴനൽകുന്നത്

കോഴനൽകുന്നതു് സ്ഥാനാർത്ഥിതന്നെ ആയിരിക്കണമെന്നില്ല. സ്ഥാനാർത്ഥിയോ, തിര:ഏജൻറ, ഇവരിൽ രണ്ടുപേരിൽ ആരുടെയെങ്കിലും അനുവാദത്തോടെ മൂന്നാമതൊരാളോ, നൽകുന്ന കൈക്കൂലിയും അഴിമതിയായികണക്കാക്കും. കൈക്കൂലിനൽകുന്നതു് പണമായിട്ടായിരിക്കണമെന്നില്ല. ഏതു് തരത്തിലുള്ള പ്രതിഫലം ആയിരുന്നാലും (ഗ്രാററിഫിക്കേഷൻ) കൈക്കൂലിയാണു്. അതു് വാഗ്ദാനമായോ, സമ്മാനമായോ, 'ഉറപ്പ്' ആയോ, നൽകുന്നതായാലും അഴിമതിയായിരിക്കും. മാത്രമല്ല പ്രത്യക്ഷമായോ, പരോക്ഷമായോ, ഒരാളെ പ്രേരിപ്പിക്കണമെന്ന ഉദ്ദേശത്തോടെ ആയിരുന്നാലും അഴിമതി തന്നെ ആയി കണക്കാക്കും, കോഴനൽകുന്നതു് ആർക്കുമായിരിക്കാം; ലക്ഷ്യം ഒരാളെ പ്രത്യക്ഷമായോ പരോക്ഷമായോ, ചുവടെ ചേർക്കുന്ന കാര്യങ്ങൾക്കു ഉത്തേജിപ്പിക്കുന്നതിനായിരിക്കണം:

1 സ്ഥാനാർത്ഥിയായി നിൽക്കുന്നതിനു്
2 സ്ഥാനാർത്ഥിയായി നിൽക്കാതിരിക്കുന്നതിലേക്കു്
3 പിൻമാറാതിരിക്കുന്നതിലേക്കു്
4 പിൻമാറുന്നതിലേക്കു്

ഇവയെല്ലാം സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ടകാര്യങ്ങളാണു്. ഇതുപോലെ തന്നെ വോട്ടറന്മാരുമായി ബന്ധിക്കുന്നകാര്യങ്ങളിലും അഴിമതിയായി കണക്കാക്കുന്ന പ്രവർത്തികാം ഉണ്ടു്. അവ ചുവടെ ചേർക്കുന്നു:

1 ഒരു പ്രത്യേക സ്ഥാനാർത്ഥിക്കു വേണ്ടി വോട്ട് രേഖപ്പെടുത്തുന്നതിലേക്കു് പ്രേരിപ്പിക്കുക.
2 വോട്ട് രേഖപ്പെടുത്താതിരിക്കുന്നതിലേക്ക് പ്രേരിപ്പിക്കുക.

ഏതെങ്കിലും തരത്തിലുള്ള വാഗ്ദാനവും, ഉറപ്പും നൽകി ഒരാളെ സ്ഥാനാർത്ഥിയായി രംഗത്തു് കൊണ്ടു വരുന്നതും, സ്ഥാനാർത്ഥിയായി നിൽക്കുന്ന ആളിനെ പിൻമാറാതിരിക്കുന്നതിലേക്കു് പ്രേരിപ്പിക്കുന്നതും, കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ചെയ്യുന്ന പ്രവർത്തികളിൽ വരും. അതുപോലെ തന്നെ ഒരാറം നാമനിർദേശപത്രിക സമർപ്പിക്കാതിരിക്കുന്നതിലേക്കും നാമനിർദേശപത്രിക സമർപ്പിച്ചആളിനെ പിൻമാററുന്നതിനു അനുവദിക്കാതിരിക്കുന്നതിലേക്കും നൽകുന്ന ഉറപ്പും, വാഗ്ദാനവും, സമ്മാനവും എല്ലാം കൈക്കൂലി നൽകുക എന്ന വിഭാഗത്തിൽ ഉറപ്പെടും. ഇതു് പ്രത്യക്ഷമായിട്ടോ'പരോക്ഷമായിട്ടോ ഒരാളെ പ്രേരിപ്പിക്കുന്നതിനു് വേണ്ടിയായിട്ടായിരുന്നാലും കൈക്കൂലിയായി പരിഗണിക്കുന്നതാണു്. ഏതെങ്കിലും തരത്തിലുള്ള സമ്മാനമായിട്ടാണു് നൽകുന്നതെങ്കിലും കോഴകൊടുക്കലായി പരിഗണിക്കുകതന്നെ ചെയ്യും. ഒരു സ്ഥാനാർത്ഥി തൻെറ നേട്ടത്തെ ഉദ്ദേശിച്ചു്, സ്വയം ചെയ്യുന്നതായാലും, തിര:ഏജൻറു് ചെയ്യുന്നതായാലും, ഇവരിൽ രണ്ടു പേരിൽ ആരുടെയെങ്കിലും അനുമതിയോടെ മൂന്നാമതൊരാറം ചെയ്യുന്നതായാലും അതേ കുററമായിതന്നെ കണക്കാക്കുകയും ചെയ്യും.

## (b) കൈക്കൂലിവാങ്ങുന്നതു

ഒരു സ്ഥാനാർത്ഥിയെസഹായിക്കുന്നതിലേക്കും, സ്വന്തം നേട്ടത്തെ ലാക്കാക്കിയും ഒരാറം ഏതെങ്കിലും വിധത്തിലുള്ള പ്രതിഫലം പററുന്നതും, ആയതിലേക്കുവേണ്ടി കരാർ ഉണ്ടാക്കുന്നതും, സമ്മാനം സ്വീകരിക്കുന്നതും, കൈക്കൂലിയുടെഫലമായ ചെയ്തപ്രവർത്തിയായി കണക്കാക്കുകയും ചെയ്യും. ഇതും നാമ

നിർദേശ പത്രിക നൽകുന്നതിനു് മുൻപും, നാമനിർദേശ പത്രിക സമർപ്പിച്ചതിനു് ശേഷവുമാകാം, അതായതു്.

(a) നാമനിർദേശ പത്രിക സമർപ്പിക്കാതിരിക്കുന്നതിലേക്കായി
(b) നാമനിർദേശ പത്രിക സമർപ്പിക്കാതിരുന്നതിൻെറ പേരിൽ
(c) നാമനിർദേശ പത്രിക സമർപ്പിക്കുന്നതിലേക്കായി
2 (a) മത്സരത്തിൽനിന്നും പിൻമാറുന്നതിലേക്കായി
(b) പിൻമാറാതിരിക്കുന്നതിലേക്കായി.

ഇവയിൽ ഏതു് തരത്തിലുള്ള കാര്യത്തിലേക്കായിട്ടായിരുന്നാലും ഒരു സ്ഥാനാർത്ഥി സ്വീകരിക്കുന്ന പ്രതിഫലം കൈക്കൂലിതന്നെയാണു്. അതു് ഒരു സമ്മാനമായിട്ടാണു് സ്വീകരിക്കുന്നതെങ്കിൽപോലും കോഴയായിരിക്കും.

വോട്ടിൻെറ പേരിൽ നടത്തുന്ന പ്രവർത്തിയെയും ഈ വിധത്തിലെല്ലാം തന്നെയാണു് കണക്കിലെടുക്കുന്നതു്. ഏതെങ്കിലും ഒരാറം തനിക്കു വേണ്ടിയോ, മററൊരാറംക്കു് വേണ്ടിയോ, ഒരു സ്ഥാനാർത്ഥിക്കു് വോട്ടു രേഖപ്പെടുത്തുന്നതിൻെറ പേരിലോ രേഖപ്പെടുത്താതിരിക്കുന്നതിൻെറ പേരിലോ പ്രതിഫലം സ്വീകരിക്കുന്നതും, സ്വീകരിച്ചു് കൊള്ളാമെന്ന കരാറിന്മേൽ പ്രവർത്തിക്കുന്നതും കൈക്കൂലിയുടെ സ്വാധീനതയാൽ ഉള്ള പ്രവർത്തികളായി കണക്കാക്കുന്നതാണു്.

ഒരു സ്ഥാനാർത്ഥി പിൻമാറുന്നതിലേക്കു വേണ്ടി സ്വീകരിക്കുന്ന പ്രതിഫലം മാത്രമല്ല, ഒരു സ്ഥാനാർത്ഥിയെ പിൻമാറുന്ന കാര്യത്തിലേക്കു് പ്രേരിപ്പിക്കുന്നതിനു് ശ്രമിക്കുന്നതിൻെറ പേരിൽ സ്വീകരിക്കുന്ന പ്രതിഫലവും കൈക്കൂലിയാണു്. കൂടാതെ വോട്ടറന്മാരെ, അവരുടെ വോട്ടു് പ്രത്യേകിച്ചു് ഒരാറംക്കു വേണ്ടി രേഖപ്പെടുത്തുന്നതിലേക്കോ, വോട്ടു് രേഖപ്പെടുത്തുന്നതിൽ നിന്നു പിന്തിരിപ്പിക്കുന്നതിലേക്കോ വേണ്ടി പരിശ്രമിക്കുന്നതിലേക്കായി സ്വീകരിക്കുന്ന പ്രതിഫലവും കൈക്കൂലിവാങ്ങൽ ആണു്.

ഒരാളുടെ സ്ഥാനാർത്ഥിത്വം, അപരന് ചില സന്ദർഭങ്ങളിൽ, ഗുണമായും, മററ് ചില സന്ദർഭങ്ങളിൽ ദോഷമായും ഭവിക്കാൻ ഇടയുണ്ട്. അപ്രകാരം ഉള്ള സന്ദർഭങ്ങളിൽ എതിരാളിയെ മത്സരരംഗത്തു് നിന്നു മാററുന്നതിലേക്കും, ഉറപ്പിച്ചു് നിറുത്തുന്നതിലേക്കും വേണ്ടി അടവുകൾ സ്വീകരിക്കുക സ്വാഭാവികമാണല്ലോ. മററൊരു സ്ഥാനാർത്ഥിയിൽ നിന്നുള്ള പ്രതിഫലം ലാക്കാക്കികൊണ്ട്, സ്ഥാനാർത്ഥിയാകുന്ന പതിവും അസാധാരണമല്ല. അതുപോലെ തന്നെയാണു് സമ്മതിദായകരുടെ പ്രശ്നവും. വോട്ടറൻമാർക്കു് പണം കൊടുത്തു് മാത്രമല്ല സമ്മാനങ്ങൾ നൽകിയും, വാഗ്ദാനങ്ങൾ കൊടുത്തും പ്രലോഭിപ്പിച്ചു് വോട്ടു നേടുന്നതും അസാധാരണമല്ല. ഇവ ആരോഗ്യകരമായ മത്സരത്തിനും, സ്വതന്ത്രമായ തിരഞ്ഞെടുപ്പിനും വിഘാതമാണു്. ഇത്തരത്തിലുള്ള ദൂഷിച്ച പ്രവണതകൾക്കെതിരെ നിയമം വിരൽ ചൂണ്ടുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കൈക്കൂലി ശിക്ഷാർഹമാണു്.

## പാരിതോഷികം അല്ലെങ്കിൽ പ്രതിഫലം ( ഗ്രാററിഫിക്കേഷൻ )

ഗ്രാററിഫിക്കേഷനു് 123 ാം വകുപ്പ് വിശദികരണം നൽകിയിട്ടുണ്ട്. അതനുസരിച്ചു് പ്രതിഫലം നൽകുന്നതു് പണമായിട്ടോ, പണത്തിൽ കണക്കാക്കാവുന്ന തരത്തിൽ ഉൾപ്പെടുന്നതോ ആയിരിക്കണമെന്നില്ല. മൂല്യ നിർണ്ണയം ചെയ്യാൻ കഴിയാത്ത രീതിയിലുള്ളതായാലും പാരിതോഷികമായി കണക്കാക്കുന്നതാണു്.

ജോലി നൽകുന്നതും, ജോലിനൽകാമെന്നു ഉറപ്പ് ചെയ്യുന്നതും ഗ്രാററിഫിക്കേഷനാണു്. തനിക്കു് സ്വാധീനമുള്ള ഒരാളുടെ കീഴിൽ ജോലി നൽകാൻ ഏർപ്പാടു് ചെയ്യുന്നതും കൈക്കൂലിയിൽ പെടും.

വോട്ടറന്മാർക്കു് സദ്യ നടത്തുക, ആഹാരം നൽകുക, വി

നോട പരിപാടികൾക്കു് ഏർപ്പാടുണ്ടാക്കുക ഇവയും കൈക്കൂലി നൽകലായിട്ടാണു് പരിഗണിച്ചിട്ടുള്ളതു്.

എന്നാൽ നിയമപരമായി തിരഞ്ഞെടുപ്പു ചിലവുകളുടെ കണക്കിൽകൊണ്ടുവരുവാൻ കഴിയുന്ന ചിലവിനങ്ങൾ കൈക്കൂലിയായി കണക്കാക്കുന്നതല്ല. പക്ഷെ അവ തിര: ചിലവുകളുടെ കണക്കിൽ ചേർത്തിട്ടുണ്ടായിരിക്കണം.

ഒരു സമ്മതിദായകനു, അല്ലെങ്കിൽ നാമനിർദേശപത്രിക സമർപ്പിക്കുകയോ, അതിൽനിന്നും പിൻമാറുകയോ ചെയ്യുന്ന ഒരാളിനു് ജോലി നൽകുന്നതും നൽകാമെന്നു് വാഗ്ദാനം നൽകുന്നതും തിരഞ്ഞെടുപ്പു് വിജയം ലക്ഷ്യമാക്കിക്കൊണ്ടായിരിക്കേണ്ടതുണ്ടു്. സാധാരണ ഗതിയിൽ ന്യായമായി നൽകുന്ന ജോലി ഈ വകുപ്പിൽ വരുന്നതല്ല. ആത്യന്തികമായ ലക്ഷ്യവും, ഫലവും, തനിക്കു് അനുകൂലമായി വോട്ടു് രേഖപ്പെടുത്തുന്നതിലേക്കോ, എതിർസ്ഥാനാർത്ഥിക്കു് വോട്ടു് ചെയ്യുന്നതിൽനിന്നു് തടയുന്നതിലേക്കോ ആയിരിക്കേണ്ടതാണു്. തിരഞ്ഞെടുപ്പു് പ്രവർത്തകരെ നിയമിക്കുന്നതും, വോട്ടറന്മാരെ പ്രവർത്തകരായി നിയമിക്കുന്നതും ദുരുദ്ദേശപ്രേരിതമാണെങ്കിൽ അതു് അഴിമതിയാണു്. പാരിതോഷികം നൽകുന്നതിൻെറ പരമമായ ലക്ഷ്യം അതുകൊണ്ടു് ഉണ്ടാകുന്ന നേട്ടമായിരിക്കണം.

തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയെ പിൻമാററാൻ ശ്രമിക്കുന്നതും പ്രേരിപ്പിക്കുന്നതും, അയാൾ പിൻമാറുന്നതുകൊണ്ടു് തൻെറ വിജയം തീർച്ചയാകുമെന്നതുകൊണ്ടും, മറിച്ചു് അയാൾ കൂടെ രംഗത്തുണ്ടായിരുന്നാൽ തൻെറ നില പരുങ്ങലിലാകുമെന്നും മനസ്സിലാക്കിക്കൊണ്ടായിരിക്കും. അതിനാൽ ആണു് അയാൾക്കു് കൈക്കൂലി നൽകി പിൻമാററുന്നതു്.

ദേവാലയങ്ങളുടെ പുനരുദ്ധാരണം, ആതുരാലയങ്ങളുടെ സ്ഥാപനം, ചേരികളുടെ ശുചീകരണം തുടങ്ങിയവക്കു് തിരഞ്ഞെടുപ്പു് കാലത്തു് ഒരു സ്ഥാനാർത്ഥി മുൻകൈ എടുക്കുന്നതു് പരോക്ഷമായി വോട്ടറന്മാർക്കു് കോഴ കൊടുക്കലാണു്. സ്ഥാനാർത്ഥിയുടെ അനുമതിയോടെയും, അറിവോടെയും ചെ

യ്യുന്ന വോട്ട് തങ്ങൾക്ക അനുകൂലമാക്കുന്നതിനോ, എതിരാളിക്ക് പ്രതികൂലമാക്കുന്നതിനോ വേണ്ടിയായിരുന്നാൽ കോഴ നൽകലാണ്. അതിനാൽ ഇവ അഴിമതിയുടെ നിർവചനത്തിൽ വരുകയും ചെയ്യും. പക്ഷെ ഇത്തരം പ്രവർത്തികൾ നടാടെ അല്ലെങ്കിലും, സാധാരണ ഗതിയിൽ ചെയ്തുവരാറുള്ളതാണെങ്കിലും അഴിമതിയായി കണക്കാക്കാൻ പ്രയാസവുമാണ്.

സദ്യനടത്തുകയും, ഭക്ഷണം നൽകുകയുമാണല്ലോ മറെറാരു ഉപാധി. വിശപ്പ് വിലക്ക വാങ്ങുകയാണെങ്കിൽ അഴിമതിയാണ്. സദ്യ നടത്തുന്നതിലേക്കും വിനോദപരിപാടികൾക്ക് സൗകര്യം ചെയ്യുന്നതിലേക്കും തിരഞ്ഞെടുക്കുന്ന സന്ദർഭങ്ങളും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. തിരഞ്ഞെടുപ്പിനു വളരെ മുൻപാണ് സംഭവം എങ്കിൽ അതു് തിരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിയുള്ളതാണെന്നു് പറയുക പ്രയാസമാണ്. കീഴ് വഴക്കമായും പരമ്പരാഗതമായും ഉള്ളതിൻെറ തുടർച്ചയാണെങ്കിലും അവയിലും അഴിമതി ആരോപിക്കുക ശരിയായിരിക്കുകയില്ല. ചുരുക്കത്തിൽ ഉദ്ദേശ ശുദ്ധിയും, ലക്ഷ്യവും, സന്ദർഭവും പ്രത്യേകം എടുത്തു ഗുണദോഷ വിവേചനം ചെയ്യേണ്ടതായിവരും.

കൈക്കൂലിയുടെ അളവ് അല്ലെങ്കിൽ വ്യാപ്തി പ്രശ്നമാക്കാറില്ല. കാരണം, അതു് എത്ര ചെറിയ തോതിലായാലും ഒരിക്കൽ തെളിയിക്കപ്പെട്ടാൽ തിരഞ്ഞെടുപ്പ് അസാധുവായിത്തീരും. സംശയത്തിൻെറ ആനുകൂല്യം പ്രതിക്കാണ്.

## 2 അവിഹിതമായ സ്വാധീനം

സ്ഥാനാർത്ഥിയോ, അയാളുടെ തിരഞ്ഞെടുപ്പ് ഏജൻേറാ അല്ലെങ്കിൽ ഇവരിരുവരിൽ ആരുടെയെങ്കിലും അനുവാദത്തോടെമൂന്നാമതൊരാളോ, മറെറാരാളുടെ സ്വതന്ത്രമായ സമ്മതിദാനാവകാശത്തിൽ, ഇടപെടുന്നതും, ഇടപെടാൻ ശ്രമിക്കുന്നതും അവിഹിതമായ സ്വാധീനം ചെലുത്തലിൻെറ പരിധിയിൽ

വരുന്നതായിരിക്കും. ഇതു പ്രത്യക്ഷമായിട്ടായാലും ശരി, പരോക്ഷമായിട്ടായാലും ശരി.

കൂടാതെ വോട്ടറന്മാരെയും, എതിർ സ്ഥാനാർത്ഥികളേയും, എന്നല്ല, ആരെയും ഭീഷണിപ്പെടുത്തുന്നതും, അവിഹിതമായി സ്വാധീനിക്കൽ ആണു്. 'സമൂഹ'ത്തിൽ നിന്നും പുറത്താക്കുമെന്നു് ഭീഷണിപ്പെടുത്തുന്നതും, സമൂഹമദ്ധ്യത്തിൽ കരിതേച്ചു കാണിക്കുമെന്നു് ഭയപ്പെടുത്തുന്നതും അഴിമതിയുടെ പരിധിയിൽ ഉൾപ്പെടുന്നതാണു്. എതിർ സ്ഥാനാർത്ഥിയുടെയോ സമ്മതിദായകൻെറയോ, വിശ്വാസപ്രമാണങ്ങളിൽ നിന്നു് മുതലെടുക്കുന്നതും ദൈവകോപത്തിനിടയാക്കും എന്നു് വിശ്വസിപ്പിച്ചു ഭയപ്പെടുത്തുന്നതും, അവിഹിതമായ സ്വാധീനം ചെലുത്തുന്ന നടപടിയായിരിക്കും. മാത്രവുമല്ല സ്വതന്ത്രമായ സമ്മതിദാനാവകാശത്തിൻെറ നേർക്കുള്ള കൈകടത്തലുമാണു്.

അവിഹിതമായ സ്വാധീനം ഉപയോഗിച്ചു എന്നതുകൊണ്ടു്, ആ സ്വാധീനതക്കു അടിമപ്പെട്ടു് ഒരാൾ തൻെറ ഇച്ഛക്കു് വിരുദ്ധമായി പ്രവർത്തിക്കുകയുണ്ടായോ എന്നതു് പ്രശ്നമാകുന്നില്ല. സ്വാധീനിക്കുന്നതിലേക്കായി കുതന്ത്രങ്ങൾ പ്രയോഗിച്ചിട്ടുണ്ടായിരുന്നോ എന്നതു് മാത്രമാണു് നോക്കുന്നതു്. മതവും, മതമേധാവിയും ഇക്കാര്യത്തിൽ പലപ്പോഴും വിവാദവിഷയമാകാറുണ്ടു്. മററു് പൗരന്മാരെപ്പോലെ പുരോഹിതനും രാഷ്ട്രീയത്തിൽ സ്വാഭിപ്രായം ഉണ്ടാകാം; സ്ഥാനാർത്ഥികളുടെ ഗുണദോഷങ്ങളെ വിവേചിച്ചു് പഠിച്ചിട്ടുമുണ്ടായിരിക്കാം സ്വാഅഭിപ്രായം പ്രകടിപ്പിക്കുന്നതിനും, ഒരു സ്ഥാനാർത്ഥിക്കു് വേണ്ടി പ്രവർത്തിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം അനുവദനീയവുമാണു്. എന്നാൽ തൻെറ പൗരോഹിത്യ പദവി ഉപയോഗിച്ചു് ഒരു പ്രത്യേക സ്ഥാനർത്ഥിക്കു് വേണ്ടി, വോട്ടു് രേഖപ്പെടുത്താത്തപക്ഷം, അതു് ദൈവകോപത്തിനിടായാക്കുമെന്നും, മതവിദ്വേഷമായി കണക്കാക്കുന്നതായിരിക്കുമെന്നും, വിശ്വാസികളുടെ മദ്ധ്യത്തിൽ പ്രചാരവേല ചെയ്താൽ,അതു് അവിഹിതമായ നടപടിയാണു്; തദ്വാരാ അഴിമതിയുമാണു്.

സമ്മർദ്ദം ചെലുത്തുക എന്നതു് അവിഹിത സ്വാധീന ത്തിൽ ഉൾപ്പെടുന്നതാണു്. പുരോഹിതന്മാർക്കു് മാത്രമല്ല, സമൂ ഹത്തിൽ പ്രാമാണ്യം ലഭിക്കുന്ന മററു് പലർക്കും സമൂഹ ത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള സന്ദർഭങ്ങൾ സുലഭമാണല്ലോ. ഇവിടെയും സ്വാഭിപ്രായ പ്രകടനത്തെ വിലക്കുന്നില്ല. എ ന്നാൽ ദുർബലവിഭാഗങ്ങളുടെ നേർക്കു് പ്രയോഗിക്കുന്ന സമ്മർ ദ്ദം തികഞ്ഞ അഴിമതിയായി കണക്കാക്കുകയും ചെയ്യും.

രാഷ്ട്രീയ കക്ഷികൾ സ്ഥാനാർത്ഥികളെ നിശ്ചയിക്കുക യും, തങ്ങളുടെ കക്ഷി സ്ഥാനാർത്ഥിക്കു് വേണ്ടി പ്രചരണങ്ങ ളും, പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്യും. എതിർ സ്ഥാനാർത്ഥിക്കെതിരായും, തങ്ങളുടെ പ്രവത്തനങ്ങൾ നടത്തു ന്നതും സ്വാഭാവികമാണു്. ഈ സ്വാതന്ത്ര്യം ഒരു രാഷ്ട്രീയകക്ഷി ക്കു് നിഷേധിക്കുവാനും പാടുള്ളതല്ല എന്നാൽ തങ്ങൾ നിശ്ച യിക്കുന്ന സ്ഥാനാർത്ഥിക്കെതിരായി പ്രവർത്തിക്കുന്ന പാർട്ടി അംഗങ്ങളെ പാർട്ടിയിൽനിന്നും ഗളഹസ്തം ചെയ്യുമെന്നു് ഭീഷ ണിപ്പെടുത്തുന്നതായാൽ അതു് അവിഹിത സ്വാധീനം ചെ ലുത്തുന്ന നടപടിയായിരിക്കും.

ഭീഷണിയുടെ കാര്യമെടുക്കാം. ഭീഷണി കൈയേററമാ കണമെന്നില്ലല്ലോ. സമ്മതിദായകന്റെ സ്വതന്ത്രമായ തീരുമാ നത്തെ മാററിമറിക്കാൻ പ്രേരകമായ മാനസികാവസ്ഥ അയാ ളിൽ ജനിപ്പിക്കുകയാണു് ഭീഷണിയുടെ ഉദ്ദേശം. സാമൂഹ്യ വും, ശാരീരികവുമായ ഭവിഷ്യത്തുകൾക്കു് വിധേയനാകേണ്ടി വരും എന്ന ഭീതി ഒരാളിൽ ജനിപ്പിക്കുന്നതും ഭീഷണിയാണു്. കൂടാതെ കുഴപ്പങ്ങൾ സൃഷ്ടിക്കുക, തടഞ്ഞു് വെക്കുക, ശക്തി പ്രയോഗിക്കുക തുടങ്ങിയ കാര്യങ്ങൾ എല്ലാം സ്വതന്ത്രമായ സ മ്മതിദാനാവകാശത്തിൽ കൈവെക്കലാണു്. എന്നാൽ തട്ടി പ്പും, സൂത്രവും മുഖേന ചതിച്ചും, വഴിതെററിച്ചും ആണു് ഒ രാൾ തിരഞ്ഞെടുപ്പിൽ വിജയിക്കുന്നതെന്നതിരുന്നാലും മതി യായ തെളിവുകൾ ഹാജരാക്കാൻ കഴിയാത്തപക്ഷം, അയാ ളുടെ തിരഞ്ഞെടുപ്പ് അസാധുവാക്കുക പ്രയാസകരമാണു്.

രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥി, തിര: ഏജൻറ് എന്നിവർ മാത്രമല്ല, ഏതൊരാറം അവിഹിതമായ സ്വാധീനം ചെലുത്തുന്നതായാലും, തിരഞ്ഞെടുപ്പ് അസാധുവായിത്തീരുമെന്നാണ് നിയമം. ആർ. പി ആക്ട് അനുസരിച്ച് സ്ഥാനാർത്ഥി, തിര: ഏജൻറ്, അല്ലെങ്കിൽ ഇവരിരുവരിൽ ആരുടെയെങ്കിലും അനുമതിയോടെ മററാളുകളോ അഴിമതി നടത്തുന്നതായാൽ മാത്രമേ തിരഞ്ഞെടുപ്പ് അസാധുവാകുകയുള്ളു.

ഒരാളുടെയും സമ്മതിദാനാവകാശിൽത്ത കൈവക്കാതെ പൊതുനയങ്ങറം പ്രഖ്യാപിക്കുന്നതും, നിയമപരമായ ചുമതലകറം നിർവഹിക്കുന്നതും, 123 (2a) വകുപ്പിൽ പറയുന്ന അവിഹിത സ്വാധീനം എന്നതിൻെറ പരിധിക്കകത്ത് വരുന്നതല്ല. തിരഞ്ഞെടുപ്പ് കാലത്ത് രാഷ്ട്രീയകക്ഷികറം നയപ്രഖ്യാപനങ്ങറംനടത്തുക സ്വാഭാവികമാണല്ലോ. നയങ്ങളും പരിപാടികളും ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയും, അവയുടെ അടിസ്ഥാനത്തിൽ വോട്ടറന്മാരോട്, വോട്ട് ചെയ്യുന്നതിന് അഭ്യർത്ഥന നടത്തുകയും ചെയ്യും. കക്ഷിഅടിസ്ഥാനത്തിൽ മത്സരം നടക്കുമ്പോറം നയങ്ങളുടെയും, പരിപാടികളുടെയും അടിസ്ഥാനത്തിൽ ആയിരിക്കും, സാധാരണക്കാർ തങ്ങളെ പ്രതിനിധീകരിക്കേണ്ടവരെക്കുറിച്ച് തീരുമാനം കൈകൊള്ളുന്നത്. അതിനാൽ നയപ്രഖ്യാപനങ്ങറം 'അവിഹിത സ്വാധീനം' എന്നതിൽ ഉറംപെടുകയും ഇല്ല.

## ജാതി, മതം, ദേശീയപതാക

ജാതി, മതം, വർഗ്ഗം, ഭാഷ, സമുദായം ഇവയുടെ പേരിൽ വോട്ട് ചെയ്യുന്നതിനുള്ള അഭ്യർത്ഥന ഒരു സ്ഥാനാർത്ഥിയും പുറപ്പെടുവിക്കാൻ പാടില്ല. ദേശീയപതാക ദുർവിനിയോഗം ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. ഒരു സ്ഥാനാർത്ഥി തൻെറ വിജയത്തിനുവേണ്ടി ഇവ ഉപയോഗിക്കാൻ പാടില്ലെ

ന്ന് മാത്രമല്ല എതിർസ്ഥാനാർത്ഥിക്കെതിരായ ആയുധമായി ഉപയോഗിക്കുകയും അരുത്. സ്ഥാനാർത്ഥിയോ, തിര: ഏജൻറോ, ഇവരുടെഅനുമതിയോടെ മൂന്നാമതു് ഒരാളൊ അപ്രകാരം ചെയ്യുന്നതും കുററകരമാണ്. കൂടാതെ തിരഞ്ഞെടുപ്പ് അസാധുവാകുന്നതിനും ഇതു് പര്യാപ്തമാണ്. സ്ഥാനാർത്ഥി തനിക്കു് അനുകൂലമായി വോട്ടു് ക്യാൻവാസ് ചെയ്യുന്നതിലേക്കു് ജാതി, മതം, ദേശീയചിഹ്നം, പതാക ഇവ ഉപയോഗിക്കുന്നതും എതിർസ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഫലത്തെ പ്രതികൂലമായി ബാധിക്കുന്നതിലേക്കു് ഇക്കാര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതും അഴിമതിയായി കണക്കാക്കും.

ജാതി, മതം, സമുദായം, ഭാഷ ഇവയുടെ പേരിൽ നടത്തുന്ന ഏതെല്ലാം തരത്തിലുള്ള പ്രസ്താവനകളും, പ്രചരണോപാധികളും ആണു് അഴിമതിയായി കണക്കാക്കുന്നതെന്നു് കൃത്യമായും വ്യക്തമാക്കപ്പെട്ടിട്ടില്ല. എഴുതിത്തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ലഘുലേഖകളും, നോട്ടീസുകളും, പോസ്റ്ററുകളും ബാനറുകളും പ്രചരണോപാധികളാണ്. ഇവ പുറപ്പെടുവിക്കുന്നസന്ദർഭങ്ങളെയും, ഉളവാക്കുന്ന പ്രതികരണങ്ങളെയും ആശ്രയിച്ച്‌വേണം തീരുമാനം എടുക്കുന്നതു്. പ്രസിദ്ധീകരണങ്ങളും, പ്രചരണോപാധികളും മൊത്തത്തിൽ വിലയിരുത്തിയിട്ടായിരിക്കണം ഒരു നിഗമനത്തിൽ എത്തിച്ചേരുക. നൈമിഷികവികാരങ്ങൾ ജാതിയുടെയും, മതത്തിൻെറയും, ഭാഷയുടെയും, പേരിൽ ഇളക്കിവിടുക ക്ഷിപ്രസാദ്ധ്യമാണ്- ഇവ ഇളക്കിവിടുന്നതു് കൊണ്ടുള്ള അപകടങ്ങൾ അനിർവചനീയങ്ങളുമാണ്. ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഫലത്തെ രൂപപ്പെടുത്താൻ വേണ്ടി സ്ഥായീഭാവത്തിലുള്ള ശത്രുത ജനിപ്പിക്കാൻ പാടുള്ളതല്ല.

മതത്തിൻെറ കാര്യവും ഇതിൽനിന്നും വ്യത്യസ്ഥമാകുന്നില്ല. ജാതി—മതങ്ങൾ നിലനിൽക്കുക മാത്രമല്ല, അവയെ അംഗീകരിക്കുകയും ചെയ്യുന്നതാണല്ലോ, ഇൻഡ്യൻസമൂഹം. അതി

നാൽ ജാതിയും, മതവും വോട്ടറന്മാരെ സ്വാധീനിക്കാൻ ഒരു പരിധിവരെസഹായകവുമാണ്. അക്ഷരാഭ്യാസമില്ലാത്തവോട്ടറന്മാരിലും, അന്ധമായ മതവിശ്വാസങ്ങൾവെച്ച് പുലർത്തുന്ന ആളുകളിലും ഈശ്വര "ശാപത്തിൻെറയുംകോപ"ത്തിൻെറയും പ്രചരണം വലിയ സ്വാധീനം ചെലുത്തും. ഇത് തിരഞ്ഞെടുപ്പിൻെറ സ്വതന്ത്രമായ രീതിയെ ഹനിക്കുന്നു. മതപരമായ വിലക്കുകൾ കല്പിക്കുന്നതും സ്വാഭിപ്രായത്തിനെതിരായിപ്രവർത്തിക്കാൻ സമ്മതിദായകരെ പ്രേരിപ്പിക്കുന്ന നടപടിയാണ്. ജനതയുടെ ഐക്യവും, രാഷ്ട്രത്തിൻെറ കെട്ടുറപ്പുമായിരിക്കണം എല്ലായിപ്പോഴും ഉയർന്നു നിൽക്കേണ്ടതു്. സ്വതന്ത്രമായ സമ്മതിദാനാവകാശംഅക്ഷരാർത്ഥത്തിൽതന്നെ ഉണ്ടായിരിക്കുകയും വേണം. മതപരമായ വിദ്വേഷം കുത്തിപ്പൊക്കുന്നതും മതവിശ്വാസങ്ങളുടെ പേരിൽ സമ്മതിദാനാവകാശം ദൃഷണം ചെയ്യുന്നതും അഴിമതിയായി പരിഗണിക്കേണ്ടതും ആണ്.

സമുദായം എന്ന ഈ വകുപ്പിൽ വിവക്ഷിച്ചിരിക്കുന്നതു സങ്കചിതമായ അർത്ഥത്തിലാണ്. ജാതിയും, മതവുമായി ബന്ധപ്പെട്ട സമുദായത്തെയാണ് ഇതിൽ ഉദ്ദേശിച്ചിരിക്കുന്നതു്. വിവിധ ജാതിക്കാർ ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും ഉൾപെടുന്നവരായുണ്ടല്ലോ. ജാതി ഏതായാലും ഹിന്ദുമതവിശ്വാസികളെ മൊത്തത്തിൽ ഹൈന്ദവ സമുദായമായി കണക്കാക്കാറുണ്ട്. മററു മതങ്ങളുടെ കാര്യവും ഇതുപോലെയാണ്. ഇത്തരം സന്ദർഭങ്ങളിൽ ജാതി, മതം എന്നിവക്കു് പകരം സമുദായം എന്ന പദം ഉപയോഗിക്കുന്നു. തിരഞ്ഞെടുപ്പിൽ സമുദായത്തെ കേന്ദ്രബിന്ദു ആക്കുന്നതും സമുദായത്തിൻെറ പേരിൽ വഴക്കും, വക്കാണവും സൃഷ്ടിക്കുന്നതും, ആയതിലേക്കു് പ്രേരിപ്പിക്കുന്നതും അഴിമതിയായി കണക്കാക്കുന്നതായിരിക്കും.

ഭാഷയുടെ പേരിൽ, വോട്ട് ആവശ്യപ്പെടുന്നതും, വോട്ട് ചെയ്യരുതെന്ന് വിലക്കുന്നതും, അത്തരത്തിലുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതും, അഴിമതിയുടെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. ഒരു സ്ഥാനാർത്ഥിയുടെ ഭാഷ ഇന്നതായ

ത് കൊണ്ട് അയാൾക്ക് വോട്ട് ചെയ്യരുത് എന്നു പറയുന്ന തും അഴിമതിയാണ്. എന്നാൽ ഇന്ന ഭാഷയുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് ഒരാൾ നിലകൊള്ളുന്നതെന്നു പറയുന്നതു് അഴിമതിയായി കണക്കാക്കുകയും ഇല്ല.

ദേശീയപതാകയും, ദേശീയ ചിഹ്നവും തിരഞ്ഞെടുപ്പി ലെ പ്രചരണങ്ങൾക്ക് കരുക്കളാക്കുന്നതും അനുവദനീയമല്ല. ദേശീയ ചിഹ്നവും, ദേശീയപതാകയും രാഷ്ട്രത്തിന്റെ മൊ ത്തമാണ്. രാഷ്ട്രീയ കക്ഷികൾക്കും, രാഷ്ട്രീയത്തിനും അതീതവു മാണ്. തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയും തനിക്കനുകൂല മായോ, എതിർ സ്ഥാനാർത്ഥിക്ക് പ്രതികൂലമായോ, ഇവ ഉപ യോഗിക്കുന്നതും തടഞ്ഞിട്ടുണ്ട്. ദേശീയ പതാകക്കും ചി ഹ്നത്തിനും, തികച്ചും സമാനമായവയും, ദേശപതാകയും ചി ഹ്നമായിതന്നെ പരിഗണിക്കുന്നതുമാണ്.

മത ചിഹ്നങ്ങൾ ഉപയോഗപ്പെടുത്തുന്നതും അഴിമതി യായി കണക്കാക്കും. മതചിഹ്നവും പതാകയെ സംബന്ധി ച്ചിടത്തോളം, അതും, പ്രത്യക്ഷത്തിൽ മതപരമായ ചടങ്ങുകൾ ക്കും ആവശ്യത്തിനും മാത്രം ഉപയോഗിക്കപ്പെടുന്നവയായിരി ക്കണം. അല്ലാതെ സാധാരണ ഗതിയിൽ മററുകാര്യങ്ങൾക്കാ യും ഉപയോഗിക്കപ്പെടുന്നവയായിരുന്നാൽ അവയുടെ ഉപ യോഗം അഴിമതിയായി കണക്കിലെടുക്കാൻ കഴിയുന്നതല്ല.

## 3 എ. ശത്രുതയും വിദ്വേഷവും

ജാതി, മതം, സമുദായം വർഗ്ഗം, ഭാഷ ഇവയുടെ പേ രിൽ ശത്രുതയും വിദ്വേഷവും, ഇളക്കിവിടുന്നതും, തിരഞ്ഞെ ടുപ്പിലെ അഴിമതിയാണ്. തിര: ഫലം തനിക്ക് അനുകൂലമാ ക്കുന്നതിലേക്കായാലും, എതിരാളിക്ക് പ്രതികൂലമാക്കുന്നതിലേ ക്കായാലും അഴിമതിയായിത്തന്നെ പരിഗണിക്കും. സ്ഥാനാർ ത്ഥിയുടേയും, തിര: ഏജൻറിൻെറയും സമ്മതപ്രകാരം മൂന്നാ മതൊരാൾ ഇവ ചെയ്യുന്നതായാലും അഴിമതിയാണ്. ഭിന്ന

വർഗ്ഗങ്ങളും, സമുദായങ്ങളും അടങ്ങുന്നതാണ് ഇന്ത്യൻ സമൂഹം. ഭാഷാഭ്രാന്തും, ഭാഷാവിദ്വേഷവും, രാജ്യത്തിന്റെ ഭദ്രതയെ തകരാറിലാക്കാൻ ഇടനൽകുന്നവയാണ്. ജാതി, മതസമുദായവിദ്വേഷങ്ങൾ പോലെ തന്നെ, ഭാഷാവിദ്വേഷം ജനിപ്പിക്കുന്ന പ്രവർത്തനങ്ങളും അഴിമതിയായി കണക്കാക്കുന്നതാണ്.

## 4 വ്യാജപ്രസ്താവന

ഒരു സ്ഥാനാർത്ഥിയുടെ വ്യക്തിപരമായ സ്വഭാവത്തെപ്പററിയോ അയാൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചതിനെ സംബന്ധിച്ചോ, പിൻമാററ "പ്രശ്നത്തെക്കുറിച്ചോ, കളവാണെന്ന് അറിഞ്ഞുകൊണ്ടും,സത്യമല്ലെന്ന ഉറപ്പോടുംകൂടെ, കരുതിക്കൂട്ടി കരിതേച്ച് കാണിക്കുന്നതിനും, തിരഞ്ഞെടുപ്പ്ഫലം ദോഷകരമാകണമെന്ന ഉദ്ദേശത്തോടെയും, നടത്തുന്ന പ്രസ്താവന അഴിമതിയാണ്. ഇത് എതിർ സ്ഥാനാർത്ഥിയോ തിര: ഏജന്റോ അല്ലെങ്കിൽ അവരുടെ അനുവാദപ്രകാരം വേറൊരാൾ ചെയ്യുന്നതായാലും അഴിമതിയായി കണക്കാക്കും.

ഇത്തരം അപകീർത്തികരമായ പ്രസ്താവനകൾ ദുരുദ്ദേശപ്രേരിതങ്ങളും, എതിർ സ്ഥാനാർത്ഥിയുടെ പരാജയം ലക്ഷ്യമാക്കിക്കൊണ്ടുള്ളതും ആയിരിക്കണം. പ്രസ്താവനക്ക് വായ്മൊഴി-വരമൊഴി വ്യത്യാസമില്ല. സമ്മതിദായകരുടെ ഇടയിൽ പ്രചരിക്കണം എന്നു് മാത്രമെയുള്ളു. ബന്ധപ്പെട്ട നിയോജക മണ്ഡലങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രസ്താവനകളും അച്ചടിച്ച് പ്രചരിപ്പിക്കുന്ന നോട്ടീസുകളും ഇക്കൂട്ടത്തിൽ ഉൾപെടും. പൊതുയോഗങ്ങളിൽ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചാലും പ്രചരിപ്പിച്ചാലും എല്ലാംതന്നെ പ്രസിദ്ധീകരണം എന്നതിൽപെടും. ഇത്തരം കേസ്സുകളിൽ തെളിവ്ഭാരം പെററീഷണർക്കായിരിക്കുകയും ചെയ്യും.

മൂന്നാമൻ പുറപ്പെടുവിക്കുന്ന പ്രസ്താവനകൾക്ക സ്ഥാനാർത്ഥിയുടെ അറിവോ സമ്മതമോ ഉണ്ടായിരുന്നോ എന്നു് നിശ്ചയിക്കുന്നതു് സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണു്. സ്ഥാനാർത്ഥിയുടെയും തിര: ഏജൻറിൻെറയും പ്രസ്താവന പുറപ്പെടുവിച്ചു കൂടെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രധാനമായും പരിഗണിക്കുന്നതാണു്.

(a) അപകീർത്തികരമായ പ്രസ്താവന പുറപ്പെടുവിക്കുന്നതിനു് മുൻപു് അതു് തടയുന്നതിനു് കഴിയുമായിരുന്നോ?

(b) പ്രസ്താവന ചെയ്തതു് വിജയിച്ച സ്ഥാനാർത്ഥിയുടെ നേട്ടത്തെ ഉദ്ദേശിച്ചായിരുന്നോ?

(c) തിരഞ്ഞെടുപ്പു ഫലത്തെ അതു് എത്രകണ്ടു് സ്വാധീനിച്ചു?

(d) എതിർ സ്ഥാനാർത്ഥിയെ അപകീർത്തിപ്പെടുത്തുന്നതിനു് പ്രസ്താവന പര്യാപ്തമായിരുന്നോ?

(e) പ്രസ്താവന നടത്തിയ സന്ദർഭം.

ഇത്രയുംസൂക്ഷ്മമായ പരിശോധന നടത്തുന്നതിനുള്ള കാരണം, ആരോപണം തെളിയിക്കപ്പെടുകയാണെങ്കിൽ തിരഞ്ഞെടുപ്പ് അസാധുവായിത്തീരും എന്നുള്ളതുകൊണ്ടാണു്. കൂടാതെ പ്രസ്താവന പുറപ്പെടുവിച്ച ആൾ ശിക്ഷക്കു് വിധേയനാകുകയും ചെയ്യും.

അപകീർത്തികരമായ പ്രസ്താവനക്കു് വിധേയനാകുന്ന ആൾമത്സരത്തിൽ അവശേഷിക്കുന്ന ആളായിരിക്കണമെന്നില്ല.

നാമനിർദേശപത്രിക സമർപ്പിക്കുന്ന ആരെക്കുറിച്ചുള്ള പ്രസ്താവനയും ആകാം. അതായതു് പ്രസ്താവനക്കു് വിഷയമായ ആൾ മത്സരത്തിൽ നിന്നും പിൻമാറിയിട്ടുണ്ടായിരുന്നാൽ പോലും ഈ വകുപ്പ് ബാധകമാണു്.

തിരഞ്ഞെടുപ്പു്,രാഷ്ട്രീയ വ്യക്തിഹത്യക്കുള്ള അവസരമായി തീരുന്നതു് ശരിയായ നടപടിയല്ലല്ലോ. രാഷ്ട്രീയ ജീവിത

വും, വ്യക്തിജീവിതവും പരസ്പരം ബന്ധപ്പെട്ടതായിരിയ്ക്കാം. പലപ്പോഴും അവയ്ക്കു് അതൃത്തി വരമ്പുകറം നിശ്ചയിക്കുക പ്രയാസകരവുമാണ്. ബാഹ്യപ്രകൃതിക്കും, മനോഗതിക്കും, പരസ്പര ബന്ധമില്ലാത്ത അവസരങ്ങറം രാഷ്ട്രീയ പ്രവർത്തകരിലും വിരളമല്ല. ഇത്തരം സന്ദർഭങ്ങളിൽ രാഷ്ട്രീയ മനുഷ്യനാണ് നിയമം മുൻതൂക്കം കല്പിക്കുന്നതു്.

## 5 സൗജന്യ യാത്രാ സൗകര്യം

പോളിംഗ് സ്റ്റേഷനിലേക്കും, അവിടെനിന്നും തിരിച്ചും വോട്ടറന്മാരെ കൊണ്ടുപോകുന്നതിനു് സ്ഥാനാർത്ഥികറം വാഹനങ്ങറം ഏർപ്പാടു് ചെയ്യുന്നതു് നിയമം മൂലം വിലക്കിയിട്ടുണ്ടു്. വോട്ടറന്മാരെ സൗജന്യമായി കൊണ്ടുപോകുന്നതിലേക്കു് വാഹനങ്ങറം വാടകക്കു് സമ്പാദിക്കുന്നതു് സ്ഥാനാർത്ഥിയുടെ തിര: ഏജൻറോ, സ്ഥാനാർത്ഥിയുടേയോ, തിര: ഏജൻറിൻെറയോ അനുമതിയോടെ വേറൊരാളോ ആയിരുന്നാലും അഴിമതിയാണു്. അതു് നിരോധിക്കപ്പെട്ടിട്ടുമുണ്ടു്. വാഹനങ്ങറം വാടകക്കു് എടുക്കുന്നതുപോലെ തന്നെ മററു് രീതിയിൽ സമ്പാദിക്കുന്നതായാലും അഴിമതിയും, കുററകരമായ പ്രവർത്തിയും ആയിരിക്കും. ഈ വകുപ്പിൽ വോട്ടറന്മാർ എന്നതിൽനിന്നും സ്ഥാനാർത്ഥിയുടെ കുടുംബാംഗങ്ങളെയും, തിര: ഏജൻറിനെയും ഒഴിവാക്കിയിട്ടുണ്ടു്.

ഏതാനും സമ്മതിദായകർ ചേർന്നു് അവരുടെ സ്വന്തം ചിലവിൽ, വോട്ടുരേഖപ്പെടുത്തുന്ന ആവശ്യത്തിനു്, സഞ്ചരിക്കുവാൻ വാഹനങ്ങറം വാടകക്കു് എടുക്കാവുന്നതാണു്. ഒരു വോട്ടർക്കു് തനിയെയും അപ്രകാരം ചെയ്യാം. കൂടാതെ ട്രാൻസ്പോർട്ടു് ബസ്സു്, ട്രയിൻ, ട്രാംകാർ തുടങ്ങിയ വാഹനങ്ങളും വോട്ടറന്മാർക്കു് സ്വന്തം ചിലവിൽ വാടകക്കു് സമ്പാദിക്കാൻ അനുവാദമുണ്ടു്. വാഹനങ്ങറംക്കു് നൽകിയിരിക്കുന്ന വിശദീകരണത്തിൽ റോഡു് ഗതാഗതത്തിനു് ഉപയോഗമായ

തും യന്ത്രസഹായത്തോടെയൊ, അല്ലാതെയൊ പ്രവർത്തിക്കുന്ന എല്ലാം വാഹനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

## (b) നിയമവിരുദ്ധമായ ചിലവ്

തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള വിജ്ഞാപനമുണ്ടാകുന്നതു മുതൽ ഫലപ്രഖ്യാപനം വരെയുള്ള കാലഘട്ടത്തിനിടക്ക് സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ ചിലവുകളും സൂക്ഷിക്കേണ്ടതാണ്. ഈ കണക്കുകൾ ബന്ധപ്പെട്ട അധികൃതർക്ക് നൽകുകയും വേണം. ഒരു നിയമ സഭാ സ്ഥാനാർത്ഥിക്കും, ലോക്സഭാസ്ഥാനാർത്ഥിക്കും, പരമാവധി ചിലവുചെയ്യാവുന്ന തുക എത്രയാണെന്നും നിശ്ചയിച്ചിട്ടുണ്ട്. അതിൽകൂടുതൽ തുക ചിലവഴിക്കാൻ പാടുള്ളതല്ല. അമിതമായി ചിലവുചെയ്യുന്നതു് അഴിമതിയാണ്.

എന്നാൽ ഒരു സ്ഥാനാർത്ഥി അറിയാതെ അയാൾക്കുവേണ്ടി മററാരെങ്കിലും ചെയ്യുന്ന ചിലവുകളും, രാഷ്ട്രീയ പാർട്ടികൾ പാർട്ടി സ്ഥാനാർത്ഥികൾക്കായി മൊത്തത്തിൽ നടത്തുന്ന പ്രചരണങ്ങളുടെയും, പ്രവർത്തനങ്ങളുടെയും തുകകളും മുൻപ്രസ്താവിച്ച ഇനത്തിൽ ഉൾപെടുകയില്ല. സ്ഥാനാർത്ഥിയുടെ സമ്മതപ്രകാരമല്ലാതെ ഒരാൾ സ്ഥാനാർത്ഥിക്ക് വേണ്ടി ചിലവുചെയ്യുകഴിഞ്ഞ് പണം ആവശ്യപ്പെടുന്നതും കുററകരമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം ചിലവുചെയ്യുന്നതു് 10 രൂപായിൽ കവിയാതിരിക്കുകയും, ചിലവു ചെയ്തു് 10 ദിവസത്തിനകം സ്ഥാനാർത്ഥിയുടെ അംഗീകാരം വാങ്ങുകയും ചെയ്യുകയാണെങ്കിൽ കുററകരമാകുന്നതല്ല.

## 7) ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ സഹായം

തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥി ഗവണ്മെൻറുദ്യോ

ഗസ്ഥന്മാരുടെ സഹായം തേടുന്നതും, അതിലേക്കു് ശ്രമിക്കുന്നതും,പ്രേരിപ്പിക്കുന്നതും, വിലക്കിയിട്ടുള്ളകാര്യങ്ങളാണു്. സ്ഥാനാർത്ഥിയും.തിര: ഏജൻറും മാത്രമല്ല ഇവരുടെഅനുവാദത്തോടെ മൂന്നാമതൊരാൾ മേൽപറഞ്ഞ പ്രകാരം പ്രവർത്തിച്ചാലും അഴിമതിയാണു്. സ്ഥാനാർത്ഥികൾക്കു് ഗവ: ജീവനക്കാരുടെ വോട്ടു് മാത്രമെ സ്വീകരിക്കാൻ അവകാശമുള്ളു. ഒരു സ്ഥാനാർത്ഥി തൻെറ നേട്ടത്തിനു് വേണ്ടി താഴെ പറയുന്ന വിഭാഗം ഉദ്യോഗസ്ഥന്മാരുടെ സഹായങ്ങൾ സ്വീകരിക്കുന്നതും, സഹായം ലഭിക്കുന്നതിനു് ശ്രമം നടത്തുന്നതും,ആയതലേക്കു് പ്രേരിപ്പിക്കുന്നതും അഴിമതിയാണു്.

1) ഗസററഡ് ആഫീസ്സറന്മാർ
2) സ്സൈഫൻടറി ജഡ്ജി, മജിസ്ട്രേററു്
3) കേന്ദ്ര സായുധസേനാ വിഭാഗത്തിലെ അംഗങ്ങൾ
4) പോലീസ് സേനയിലെ അംഗങ്ങൾ
5) എക്സൈസ് ആഫീസ്സറന്മാർ
6) റവന്യൂ ആഫീസ്സറന്മാർ (പങ്കടിസ്ഥാനത്തിലും, കമ്മീഷൻ അടിസ്ഥാനത്തിലും ഭൂനികുതി പിരിക്കുന്ന പട്ടേൽ,ദേശ്മുഖ്, ലാംബർദാർ, മൽഹസാർ, തുടങ്ങിയവർക്കു് പോലീസ് അധികാരങ്ങൾ നൽകിയിട്ടില്ലെങ്കിൽ ഇതിൽനിന്നും ഒഴിവാകും.)

## 8) മററു് വിഭാഗം ഗവ: ജീവനക്കാർ

സ്ഥാനാർത്ഥി, ഏജൻറ് ഇവരുടെ സമ്മതപ്രകാരം മൂന്നാമതൊരാൾ അഴിമതി നടത്തുന്നതായാലും തിരഞ്ഞെടുപ്പു് അസാധുവാകുമെന്നു് പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ ഏജൻറു്എന്നവാക്കുകൊണ്ടുദ്ദേശിക്കുന്നതു് തിരഞ്ഞെടുപ്പു് ഏജൻറിനെ മാത്രമല്ല; പോളിംഗ് ഏജൻറിനെയും, കൗണ്ടിംഗ്ഏജൻറിനെയും, മററു്പ്രകാരത്തിൽ ഏജൻറായി പരിണമിക്കുന്നവരെയും ഉൾപ്പെടെയാണു്.

സ്ഥാനാർത്ഥിക്കു വേണ്ടി സഹായിക്കുന്നുവെന്നതിൽ സ്ഥാനാർത്ഥിയുടെ തിര: ഏജൻറായി പ്രവത്തർിക്കുന്നതും ഉാം പെടും.

ആർ. പി. ആക്ടിലെ 123-ാം വകുപ്പ് ഒരു സ്ഥാനാർത്ഥി യുടെ പേർ നിർദ്ദേശിക്കുന്നതിനും (നാമനിർദേശം ചെയ്യുന്ന തിനും) പിൻതാങ്ങുന്നതിനും, ഉള്ള അവകാശം ഗവണ്മെൻറു ദ്യോഗസ്ഥന്മാർക്കു് നിഷേധിച്ചിട്ടില്ല.

134-ാം വകുപ്പനുസ്സരിച്ചു് ഒരു ഗവ: ഉദ്യോഗസ്ഥൻ സ്ഥാനാർത്ഥിയുടെ, തിര: ഏജൻറായോ, പോളിംഗ് ഏജൻ റായോ കൗണ്ടിംഗ് ഏജൻറായോ പ്രവർത്തിച്ചാൽ മൂന്നു മാസ ത്തെ തടവിനോ പിഴയടക്കുന്നതിനോ ശിക്ഷിക്കപ്പെടാവുന്ന താണു്. മാത്രമല്ല രണ്ടു് ശിക്ഷയും ഒരുമിച്ചും വിധിക്കാം.

## കുററവും ശിക്ഷയും

കേന്ദ്രപാർലിമെൻറിൻെറ ഇരു സഭകാം, സംസ്ഥാന നി യമസഭ- ലെജി: കൗൺസിൽ തിരഞ്ഞെടുപ്പുനിയമങ്ങളാണ ല്ലോ. ആർ. പി. ആക്ടു് 1950 ഉം, 1951-ഉം. ഈ തിരഞ്ഞെടു പ്പുകളിൽ അഴിമതിയായി കണക്കാക്കുന്ന കൃത്യങ്ങാം ഏതെല്ലാ മായിരിക്കുമെന്നു് വിവരിച്ചു കഴിഞ്ഞു. അഴിമതികാംക്കും, മ ററു കുററങ്ങാംക്കും ഉള്ള ശിക്ഷകാം ആർ. പി. ആക്ടിൽ തന്നെ ഉാംക്കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ ഇൻഡ്യയിൽ നടക്കുന്ന എ ല്ലാ തിരഞ്ഞെടുപ്പുകാംക്കും പൊതുവിൽ ബാധകമാകുന്ന കുററ ങ്ങളും, ശിക്ഷകളും ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ആണു് ചേർത്തിട്ടുള്ളതു്.

ഇൻഡ്യൻ ശിക്ഷാനിയമം (I. P. C.) 171 എ 'മുതൽ' ,ജി' വരെയുള്ള വകുപ്പുകളിൽ പ്രതിപാദിക്കുന്നകുററവുംശിക്ഷ യും ആദ്യമായി പരിശോധിക്കാം.

### 1 കൈക്കൂലി

ഒരാളുടെ സമ്മതിദാനാവകാശം വിനി യോഗിക്കുന്നതിലേക്കോ, അയാാം മുഖാന്തിരം മററൊ

രാളെ പ്രേരിപ്പിക്കുന്നതിലേക്കോ, ആരു്, ആർക്കു് നൽകുന്ന പ്രതിഫലവും കൈക്കൂലിയായിരിക്കും. കാര്യം നടന്നതിനുശേഷമാണു് നൽകുന്നതെങ്കിലും കൈക്കൂലിയാണു്. അതുപോലെ തന്നെയാണു്പ്രതിഫലം വാങ്ങുന്ന കാര്യവും. ഒരു 'റിവാർഡു്' ആയിട്ടാണു് പ്രതിഫലംവാങ്ങുന്നതെങ്കിലും കൈക്കൂലിയാണു്. പ്രതിഫലം നൽകാമെന്നു പറയുന്നതും കൈക്കൂലിയായി പരിഗണിക്കും. അതുപോലെ തന്നെയാണു് പ്രതിഫലം സ്വീകരിക്കുന്നതും, സ്വികരിച്ചു കൊള്ളാമെന്നു് സമ്മതിക്കുന്നതും. ഒരാരം താൻ ചെയ്യാൻ ബാദ്ധ്യസ്ഥനല്ലാത്ത കാര്യം ചെയ്യുന്നതും, ചെയ്യാൻപാടില്ലാത്തതു് ചെയ്യുന്നതും അവയുടെ പേരിൽ പ്രതിഫലം വാങ്ങാമെന്ന ഉദ്ദേശത്തോടെ ആയിരുന്നാൽ കൈക്കൂലിക്കുററമായി പരിഗണിക്കും.

ശിക്ഷ:– ഒരു വർഷംവരെ തടവോ, പിഴയോ, രണ്ടും കൂടയൊയായിരിക്കും

എന്നാൽ പൊതുനയം പ്രഖ്യാപിക്കുന്നതും ന്യായമായ ഉറപ്പു്നൽകുന്നതും കൈക്കൂലിയായി പരിഗണിക്കുന്നില്ല.

171 ഈ വകുപ്പിനു് നൽകിയിട്ടുള്ള വിശദീകരണത്തിൽ ആഹാരം പാനീയം ഇവ നൽകുന്നതും,വിനോദപരിപാടികാംക്കു് സൗകര്യം ചെയ്തുകൊടുക്കുന്നതും കോഴ നൽകലായി പരിഗണിക്കപ്പെടുന്നതാണന്നും വ്യക്തമാക്കിയിട്ടുണ്ടു്.

ശിക്ഷ:– പിഴഒടുക്കൽ

## 2) അവിഹിതമായി സ്വാധീനിക്കുക

ഒരാളുടെ സ്വതന്ത്രമായ സമ്മതിദാനാവകാശത്തിൽ കൈകടത്തുന്നതും, കൈകടത്താൻ ശ്രമിക്കുന്നതും അവിഹിതമായ സ്വാധീനം ചെലുത്തുന്നതിൽ ഉൽപെടും.

ഒരു സ്ഥാനാർത്ഥിയുടെ നേർക്കോ, അയാരംക്കു് താല്പര്യമുള്ള

മററാളുകളുടെ നേർക്കോ, പുറപ്പെടുവിക്കുന്ന ഭീഷണിയും, അവരെ ഏതെങ്കിലും രീതിയിൽ ക്ഷതപ്പെടുത്തുന്നതും അവിഹിതമായ പ്രവർത്തിയാണ്. അതുപോലെതന്നെ വോട്ടറന്മാരുടെ നേരെയും അവർക്ക് താല്പര്യമുള്ള ആളുകളുടെ നേരെയും മുൻപറഞ്ഞ രീതികളിൽ പ്രവർത്തിക്കുന്നതും അവിഹിതമായ സ്വാധീനം ചെലുത്തുക എന്ന കുററമാണ്. ക്ഷതമേൽപ്പിക്കുന്നതു് മാനസികമായിട്ടായാലും, ശാരീരികമായിട്ടായിരുന്നാലും കുററകൃത്യമായി കണക്കാക്കുകയും ചെയ്യും. ഭീഷണിയുടെ കാര്യവും വ്യത്യസ്ഥമല്ല.

ഈശ്വര വിശ്വാസിയായ സ്ഥാനാർത്ഥിയെയും, വോട്ടറെയും, അവരും, അവർക്കു് താല്പര്യമുള്ളവരും ഈശ്വരകോപത്തിനും ആത്മനാശത്തിനും പാത്രീഭൂതരാകുമെന്നു്, വിശ്വസിപ്പിച്ചും, ഭയപ്പെടുത്തിയും സ്വാധീനിക്കുന്നതും അവിഹിതമായ പ്രവർത്തിയാണ്. ചുരുക്കത്തിൽ തിരഞ്ഞെടുപ്പിൽ, ആരെയെങ്കിലും സ്വധീനിക്കുന്നതും അയതിലേക്കു് ശ്രമിക്കുന്നതും അവഹിതമായിട്ടായിരുന്നാൽ കുററമായിരിക്കും.

ശിക്ഷ:- ഒരു വർഷത്തെ തടവോ, പിഴയോ, രണ്ടും കൂടെയൊ.

നിയമപരമായി ബാദ്ധ്യതപ്പെട്ട കാര്യങ്ങളും, പൊതുനയ പ്രഖ്യാപനങ്ങളും മററും ഒരാളുടെയും സമ്മതിദാനാവകാശത്തിൽ ഇടപെടണമെന്ന ഉദ്ദേശത്തോടെ അല്ല ചെയ്യുന്നതെങ്കിൽ അതു് കുററകാരമായി കൂട്ടുകയില്ല.

## 3) ആൾമാറാട്ടം

മരിച്ചുപോയ ഒരാളിൻെറ പേരിലൊ സ്വന്തം പേരിലല്ലാതെയൊ, ജീവിച്ചിരിക്കുന്ന മററൊരാളുടെ പേരിലോ, കള്ളപ്പേരിലോ ബാലററു് പേപ്പർ ആവശ്യപ്പെടുന്നതു് ആൾമാറാട്ടമായി കണക്കുന്നതാണ്.

ഒരേ തിരഞ്ഞെടുപ്പിൽ ഒരു പ്രാവശ്യം വോട്ടു് രേഖപ്പെടുത്തിയയാൾ രണ്ടാമതും വോട്ടു രേഖപ്പെടുത്തുന്നതിനു് ശ്ര

മിക്കുന്നതും ആറം മാറാട്ടമായി കണക്കാക്കും. അപ്രകാരം ബാലററ പേപ്പർ ലഭിക്കുന്നതിന് മററൊരാളെ പ്രേരിപ്പിക്കുന്നതും, സ്വയം ശ്രമിക്കുന്നതും, ആറംമാറാട്ടത്തിനുള്ള ശിക്ഷ ലഭിക്കത്തക്ക കുററമാണ്.

ശിക്ഷ: ആറംമാറാട്ടത്തിന് നിശ്ചയിച്ചിട്ടുള്ള ശിക്ഷ, ഒരു കൊല്ലത്തേക്ക് തടവോ, പിഴയോ, രണ്ടും കൂടെയോ, ആയിരിക്കും.

## 4) വ്യാജ പ്രസ്താവന:-

ഒരു സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പുഫലത്തെ ദോഷമായി ബാധിക്കണമെന്ന ഉദ്ദേശത്തോടെ അയാളുടെ വ്യക്തിപരമായ സ്വഭാവത്തെയും, നടപടികളെയും കുറിച്ച്, വ്യാജമാണെന്ന് അറിഞ്ഞുകൊണ്ട് ഒരാറം പ്രസ്താവന പുറപ്പെടുവിക്കുന്നത് ശിക്ഷാർഹമായ കുററമാണ്. പ്രസ്താവനയിൽ പ്രതിപാദിക്കുന്ന കാര്യങ്ങറം സത്യമല്ലെന്നുള്ള അറിവോടും, വിശ്വാസത്തോടുമായാലും, വ്യാജമാണെന്നറിഞ്ഞുകൊണ്ടായാലും വ്യാജപ്രസ്താവനയാണ്. അതിനാൽ ശിക്ഷിക്കപ്പെടുന്നതുമാണ്.

ശിക്ഷ:- പിഴ ഈടാക്കൽ ആയിരിക്കും.

## 5) നിയമവിരുദ്ധമായ ചിലവുകൾ

സ്ഥാനാർത്ഥിയുടെ, പ്രത്യേകമായോ, പൊതുവായോയുള്ള അനുമതി കൂടാതെ ഒരാറം, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങറംക്ക് ചിലവുചെയ്യുന്നതു് നിയമവിരുദ്ധമാണ്. പൊതുയോഗങ്ങറം കൂടുന്നതിനും, സർക്കുലറുകറം പുറപ്പെടുവിക്കുന്നതിനും, ലഘുലേഖകറം പ്രസിദ്ധം ചെയ്യുന്നതിനും, ഒരാറം ചിലവു ചെയ്യുന്നതു് സ്ഥാനാർത്ഥിയുടെ രേഖാമൂലമായ അനുവാദത്തോടെ ആയിരിക്കേണ്ടതാണ്. അല്ലാതുള്ള ചിലവുകറം നിയമപ്രകാരം അനുവദനീയമല്ല. കുററ

കരവുമാണ്. ചിലവു ചെയ്യുന്നയാറം ശിക്ഷ അനുഭവിക്കേണ്ടി വരുകയും ചെയ്യും.

ശിക്ഷ:- 500 രൂപവരെയുള്ള തുക പിഴയായി ഈടാക്കാം. എന്നാൽ ചിലവു ചെയ്യുന്ന തുക പത്തു രൂപായിൽ കവിയാതിരിക്കുകയും ചിലവുചെയ്ത് പത്തുദിവസത്തിനകം സ്ഥാനാർത്ഥിയുടെ രേഖാമൂലമായ അംഗീകാരം വാങ്ങുന്നതുമായാൽ പ്രസ്തുത തുക നിയമവിധേയമായ ചിലവിൽ ഉറംപ്പെടുത്താവുന്നതാണ്.

b) തിരഞ്ഞെടുപ്പ് ചിലവുകളുടെ കണക്ക് സൂക്ഷിക്കാതിരിക്കുക.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കണക്കുകറം, നിയമപ്രകാരവും ചട്ടപ്രകാരവും ഉള്ളരീതിയിൽ സൂക്ഷിക്കാതിരുന്നാൽ ബന്ധപ്പെട്ടവരെ ശിക്ഷിക്കുന്നതായിരിക്കും. ശിക്ഷ:-500 രൂപായിൽ കവിയാത്ത തുക പിഴയായി ഈടാക്കലാണ്.

## 7) കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിലേക്കു് ഇടയാകുന്ന പ്രസ്താവനകൾ

ജനങ്ങറംക്കിടയിൽ ഭയവും, ഭീതിയും ജനിപ്പിക്കുന്നതിനോ, അവ ജനിപ്പിക്കുന്നതിന് ഉദ്ദേശിച്ചോ പ്രസ്താവന പുറപ്പെടുവിക്കുന്നതും, പ്രസിദ്ധീകരിക്കുന്നതും, ഊഹാപോഹങ്ങറം പ്രചരിപ്പിക്കുന്നതും, റിപ്പോർട്ടുകറം നൽകുന്നതും നിമിത്തം, ആരെങ്കിലും പൊതു സമാധാനത്തിനെതിരായി പ്രവർത്തിക്കാൻ ഇടവരുത്തുകയാണെങ്കിൽ പ്രസ്താവനയുടെയും റിപ്പോർട്ടിൻെറയും ജനയിതാവ് ശിക്ഷാർഹനാണ്. ജനങ്ങളോട് മൊത്തത്തിൽ ചെയ്യുന്ന ആഹ്വാനമായാലും ഏതെങ്കിലും ഒരു വിഭാഗത്തോട് മാത്രമായി ചെയ്യുന്ന ആഹ്വാനമായാലും ശിക്ഷാർഹമാണ്. കുററങ്ങറംക്ക് പ്രേരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആയിരിക്കണം തൽകർത്താവ് പ്രവർത്തിച്ചതു്.

മാത്രമല്ല ഒരു സമുദായം മറെറാരു സമുദായത്തിനെതിരെയും, ഒരു വിഭാഗം മറെറാരു വിഭാഗത്തിനെതിരെയും കുററങ്ങൾ ചെയ്യണമെന്ന ഉദ്ദേശത്തോടെ ആയിരിക്കണം പ്രാസ്താവന പുറപ്പെടുവിക്കുന്നതും, ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നതും.

I P C 505 (1) വകുപ്പനുസരിച്ച് കുററക്കാരെ 3 വർഷം വരെ തടവിനും, പിഴഒടുക്കുന്നതിനും രണ്ടിനും കൂടെയും ശിക്ഷിക്കാവുന്നതുമാണ്.

ജാതി, മതം, വർഗ്ഗം, ജന്മസ്ഥലം, വാസസ്ഥലം. ഭാഷ ഇവയുടെപേരിലൊ മററ് കാരണങ്ങളാലൊ ശത്രുത, വെറുപ്പ് വിരോധം തുടങ്ങിയവ ജനിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഭയാനകമായ വാർത്തകളും ഊഹാപോഹങ്ങളും പ്രചരിപ്പിക്കുന്നതും തയ്യാറാക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതുമെങ്കിൽ ശിക്ഷിക്കപ്പെടുന്നതാണ്.

ശിക്ഷ മൂന്ന് വർഷംവരെ തടവോ, പിഴയോ, രണ്ടുകൂടെയൊ ആയിരിക്കും.

മുകളിൽ പറഞ്ഞിട്ടുള്ള കുററം ചെയ്യുന്നത് ഏതെങ്കിലും ആരാധനാകേന്ദ്രത്തിലോ ആരാധനക്കും, മതപരമായ മററ് ചടങ്ങുകൾക്കും ആളുകൾ സമ്മേളിക്കുന്ന അവസരത്തിലോ ആണെങ്കിൽ ശിക്ഷ 5 കൊല്ലംവരെ തടവോ. പിഴയോ, മാത്രമല്ല തടവിനും പിഴ നൽകുന്നതിനും ഒരുമിച്ചോ ആയിരിക്കും.

പ്രസ്താവനയും റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തുന്നതും പ്രചരിപ്പിക്കുന്നതുംദുരുദ്ദേശത്തോടെ അല്ലാതിരിക്കുകയുംസത്യമാണെന്ന ഉത്തമ വിശ്വാസത്തോടെയുമാണ് ചെയ്യുന്നതെങ്കിൽ കുററകൃത്യമായി പരിഗണിക്കുന്നതല്ല.

## ആർ. പി. ആക്ട് (കുററവും ശിക്ഷയും)

### 1) ഡിക്ലറേഷൻ

ചുവടെ വിവരിക്കുന്ന സന്ദർഭങ്ങളിൽ വ്യാജമായ സ്റ്റേ

റവ്മെൻറ് അല്ലെങ്കിൽ സത്യവിരുദ്ധമായ പ്രസ്താവന എഴുതി കൊടുക്കുന്നതായാൽ ശിക്ഷിക്കപ്പെടുന്നതാണ്.

(a) സമ്മതിദായകപ്പട്ടിക തയ്യാറാക്കുക, പുതുക്കുക, തെററ് തിരുത്തുക തുടങ്ങിയ സന്ദർഭം

(b) സമ്മതിദായകപ്പട്ടികയിൽ ഏതെങ്കിലും വിവരങ്ങറം ചേർക്കുന്നതും, നീക്കുന്നതുമായ സന്ദർഭം.

ഈ അവസരങ്ങളിൽ കളവാണെന്നറിഞ്ഞുകൊണ്ടും വിശ്വസിച്ചുകൊണ്ടും ഒരു സ്റ്റേററ്മെൻറ് അല്ലെങ്കിൽ പ്രസ്താവന എഴുതിക്കൊടുക്കുന്നതു് കുററകരമാണ്. സത്യമല്ലെന്നറിഞ്ഞുകൊണ്ടു ചെയ്യുന്നതായാലും കുററം തന്നെയായിരിക്കും. ശിക്ഷ. ഒരു കൊല്ലം തടവ്, അല്ലെങ്കിൽ പിഴ. പിഴയും ജയിൽവാസവും ഒരുമിച്ചും ശിക്ഷയായി ലഭിക്കാം.

## (2)ഔദ്യോദിക കൃത്യനിർവഹണത്തിലെ വീഴ്ച

സമ്മതിദായകപ്പട്ടിക തയ്യാറാക്കുന്നതും, പുതുക്കുന്നതും, തെററുകറം തിരുത്തുന്നതും, റോളിൽ ഏതെങ്കിലും വിവരം ചേർക്കുന്നതും, നീക്കം ചെയ്യുന്നതിനുമായുള്ള ജോലികറംക്ക് നിയുക്തരാകുന്ന ഇലക്ട്രൽ രജി: ആഫീസ്സർ, അസി: ഇല: രജി: ആഫീസ്സർ, തുടങ്ങിയ ഉദ്യോഗസ്ഥന്മാർ, മതിയായ കാരണം കൂടാതെ ഏതെങ്കിലും ഭാഗം വിട്ടുകളയുകയോ ഔദ്യോഗിക കൃത്യങ്ങറംക്ക് വീഴ്ചവരുത്തുകയോ ചെയ്യുന്നതായാൽ അപ്രകാരം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ 500 രൂപവരെ ശിക്ഷിക്കാവുന്നതാണ്.

അവർക്കെതിരെ നിയമപരമായ മററ് നടപടികറം സ്വീകരിക്കുന്നതിനോ, നഷ്ടപരിഹാരത്തിന് കേസ്സ് എടുക്കുന്നതിനോ അനുവദിക്കുന്നതല്ല.

തിരഞ്ഞെടുപ്പുകമ്മീഷൻെറയോ, സംസ്ഥാന ചീഫ് ഇലക്ടറൽ ആഫീസ്സറുടെയോ ഉത്തരവും, അവർ അധികാരപ്പെടുത്തുന്നതനുസരിച്ചും ഉള്ള പരാതികളിന്മേലല്ലാതെ ഒരു

കോടതിയിലും മുൻപറഞ്ഞ സംസ്ഥാന ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസ്സ് ഫയൽ ചെയ്യാനും കഴിയുന്നതല്ല.

## 3) ശത്രുത ജനിപ്പിക്കുന്ന പ്രവർത്തികൾ

ജാതി, മതം, സമുദായം, വർഗ്ഗം, ഭാഷ ഇവയിൽ ഏതൊന്നിൻെറ പേരിലും ജനങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും, വൈരാഗ്യവും ജനിപ്പിക്കുന്ന പ്രവർത്തികൾ ചെയ്യുന്നതും അതിലേക്ക് പ്രേരിപ്പിക്കുന്നതും ശിക്ഷാർഹമാണ്, ആർ. പി. ആക്ട് (1951) 125-ാം വകുപ്പ് അനുസരിച്ചുള്ള ശിക്ഷ ലഭിക്കുകയും ചെയ്യും. ശിക്ഷ. മൂന്നു് കൊല്ലം വരെയുള്ള കാലത്തേക്ക് തടവോ, പിഴയോ, രണ്ടുശിക്ഷയും ഒരുമിച്ചോ ആയിരിക്കുന്നതാണ്.

## 4) അവസാന മണിക്കൂറിലെ പൊതുയോഗം

പോൾ ആരംഭിക്കുന്നതിനു് 48 മണിക്കൂർ മുൻപു് പൊതുയോഗങ്ങൾ അവസാനിപ്പിക്കേണ്ടതാണ്. പോളിംഗ് പ്രദേശങ്ങളിൽ, പ്രസ്തുത സമയത്തിനു് ശേഷം യോഗങ്ങൾ സംഘടിപ്പിക്കുന്നതും, അതിൽ പങ്കെടുക്കുന്നതും, യോഗം നടത്തുന്നതും നിയമവിരുദ്ധമായിരിക്കും. അതിനാൽ ശിക്ഷാർഹവുമാണ്. ശിക്ഷ 250 രൂപാവരെ പിഴ ഈടാക്കലാണ്.

## 5) യോഗങ്ങൾ കലക്കുക

'തിരഞ്ഞെടുപ്പുവിജ്ഞാപനം' പ്രസിദ്ധീകരിക്കുന്നതുമുതൽ തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതുവരെയുള്ള കാലഘട്ടത്തിൽ രാഷ്ട്രീയസ്വഭാവമുള്ള പൊതുയോഗങ്ങൾ ഒരു നിയോജക മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ, അവക്ക് തടസ്ഥമുണ്ടാക്കുന്ന പ്രവർത്തികൾ ചെയ്യാൻ അനുവദിക്കുന്നതല്ല. തിര

ഞ്ഞെടുപ്പ് യോഗങ്ങളിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയും കുഴപ്പങ്ങൾ ഇളക്കിവിടുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നവരെ 250 രൂപ വരെ പിഴ ഒടുക്കുന്നതിന് ശിക്ഷിക്കുന്നതായിരിക്കും.

മാത്രവുമല്ല, യോഗാദ്ധ്യക്ഷൻ ആവശ്യപ്പെടുന്നപക്ഷം, കുഴപ്പക്കാരെന്ന് സംശയിക്കപ്പെടുന്നവരുടെ ശരിയായ പേരും മേൽവിലാസവും, ആവശ്യപ്പെടാനും, ശരിയായ മേൽവിലാസമല്ല നൽകിയതെന്ന് സംശയിക്കപ്പെടുന്നവരെ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരവും പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടായിരിക്കും.

## (6) അച്ചടിയിലെ നിയന്ത്രണം

അച്ചടിക്കുന്ന, വാൾപോസ്റ്റർ, ലഘുലേഖ ഇവയിലെല്ലാം തന്നെ പ്രിൻററുടെയും പബ്ളിഷറുടെയും പേരു് മുൻവശത്തു് കാണിച്ചിരിക്കേണ്ടതുണ്ടു്. അപ്രകാരമല്ലാതെ പ്രിൻറു് ചെയ്യുകയോ, ചെയ്യിക്കുകയോ അരുതു്. ഇവ പ്രസിദ്ധീകരിക്കുന്ന ആൾ ഒരു ഡിക്ലറേഷൻ എഴുതി ഒപ്പിട്ടു് പ്രിൻററെ ഏല്പിക്കേണ്ടതാണു്. പബ്ളിഷറെ നേരിട്ടറിയാവുന്ന രണ്ടു് ആളുകളുടെ ഒപ്പും ഡിക്ലറേഷനോടൊപ്പം ഉണ്ടായിരിക്കണം. ഡിക്ലറേഷൻ നൽകാത്ത യാതൊരാൾക്കും ലഘുലേഖകളും, പോസ്റ്ററുകളും മററും തിരഞ്ഞെടുപ്പ് ആവശ്യത്തിലേക്കു് അച്ചടിച്ചു നൽകുന്നതും നിയമവിരുദ്ധമാണു്.

പ്രിൻറു് ചെയ്തു കഴിഞ്ഞാൽ, ന്യായയുക്തമായ സമയത്തിനുള്ളിൽ അച്ചടിച്ച രേഖയുടെ ഒരു പ്രതി ഡിക്ലറേഷൻെറ പകർപ്പ് സഹിതം ബന്ധപ്പെട്ട അധികൃതർക്ക് സമർപ്പിക്കേണ്ടതാണു്. സ്റ്റേററു് ക്യാപ്പിററലിൽനിന്നും ആണ് അച്ചടിച്ചതെങ്കിൽ ചീഫ് ഇലക്ടറൽ ആഫീസ്സർക്കും മററുള്ളവ ജില്ലയിലെ ഡിസ്ട്രിക്ട് മജിസ്ട്രേററിനും അയച്ചുകൊടുക്കണം. കൈയെഴുത്തു പ്രതികൾ ഒഴിച്ച് മററു് ഏതു തരത്തിൽ കോപ്പികൾ എടുക്കുന്നതും അച്ചടിക്കുക എന്ന വാക്കിൻെറ പരിധിയിൽ വരുന്നതാണു്. കോപ്പികൾ തയ്യാറാക്കുന്ന ആളെ പ്രിൻറർ എന്ന അർത്ഥത്തിലും കണക്കാക്കും.

പോസ്റ്റർ, ലഘുലേഖ, എന്നിവയുടെ കൂട്ടത്തിൽ അച്ചടിച്ച ലഘുലേഖ, ഹാൻഡ്ബിൽ, വിതരണം ചെയ്യുന്ന മററു രേഖകൾ തുടങ്ങി, തിരഞ്ഞെടുപ്പിനെ ഉദ്ദേശിച്ച് സ്ഥാനാർത്ഥികളും, സ്ഥാനാർത്ഥികളുടെ ഗ്രൂപ്പുകളും പ്രസിദ്ധീകരിക്കുന്നതെല്ലാം ഉൾപ്പെടുന്നതാണ്.

ശിക്ഷ:–മേൽപറഞ്ഞ കുററത്തിന് 6 മാസംവരെതടവോ പിഴയോ രണ്ടുശിക്ഷയും ഒരുമിച്ചോ ആയിരിക്കും.

തിരഞ്ഞെടുപ്പുയോഗങ്ങൾക്കുള്ള സ്ഥലം, സമയം, തീയതി തുടങ്ങിയ വിവരങ്ങൾ കാണിക്കുന്ന പ്ലക്കാർഡ്, പോസ്റ്റർ തുടങ്ങിയവയുടെ പ്രസിദ്ധീകരണത്തെ മുൻപറഞ്ഞ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഏജൻറന്മാർക്കും, പ്രവർത്തകർക്കും സാധാരണഗതിയിൽ നൽകുന്ന നിർദ്ദേശങ്ങളും യോഗവിവരങ്ങളും അച്ചടിച്ചവയായിരുന്നാലും മുൻപറഞ്ഞ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

## 7) വോട്ടു് ചെയ്യുന്ന കാര്യത്തിലുള്ള രഹസ്യങ്ങൾ

തിരഞ്ഞെടുപ്പു ജോലികളുടെ ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥന്മാർ, ക്ലാർക്കു്, ഏജൻറു് തുടങ്ങിയവർ വോട്ടെടുപ്പിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണം. പോളിംഗു്, കൗണ്ടിംഗു് ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കും രഹസ്യങ്ങൾ ചോർത്താൻ പാടില്ലാത്തതാണ്. രഹസ്യങ്ങളായി കണക്കാക്കപ്പെടാവുന്ന വിവരങ്ങളും പുറത്തറിയിക്കാൻ അനുവാദമില്ല.

ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ മൂന്നു് മാസം വരെ തടവിൽ വെക്കുന്നതിനോ, പിഴ ഒടുക്കുന്നതിലേക്കോ, രണ്ടിനും കൂടെയൊ ശിക്ഷിക്കാവുന്നതാണ്.

## 8) വോട്ടറൻമാരെ ഉദ്യോഗസ്ഥൻമാർ സ്വാധീനിക്കരുത്

(1) തിരഞ്ഞെടുപ്പിൻെറ ചുമതല വഹിക്കുന്നവരും, തിരഞ്ഞെടുപ്പുനടത്തുന്നവരുമായ, ജില്ലാതിരഞ്ഞെടുപ്പു ആഫീസർ, റിട്ടേണിംഗ് ആഫീസർ, അസിസ്റ്റൻറ് റിട്ടേണിംഗ് ആഫീസർ, പോളിംഗ് ആഫീസർ, പ്രിസയിഡിംഗ്, ആഫീസർ, ഇവർ നിയമിക്കുന്ന മററ് ആഫീസർമാർ, ക്ലാർക്കന്മാർ തുടങ്ങിയവരാരും തന്നെ ഒരു സ്ഥാനാർത്ഥിക്കു വേണ്ടിയും വോട്ടറന്മാരെ സ്വാധീനിക്കാൻ പാടില്ല.

(2) മുകളിൽ പറഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാരും, പോലീസുദ്യോഗസ്ഥന്മാരും താഴെപറയുന്ന കാര്യങ്ങൾക്ക് ഉദ്യമിക്കുന്നതും തടഞ്ഞിട്ടുണ്ട്.

(a) ഏതെങ്കിലും വോട്ടറെ വോട്ടുരേഖപ്പെടുത്തുന്നതിന് പ്രേരിപ്പിക്കുക.

(b) വോട്ടുരേഖപ്പെടുത്താതിരിക്കുന്നതിനു പ്രേരിപ്പിക്കുക.

(c) മററ് തരത്തിൽ സ്വാധീനിക്കുക.

മുകളിൽ കാണിച്ചിട്ടുള്ള രണ്ടു കൃത്യങ്ങളിലും ഏർപ്പെടുന്നവരെ 6 മാസത്തെ തടവിനോ, പിഴ അടക്കുന്നതിനോ, രണ്ടിനും കൂടെയോ ശിക്ഷിക്കാവുന്നതാണ്. വാറണ്ടു കൂടാതെ അറസ്ററ് ചെയ്യാവുന്നതുമാണ്.

ഉദ്യോഗസ്ഥന്മാർക്ക് ഒരു സ്ഥാനാർത്ഥിക്കുവേണ്ടി വോട്ടുചെയ്യുന്നതിനപ്പുറം മറെറാന്നും ആകാൻ പാടില്ലെന്നാണ് വ്യവസ്ഥ.

## (9) പോളിംഗ്സ്റേറഷനകത്തും, പരിസരത്തും വെച്ച് ക്യാൻവാസ് ചെയ്യരുത്

പോളിംഗ് ദിവസം, പോളിംഗ് സ്റേറഷനകത്ത് വെച്ചും, സ്റേറഷന് 100 മീററർ ഉള്ളിലുള്ള യാതൊരു സ്ഥല

ത്തു വെച്ചും (പബ്ളിക്, പ്രൈവററ്) താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ അനുവദിക്കുന്നതല്ല:

(a) വോട്ടുക്യാൻവാസ് ചെയ്യുക.

(b) വോട്ടു അഭ്യർത്ഥിക്കുക.

(c) ഏതെങ്കിലും സ്ഥാനാർത്ഥിക്കു് വോട്ടു ചെയ്യരുതെന്നു് അഭ്യർത്ഥിക്കുക

(d) തിരഞ്ഞെടുപ്പിൽ ആർക്കും വോട്ടു ചെയ്യരുതെന്നു് ആവശ്യപ്പെടുക.

(e) ഔദ്യോഗികമായി പതിച്ചിട്ടുള്ള നോട്ടീസുകൾ ഒഴിച്ചു് തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന നോട്ടീസോ, മാതൃകകളോ, പ്രദർശിപ്പിക്കുക.

ഈ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കു് 250 രൂപ വരെ പിഴ ശിക്ഷനൽകുന്നതായിരിക്കും. അറസ്റ്റു് ചെയ്യാൻ വാറണ്ടിന്റെ ആവശ്യവുമില്ല.

## 10) പോളിംഗു് സ്റേറഷൻ പരിസരങ്ങളിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുക

പോളിംഗ്ു് സ്റ്റേഷൻ പരിസരങ്ങളിൽ വെച്ചു്, പോളിംഗു് ദിവസം താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ പാടുള്ളതല്ല.

(a) പോളിംഗ്ു് സ്റ്റേഷനകത്തോ, പ്രവേശന ദ്വാരത്തിലോ സ്റേറഷൻ പരിസരത്തിൽ ഉള്ള ഏതെങ്കിലും സ്ഥലത്തോ, മഗഫോൺ, ഉച്ചഭാഷിണി തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതു് നിയമവിരുദ്ധമാണു്.

(b) ശബ്ദം പുറപ്പെടുവിക്കുന്നതോ, കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതോ ആയ യാതൊരു പ്രവർത്തികളും, പോളിംഗ്ു്സ്റേറഷനകത്തും, പ്രവേശനദ്വാരത്തിലും, പരിസരങ്ങളിലും അനുവദിക്കുന്നതല്ല.

(c) പോളിംഗ്ു് സ്റേറഷനിൽ വോട്ടു രേഖപ്പെടുത്തുന്നതിനെത്തുന്നവർക്കു് ശല്യമായും പോളിംഗ്ു് ജോലി

യിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് തടസ്ഥമായും തീരുന്ന തരത്തിലും ഉള്ള എല്ലാ കാര്യങ്ങളും നിയമവിരുദ്ധമാണ്.

ഈ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെയും അതിലേക്ക് മന:പൂർവ്വം സഹായിക്കുകയും, പ്രേരിപ്പിക്കുകയും ചെയ്യുന്നവരെയും മൂന്ന് മാസംവരെ തടവിനോ, പിഴ അടക്കുന്നതിനോ രണ്ടിനും കൂടെയോ ശിക്ഷിക്കാവുന്നതാണ്.

മാത്രമല്ല കുററക്കാരെ അറസ്ററ് ചെയ്യുന്നതിന് പോലീസുദ്യോഗസ്ഥന്മാരോട് ആവശ്യപ്പെടുന്നതിനും പ്രിസൈഡിംഗ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും.

കൂടാതെ മേൽപറഞ്ഞ തരത്തിലുള്ള കുററക്കാരെ അറസ്ററ് ചെയ്യാൻ നടപടി എടുക്കുന്നതിനും, ആവശ്യമെന്ന് കണ്ടാൽ ബലം പ്രയോഗിച്ച് അറസ്ററ് ചെയ്യുന്നതിനും, ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിനും പോലീസ് ആഫീസറന്മാർക്കു അധികാരമുണ്ട്.

## (11) പോളിംഗ്സ്റേറഷനകത്തെ മോശമായ പെരുമാററം

പോളിംഗ് സമയത്ത്, പോളിംഗ് സ്റേറഷനകത്ത് അപമര്യാദയായി പെരുമാറുന്ന ആരെയും പുറത്താക്കുന്നതിന് പോലീസിൻെറയും, മററാളുകളുടെയും സഹായം തേടുന്നതിന് പ്രിസൈഡിംഗ് ആഫീസർക്ക് കഴിയും. അപ്രകാരം പുറത്താക്കപ്പെടുന്ന ആൾ വീണ്ടും അനുവാദം കൂടാതെ പോളിംഗ് സ്റേറഷനകത്ത് കടക്കുകയാണെങ്കിൽ അയാളുടെ പേരിൽ കേസ്സ് എടുക്കുകയും ശിക്ഷിക്കുകയും ചെയ്യും. ശിക്ഷ മൂന്നു മാസംവരെ തടവ് അല്ലെങ്കിൽ പിഴ. രണ്ടും ശിക്ഷയും ഒരുമിച്ചും ആകാവുന്നതാണ്.

മുകളിൽ കൊടുത്തിട്ടുള്ള അധികാരം വോട്ട് ചെയ്യുന്നതിന് അർഹതയുള്ള സമ്മതിദായകരുടെ സമ്മതിദാനാവകാ

ശം ഉപയോഗപ്പെടുത്തുന്നതിനല്ല അവസരം നിഷേധിക്കു ന്ന നടപടിയായി കലാശിക്കാൻ ഇടയാകാതെ ശ്രദ്ധിക്കണം.

## (12) വാഹനങ്ങളുടെ ഉപയോഗം

വോട്ടറന്മാരെ സൗജന്യമായി കൊണ്ടുവരുന്നതിനും, കൊണ്ടു പോകുന്നതിനും വേണ്ടി വാഹനങ്ങൾ വാടകക്കു് എടുക്കുന്നതും, മററു് രീതിയിൽ സമ്പാദിക്കുന്നതും 1000 രൂപാ വരെ പിഴ ഈടാക്കുന്നതിലേക്കു് ശിക്ഷിക്കപ്പെടാവുന്ന കുററമാണു്.

## 13) കൃത്യവിലോപം

നാമനിർദ്ദേശ പത്രിക സ്വീകരിക്കുക, പരിശോധിക്കുക, വോട്ടെടുപ്പു നടത്തുക, വോട്ടെണ്ണുക, തുടങ്ങിയ കാര്യങ്ങൾക്കു് ചുമതലപ്പെട്ട വരാണാധികാരി, അസി: റിട്ടേ: ആഫീസ്സർ, പോളിംഗ്ഗു് ആഫീസർ പ്രിസയിഡിംഗ്ഗു് ആഫീസർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർ. മതിയായ കാരണം കൂടാതെ തെററുകൾ ചെയ്യുകയോ, വീഴ്ചവരുത്തുകയോ, ഔദ്യോഗിക കൃത്യനിർവഹണത്തിൽ കൃത്യവിലോപം കാണിക്കുകയോ ചെയ്താൽ 500 രൂപാവരെ ശിക്ഷിക്കപ്പെടുന്നതാണു്.

## 14) ഗവ: ഉദ്യോഗസ്ഥൻമാർ സ്ഥാനാർത്ഥിയുടെ ഏജൻറു് ആകരുതു്

ഏതെങ്കിലും ഗവ: ഉദ്യോഗസ്ഥൻ ഒരു സ്ഥാനാർത്ഥിയുടെ തിര: ഏജൻറു്, പോളിംഗ്ഏജൻറു്, കൗണ്ടിംഗ്ഗു് ഏജൻറു് എന്നീനിലകളിൽ പ്രവർത്തിച്ചാൽ അയാൾക്കു് മൂന്നു് മാസംവരെയുള്ള കാലാവധിക്കു് തടവു ശിക്ഷയോ, പിഴയോ, രണ്ടുംകൂടെയൊ ലഭിക്കുന്നതായിരിക്കും.

## 15) ബാലററു് പേപ്പർ കടത്തുക

കബളിപ്പിച്ചു്, ബാലററുപേപ്പർ പോളിംഗ്ഗു് സ്റേറഷനു് പുറത്തു്കൊണ്ടു പോകുകയോ, അതിലേക്കു് ശ്രമിക്കുക

യോ, അറിഞ്ഞുകൊണ്ടു ആയതിലേക്കു് പ്രേരിപ്പിക്കുകയോ, ചെയ്താൽ അപ്രകാരം ചെയ്യുന്ന ആറം ഒരു കൊല്ലത്തെ തടവിനോ പിഴ അടക്കുന്നതിനോ, രണ്ടിനും കൂടെയോ. ശിക്ഷിക്കപ്പെടാവുന്നതാണു്.

സംശയം തോന്നുന്ന ആളെ പോളിംഗ് സ്റേറഷനു് പുറത്തു് കടക്കുന്നതിനു് മുൻപു് അറസ്ററ് ചെയ്യുന്നതിനും, അറസ്ററ് ചെയ്യാൻ പോലീസിനോടു് ആവശ്യപ്പെടുന്നതിനും, പ്രിസൈഡിംഗ് ആഫീസ്സർക്കു് അധികാരമുണ്ടു്. കൂടാതെ സംശയിക്കപ്പെടുന്ന ആളിൻെറ ദേഹപരിശോധന നടത്തുന്നതിനും, അതിലേക്കു് പോലീസിനോടു് ആവശ്യപ്പെടുന്നതിനും പ്രി: ആഫീസർക്കു് കഴിയുന്നതാണു്. ഒരു സ്ത്രീയാണു് കുററക്കാരി എന്നു് സംശയിക്കപ്പെടുന്നതെങ്കിൽ ദേഹപരിശോധന നടത്തുന്നതു് മറെറാരു സ്ത്രീ തന്നെ ആയിരിക്കണം. പെരുമാററം മര്യാദപൂർവം ആയിരിക്കുകയും വേണം.

പരിശോധനയിൽ ബാലററു് പേപ്പർ ലഭിക്കുകയാണെങ്കിൽ അതു് പോലീസിൻെറ കസ്ററഡിയിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണു്.

## 16) മററ് കുററങ്ങൾ

a) നാമനിർദേശ പത്രിക വികൃതമാക്കുക, കബളിപ്പിച്ച് നശിപ്പിക്കുക

b) നോട്ടീസ് ബോർഡിൽ പതിച്ചിട്ടുള്ള ലിസ്റ്റ്, നോട്ടീസ്, മററ് പ്രമാണങ്ങൾ, ഇവ നശിപ്പിക്കുക; മാററുക വികൃതമാക്കുക തുടങ്ങിയ കാര്യങ്ങൾ

c) ബാലററ്പേപ്പർ, അതിലെ ഔദ്യോഗിക മുദ്ര തുടങ്ങിയ അടയാളങ്ങൾ, പോസ്റ്റൽബാലററ്പേപ്പറിൻെറ കവർ, ഡിക്ലറേഷൻ, എന്നിവ നശിപ്പിക്കുകയും മാററുകയും, വികൃതമാക്കുകയും ചെയ്യുക.

d) ശരിയായ അധികാരത്തോടെയല്ലാതെ ആർക്കെങ്കിലും ബാലററ്പേപ്പർ നൽകുകയോ, ആരിൽ നിന്നെങ്കിലും സ്വീകരിക്കുകയോ കൈവശംവെക്കുകയൊ ചെയ്യുക.

e) ബാലററ്പേപ്പർ അല്ലാതെ മററ്എന്തെങ്കിലും ബാലററ് പെട്ടിക്കകത്തു് നിക്ഷേപിക്കുക.

f) ബാലററ് പെട്ടി, ബാലററ്പേപ്പർ എന്നിവ ശരിയായ അധികാരത്തോടെയല്ലാതെ കബളിപ്പിച്ചു് എടുത്തു്കൊണ്ടുപോകുക, തുറക്കുക, നശിപ്പിക്കുക മററ് തരത്തിൽ ഉപദ്രവങ്ങൾ ചെയ്യുക.

g) കബളിപ്പിച്ചോ, മററുതരത്തിലോ ശരിയായ അധികാരം ഇല്ലാതെ മേൽപറഞ്ഞ കാര്യങ്ങൾക്കു് ശ്രമിക്കുന്നതും, ബോധപൂർവം സഹായിക്കുന്നതും, കുററകരമാണു്.

ഈ വക കുററങ്ങൾ ചെയ്യുന്നതു് തിരഞ്ഞെടുപ്പു ജോലിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥനാണെങ്കിൽ അയാളെ രണ്ടു കൊല്ലം വരെ തടവിൽ വെക്കുന്നതിനോ, പിഴ അടക്കുന്നതിനോ രണ്ടിനും കൂടെയോ ശിക്ഷിക്കുന്നതാണു്.

അനുദ്യോഗസ്ഥനാണെങ്കിൽ 6 മാസം വരെ തടവിനോ, പിഴ ഒടുക്കുന്നതിനോ രണ്ടിനും കൂടെയോ ശിക്ഷിക്കപ്പെടുന്നതുമായിരിക്കും.

# 13 ഭരണസംവിധാനം

തിരഞ്ഞെടുപ്പ് സ്വതന്ത്രവും, നീതിപൂർവകവുമായിരിക്കേണ്ടതുപോലെതന്നെ ചിട്ടയായും, കാര്യക്ഷമമായും നടക്കേണ്ടതുമാണല്ലോ, അതിനാൽ തിരഞ്ഞെടുപ്പുമെഷീനറിയുടെ കാര്യക്ഷമത വളരെ പ്രാധാന്യമുള്ളതാണ്. സ്വതന്ത്രമായ അധികാരങ്ങളുള്ള ഒരു സ്ഥിരം തിരഞ്ഞെടുപ്പു കമ്മീഷനാണ്, തിരഞ്ഞെടുപ്പിന്റെ മേൽനോട്ടം വഹിക്കേണ്ടതെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആർ. പി. ആക്ട് തിരഞ്ഞെടുപ്പിലേക്ക് ആവശ്യമായ മററ് ഭരണസംവിധാനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

## തിരഞ്ഞെടുപ്പ് കമ്മീഷൻ

രാജ്യത്തൊട്ടാകെയുള്ള തിരഞ്ഞെടുപ്പിനെ നിയന്ത്രിക്കുന്നതും പരിശോധിക്കുന്നതും, മേൽനോട്ടം വഹിക്കുന്നതും തിരഞ്ഞെടുപ്പുകമ്മീഷനാണ്. കമ്മീഷന്റെ ഉത്തരവുകൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുന്നവർക്കെല്ലാം ബാധകമാണ്. കമ്മീഷന്റെ നിയമനം രാഷ്ട്രപതി നടത്തുന്നു. ഒരു ചീഫ് ഇലക്ഷൻകമ്മീഷണർക്ക് പുറമേ, കമ്മീഷണറന്മാരെയും നിയമിക്കാവുന്നതാണ്. കമ്മീഷണറന്മാരുണ്ടെങ്കിൽ ചീഫ് ഇലക്ഷൻകമ്മീഷണറായിരിക്കും കമ്മീഷന്റെ ചെയർമാൻ. നാളിതുവരെ ഏകാംഗ കമ്മീഷണനാണ് രൂപീകരിച്ചിട്ടുള്ളതു്.

## ഡെപ്യൂട്ടീ കമ്മീഷണർ, സെക്രട്ടറി

ചീഫ് ഇലക്ഷൻ കമ്മീഷണറുടെ പ്രത്യേക നിർദേശങ്ങൾക്ക് വിധേയമായി ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ

ക്കും, കമ്മീഷൻ സെക്രട്ടറിക്കും കമ്മീഷന്റെ ചുമതലകൾ നിർവഹിക്കാൻ കഴിയുന്നതാണ്. 14-12-66 മുതൽക്കാണ് ഇപ്രകാരം ഒരു ഭേദഗതി പ്രാബല്യത്തിൽ വന്നത്.

(തിരഞ്ഞെടുപ്പു കമ്മീഷൻ എന്ന ഭാഗം നോക്കുക)

## ചീഫ് ഇലക്ടറൽ ആഫീസ്സർ

ഓരോ സംസ്ഥാനത്തിനും ഓരോ ചീഫ് ഇലക്ടറൽ ആഫീസ്സർ ഉണ്ടായിരിക്കും. നിയമനം നടത്തുന്നത് ഇലക്ഷൻ കമ്മീഷനാണ്. സംസ്ഥാന ഗവണ്മെൻറുമായി ആലോചിച്ചിട്ടായിരിക്കും നിയമനം നടത്തുന്നത്. സംസ്ഥാനത്തു നടക്കുന്ന ലോക്സഭ, രാജ്യസഭ, നിയമസഭാ, കൗൺസിൽ തിരഞ്ഞെടുപ്പുകളുടെ മേൽനോട്ടം വഹിക്കേണ്ടതു് ചീഫ് ഇലക്ടറൽ ആഫീസ്സറാണ്. തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയന്ത്രണത്തിൽ ആയിരിക്കും ചീഫ് ഇലക്ടറൽ ആഫീസ്സർ. കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും, പരിശോധനക്കു് വിധേയവുമായിരിക്കും ചീഫ് ഇലക്ടറൽ ആഫീസ്സറുടെ പ്രവർത്തനങ്ങൾ. സംസ്ഥാനത്തെ സമ്മതിദായകപ്പട്ടിക തയാറാക്കുന്നതും, പുതുക്കുന്നതും ഭേദഗതികൾ വരുത്തുന്നതും ഈ ഉദ്യോഗസ്ഥന്റെ ചുമതലയിലാണ്.

## ജില്ലാ തിരഞ്ഞെടുപ്പ് ആഫീസ്സർ

സംസ്ഥാന ഗവണ്മെൻറുമായി ആലോചിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ആഫീസ്സറെ നിയമിക്കുന്നു. ഗവണ്മെൻറ് ഉദ്യോഗസ്ഥനേയോ, തദ്ദേശസ്ഥാപനത്തിലെ ഉദ്യോഗസ്ഥനെയോ ആയിരിക്കും ഈ സ്ഥാനത്തിലേക്കു് നിയമിക്കുന്നതു്. ജില്ലയിലെ മുഴുവൻ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കൊണ്ടുപോകേണ്ടതു് ജില്ലാ തിരഞ്ഞെടുപ്പ് ആഫീസ്സറുടെ ചുമതലയാണ്. ചീഫ് ഇലക്ടറൽ ആഫീസ്സറും, തിരഞ്ഞെടുപ്പു കമ്മീഷനും ഭരമേൽപ്പിക്കു

ന്ന എല്ലാ ജോലികളും ചെയ്തു തീർക്കുകയും വേണം. ഓരോ നിയോജക മണ്ഡലത്തിലേക്കും പോളിംഗ്സ്റ്റേഷനുകൾ നിശ്ചയിക്കുന്നതും, പോളിംഗ് സ്റ്റേഷന്റെ അതിർത്തി നിശ്ചയിക്കുന്നതും ജില്ലാ തിരഞ്ഞെടുപ്പ് ആഫീസ്സർ ആയിരിക്കും. പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കുന്നതു് തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ആയിരിക്കേണ്ടതുണ്ടു്. ഓരോ പോളിംഗ്സ്റ്റേഷനതിർത്തിയിലും ഉൾപെടുന്ന വോട്ടറന്മാരുടെ വിവരവും, പോളിംഗ്സ്റ്റേഷനുകളും കാലേകൂട്ടി പ്രസിദ്ധപ്പെടുത്തുകയും വേണം.

ഒരു ജില്ലയിൽതന്നെ ഒന്നിലധികം ജില്ലാ തിരഞ്ഞെടുപ്പ ആഫീസ്സറന്മാരെ തിരഞ്ഞെടുപ്പ് കമ്മീഷനു് നിയമിക്കുകയും ചെയ്യാം. ഒന്നിലധികം ജില്ലാ തിരഞ്ഞെടുപ്പ് ആഫീസ്സറന്മാരെ ഒരേജില്ലയിൽ നിയമിച്ചാൽ ഓരോരുത്തരുടെയും അധികാരാതിർത്തികളും നിശ്ചയിച്ചിരിക്കും. പ്രസ്തുത പ്രദേശങ്ങളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതു് ഈ ഉദ്യോഗസ്ഥനായിരിക്കും.

## ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസ്സർ

ജമ്മുകാശ്മീർ, യൂണിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഓരോ ലോക്സഭാമണ്ഡലത്തിലേക്കും ഓരോ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസ്സർ ഉണ്ടായിരിക്കുന്നതാണു്. സംസ്ഥാനങ്ങളിൽ നിയമസഭാ മണ്ഡലങ്ങൾക്കു് ഓരോ ഇല: രജി: ആഫീസ്സർ വീതവും ഉണ്ടായിരിക്കും. ഒരു ഗവണ്മെൻറു് ഉദ്യോഗസ്ഥനോ,തദ്ദേശ സ്വ ാപനത്തിലെ ഉദ്യോഗസ്ഥനോ ആയിരിക്കും ഇപ്രകാരം നിയമിക്കപ്പെടുന്നതു്. സമ്മതിദായകപ്പട്ടിക തയ്യാറാക്കുക, പുതുക്കുക തുടങ്ങിയ ജോലികൾ ഇല: രജി: ആഫീസ്സറുടെ ചുമതലയിലാണു് നടക്കുന്ന തു്. സമ്മതിദായകപ്പട്ടികയിൽ പേരു് രജിസ്റ്റർ ചെയ്യുന്നതു് സംബന്ധിച്ചുണ്ടാകുന്ന ആക്ഷേപങ്ങളും പരാതികളും കേൾക്കുന്നതും തീരുമാനം എടുക്കു

ന്നതും ഈ ഉദ്യോഗസ്ഥനാണ്. പട്ടികയിൽഉണ്ടായേക്കാവുന്ന അച്ചടിപ്പിശകുകളും, കൈപിഴകളും മററും തിരുത്തി പട്ടിക ശരിയായിസൂക്ഷിക്കേണ്ട ഈ ചുമതലയും ഉദ്യോഗസ്ഥനുണ്ട്.

## അസിസ്ററൻറ് ഇലക്ട്രറൽ രജി: ആഫീസർ

ഇല: രജി: ആഫീസ്സറന്മാരെ, അവരുടെ ജോലിയിൽ സഹായിക്കുന്നതിലേക്കായി ഒരു മണ്ഡലത്തിൽ ഒന്നോ, അതിലധികമോ അസി: ഇല: രജി! ആഫീസ്സറന്മാരെ തിരഞ്ഞെടുപ്പുകമ്മീഷൻ നിയമിക്കുന്നു. ഇല: രജി: ആഫീസ്സറുടെ നിയന്ത്രണത്തിൽ ആയിരിക്കും ഇവർ. എന്നാൽ ആവശ്യമെന്നുവരുന്ന ഘട്ടങ്ങളിൽ ഇല: രജി: ആഫീസ്സറുടെ ചുമതലകാം നിർവഹിക്കുന്നതിനും ഇവരെ അധികാരപ്പെടുത്താവുന്നതാണ്. [ഇല: രജി. ആഫീസ്സറുടെയും, അസി: ഇല: രജി: ആഫീസ്സറുടെയും ചുമതലകളും, ഉത്തരവാദിത്വങ്ങളും, സമ്മതിദായകപ്പട്ടിക എന്ന ഭാഗത്തു് ചേർത്തിട്ടുണ്ട്.]

## വരണാധികാരി

ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലും, കൗൺസിൽ നിയോജകമണ്ഡലത്തിലും, തിരഞ്ഞെടുപ്പിനുമുൻപ് ഓരോ വരണാധികാരിയെ നിയമിക്കുന്നതാണ്. ഒന്നിലധികം നിയോജകമണ്ഡലങ്ങളിലേക്കു് ഒരു വരണാധികാരി മാത്രം മതിയാകുമെന്നും നിശ്ചയിക്കാം. ഗവണ്മെൻറ് ഉദ്യോഗസ്ഥനോ തദ്ദേശ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനോ ആയിരിക്കുംവരണാധികാരിയായി നിയമിക്കപ്പെടുക. നിയമനം നടത്തുന്നതു് തിര: കമ്മീഷനാണ്. സംസ്ഥാനഗവണ്മെൻറുമായി ആലോചിച്ചിട്ടായിരിക്കും നിയമനം.

## അസി: റിട്ടേണിംഗ് ആഫീസ്സർ:

ഗവണ്മെൻറുദ്യോഗസ്ഥന്മാരും, തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരും തന്നെ ആയിരിക്കും, ഈ സ്ഥാനത്തേ

ക്കം നിയമിക്കപ്പെടുന്നതു്.' റിട്ടേണിംഗ്ആഫീസ്സറെ സഹായിക്കുകയാണു് ഇവരുടെ ചുമതല. ഒരു നിയോജകമണ്ഡലത്തിൽ തന്നെ ഒന്നിലധികംഅസി:റിട്ടേ: ആഫീസ്സറന്മാരെയും നിയമിക്കാവുന്നതാണു്. ഇവരുടെ നിയന്ത്രണം റിട്ടേണിംഗ് ആഫീസ്സർക്കാണു്. സന്ദർഭാനുസ്സരണം റിട്ടേണിംഗ് ആഫീസ്സറുടെ ചുമതലകൾ എല്ലാം കൈകാര്യം ചെയ്യുന്നതിനും അസി:റിട്ടേ: ആഫീസർക്കു് ബാദ്ധ്യതയുണ്ടു്.

നാമനിർദ്ദേശപത്രിക പരിശോധിക്കേണ്ട ചുമതല വരണാധികാരിയുടേതാണു്. ഒഴിവാക്കാൻ കഴിയാത്ത പരിതസ്ഥിതിയിൽ മാത്രമെ ഈ ചുമതല അസി: റിട്ടേ. ആഫീസ്സറെ ഏൽപ്പിക്കാവൂ.

റിട്ടേണിംഗ് ആഫീസ്സറുടെയും, അസി: റിട്ടേ. ആഫീസ്സറുടെയും ചില പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

1) തിരഞ്ഞെടുപ്പു വിജ്ഞാപനം പ്രസദ്ധീകരിച്ചാൽ ഉടനെതന്നെ പൊതുപരസ്യം (പബ്ളിക്നോട്ടീസ്)പുറപ്പെടുവിക്കണം.

2) നാമനിർദ്ദേശ പത്രിക വിതരണം ചെയ്യുന്ന സ്ഥലവും തീയതിയും പരസ്യപ്പെടുത്തണം.

3) നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനും, പിൻമാറുന്നതിനും ഉള്ള അവസാന തീയതികളും, പരിശോധന നടത്തുന്ന തീയതിയും, സ്ഥലവും പ്രസിദ്ധപ്പെടുത്തണം.

4) തിരഞ്ഞെടുപ്പിനാവശ്യമായ എല്ലാ ഏർപ്പാടുകളും പൂർത്തിയാക്കുകയും, മേൽനോട്ടം വഹിക്കുകയും വേണം.

5) രാജ്യസഭാ തിരഞ്ഞെടുപ്പിലെ സമ്മതിദായകരുടെ ലിസ്ററും, കൗൺസിൽ തിരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള നിയമസഭാ സാമാജികരുടെ ലിസ്ററും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കണം.

കേന്ദ്രപ്രദേശങ്ങളിൽ ഇലക്ടറൽ കോളേജുകളിലെ വോട്ടറന്മാരുടെ ലിസ്ററും ബന്ധപ്പെട്ട വരണാധികാരി തയ്യാറാ

ക്കി സൂക്ഷിക്കേണ്ടതാണ്. ആവശ്യമെന്നു കണ്ടാൽ ഇവ വില ക്കു് നൽകുന്നതിനുള്ള ചുമതലയും ഉണ്ടു്.

6) രാജ്യസഭയിലേക്കും, കൗൺസിലിലേക്കും ഉള്ള തിരഞ്ഞെടുപ്പിനു് മുൻപ് പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിച്ച തിര: കമ്മീഷൻെറ അനുമതി വാങ്ങണം. ഈ തിരഞ്ഞെടുപ്പുകളിൽ പോളിംഗ് നടത്തുമ്പോൾ വരണാധികാരിയായിരിക്കും അദ്ധ്യക്ഷത വഹിക്കുന്നതു്.

## പ്രിസൈഡിംഗു് ആഫീസ്സർ-പോളിംഗ് ആഫീസ്സർ

ജില്ലാ തിര: ആഫീസ്സർ ഓരോ പോളിംഗ് സ്റ്റേഷനിലേക്കും ഓരോ പ്രിസൈഡിംഗ് ആഫീസ്സറെ നിയമിക്കുന്നതായിരിക്കും. കൂടാതെ ആവശ്യമുള്ളത്ര പോളിംഗ് ആഫീസറന്മാരെ നിയമിക്കുകയും ചെയ്യും. സ്ഥാനാർത്ഥികളുടെ പ്രവർത്തകരെ ഇപ്രകാരം നിയമിക്കാൻ പാടില്ല. ഒരു പോളിംഗ് ആഫീസ്സർ ഹാജരാകാതെ വന്നാൽ പകരം ഒരാളെ പോളിംഗ് ആഫീസർ ആയി നിയമിക്കുന്നതിനു് പ്രിസൈഡിംഗ് ആഫീസർക്കു് അധികാരം ഉണ്ടു്. അപ്രകാരം നിയമനം നടത്തിയാൽ ഉടൻ തന്നെ വിവരം ജില്ലാ: തിര: ആഫീസറെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

ഒരേ കെട്ടിടത്തിൽ ഒന്നിലധികം പോളിംഗ് സ്റ്റേഷനുകൾ ഉണ്ടായിരുന്നാൽ, അവക്കെല്ലാം കൂടെ ഒരു പ്രിസൈഡിംഗ് ആഫീസർ മതിയാകുമെന്നു് നിശ്ചയിക്കുന്നതിനും കഴിയുന്നതാണ്.

അസുഖം മൂലമോ, ഒഴിവാക്കാൻ വയ്യാത്ത മററു കാരണങ്ങളാലോ, പ്രിസൈഡിംഗ് ആഫീസർ, പോളിംഗ്സ്റ്റേഷനിൽ ഹാജരാകാതെ വന്നാൽ, ആ ചുമതല പോളിംഗ് ആഫീസർ നിർവഹിക്കേണ്ടതായി വരും. ഇതിനു് ജില്ലാ: തിര: ആഫീസർ മുൻകൂട്ടി അധികാരപ്പെടുത്തിയിരിക്കുകയും വേണം. പ്രിസൈഡിംഗ് ആഫീസർ ആവശ്യപ്പെട്ടാലും, പോളിംഗ് ആഫീസർ പ്രസ്തുതജോലി നിർവഹിക്കേണ്ടതാണ്.

# 14 തിരഞ്ഞെടുപ്പു ചിലവുകൾ

തിരഞ്ഞെടുപ്പു ചിലവുകളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കാതിരിക്കുന്നതും, കൃത്യസമയത്തു് ബന്ധപ്പെട്ട അധികൃതർക്കു് സമർപ്പിക്കാതിരിക്കുന്നതും അയോഗ്യത കല്പിക്കപ്പെടുന്നതിനു് ഇടയാക്കുമെന്നു് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ? തിരഞ്ഞെടുപ്പു ചിലവുകളെ സംബന്ധിച്ച കണക്കുകൾ നിയമസഭയിലേക്കും, ലോക്‌സഭയിലേക്കും മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളും നൽകണം. മററു് സ്ഥാനങ്ങളിലേക്കു് മത്സരിക്കുന്നവർ ചിലവിൻെറ കണക്കുകൾ സമർപ്പിക്കേണ്ടതില്ല.

തിരഞ്ഞെടുപ്പു് ചിലവിനങ്ങളും, തുകയും, എഴുതി സൂക്ഷിക്കേണ്ട ചുമതല സ്ഥാനാർത്ഥിക്കും, തിരഞ്ഞെടുപ്പു ഏജൻറിനും ഉള്ളതാണെന്നു കണ്ടുകഴിഞ്ഞു. തിരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി മുതൽ ഫലപ്രഖ്യാപനമുണ്ടാകുന്നതുവരെയുള്ള കാലഘട്ടത്തിൽ ചിലവുചെയ്യുന്ന പണത്തിൻെറ മുഴുവൻ കണക്കുകളും ഉണ്ടായിരിക്കേണ്ടതാണു്.

## കണക്കുകൾ സൂക്ഷിക്കേണ്ട വിധവും രീതിയും

ഓരോ ചിലവിനവും, തീയതിയും, ക്രമനമ്പരും അനുസരിച്ചായിരിക്കണം തയ്യാറാക്കുന്നതു്

1) ചിലവു ചെയ്യുന്ന തീയതി, ചിലവുചെയ്യുന്നതിനു് ചുമതലപ്പെടുത്തിയ തിയതി
2) ചിലവുവിവരം (യാത്രച്ചിലവു്, തപ്പാൽച്ചിലവു, അച്ചടി)
3) ചിലവായതുക

a) കൊടുത്തുകഴിഞ്ഞ തുക
b) കൊടുക്കുന്നതിനുള്ളതുക
4) കൊടുത്ത തീയതി
5) തുക പററുന്ന ആളിൻെറ പേരും മേൽവിലാസവും
6) തുക നഠംകിയതിൻെറ വൗച്ചറം, ക്രമനമ്പരും
7) കൊടുത്തു തീർക്കാനുള്ള ബില്ലുകളുടെ ക്രമനമ്പരും, തുകയും.

(8) ടി തുക വാങ്ങാനുള്ള ആളിൻെറ പേരും, മേൽവിലാസവും.

[യാത്രച്ചിലവ്, തപാൽച്ചിലവ്, തുടങ്ങിയ ചിലവിനങ്ങഠംക്കു വൗച്ചറകഠം ലഭിക്കുന്നതിന് പ്രയാസമായതിനാൽ വൗച്ചറകഠം വേണമെന്നു് നിർബന്ധമില്ല.]

മററു ചിലവുകഠംക്കെല്ലാം വൗച്ചർ ആവശ്യമാണ്. എല്ലാ വൗച്ചറകളും ക്രമനനമ്പരിട്ടു സൂക്ഷിക്കുകയും, തുക നൽകുന്നതിൻെറ നേരെ ക്രമനമ്പർ കാണിക്കുകയും ചെയ്യേണ്ടതുണ്ട്.

തിരഞ്ഞെടുപ്പ് പൂർത്തിയായി 30. ദിവസത്തിനകം, ചിലവുകളുടെ കണക്കു വൗച്ചർ സഹിതം ജില്ലാ തിരഞ്ഞെടുപ്പു ആഫീസർക്കു് സമർപ്പിക്കണം.

തിരഞ്ഞെടുപ്പു ചിലവിൻെറ കണക്കുകഠം സമർപ്പിച്ചു രണ്ടു ദിവസത്തിനകം ജില്ലാ ആഫീസർ, താഴെ കാണുന്ന വിവരങ്ങഠം ചേർത്തുകൊണ്ടുള്ള നോട്ടീസ തൻെറ ആഫീസിൽ പരസ്യം ചെയ്യുന്നതാണ്.

(1) കണക്കു സമർപ്പിച്ച ദിവസം.
(2) സ്ഥാനാർത്ഥിയുടെ പേരു്.
(3) കണക്കുകഠം പരിശോധിക്കാൻ കഴിയുന്ന സമയവും, സ്ഥലവും.

ഒരു രൂപ ഫീസ്സ് അടക്കുന്ന ആർക്കും, ഒരു സ്ഥാനാർത്ഥി സമർപ്പിച്ച തിരഞ്ഞെടുപ്പു ചിലവിൻെറ കണക്കുകഠം പരിശോധിക്കാൻ അനുവാദമുണ്ടായിരിക്കും. കൂടാതെ തിര

ഞ്ഞെടുപ്പു കമ്മീഷൻ നിശ്ചയിക്കുന്ന ഫീസ് അടക്കുന്നവർക്ക് കണക്കുകളുടെ ഏതെങ്കിലും ഭാഗത്തിൻേറയോ, മുഴുവൻ ഭാഗത്തിൻെറയുമോ, അടയാളസഹിതമുള്ള പകർപ്പ് ലഭിക്കുന്നതിനും അർഹതയുണ്ടു്.

കണക്കുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസത്തിനുശേഷം ജില്ലാ തിരഞ്ഞെടുപ്പ് ആഫീസർ, തിരഞ്ഞെടുപ്പ് കമ്മീഷനെ ചുവടെ ചേർക്കുന്ന വിവരങ്ങൾ എഴുതി അറിയിക്കുന്നതായിരിക്കും.

(1) മത്സരിച്ച സ്ഥാനാർത്ഥികൾ

(2) കണക്കുകൾ സമർപ്പിച്ച സ്ഥാനാർത്ഥികളുടെ പേരും കണക്കുകൾ സമർപ്പിച്ച തീയതിയും.

(3) കണക്കുകൾ സമർപ്പിച്ചതു് നിയമപ്രകാരവും, ചട്ടപ്രകാരവും ആയിരുന്നോ എന്നുള്ള വിവരം.

ജില്ലാ തിരഞ്ഞെടുപ്പു ആഫീസ്സറുടെ അഭിപ്രായത്തിൽ നിയമപ്രകാരവും ചട്ടപ്രകാരവുമല്ല കണക്കുകൾ സമർപ്പിച്ചിട്ടുള്ളതെങ്കിൽ തനിക്കു് ലഭിച്ച കണക്കുകൾ, വൗച്ചർ സഹിതം, ഒരു റിപ്പോർട്ടോടു കൂടി തിരഞ്ഞെടുപ്പ് കമ്മീഷനു് അയച്ചുകൊടുക്കേണ്ടതാണു്. റിപ്പോർട്ടു പരിശോധിച്ചശേഷം തിരഞ്ഞെടുപ്പുകമ്മീഷൻ യുക്തമായ തീരുമാനം എടുക്കും. ശരിയായ രീതിയിലല്ല കണക്കുകൾസമർപ്പിച്ചതെന്നും.കൃത്യസമയത്തിനകം സമർപ്പിച്ചിട്ടില്ലന്നും കമ്മീഷനു് ബോദ്ധ്യമായാൽ അയോഗ്യത കല്പിക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു് സ്ഥാനാർത്ഥിക്കു് നോട്ടീസ് നൽകുന്നതാണു്. നോട്ടീസ് ലഭിച്ച 20 ദിവസത്തിനകം സമാധാനം എഴുതി അറിയിക്കേണ്ടതുണ്ടു്. കണക്കുകൾ സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥിക്കാണു് നോട്ടീസ് ലഭിക്കുന്നതെങ്കിൽ അയാൾ സമാധാനം നൽകുന്നതോടൊപ്പം, കണക്കും, വൗച്ചറും അയ്ക്കുകയും ചെയ്യേണ്ടതാണു്. ജില്ലാ ആഫീസ്സറുടെ അഭിപ്രായവും സ്ഥാനാർത്ഥിയുടെ സമാധാനവും കണക്കിലെടു

ത്തുകൊണ്ടു് കമ്മീഷൻ തീരുമാനം എടുക്കുന്നതാണു്. ആവശ്യമെന്നു് കണ്ടാൽ അന്വേഷണം നടത്തുകയും ചെയ്യും

സമാധാനം, തൃപ്തികരമായിരുന്നില്ലെങ്കിൽ അയോഗ്യത കല്പിച്ചു്കൊണ്ടു ഉത്തരവിടുന്നതാണു്. അയോഗ്യതയുടെ കലാവധി 3 കൊല്ലമായിരിക്കും. ഉത്തരവു് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഇതു് പ്രാബല്യത്തിൽ വരികയും ചെയ്യും.

ഒരു സ്ഥാനാർത്ഥിക്കു് പരമാവധി ചിലവാക്കാൻ അനുവാദമുള്ള തുക.

ലോക്‌സഭ 35000 രൂപ

നിയമസഭ (കേരളം).10500 രൂപ

വിവിധ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കു് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കു വിവിധ നിരക്കുകളാണു് പരമാവധി ചിലവഴിക്കാൻ അനുവദിച്ചിട്ടുള്ളതു്. അതുപോലെ കേന്ദ്ര പ്രദേശങ്ങളിൽനിന്നും പാർലിമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിനു് ചിലവാക്കാവുന്നതുകയും വ്യത്യസ്ഥനിരക്കുകളിലാണു്.

## 15 ഇലക്ഷൻ പെററിഷൻ

തിരഞ്ഞെടുപ്പു സംബന്ധമായ തർക്കങ്ങറംക്കു പരിഹാരം കാണേണ്ടതു് ഹൈക്കോടതികളിൽ കൂടെയായിരിക്കണം. ഇത്തരം കേസ്സുകറംക്കു് ഇലക്ഷൻ പെററിഷൻ എന്നാണു് പറയുക.

തിരഞ്ഞെടുപ്പു സംബന്ധമായ പല കാര്യങ്ങളിലും കോടതികളെ ഒഴിവാക്കിയിട്ടുണ്ടു്. ഡീലിമിറ്റേഷൻ ഉത്തരവു്, നിയോജക മണ്ഡലനിർണ്ണയം, സമ്മതിദായ കപ്പട്ടികയിൽ പേരു് രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹതയുടെ പ്രശ്നം തുടങ്ങിയവ ഒരു സിവിൽകോടതിയിലും ചോദ്യം ചെയ്യപ്പെടാൻ കഴിയുന്നതല്ല. ഭരണഘടന 329-ാം വകുപ്പു നിയോജക മണ്ഡലങ്ങളുടെ ഡീലിമിറ്റേഷൻ ഉത്തരവും, സീററു് നിർണ്ണയവും ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്നു് അനുശാസിക്കുന്നുണ്ടു്. അതുപോലെ സമ്മതിദായകപ്പട്ടിക തയ്യാറാക്കുമ്പോഴും, പുതുക്കുമ്പോഴും, മററും ഒരാളുടെ പേർ രജിസ്റ്റർ ചെയ്യാൻ അർഹതയുണ്ടോ എന്നും നീക്കം ചെയ്തതു് ശരിയായിരുന്നോ എന്നും നിശ്ചയിക്കുന്നതിനുള്ള അധികാരവും ചുമതലയും ഇലക്ട്ടറൽ രജിസ്ട്രേഷൻ ആഫീസറുടേതാണു്. ഇല:രജി ആഫീസറുടെ തീരുമാനം സിവിൽകോടതികളിൽചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടു്.

### തിരഞ്ഞെടുപ്പ് ഹർജി

പാർലിമെൻറിൻെറയും, നിയമസഭയുടെയും, ഇരുസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പു തർക്കങ്ങറം തീരുമാനിക്കുന്നതു് ഹൈക്കോടതികളാണെന്നു് പറഞ്ഞുവല്ലോ ? അതിലേക്കു

തിരഞ്ഞെടുപ്പു ഹർജി (ഇലക്ഷൻ പെററീഷൻ) ഹൈക്കോടതികളിൽ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിൻെറ മദ്ധ്യത്തിൽ വച്ച് തിരഞ്ഞെടുപ്പു പെററിഷൻ നൽകാൻ പാടില്ല. തിരഞ്ഞെടുപ്പു പൂർത്തിയായതിനുശേഷം മാത്രമെ തിര: പെററിഷൻ സമർപ്പിക്കാൻ കഴിയുകയുള്ളു.

തിരഞ്ഞെടുപ്പു പെററിഷൻ വിചാരണ നടത്തുന്നതും വാദം കേൾക്കുന്നതും ഒരു പ്രത്യേക ബെഞ്ചായിരിക്കും. സാധാരണ ഗതിയിൽ സിംഗിൾ ബെഞ്ച് (ഒരു ജഡ്ജിമാത്രം ഉള്ളത്) ആയിരിക്കും ഇതിലേക്ക് നിശ്ചയിക്കുക. എന്നാൽ ചീഫ് ജസ്റ്റിസിന് ഒന്നിൽകൂടുതൽ ജഡ്ജിമാരടങ്ങുന്ന ബെഞ്ചും രൂപീകരിക്കാവുന്നതാണ്. നീതിനിർവഹണത്തിൻെറ സൗകര്യത്തെ ഉദ്ദേശിച്ച് തിരഞ്ഞെടുപ്പു പെററീഷൻ വിചാരണക്കായി, ഈ പ്രത്യേക ബെഞ്ചിൻെറ ആസ്ഥാനം, ഹൈക്കോടതിയുടെ ആസ്ഥാനത്തിലല്ലാതെ മറെറാരു സ്ഥലത്തായും നിശ്ചയിക്കാം.

തിരഞ്ഞെടുപ്പു പൂർത്തിയായി ഒരാളെ സമാജികനായി തിരഞ്ഞെടുക്കപ്പെട്ടതായുള്ള ഔദ്യോഗിക പ്രഖ്യാപനമുണ്ടായി കഴിഞ്ഞാൽ 45 ദിവസത്തിനകത്തു പെററിഷൻ ഫയൽ ചെയ്തിരിക്കേണ്ടതാണ്. 45 ദിവസം കഴിഞ്ഞു സമർപ്പിക്കുന്ന പെററീഷൻ കാലാവധി കഴിഞ്ഞതാകയാൽ പരിഗണിക്കുന്നതായിരിക്കുകയില്ല. തിരഞ്ഞെടുപ്പിൽ നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നവർക്കും, സമ്മതിദായകർക്കും തിരഞ്ഞെടുപ്പിൻെറ സാധുതയെ ചോദ്യം ചെയ്യാൻ അവകാശമുണ്ട്. മാത്രമല്ല പെററീഷൻ സമർപ്പിക്കുന്ന സമ്മതിദായകൻ തിരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്തിയിരിക്കണമെന്നും നിർബന്ധമില്ല. പ്രസ്തുത നിയോജകമണ്ഡലത്തിലെ വോട്ടർ ആയിരുന്നാൽ മാത്രം മതിയാകുന്നതാണ്.

## കാരണങ്ങൾ

ഒരാളെ തിരഞ്ഞെടുത്തതിൻെറ സാധുതയെ ചോദ്യം

ചെയ്തുകൊണ്ടു ഇലക്ഷൻ പെററിഷൻ നൽകുന്നതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു

1) വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട സ്ഥാനാർത്ഥി തിരഞ്ഞെടുപ്പു സമയത്തു് സ്ഥാനാത്ഥിയാകാൻ നിയമപ്രകാരം അയോഗ്യനായിരുന്നു, അല്ലങ്കിൽ സ്ഥാനാർത്ഥിയാകുന്നതിനാവശ്യമായ യോഗ്യതകൾ അയാൾക്കു് ഉണ്ടായിരുന്നില്ല.

(2) വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട സ്ഥാനാർത്ഥിയോ, അയാളുടെ തിരഞ്ഞെടുപ്പ് ഏജൻറോ, ഇവരുടെസമ്മതപ്രകാരം മൂന്നാമതൊരാളൊ, തിരഞ്ഞെടുപ്പു കാര്യങ്ങളിൽ അഴിമതി പ്രവർത്തിച്ചിരുന്നു.

(3) ഏതെങ്കിലും നാമനിർദേശ പത്രിക നിരസിച്ചതു മുറപ്രകാരം ആയിരുന്നില്ല.

(4) തിരഞ്ഞെടുപ്പു ഫലം വിജയിച്ച ആൾക്കു് അനുകൂലമാക്കിത്തീർക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ ബാധകമാക്കിയിട്ടുണ്ടായിരുന്നു.

(a) വിജയിച്ച സ്ഥാനാർത്ഥിയുടെ നാമനിർദേശ പത്രിക മുറപ്രകാരമല്ലാതെയായിരുന്നുസ്വീകരിച്ചതു്.

(b) വിജയിച്ച ആളുടെ താല്പര്യങ്ങൾക്കായി, തിര: ഏജൻറല്ലാത്ത, മറെറാരേജൻറ അഴിമതി നടത്തിയിരുന്നു.

(c) ഏതെങ്കിലും വോട്ടു സ്വീകരിച്ചതോ, നിരസിച്ചതോ, തള്ളിക്കളഞ്ഞതോ മുറപ്രകാരമായിരുന്നില്ല. അല്ലെങ്കിൽ അസാധുവായ വോട്ടു് സ്വീകരിക്കുകയുണ്ടായി.

(d) ഭരണഘടനയിലെയും, ആർ. പി. ആക്ടിലെയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചിരുന്നില്ല.

മുകളിൽ കാണിച്ചിട്ടുള്ള കാര്യങ്ങൾ വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ടയാളുടെ തിരഞ്ഞെടുപ്പു അസാധുവായി പ്രഖ്യാപിക്കുന്നതിലേക്കു് ആവശ്യമായ കാര്യങ്ങളാണു്.

വിജയിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു അസാധുവായി പ്രഖ്യാപിക്കുന്നതോടൊപ്പം, മത്സരത്തിൽ ഉണ്ടായിരുന്ന മറെറാരു സ്ഥാനാർത്ഥിയെ വിജയിച്ചതായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഇലക്ഷൻ പെററീഷൻ നൽകാൻ കഴിയും. അപ്രകാരം സമർപ്പിക്കുന്ന പൊറിഷൻ താഴെപറയുന്ന കാരണങ്ങളിന്മേൽ ആയിരിക്കണം.

1) സാധുവായ വോട്ടിൽ ഭൂരിപക്ഷം വോട്ടു ലഭിച്ചതു് പെററിഷണർക്കായിരുന്നു; അല്ലങ്കിൽ വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട സ്ഥാനാർത്ഥിയൊഴിച്ചു് മറെറാരാൾക്കായിരുന്നു.

2) തനിക്കു ഭൂരിപക്ഷം ലഭിക്കുന്നതിനുവേണ്ടി വിജയിച്ച സ്ഥാനാർത്ഥി, അഴിമതികൾ നടത്തിയിട്ടില്ലായിരുന്നുവെങ്കിൽ, പെററീഷണർക്കോ അല്ലങ്കിൽ വേറൊരു സ്ഥാനാർത്ഥിക്കോ ഭൂരിപക്ഷം ലഭിക്കുമായിരുന്നു.

## സെക്യൂരിററി

തിര: പെററിഷൻ സമർപ്പിക്കുന്നയാൾ, പെററീഷൻ സമർപ്പിക്കുന്ന സമയത്തു് 2000 രൂപ സെക്യൂരിററിയായി കെട്ടിവെക്കണം. ഇതു് ഹൈക്കോടതിചട്ടങ്ങൾക്കു് അനുസരിച്ചായിരിക്കുകയും വേണം പെററിഷൻ വിചാരണയിലിരിക്കുമ്പോൾ, കൂടുതൽ തുക സെക്യൂരിററിയായി കെട്ടിവക്കാൻ ഹൈക്കോടതി ഉത്തരവിട്ടാൽ, ആ തുകയും കെട്ടിവക്കുന്നതിനു് ഹർജിക്കാരൻ ബാദ്ധ്യസ്ഥനാണു്.

കോടതി നിശ്ചയിക്കുന്ന തുക കെട്ടിവക്കാത്ത ആളെ ഇ: പെററിഷനിൽ കക്ഷി ചേരുന്നതിനും അനുവദിക്കുന്നതല്ല.

## കക്ഷികൾ

താഴെപറയുന്ന ആളുകളെ എതിർകക്ഷിയായി ചേർത്തിരിക്കേണ്ടതാണു്.

a) വിജയിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു അസാധുവായി കിട്ടുന്നതിലേക്കാണ് പെററിഷനെങ്കിൽ വിജയിച്ച സ്ഥാനാർത്ഥിയെ എതിർകക്ഷിയായി ചേർത്തിരിക്കണം.

b) വിജയിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു അസാധുവാക്കുന്നതോടൊപ്പം, ഹർജിക്കാരനേയോ, മററാരാളെയൊ വിജയിച്ചതായികൂടി പ്രഖ്യാപിക്കണമെന്നതാണ് പെററീഷനിലെ ആവശ്യമെങ്കിൽ മത്സരത്തിൽ ഉണ്ടായിരുന്ന എല്ലാ സ്ഥാനാർത്ഥികളെയും എതിർ കക്ഷിയായി ചേർക്കേണ്ടതുണ്ട്.

(c) മറേറതെങ്കിലും സ്ഥാനാർത്ഥിക്കെതിരെ അഴിമതിയാരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അയാളെയും കക്ഷിയായി ചേർക്കേണ്ടതാണ്.

ഇപ്രകാരമല്ല എതിർകക്ഷി ചേർന്നിട്ടുള്ളതെങ്കിൽ പെററിഷൻ തള്ളിവിധിപ്രസ്താവിക്കുന്നതാണ്. അതുപോലെ തന്നെ ഹർജി സമർപ്പിച്ചയാൾ മുകളിൽ പറഞ്ഞിട്ടുള്ളപ്രകാരം മത്സരത്തിൽ ഉണ്ടായിരുന്ന സ്ഥാനാർത്ഥിയോ, വോട്ടറോ അല്ലെങ്കിലും പെററിഷൻ നിരസിക്കുന്നതായിരിക്കും. കൂടാതെ ഫലപ്രഖ്യാപനത്തിനുശേഷം 45 ദിവസത്തിനകം പെററിഷൻസമർപ്പിക്കാതിരുന്നാലും,ആവശ്യമായത്ര കോപ്പികൾ അടക്കം ചെയ്യാതിരുന്നാലും നിശ്ചിതരീതിയിലല്ല പെററീഷൻ സമർപ്പിച്ചതെങ്കിലും പെററിഷൻ ഡിസ്മിസ് ചെയ്യപ്പെടുന്നതാണ്.

ഇലക്ഷൻ പെററീഷനിൽ വസ്തുനിഷ്ഠമായ കാര്യങ്ങൾ എല്ലാം ചുരുക്കത്തിൽ പ്രതിപാദിച്ചിരിക്കണം. ആരോപിക്കുന്ന അഴിമതികളുടെ വിശദവിവരം അടങ്ങിയിരിക്കണം. അഴിമതി കാണിച്ചതായി ആരോപിക്കുന്ന ആളിൻെറ മുഴുവൻ പേരും, മേൽവിലാസവും കാണിച്ചിട്ടുണ്ടായിരിക്കുകയും വേണം. അഴിമതി നടന്ന തീയതിയും, സ്ഥലവും വ്യക്തമാക്കി

യിരിക്കണം. പെററീഷനിൽ ഹർജിക്കാരൻ ഒപ്പിടുകയും സിവിൽ നടപടിക്രമം അനുസരിച്ച്, ശരിയാണോയെന്നു് പരിശോധിച്ചിരിക്കുകയും ചെയ്യണം. അഴിമതി ആരോപണ മുന്നയിച്ചിട്ടുണ്ടെങ്കിൽ, അവയുടെ വിശദവിവരങ്ങൾ അടങ്ങിയ ഒരു സത്യവാങ്മൂലവും സമർപ്പിച്ചിരിക്കേണ്ടതാണ്. സത്യവാങ്മൂലം നിശ്ചിതരീതിയിൽ തന്നെ ആയിരിക്കണം. പട്ടികകളോ, അനുബന്ധങ്ങളോ ഉണ്ടായിരുന്നാൽ അവയിലും ഹർജിക്കാരൻ ഒപ്പിടുകയും, മുറപ്രകാരം പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

## നടപടിക്രമം

ഒരേ തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഒന്നിലധികം ഇല: പെററീഷനുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ, പെററീഷൻ വിചാരണ നടത്തുന്ന ജഡ്ജിക്ക് അവ കൂട്ടായോ, ഗ്രൂപ്പ് തിരിച്ചോ വിചാരണ ചെയ്യാൻ കഴിയും. തിരഞ്ഞെടുപ്പിൽ മത്സരിച്ച ഒരുസ്ഥാനാർത്ഥിക്ക് പെററീഷനിൽ കക്ഷിചേരണമെന്നുണ്ടെങ്കിൽ വിചാരണ തുടങ്ങി 14. ദിവസത്തിനകം അതിനുള്ള ഹർജി സമർപ്പിക്കേണ്ടതാണ്. കൂടാതെ കോടതി ഉത്തരവിടുന്ന തുക സെക്യൂരിററി ആയി കെട്ടിവക്കുകയും വേണം. വിചാരണ തുടർച്ചയായിട്ടായിരിക്കും വെക്കുന്നതു്. പെററിഷൻ സമർപ്പിച്ച ആറു് മാസത്തിനകമെങ്കിലും വിചാരണ പൂർത്തിയായിരിക്കണമെന്നാണ് വ്യവസ്ഥ.

## സാക്ഷികൾ

ഇല: പെററീഷനിൽ സാക്ഷികളായി വിസ്തരിക്കപ്പെടുന്നവർ തങ്ങളാർക്കാണ വോട്ടുരേഖപ്പെടുത്തിയതെന്ന രഹസ്യം വെളിപ്പെടുത്തേണ്ടതില്ല. സംഗതമായ സംഗതികളെക്കുറിച്ചുള്ള എല്ലാ ചോദ്യങ്ങൾക്കും സാക്ഷി ഉത്തരം പറയേണ്ടതാണ്. അതിൽ എന്തെങ്കിലും ശിക്ഷയോ, പിഴയോ ലഭി

ക്കമെന്നു് സാക്ഷി ഭയപ്പെടേണ്ടതില്ല. ഒരു സാക്ഷി അയാറം ഉത്തരം പറയേണ്ടുന്ന എല്ലാകാര്യങ്ങറംക്കും ശരിയായി ഉത്തരം പറയുകയാണെങ്കിൽ അയാറംക്കു് ഹൈക്കോടതിയിൽനിന്നും ഒരു "ഇൻഡമിനിററി സർട്ടിഫിക്കററു്" നൽകുന്നതായിരിക്കും. കോടതി നേരിട്ടോ, കോടതിയിൽവെച്ചു് എതിർകക്ഷിക്കു് വേണ്ടിയോ, ചോദിക്കുന്ന ചോദ്യങ്ങറംക്കു് സാക്ഷി നൽകുന്ന ഉത്തരം, അയാറംക്കെതിരായ തെളിവായി വേറൊരു സിവിൽകേസ്സിലും, ക്രിമിനൽ കേസ്സിലും സ്വീകരിക്കുന്നതല്ല. പക്ഷെ സാക്ഷിമൊഴിയിൽ കളവു് പറയുന്നതായാൽ, കളവു്പറയുന്നതിൻെറ പേരിലുള്ള ക്രിമിനൽ കേസുകളിൽ ഈ സംരക്ഷണം ലഭിക്കുന്നതുമല്ല.

## ഇൻഡമിനിററി സർട്ടിഫിക്കററ്

ഇൻഡ്യൻ ശിക്ഷാ നിയമമനുസരിച്ചുള്ള തിരഞ്ഞെടുപ്പു കുററങ്ങറം, ആർ. പി. ആക്ടിൽ പറയുന്ന അഴിമതി, കുററം, ഈ കേസ്സുകളിൽ ഇൻഡമിനിററി സർട്ടിഫിക്കററു് ലഭിച്ചിട്ടുള്ള സാക്ഷികറംക്കു്, അതു തങ്ങളുടെ നേർക്കുള്ള ചാർജ്ജുകറംക്കെതിരായ ശക്തിയായ തെളിവായി ഹാജരാക്കാൻ കഴിയുന്നതാണു്. തിരഞ്ഞെടുപ്പു കുററങ്ങറംക്കുള്ള ശിക്ഷ ലഭിക്കാതിരിക്കുന്നതിന്ന പ്രസ്തുത സർട്ടിഫിക്കററ് മതിയായ സാധ്യതയാണു്. എന്നാൽ അയോഗ്യത കല്പിക്കുന്ന കാര്യത്തിൽ ഇതു ബാധകവുമല്ല.

സാക്ഷികളായി കോടതിയിൽ ഹാജരായി തെളിവുനൽകുന്നവർക്കു ചിലവു കിട്ടുന്നതിനുമർഹതയുണ്ടു്.

## ഹൈക്കോടതി വിധി

ഹൈക്കോടതിയിൽ നിന്നും താഴെപ്പറയുന്ന വിധത്തിലുള്ള വിധികളായിരിക്കും പെററീഷൻ പരിഗണിച്ചശേഷം ഉണ്ടാവുക.

(1 ഇച: പെററീഷൻ തള്ളിക്കളയുക.

(2) തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കുക.

(3) വിജയിച്ചയാളിൻെറ തിരഞ്ഞെടുപ്പ് അസാധുവാക്കുന്നതോടൊപ്പം, പെററീഷൻ സമർപ്പിച്ച ആളിനെയോ, മറെറാരാളിനെയോ, വിജയിയായി പ്രഖ്യാപിക്കുക.

വിധി പ്രസ്താവിക്കുന്നതോടൊപ്പം താഴെപ്പറയുന്നകാര്യങ്ങളിലും ഹൈക്കോടതി ഉത്തരവു് പുറപ്പെടുവിക്കുന്നതായിരിക്കും.

അഴിമതിയാരോപണം ഉന്നയിച്ചിരുന്നുവെങ്കിൽ അഴിമതി നടന്നിരുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ടോ ഇല്ലയോ, എന്ന കാര്യവും, അഴിമതി നടന്നിരുന്നെങ്കിൽ അതിൻെറ സ്വഭാവവും ഉത്തരവിൽ കാണിച്ചിരിക്കും. അഴിമതി തെളിയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അഴിമതി നടത്തിയവരുടെ പേരും, അഴിമതിയുടെ സ്വഭാവവും വെളിപ്പെടുത്തുന്നതുമാണു്.

തിരഞ്ഞെടുപ്പു പെററീഷൻ വിചാരണക്കിടയിൽ രണ്ടു സ്ഥാനാർത്ഥികൾക്കു് തുല്യവോട്ടാണു് ലഭിച്ചതെന്നു് ബോധ്യമാകുകയും, 'നറുക്കു്'മൂലമാണു് വിജയിയെ, വരണാധികാരി നിശ്ചയിച്ചതെന്നു് മനസ്സിലാകുകയും ചെയ്താൽ, വരണാധികാരിയുടെ തീരുമാനം കോടതി ശരിവക്കും. 'നറുക്കു'മൂലമല്ല തീരുമാനമെടുത്തതെങ്കിൽ കോടതി നറുക്കിട്ടു് തീരുമാനംഎടുക്കുന്നതായിരിക്കും.

ഹൈക്കോടതി ഉത്തരവുകൾ ഉടനടി പ്രാബല്യത്തിൽവരുന്നതാണു്. ഹൈക്കോടതിവിധിക്കു് മുൻപു്, വിജയിച്ചതായി കണക്കാക്കിയിരുന്ന ആൾ ഏതെങ്കിലും സഭയിൽ സാമാജികനെന്ന നിലനിൽ ഹാജരാകുകയോ, സഭാനടപടികളിൽ

പങ്കെടുക്കുകയോ ചെയ്യുന്നതു് അസാധുവല്ല. മാത്രവുമല്ല അപ്ര കാരം പങ്കെടുത്തതിന്റെ പേരിൽ അയാൾക്കു് പിഴയോ, മ ററു ബാദ്ധ്യതകളൊ കൈവരുന്നതുമല്ല.

## അപ്പീൽ

ഹൈക്കോടതി വിധിയിന്മേൽ സുപ്രീംകോടതിയിൽ അ പ്പീൽ ബോധിപ്പിക്കാവുന്നതാണു്. അപ്പീൽ നിയമപ്രശ്ന ത്തിലും, വസ്തുതകളുടെ പ്രശ്നത്തിലും അനുവദിക്കുന്നതായി രിക്കും. അപ്പീൽ കാലാവധി 30 ദിവസമാണു്. എന്നാൽ മ തിയായ കാരണങ്ങളാലാണു് അപ്പീൽ താമസിച്ചതെന്നു്, സുപ്രീംകോടതിക്കു് ബോദ്ധ്യമായാൽ 30 ദിവസം കഴിഞ്ഞും അപ്പീൽ സ്വീകരിക്കുകയും ചെയ്യാം. അപ്പീൽ ബോധിപ്പിച്ചു കഴിഞ്ഞശേഷം, ഹൈക്കോടതി ഉത്തരവു നടപ്പിലാക്കുന്ന തിനെതിരെ സുപ്രീംകോടതിക്കു് 'സ്റ്റേ' അനുവദിക്കാൻ കഴി യും. പക്ഷെ അതു തക്കതായ കാരണങ്ങളിന്മേൽ ആയിരി ക്കുകയും ചെയ്യും.

സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു മുൻപു് ഹൈക്കോടതിയിൽതന്നെ, ഹൈക്കോടതി ഉത്തരവു് 'സ്റ്റേ' ചെയ്യുന്നതിനു അപേക്ഷിക്കാം. ഇപ്രകാരം അപേക്ഷിക്കു ന്നതു അപ്പീൽ കാലാവധിക്കകത്തായിരിക്കണം. മതി യായ കാരണങ്ങളുണ്ടായിരുന്നാൽ ഹൈക്കോടതി സ്റ്റേ അനുവ ദിക്കുന്നതായിരിക്കും. സുപ്രീം കോടതിയിൽ അപ്പീൽ നൽകി യതിനുശേഷം, ഹൈക്കോടതി സ്റ്റേ അനുവദിക്കുന്നതല്ല.

സുപ്രീംകോടതി, അപ്പീൽവാദം കേട്ടതിനുശേഷം വിധി പ്രസ്താവിക്കുകയും, കോടതി തീരുമാനത്തിന്റെ ചുരുക്കം ത ര ഞ്ഞെടുപ്പു് കമ്മീഷനെയും, ബന്ധപ്പെട്ട സഭയിലെ അദ്ധ്യ ക്ഷനെയും അറിയിക്കുന്നതുമാണു്. അതിനുശേഷം ഉത്തരവി ന്റെ അധികൃതമായ പകർപ്പു് തിരഞ്ഞെടുപ്പു കമ്മീഷനു അയച്ചുകൊടുക്കുകയും ചെയ്യും.

ബന്ധപ്പെട്ട ഹൈക്കോടതിക്കും ഉത്തരവിന്റെ പകർപ്പു അയച്ചുകൊടുക്കും. ഗസററിലും പരസ്യം ചെയ്യും.

# 16 തിരഞ്ഞെടുപ്പ് ആവശ്യത്തിലേക്കുള്ള സ്ഥലവും വാഹനങ്ങളും

തിരഞ്ഞെടുപ്പു കമ്മീഷൻെറ പ്രവർത്തനങ്ങൾക്കാവശ്യമായ ഉദ്യോഗസ്ഥന്മാരെ നൽകേണ്ട ചുമതല കേന്ദ്ര –സംസ്ഥാന ഗവൺമെൻറുകൾക്കാണെന്നു് നേരത്തെ പ്രസ്താവിച്ചുവല്ലോ?

വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും മാത്രമല്ല തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മററു ജോലികൾക്കു് ഉദ്യോഗസ്ഥന്മാരെ നിയോഗിക്കേണ്ട ചുമതല സംസ്ഥാന ഗവൺമെൻറുകൾക്കാണു്. ക്രമസമാധാന പരിപാലനത്തിനാവശ്യമായ പോലീസിനെ പോളിംഗ് സ്റ്റേഷനുകളിൽ നിയോഗിക്കേണ്ടതും സംസ്ഥാന ഗവൺമെൻറാണു്.

ചീഫ് ഇലക്ടറൽ ആഫീസറും, റീജിയണൽ കമ്മീഷണറും ആവശ്യപ്പെടുന്ന സ്റ്റാഫിനെ നൽകാൻ തദ്ദേശ സ്ഥാപനങ്ങളിലെ അധികാരികളും ബാദ്ധ്യസ്ഥരാണു്.

പോളിംഗ്സ്റ്റേഷനായി ഉപയോഗിക്കുന്നതിനും, ബാലററ്പെട്ടികൾ സൂക്ഷിക്കുന്നതിനും ഗവൺമെൻറുവക സ്ഥലങ്ങൾ മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ സ്വകാര്യ സ്ഥലങ്ങൾ കൈവശപ്പെടുത്തുന്നതിന സംസ്ഥാന ഗവൺമെൻറുകൾക്കധികാരമുണ്ടു്. അപ്രകാരം ആവശ്യമായിവരുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും മാത്രമല്ല കുടിലുകളും, ഷെഡുകളും അവയുടെ ഭാഗങ്ങളും, ഉടമസ്ഥന്മാരിൽനിന്നും കൈവശക്കാരിൽനിന്നും, ആവശ്യപ്പെടുകയും, കൈവശപ്പെടുത്തുകയും ചെയ്യാവുന്നതാണു്. വാഹനങ്ങളുടെ കാര്യവും അതുപോലെ തന്നെയാണു്. റോഡ് ഗതാഗതത്തിന് ഉപയോഗിക്കുന്ന വ

ഹനങ്ങളും, മൃഗങ്ങളും, ബാലററ്പെട്ടി കൊണ്ടുപോകുന്നതി നും, ഉദ്യോഗസ്ഥന്മാരുടേയും, പോലീസുകാരുടേയും യാത്രക്കു വേണ്ടിയും സ്വകാര്യ വ്യക്തികളിൽനിന്നു സംസ്ഥാന ഗവൺമെൻറിനാവശ്യപ്പെടാൻ കഴിയും. എന്നാൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥിയുടേയും, തിരഞ്ഞെടുപ്പേജൻറിൻെറയും, ഉപയോഗത്തിലുള്ള വാഹനങ്ങൾ, അയാളുടെ തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ ആവശ്യപ്പെടാൻ പാടുള്ളതല്ല.

സ്ഥലങ്ങളും, വാഹനങ്ങളും, ആവശ്യപ്പെടുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരിക്കുമെന്നു് സംസ്ഥാനഗവണ്മെൻറു് ഗസററിൽ പരസ്യം ചെയ്തിരിക്കേണ്ടതുണ്ടു്. പ്രസ്തുത ഉദ്യോഗസ്ഥന്മാർ, സ്ഥലത്തിൻെറയും, വാഹനങ്ങളുടെയും, ഉടമകളോടും, കൈവശക്കാരോടും, അവ രേഖാമൂലം ആവശ്യപ്പെടുന്നതായിരിക്കും. ഇപ്രകാരം ആവശ്യപ്പെടുന്ന സ്ഥലത്തെയും വാഹനങ്ങളെയും, സംബന്ധിക്കുന്ന വിവരങ്ങളും, അവയുടെ വാടകയും, അറിയിക്കുന്നതിനു ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരാണു്. ഇവർക്കു് നിയമപ്രകാരമുള്ള കാമ്പൻസേഷൻ ലഭിക്കുന്നതിനർഹതയുണ്ടു്. സ്ഥലം ഒഴിഞ്ഞു കൊടുക്കേണ്ടതിലേക്കായി, താമസമോ, ബിസ്സിനസോ മാറേറണ്ടി വരുകയാണെങ്കിൽ ആതിലേക്കുള്ള ന്യായമായ ചിലവും അവർക്കു് ലഭിക്കുന്നതാണു്.

കെട്ടിടത്തിൻെറയും, വാഹനത്തിൻെറയും ഉള്ളിൽ കടന്നും പരിസരങ്ങളിൽ പ്രവേശിച്ചും, അവ ആവശ്യത്തിനു് ഉപയുക്തമായവയാണോഎന്നു് പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കധികാരമുണ്ടു്. സ്ഥലം ഒഴിഞ്ഞുകൊടുക്കാത്തവരിൽ നിന്നും,ഒഴിപ്പിക്കുന്നതിനും വേണ്ടിവന്നാൽ പൂട്ടും, താഴും, പൊളിച്ചു് അകത്തു് പ്രവേശിക്കുന്നതിനും, കൈവശപ്പെടുത്തുന്നതിനും കഴിയുന്നതാണു്. എന്നാൽ അത്തരം നടപടികൾ സ്വീകരിക്കുമ്പോൾ സ്ത്രീകൾക്കു് ശല്യം കൂടാതെ

പുറത്തുപോകുന്നതിനുള്ള സൗകര്യം നൽകേണ്ട ചുമതലയുണ്ട്.

ഗവണ്മെൻറുത്തരവു അനുസരിക്കാത്ത, സ്ഥലഉടമകളെയും, വാഹന ഉടമകളേയും, കൈവശക്കാരെയും ഒരു കൊല്ലംവരെ തടവിൽ വക്കുന്നതിനോ, പിഴ ഒടുക്കുന്നതിനോ രണ്ടിനും കൂടെയോ ശിക്ഷിക്കാവുന്നതാണു്.

തിരഞ്ഞെടുപ്പാവശ്യത്തിലേക്കു വാഹനങ്ങളും വസ്തുക്കളും ആവശ്യപ്പെടുന്നതും, കൈവശപ്പെടുത്തുന്നതും തിരഞ്ഞെടുപ്പു് പൂർത്തിയാകുന്നതുവരെയുള്ള കാലയളവിലേക്കു മാത്രമായിരിക്കുന്നതാണു്. വാടകയെ സംബന്ധിച്ചും, ഉടമസ്ഥാവകാശത്തെ സംബന്ധിച്ചും, തർക്കം ഉണ്ടായാൽ, ഒരു ആർബിട്രേററുടെ തീരുമാനത്തിനു് വിടുന്നതായിരിക്കും.

---

## 17 രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

ഭരണഘടന 52, 63 വകുപ്പുകൾ ഇൻഡ്യക്ക് ഒരു പ്രസിഡൻറും, വൈസ് പ്രസിഡൻറും ഉണ്ടായിരിക്കുമെന്ന് അസന്നിഗ്ധമാം വണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ച് വർഷത്തേക്കാണ് പ്രസിഡൻറിനെയും, വൈസ് പ്രസിഡൻറിനെയും തിരഞ്ഞെടുക്കുന്നത്. ഒന്നിലധികം തവണ തിരഞ്ഞെടുക്കപ്പെടുന്നതിന് ഭരണഘടന തടസവുമല്ല. പ്രത്യേക ഇലക്ടറൽ കോളേജ് മുഖേനയാണ് രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തിരഞ്ഞെടുക്കുന്നത്.

രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിന്റെ ചുമതലയും ഇലക്ഷൻ കമ്മീഷനാണ്. കമ്മീഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിനും, നിർദേശത്തിനും, മേൽനോട്ടത്തിനും കീഴിലാണ് തിരഞ്ഞെടുപ്പെന്ന് ഭരണഘടന വ്യക്തമാക്കുന്നു.

### സ്ഥാനാർത്ഥിക്കാവശ്യമായ യോഗ്യതകൾ

രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിക്കുന്നതിന് താഴെ പറയുന്ന യോഗ്യതകൾ ആവശ്യമാണ്.

(1) ഇൻഡ്യൻ പൗരത്വം

(2) 35 വയസ് പൂർത്തിയായിരിക്കണം.

(3) ലോക്സഭാ സാമാജികനായി തിരഞ്ഞെടുക്കപ്പെടുന്നതിനാവശ്യമായ യോഗ്യതകൾ.

കേന്ദ്ര–സംസ്ഥാന ഗവണ്മെൻറുകളിലും, ഗവണ്മെൻറ് നിയന്ത്രണത്തിലുള്ള പ്രാദേശിക സ്ഥാപനങ്ങളിലും, ഇതര സ്ഥാപനങ്ങളിലും പ്രതിഫലം ലഭിക്കുന്ന ഔദ്യോഗിക പദവി (Office of profit) വഹിക്കുന്നവർക്ക് സ്ഥാനാർത്ഥി

യാകാൻ കഴിയുന്നതല്ല. സ്ഥാനാർത്ഥിത്വത്തിനു് ഇതൊര യോഗ്യതയാണു്. എന്നാൽ ഉപരാഷ്ട്രപതിക്കും സംസ്ഥാന ഗവർണർമാർക്കും കേന്ദ്ര-സംസ്ഥാന മന്ത്രിമാർക്കും, തങ്ങളുടെ പദവികളിൽ തുടർന്നുകൊണ്ടു് തിരഞ്ഞെടുപ്പിൽ മത്സരിക്കാം. രാഷ്ട്രപതി സ്ഥാനത്തിരുന്നുകൊണ്ടും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിയും. രാഷ്ട്രപതി-ഉപരാഷ്ട്രപതിമാർ പാർലിമെൻററംഗമായിരിക്കാൻ പാടുള്ളതല്ല. രാജ്യസഭയിലൊ, ലോക്സഭയിലൊ സാമാജികനായിരിക്കുന്നയൊരാളെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കുകയാണെങ്കിൽ, രാഷ്ട്രപതിയുടെ പദവി ഏറ്റെടുക്കുന്ന നിമിഷംമുതൽ പ്രസ്തുത സഭയിലെ അംഗത്വം അവസാനിക്കും. സാമാജികനായിരുന്ന സഭയിലെ സ്ഥാനം ഒഴിവു് വന്നതായും കണക്കാക്കും. സംസ്ഥാന നിയമനിർമ്മാണസഭകളിലെ അംഗങ്ങളിലാരെങ്കിലുമാണു തിരഞ്ഞെടുക്കപ്പെടുന്നതെങ്കിലും ഇതേ അവസ്ഥതന്നെയാണുള്ളതു്.

ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിനും മേൽകാണിച്ചിട്ടുള്ള കാര്യങ്ങൾ ബാധകമാണു്. ഉപരാഷ്ട്രപതി സ്ഥാനത്തേക്കു് മത്സരിക്കുന്നയാളിനു് രാജ്യസഭാസാമാജികനായി തിരഞ്ഞെടുക്കപ്പെടാൻ ആവശ്യമായ യോഗ്യതകളുമുണ്ടായിരിക്കണം.

## തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ

രാഷ്ട്രപതി-ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകൾക്കായി ഒരു വരണാധികാരിയെ തിര: കമ്മീഷൻ നിയമിക്കും. നിയമനത്തിനു് മുൻപു് കേന്ദ്രഗവണ്മെൻറുമായി കമ്മീഷൻ ആലോചിക്കുകയും ചെയ്യും. ലോക്സഭാ-രാജ്യസഭാ സെക്രട്ടറിമാരിൽ ഒരാളായിരിക്കും അപ്രകാരം വരണാധികാരിയായി നിയമിക്കപ്പെടുക. ഒന്നോ അതിലധികമോ അസിസ്റ്റൻറു് റിട്ടേണിംഗ് ആഫീസറന്മാരെയും നിയമിക്കാവുന്നതാണു്. വരണാധികാരിയുടെ ആസ്ഥാനം ഡൽഹിയാണു്.

തിരഞ്ഞെടുപ്പിന്റെ വിവിധഘട്ടങ്ങളെ കാണിച്ചുകൊണ്ടുള്ള തിര:വിജ്ഞാപനം പുറപ്പെടുവിക്കുന്നതും ഇലക്ഷൻ കമ്മീഷനാണ്. രാജ്യസഭയും ലോക്സഭയുംരൂപം കൊണ്ടുകഴിഞ്ഞാലുടനെയായിരിക്കും വിജ്ഞാപനംപുറപ്പെടുവിക്കുന്നതു്. ഇതു് രാഷ്ട്രപതി–ഉപരാഷ്ട്രപതി സ്ഥാനങ്ങൾ ഒഴിവ് വരുന്നതിനു് അറുപതു് ദിവസത്തിനുള്ളിൽ ആയിരിക്കും. കൂടാതെ രാഷ്ട്രപതി–ഉപരാഷ്ട്രപതി സ്ഥാനങ്ങൾവഹിച്ചുകൊണ്ടിരിക്കുന്നവരുടെ ഔദ്യോഗികകാലാവധി അവസാനിക്കുന്നതിന്റെ തൊട്ടടുത്തദിവസം, നിയുക്ത പ്രസിഡൻറിനും, വൈസ് പ്രസിഡൻറിനും സ്ഥാനമേററെടുക്കത്തക്ക വിധത്തിലുമിയിരിക്കുകയും വേണം.

രാഷ്ട്രപതിയുടെയും, ഉപരാഷ്ട്രപതിയുടേയും നിര്യാണം, രാജി, ഇമ്പീച്ച്മെൻറ് ആദിയായ കാരണങ്ങളാലും സ്ഥാനങ്ങൾ ഒഴിവുണ്ടാകാനിടയാകുമല്ലോ? ഇത്തരത്തിൽ ഒഴിവുണ്ടായാലുടനെതന്നെ, അടുത്ത തിരഞ്ഞെടുപ്പിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും, കഴിയുന്നതും വേഗം തിരഞ്ഞെടുപ്പു പൂർത്തിയാക്കുകയും വേണം.

യാതൊരു കാരണവശാലും ആറുമാസത്തിൽ കൂടുതൽ കാലം തിരഞ്ഞെടുപ്പ് താമസിപ്പിക്കുവാൻ പാടുള്ളതല്ല. (1969ൽ രാഷ്ട്രപതിയുടെ നിര്യാണവും, ഉപരാഷ്ട്രപതിയുടെ രാജിയും മൂലം രണ്ടു് സ്ഥാനങ്ങളും ഒരുമിച്ചൊഴിവുണ്ടാകുകയാണുണ്ടായതു്. രണ്ടു് സ്ഥാനങ്ങളിലേക്കും ഒരുമിച്ചു് തിരഞ്ഞെടുപ്പു നടക്കുകയും ചെയ്തു. അതിന്റെ ഫലമായി ഇപ്പോൾ ആഗസ്റ്റ് മാസത്തിലാണ് തിരഞ്ഞെടുപ്പു നടക്കുന്നതു്.)

## വിവിധ ഘട്ടങ്ങൾക്കുള്ള തീയതികൾ

തിരഞ്ഞെടുപ്പിന്റെ വിവിധഘട്ടങ്ങളെ കുറിക്കുന്ന തീയതികൾ വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതു് താഴെ ചേർത്തിരിക്കുന്ന അടിസ്ഥാനത്തിലായിരിക്കും.

(1) നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം.

തിരഞ്ഞെടുപ്പു വിജ്ഞാപനത്തിനുശേഷം എട്ടു ദിവസം കഴിഞ്ഞുള്ളതും, പതിന്നാലു് ദിവസത്തിനകമുള്ളതുമായ ഒരു ദിവസമായിരിക്കണം നാമനിർദേശപത്രിക സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമായി നിശ്ചയിക്കുന്നതു്.

(2) സൂക്ഷ്മപരിശോധന നടത്തേണ്ട അവസാന ദിവസം.

നാമനിർദേശപത്രിക സമർപ്പിക്കുന്നതിനു് അവസാന ദിവസമായി നിശ്ചയിക്കുന്ന തീയതിക്കുശേഷം വരുന്ന മൂന്നു ദിവസങ്ങൾക്കുള്ളിലുള്ള ഒരു ദിവസമായിരിക്കണം.

(3) പിൻമാറുന്നതിനുള്ള അവസാന ദിവസം.

സൂക്ഷ്മപരിശോധനക്കുശേഷമുള്ള മൂന്നാമത്തെ ദിവസം.

(4) വോട്ടെടുപ്പു്.

നാമനിർദേശപത്രിക പിൻവലിക്കുന്നതിനു് നിശ്ചയിക്കുന്ന തീയതിക്കുശേഷം 15 ദിവസം കഴിഞ്ഞിട്ടുള്ള തീയതിയായിരിക്കും വോട്ടെടുപ്പിനുവേണ്ടി നിശ്ചയിക്കുന്നതു്.

## വോട്ടറൻമാരും വോട്ടെടുക്കുന്ന രീതിയും

വിവിധ സംസ്ഥാനങ്ങൾക്കു് കഴിയുന്നിടത്തോളം ഒരേ തോതിലുള്ള പ്രാതിനിധ്യം രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ലഭിക്കേണ്ടതാണെന്നു ഭ.ഘ 55 (1) വകുപ്പിൽ പറഞ്ഞിട്ടുണ്ടു്. പ്രസ്തുതവകുപ്പിലെ രണ്ടാം ഉപവകുപ്പു പ്രാതിനിധ്യം നിർണ്ണയിക്കേണ്ട രീതി വ്യക്തമാക്കുകയും ചെയ്യുന്നു. രാജ്യസഭയിലെയും, ലോക്സഭയിലെയും സംസ്ഥാന നിയമസഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട സാമാജികർ മാത്രമാണു് രാഷ്ട്രപതി തിരഞ്ഞെടുപ്പിലെ വോട്ടറന്മാർ. (പ്രസിഡൻറും, സംസ്ഥാന ഗവർണർമാരും നാമിനേററു് ചെയ്യുന്ന പാർ

ലിമെൻറ–നിയമസഭാ സാമാജികർക്ക് വോട്ടവകാശമില്ല) ആനുപാതിക പ്രാതിനിധ്യമനുസരിച്ചും മാററം ചെയ്യപ്പെടാവുന്ന ഒററവോട്ടിൻെറ അടിസ്ഥാനത്തിലുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നതു്. വോട്ടെടുക്കുന്നതു് രഹസ്യ ബാലററ് സമ്പ്രദായമനുസരിച്ചും.

പാർലിമെൻറിലെയും, നിയമസഭയിലെയും സാമാജികരുടെ വോട്ടിനു് വെവ്വേറെ മൂല്യങ്ങളാണ് കൈവരുന്നതു്. മാത്രവുമല്ല വിവിധ സംസ്ഥാന നിയമസഭാസാമാജികരുടെ വോട്ടിനു് പ്രത്യേകം മൂല്യങ്ങളുമായിരിക്കും. അതായതു് ഓരോ സംസ്ഥാന നിയമസഭാസാമാജികരുടെയും വോട്ടിനു് വ്യത്യസ്ഥമൂല്യങ്ങളാണ് ലഭിക്കുക. നിയമസഭയിലെ അംഗസംഖ്യയും, സംസ്ഥാന ജനസംഖ്യയും കണക്കിലെടുത്തുകൊണ്ടുള്ള ഒരനുപാതക്രമമാണ് മൂല്യനിർണയത്തിനു് സ്വീകരിക്കുന്നതു്. എല്ലാ പാർലിമെൻറംഗങ്ങളുടെയും വോട്ടിനു് ഒരേ മൂല്യമാണുണ്ടായിരിക്കുക– അവർ വ്യത്യസ്ഥ സംസ്ഥാനങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെങ്കിലും.

## മൂല്യനിർണ്ണയം നടത്തുന്ന വിധം

മൂല്യ നിർണ്ണയം നടത്തുന്ന രീതി പരിശോധിക്കാം.

$$\left.\begin{array}{l}\text{ഒരു സംസ്ഥാനനിയമസഭയി}\\\text{ലെ തിരഞ്ഞെടുക്കപ്പെടുന്ന}\\\text{സാമാജികരുടെ വോട്ടിൻെറ}\\\text{മൂല്യം}\end{array}\right\} = \frac{\text{സംസ്ഥാന ജനസംഖ്യ}}{\left\{\begin{array}{l}\text{സംസ്ഥാന നിയമ}\\\text{സഭയിലെ തിര}\\\text{ഞ്ഞെടുക്കപ്പെടുന്ന}\\\text{സാമാജികരുടെഎ}\\\text{ണ്ണം}\end{array}\right\} \times 1000}$$

സംസ്ഥാന നിയമസഭയിലെ തിരഞ്ഞെടുക്കപ്പെടുന്ന സാമാജികരുടെ എണ്ണത്തെ ആയിരംകൊണ്ടു് ഗുണിച്ചുകിട്ടുന്ന തുകകൊണ്ടു് പ്രസ്തുതസംസ്ഥാനത്തിലെ ജനസംഖ്യയുടെ എണ്ണത്തെ ഭാഗിക്കണം. ഭാഗിക്കുമ്പോൾ ശിഷ്ടം 500 ൽ കൂടുതലായി

... PUBLIC ... KOTTAYAM.

ടന്നാൽ ഹരണഫലത്തിൽ ഒന്നുകൂടെ കൂട്ടണം. ഈ സംഖ്യ യാണു് പ്രസ്തുത സംസ്ഥാന നിയമസഭയിലെ ഓരോ സാമാജി കരുടെയും വോട്ടിന്റെ മൂല്യം.

ഉദാഹരണം

സംസ്ഥാനം A

ജനസംഖ്യ = 15,00,000

നിയമസഭാസാമാജികർ = 150

എന്നാൽ സംസ്ഥാന (A) നിയമസഭാസാമാജികരുടെ വോട്ടിന്റെ മൂല്യം $= \frac{1500000}{150 \times 1000} = 10$

(ഇതുപോലെ ഓരോ സംസ്ഥാന നിയമസഭയിലെയും സാമാജികരുടെ മൂല്യം നിശ്ചയിക്കുന്നു)

ഇനി പാർലിമെൻറംഗങ്ങളുടെ വോട്ടിന്റെ മൂല്യം കണക്കാക്കുന്ന വിധം നോക്കാം.

പാർലിമെൻറംഗങ്ങളുടെവോട്ടിന്റെ മൂല്യം = സംസ്ഥാന നിയമസഭകളിലെസാമാജികരുടെ വോട്ടിന്റെ മൊത്തംമൂല്യം / പാർലിമെൻറിലെഇരുസഭകളിലെയും തിരഞ്ഞെടുക്കപ്പെട്ട സാമാജികരുടെ എണ്ണം.

ഓരോ സംസ്ഥാന നിയമസഭാസാമാജികരുടെയും വോട്ടിന്റെ മൂല്യം ആദ്യമായി നിർണ്ണയിക്കുന്നു. അതിനുശേഷം ഇൻഡ്യയിലെ എല്ലാസംസ്ഥാന നിയമസഭകളിലും കൂടെയുള്ള മൊത്തം വോട്ടു് (മൂല്യം) എത്രയാണെന്നു് കണക്കാക്കുന്നു. ഈ സംഖ്യയെ പാർലിമെൻറംഗങ്ങളുടെ എണ്ണം കൊണ്ടു് ഭാഗിക്കുന്നു. ശിഷ്ടം പകുതിയിൽ കൂടുതൽ വന്നാൽ ഹരണഫലത്തിൽ ഒന്നുകൂടെ കൂട്ടുകയും വേണം. ഇപ്രകാരം കിട്ടുന്ന സംഖ്യയാണു് ഒരു വോട്ടിന്റെ മൂല്യം.

ഉദാ: എല്ലാ നിയമസഭകളിലെയും സാമാജികരുടെ ആകെ വോട്ടിന്റെ മൂല്യം 75000ആണെന്നു് കരുതുക. ലോക്സഭയിൽ 500–ഉം, രാജ്യസഭയിൽ 250ഉം തിരഞ്ഞെ

ടുക്കപ്പെട്ട സാമാജികരുണ്ടെന്നും നിശ്ചയിക്കുക. എന്നാൽ പാർലിമെൻറംഗങ്ങളുടെ വോട്ടിൻെറ മൂല്യം

$$= \frac{75000}{750} = 100$$ ആയിരിക്കും.

ഇതിൽ നിന്നും ആനുപാതിക പ്രാതിനിധ്യം നിശ്ചയിക്കുന്ന വിധം മനസ്സിലാക്കാമല്ലോ?

രാഷ്ട്രപതി തിരഞ്ഞെടുപ്പിലെ ഇലക്ടറൽ കോളേജു കൾ സംസ്ഥാന നിയമസഭകളും, പാർലിമെൻറിൻെറ ഇരുസഭകളുമാണല്ലോ. ഇതിൽ ഒരു ഇലക്ടറൽ കോളേജ് (സംസ്ഥാന നിയമസഭ) നിലവിലില്ലാതിരുന്നാലും രാഷ്ട്രപതി തിരഞ്ഞെടുപ്പ് നടത്താൻ കഴിയുമെന്ന് അടുത്ത കാലത്ത് സുപ്രീംകോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

## വോട്ട് രേഖപ്പെടുത്തുന്നവിധം

ഓരോ വോട്ടർക്കും മാററം ചെയ്യപ്പെടാവുന്ന ഓരോവോട്ടാണ് ഉള്ളത്. അതായത് ഓരോ വോട്ടർക്കും, മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് തങ്ങൾ നൽകുന്ന മുൻഗണനയുടെ അടിസ്ഥാനത്തിൽ വോട്ട് രേഖപ്പെടുത്താം. ഒരു തിരഞ്ഞെടുപ്പിൽ A, B, C, D എന്ന് നാല് സ്ഥാനാർത്ഥികൾ മത്സരിച്ചാൽ ഒരു വോട്ടർക്ക്, ഈ നാലു പേരിൽ ഒരാൾക്ക് പ്രഥമ മുൻഗണനയും, മററൊരാൾക്ക് രണ്ടാമത്തെ മുൻഗണനാവോട്ടും, തുടർന്ന് ആവശ്യമെന്ന് തോന്നിയാൽ ബാക്കിയുള്ളവർക്ക് യഥാക്രമം മൂന്നും, നാലും മുൻഗണനാ വോട്ടും രേഖപ്പെടുത്താം.

പ്രഥമ മുൻഗണന A ക്കായിരുന്നാൽ A യുടെ പേരിനു നേരെ (1) എന്നും രണ്ടാമത്തെ മുൻഗണന B ക്കായിരുന്നാൽ B യുടെ പേരിനു നേരെ (2) എന്നും മൂന്നാമത്തെ മുൻഗണന C ക്കായിരുന്നാൽ C യുടെ പേരിനുനേരെ (3) എന്നും നാലാമത്തെ മുൻഗണന D ക്കായിരുന്നാൽ D യുടെ പേരിനു നേരെ (4) എന്നും രേഖപ്പെടുത്താവുന്നതാണ്.

ഒരു സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഒന്നിൽ കൂടുതൽ അക്കങ്ങൾ രേഖപ്പെടുത്താൻ പാടില്ല. അപ്രകാരം രേഖപ്പെടുത്തിയാൽ രേഖപ്പെടുത്തുന്ന ബാലററ്പേപ്പർ അസാധുവായിത്തീരും. പ്രഥമ മുൻഗണന (1) രേഖപ്പെടുത്താതിരിക്കുന്ന ബാലററ് പേപ്പറും അസാധുവാണ്.

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ വോട്ടറന്മാർ പാർലിമെൻറംഗങ്ങൾ മാത്രമാണ്.

രാഷ്ട്രപതി തിരഞ്ഞെടുപ്പിനു് പാർലിമെൻറ് അസംബ്ളി മന്ദിരങ്ങളായിരിക്കും പോളിംഗ് സ്റ്റേഷനായി നിശ്ചയിക്കുന്നതു്. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലേക്കുള്ള പോളിംഗ്സ്റ്റേഷൻ പാർലിമെൻററ് മന്ദിരവുമായിരിക്കും.

## വോട്ടെണ്ണലും ഫലപ്രഖ്യാപനവും

വോട്ടെണ്ണലിൻെറ ആദ്യ റൗണ്ടിൽ പ്രഥമ മുൻഗണനാ വോട്ടുകൾ മാത്രമെ പരിഗണിക്കുകയുള്ളൂ. ഓരോ ഇലക്ടറൽ കോളേജുകളിൽ നിന്നും ഓരോ സ്ഥാനാർത്ഥിക്കും പ്രഥമ മുൻഗണന രേഖപ്പെടുത്തിയിട്ടുള്ള ബാലററ്. പേപ്പറുകൾ പ്രത്യേകം എണ്ണി കെട്ടുകളാക്കും. ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച ബാലററുപേപ്പറുകളുടെ എണ്ണത്തെ, അവ ഏതു് സഭയിൽ നിന്നാണോ ലഭിച്ചതു് പ്രസ്തുത സഭയിലെ വോട്ടിൻെറ മൂല്യംകൊണ്ടു് ഗുണിക്കുന്നു. ഇപ്രകാരം എല്ലാ സഭകളിൽ നിന്നും ലഭിക്കുന്ന വോട്ടുകൾ കണക്കാക്കുന്നു. ഇവ ഒരുമിച്ച്കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യയാണ് ഒരു സ്ഥാനാർത്ഥിക്ക് ലഭിക്കുന്ന ആകെ വോട്ട്.

പ്രഥമ മുൻഗണനാ വോട്ടിൽ ഏററവും കൂടുതൽ വോട്ട് ലഭിക്കുന്ന സ്ഥാനാർത്ഥി വിജയിച്ചില്ലെന്നു വരും. വിജയം നിശ്ചയിക്കുന്നതും ഒരു പ്രത്യേകതരത്തിലാണ്. ഇതു് താഴെ പറയും പ്രകാരമാണ്.

ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച ആകെമുൻഗണനാവോ

ട്ടു് എത്രയാണെന്നു് കണക്കാക്കുന്നു. അതിനുശേഷം മത്സരിച്ച എല്ലാ സ്ഥാനാർത്ഥികൾക്കും കൂടെ ലഭിച്ച മൊത്തംവോട്ടു് എത്രയാണെന്നു കണക്കുകൂട്ടുന്നു. ഈ സംഖ്യയെ രണ്ടുകൊണ്ടു് ഭാഗിക്കുന്നു. ഹരണഫലത്തിൽ ഒന്നുകൂടെ കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യയാണു് വിജയിക്കാൻ ആവശ്യമായ വോട്ടു്. ഇതിനെ 'ക്വോട്ടാ' എന്നാണു് പറയുന്നതു്.

ഉദാഹരണം.

സ്ഥാനാർത്ഥികൾ A, B, C, D

ഓരോരുത്തർക്കും ലഭിച്ച പ്രഥമ മുൻഗണനാവോട്ടു്

| | |
|---|---|
| A | 4000 |
| B | 3000 |
| C | 2000 |
| D | 1000 |
| ആകെ | 10000 |

വിജയിക്കാൻ ആവശ്യമായവോട്ടു് $\frac{10000}{2}+1$

(ക്വോട്ടാ) $= 5000+1$

$= 5001$

ഈ ഉദാഹരണത്തിൽ 5001 വോട്ടു് ലഭിച്ചാൽ മാത്രമെ വിജയിച്ചതായി കണക്കാക്കുകയുള്ളു. ഇവിടെ ഒരു സ്ഥാനാർത്ഥിക്കും വിജയിക്കാൻ ആവശ്യമായ വോട്ടു് ലഭിച്ചിട്ടില്ല. അതിനാൽ രണ്ടാമത്തെ റൗണ്ടു് എണ്ണേണ്ടി വരുന്നു.

രണ്ടാം റൗണ്ടു് എണ്ണുമ്പോഴത്തെ ആദ്യത്തെ പടി ആദ്യറൗണ്ടിൽ ഏററവും കുറച്ചു് വോട്ടു് ലഭിച്ച സ്ഥാനാർത്ഥിയെ ഒഴിവാക്കുക എന്നതാണു്. അതിനുശേഷം അയാൾക്കു് ലഭിച്ചിട്ടുള്ള ബാലററു് പേപ്പറുകൾ എല്ലാം പരിശോധിക്കുന്നു. അവയിൽ രണ്ടാം മുൻഗണന രേഖപ്പെടുത്തിയിട്ടുള്ള ബാലററു് പേപ്പറുകൾ, ശേഷിക്കുന്ന സ്ഥാനാർത്ഥികളിൽ ആർക്കു വേണ്ടിയാണോ രേഖപ്പെടുത്തിയിട്ടുള്ളതു് അവർക്കായി മാററുന്നു.

രണ്ടാം മുൻഗണനാവോട്ട് എണ്ണി മൂല്യ നിർണ്ണയം ചെയ്തശേഷം, അത് ഓരോ സ്ഥാനാർത്ഥിയുടെയും ആദ്യ റൗണ്ടിൽ ലഭിച്ചവോട്ടുമായി കൂട്ടുന്നു. ഇപ്രകാരം കൂട്ടുമ്പോൾ നിശ്ചിത ക്വോട്ടായിൽ എത്തുന്ന സ്ഥാനാർത്ഥി വിജയിക്കും. രണ്ടാം റൗണ്ടിലും ആർക്കും ഭൂരിപക്ഷം ലഭിക്കാതെ വന്നാൽ മൂന്നാം മുൻഗണനാവോട്ടുകൾ കണക്കാക്കേണ്ടി വരും. അതിലേക്ക് ഏററവും പിന്നിൽ നിൽക്കുന്ന ആളെ ഒഴിവാക്കണം.

മേൽ വിശദീകരിച്ച നടപടി തുടർന്നതിനുശേഷവും, ആർക്കും വിജയിക്കാൻ മതിയായ 'ക്വോട്ടാ' ലഭിക്കാതിരിക്കുകയും, മത്സരത്തിൽ ഒരു സ്ഥാനാർത്ഥിമാത്രം അവശേഷിക്കുകയും, മാററം ചെയ്യപ്പെടാവുന്ന വോട്ടുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഘട്ടം സംജാതമായാൽ മത്സരത്തിൽ ശേഷിച്ച ഏക സ്ഥാനാർത്ഥിയെ വിജയിച്ചതായി പ്രഖ്യാപിക്കും. ഇതിലേക്ക് ക്വോട്ടാ തികയേണ്ട ആവശ്യമില്ല.

മൂല്യം ചെയ്തുകിട്ടുന്ന സംഖ്യയെ വോട്ട് എന്നുതന്നെയാണ് പറയാറുള്ളത്.

(മാററം ചെയ്യപ്പെടുന്ന രീതിയുടെ ഉദാഹരണം രാജ്യസഭാ വോട്ടെണ്ണൽ എന്ന ഭാഗത്ത് ചേർത്തിട്ടുള്ളത് നോക്കുക)

## നാമനിർദേശ പത്രിക

രാഷ്ട്രപതി തിരഞ്ഞെടുപ്പിൽമത്സരിക്കാൻ ഒരു സ്ഥാനാർത്ഥിയുടെ പേര് നിർദേശിക്കുന്നത് 10 പേർ ചേർന്നായിരിക്കും. അതുപോലെ തന്നെ 10 പേർ പിൻതാങ്ങുകയും വേണം. നാമനിർദേശം നടത്തുന്നവരും, പിൻതാങ്ങുന്നവരും പ്രസ്തുത തിരഞ്ഞെടുപ്പിലെ വോട്ടറന്മാർ ആയിരിക്കുകയും വേണം. ചുരുക്കത്തിൽ 20 വോട്ടറന്മാരുടെയെങ്കിലും പിൻതുണയുള്ളയാൾക്ക് മാത്രമെ സ്ഥാനാർത്ഥിയാകാൻ കഴിയുകയുള്ളു, ഒരു സ്ഥാനാർത്ഥിക്കുവേണ്ടി നാലു നാമനിർദേശപത്രികകൾ വരെ സ്വീകരിക്കും. ഒരു സമ്മതിദായകൻ നിർദേശകനായോ,

പിൻതുണക്കാരനായോ ഒന്നിൽകൂടുതൽ നാമനിർദേശപത്രിക കളിൽ ഒപ്പ്‌വക്കാൻ പാടുള്ളതല്ല. 2500 രൂപ ജാമ്യത്തുകയായും കെട്ടിവക്കേണ്ടതുണ്ട്. നാമനിർദേശപത്രികയോടൊപ്പം സ്ഥാനാർത്ഥി വോട്ടറായി പേർ രജിസ്റ്റർ ചെയ്തിട്ടുള്ള പാർലിമെൻറ് നിയോജക മണ്ഡലത്തിലെ സമ്മതിദായകപ്പട്ടികയുടെ പ്രസക്തഭാഗത്തിൻെറ സർട്ടിഫൈഡ് കോപ്പിയും ഉണ്ടായിരിക്കണം. സ്ഥാനാർത്ഥി, നിർദേശകർ, പിൻതുണക്കാർ ഇവരിൽ ആരെങ്കിലും നേരിട്ടായിരിക്കണം നാമനിർദേശപത്രിക വരണാധികാരിയെ ഏല്പിക്കുന്നതു്. പിൻമാറുന്നതിനുള്ള നോട്ടീസ് സ്ഥാനാർത്ഥിതന്നെ നേരിട്ടു് സമർപ്പിക്കണം. എന്നാൽ നിർദേശകരെയോ, പിൻതാങ്ങുന്നവരെയോ ഇതിലേക്കു് സ്ഥാനാർത്ഥിക്കു് രേഖാമൂലം ചുമതലപ്പെടുത്താം.

## സ്ഥാനാർത്ഥിയുടെ മരണം

സൂക്ഷ്മപരിശോധനക്കുശേഷം സാധുവായ നാമനിർദേശപത്രികകൾ ഏതെല്ലാമാണെന്നു് തീരുമാനിക്കുമല്ലോ സ്വീകരിക്കപ്പെട്ടിട്ടുള്ള നാമനിർദേശപത്രിക സമർപ്പിച്ചിട്ടുള്ള സ്ഥാനാർത്ഥികളിലാരെങ്കിലും തിരഞ്ഞെടുപ്പിനു മുൻപു് നിര്യാതരായാൽ തിരഞ്ഞെടുപ്പു നടപടിയെല്ലാം നിറുത്തിവയ്ക്കുന്നതാണു്. പുതിയ തിരഞ്ഞെടുപ്പായിയിരിക്കും വീണ്ടും നടക്കുന്നതു്. ഇതിലേക്കാവശ്യമായ തിര: വിജ്ഞാപനം ഇലക്ഷൻ കമ്മീഷൻ പുറപ്പെടുവിക്കുകയും ചെയ്യും. ഈ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു് നേരത്തെ മത്സരരംഗത്തുണ്ടായിരുന്ന സ്ഥാനാർത്ഥികൾ പുതുതായി നാമനിർദേശപത്രികകൾ സമർപ്പിക്കേണ്ടതില്ല. അതേ സമയം പുതിയ സ്ഥാനാർത്ഥികളിൽ നിന്നും നാമനിർദേശപത്രിക സ്വീകരിക്കുകയും ചെയ്യും. എന്നാൽ മുൻകൂട്ടി പിൻമാറിയിരുന്നവരുടെ പുതിയ നാമനിർദേശ പത്രിക സ്വീകരിക്കുകയുമില്ല.

## തിര:പെററീഷൻ

രാഷ്ട്രപതി–ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളെ സംബന്ധിക്കുന്ന "തിരഞ്ഞെടുപ്പ് പെററീഷൻ" സുപ്രീംകോടതിയിൽ മാത്രമെ സ്വീകരിക്കുകയുള്ളു. തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾക്ക് തിര:പെററീഷൻ സമർപ്പിക്കാം. കൂടാതെ പത്തോ അതിലധികമോ വോട്ടറന്മാർ ചേർന്നും പെററീഷൻ സമർപ്പിക്കാം. ഫലപ്രഖ്യാപനം കഴിഞ്ഞു് 30 ദിവസത്തിനകം ആയിരിക്കണം പെററീഷൻ സമർപ്പിക്കുന്നതു്. തിരഞ്ഞെടുപ്പ് പൂർത്തിയാകുന്നതിനു മുൻപ് പെററീഷൻ സ്വീകരിക്കുകയുമില്ല.

തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കുന്നതിലേക്കും, ഒപ്പം, പെററീഷൻ നൽകുന്ന സ്ഥാനാർത്ഥിയേയോ മറെറാരു സ്ഥാനാർത്ഥിയേയോ വിജയിച്ചതായി പ്രഖ്യാപിക്കണമെന്ന ആവശ്യവും പെററീഷനിൽ ഉന്നയിക്കാം.

## കാരണങ്ങൾ

(1) തിരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥിയോ, സ്ഥാനാർത്ഥിക്കുവേണ്ടിമററാരെങ്കിലുമോ, കൈക്കൂലി, അവിഹിതമായ സ്വാധീനം, തുടങ്ങിയ കുററകരമായ പ്രവർത്തികൾ ചെയ്തിരുന്നു.

(2) തിരഞ്ഞെടുപ്പ് ഫലത്തെ സാരമായി ബാധിക്കത്തക്ക വിധമുള്ള മററുകാര്യങ്ങൾ നടന്നിരുന്നു.

(a) കൈക്കൂലി, അവിഹിതമായ സ്വാധീനം, ഇവ വിജയിച്ച സ്ഥാനാർത്ഥിയോ സ്ഥാനാർത്ഥിയുടെ സൗകര്യാർത്ഥമോ അല്ല വേറൊരാൾ ഉപയോഗിച്ചതെങ്കിൽപോലും, അതു് തിരഞ്ഞെടുപ്പ് ഫലത്തെ സാരമായി ബാധിച്ചിട്ടുണ്ടായിരുന്നു.

(b) ഏതെങ്കിലും വോട്ടു് സ്വീകരിച്ചതോ, നിരാകരിച്ചതോ ക്രമരഹിതമായിട്ടായിരിക്കുകയും അതു് തിരഞ്ഞെടുപ്പു് ഫലത്തെ ബാധിക്കുകയും ചെയ്തിരുന്നു.

(c) ഭരണഘടനയിലെയും, പ്രസിഡൻഷ്യൽ ആൻഡു് വൈസ് പ്രസിഡൻഷ്യൽ ആക്ടി (1952) ലെയും വ്യവസ്ഥകളും, അതനുസരിച്ചുള്ള ചട്ടങ്ങളും ശരിയായി പാലിച്ചിരുന്നില്ല.

(d) ഏതെങ്കിലും നാമനിർദേശ പത്രിക നിരസ്കരിച്ചതു് ക്രമപ്രകാരമായിരുന്നില്ല. അല്ലെങ്കിൽ വിജയിച്ച സ്ഥാനാർത്ഥിയുടേതുൾപ്പെടെ, പിൻമാറാതിരുന്നഏതെങ്കിലും സ്ഥാനാർത്ഥിയുടെനാമനിർദേശ പത്രിക സ്വീകരിച്ചതു് മുറപ്രകാരമായിരുന്നില്ല.

മേൽപ്പറഞ്ഞ കാരണങ്ങൾ വിജയിച്ച സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പു് അസാധുവാക്കുന്നതിനു് മതിയായ കാരണങ്ങളാണു്.

## ശ്രീ ശിവകൃപാൽസിംഗ് Vs. ശ്രീ V. V. ഗിരി

രാഷ്ട്രപതി-ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പു് നിയമമനുസ്സരിച്ചു്, സ്ഥാനാർത്ഥിയുടെയും, ഏജൻറിൻെറയും അനുമതി കൂടാതെ വേറൊരാൾ തിരഞ്ഞെടുപ്പിൽ അഴിമതി നടത്തുന്നതായാലും തിരഞ്ഞെടുപ്പു് അസാധുവാകുന്നതാണു്.

1969 ആഗസ്റ്റ് മാസത്തിൽ നടന്ന രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ, ഉപരാഷ്ട്രപതിസ്ഥാനം രാജിനൾകിയ ശേഷം ശ്രീ വി. വി. ഗിരിയും, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ സഞ്ജീവറെഡ്ഡിയും സ്ഥാനാർത്ഥികൾ ആയിരുന്നു. പുറമേ മററു് സ്ഥാനാർത്ഥികളും ഉണ്ടായിരുന്നു. എന്നാൽ പ്രധാന മത്സരം ശ്രീ ഗിരിയും, ശ്രീ സഞ്ജീവറെഡ്ഡിയും തമ്മി

ലായിരുന്നു. ശ്രീ ഗിരിയുടെ വിജയം പ്രഖ്യാപിച്ചതിനെതുടർന്ന് 4 തെ:പെററിഷനകറം സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. അഴിമതി, അവിഹിതമായ സ്വാധീനം ഇവയായിരുന്നു പ്രധാന ആരോപണങ്ങറം.

കേന്ദ്രമന്ത്രിസഭയിലെ രണ്ടു മുസ്ലീം മന്ത്രിമാർ, ശ്രീ റെഡ്ഡി ജനസംഘവുമായി ഉററബന്ധം സ്ഥാപിച്ചിട്ടുള്ള ആറം ആണെന്നും, റെഡ്ഡി വിജയിച്ചാൽ മുസ്ലിംസമുദായം നശിപ്പിക്കപ്പെടുമെന്നും, സമുദായത്തിൻെറ അന്ത്യം കുറിക്കുമെന്നും പറഞ്ഞു് പല മുസ്ലീം വോട്ടർമാരെയും ഭീഷണിപ്പെടുത്തിയെന്നായിരുന്നു ഒരു ചാർജ്ജ്.

കേന്ദ്ര മന്ത്രിസഭയിലെ പല മന്ത്രിമാരും ടെലിഫോണിൽ നല്ലൊരു വിഭാഗം വോട്ടർമാരോട് ഗിരിക്കു വേണ്ടി സംസാരിച്ചിരുന്നു. ഗിരിക്ക് വോട്ടു് രേഖപ്പെടുത്താത്തപക്ഷം, ഗവ: അവർക്കു് നൽകിക്കൊണ്ടിരിക്കുന്ന, രക്ഷാധികാരിത്വം, നഷ്ടപ്പെടുമെന്നു് പരസ്യമായി തന്നെ പറഞ്ഞിരുന്നു എന്നതാണ് അടുത്ത ആരോപണം.

ശ്രീ ഗിരിയുടെ പിൻതുണക്കാരിൽ ഒരു വിഭാഗം, വിതരണം ചെയ്ത ലഘുലേഖയിൽ സഞ്ജീവ റെഡ്ഡിക്കെതിരായി ഗുരുതരമായ ആരോപണങ്ങറം ഉന്നയിച്ചിരുന്നു. അതിൽ റെഡ്ഡി പ്രസിഡൻറായാൽ രാഷ്ട്രപതി ഭവൻ, ദുർനടപടികളുടെയും, ദുരാചാരങ്ങളുടെയും ഇരിപ്പിടമായി മാറുമെന്നും പറഞ്ഞിരുന്നു. കൂടാതെ സ്വേച്ഛാധിപത്യത്തിലേക്കു് നീങ്ങുമെന്നും, ജനാധിപത്യം അവസാനിക്കുമെന്നുമുള്ള ധാരണ പരത്താൻ പര്യാപ്തമായ രീതിയിലുമായിരുന്നു പ്രസ്താവനയുടെ രൂപം. മാത്രവുമല്ല ഈ ലഘുലേഖയെക്കുറിച്ചു് പത്രങ്ങളിൽ എല്ലാം വാർത്ത ഉണ്ടായിരുന്നിട്ടും, അതു് തടയുന്നതിനു് സ്ഥാനാർത്ഥി ശ്രമിക്കുകയും ചെയ്തിരുന്നില്ല. ഇവയായിരുന്നു ഉന്നയിക്കപ്പെട്ട മററാരോപണങ്ങറം.

സ്വഭാവവും, സ്വഭാവ സ്ഥിരതയും ഉള്ള ആളായിരി

ക്കണം പ്രസിഡൻറാകേണ്ടതെന്ന് ശ്രീ. ഗിരി ആവർത്തിച്ച് പറഞ്ഞിരുന്നു. പ്രസ്തുത പദ പ്രയോഗം ശ്രീ. റെഡ്ഡിക്ക് ഈ രണ്ടു ഗുണങ്ങളും ഇല്ലെന്ന് അർത്ഥം ധ്വനിപ്പിക്കുന്ന വിധത്തിൽ ആയിരുന്നു, എന്ന ആരോപണവും ഉന്നയിക്കപ്പെട്ടു.

വിചാരണക്കുശേഷം ജസ്റ്റീസ് സിക്രി നടത്തിയ വിധി പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരുന്നു:

"മൂന്നാമതൊരാൾ നടത്തുന്ന അവിഹിതമായ സ്വാധീനം സ്ഥാനാർത്ഥിയുടെ അറിവോടെയല്ലാതിരുന്നാലും അതുമായി സ്ഥാനാർത്ഥിക്ക് ബന്ധം ഇല്ലാതിരുന്നാലും, പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ഇതു അനുവദനീയമല്ല. ഇത്തരം കേസ്സുകളിലെ പ്രധാന ഉരകല്ല്, തിരഞ്ഞെടുപ്പ് ഫലത്തെ സാരമായി ബാധിക്കത്തക്കതായിരുന്നോ, മൂന്നാമതൊരാളിൻെറ പ്രവർത്തികൾ എന്നതാണ്. ഈ കേസ്സിൽ തിരഞ്ഞെടുപ്പ് ഫലത്തെ സാരമായി ബാധിക്കത്തക്കതരത്തിലായിരുന്നു ആരോപണങ്ങൾ എന്നു യാതൊരു തെളിവും കോടതി മുൻപാകെ വന്നിട്ടില്ല"

പെററീഷൻ ഡിസ്മിസ് ചെയ്യുകയുണ്ടായി.

ഈ കേസ്സിൽ രാഷ്ട്രപതി, കോടതിയിൽ, നേരിൽ ഹാജരായി മൊഴി നൽകുകയാണ് ഉണ്ടായതു്.

## രാഷ്ട്രപതി തിരഞ്ഞെടുപ്പുകൾ

1950 ജനുവരി മുതൽ 1952 മേയ് 13-ാം തീയതിവരെയുള്ള കാലഘട്ടത്തിലേക്ക് രാഷ്ട്രപതിയായി ഡാ: രാജേന്ദ്രപ്രസാദിനെ ഭരണഘടനാ നിർമ്മാണ സമിതി തിരഞ്ഞെടുക്കുകയുണ്ടായി. 1952 മേയ് 6-ാം തീയതി ഭരണഘടന പ്രകാരമുള്ള രീതിയിൽ രാഷ്ട്രപതി തിരഞ്ഞെടുപ്പ് പൂർത്തിയാക്കുകയും ഡാ: രാജേന്ദ്രപ്രസാദിനെ ഭാരതത്തിൻെറ ആദ്യത്തെ രാഷ്ട്രപതിയായി തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത വർഷം മേയ് 13-ാം തീയതി മുതൽ അദ്ദേഹം രാഷ്ട്രപതിയായി സ്ഥാനം ഏറെറടുത്തു. വീണ്ടും 1957 മേയ്മാസം 10-ാംതീ

യതി പൂർത്തിയായ രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ഡാ: രാജേന്ദ്ര പ്രസാദിനെ തന്നെ രണ്ടാമതും രാഷ്ട്രപതിയായി തിരഞ്ഞെടുത്തു മേയ് 13-ാം തീയതി അദ്ദേഹം സത്യപ്രതിജ്ഞ നടത്തി. മൂന്നാമത്തെ തിരഞ്ഞെടുപ്പ് 1962 മേയ് 7-ാംതീയതിപൂർത്തിയാകുകയും ഡാ: രാധാകൃഷ്ണൻ പ്രസ്തുതമാസം 13-ാം തീയതി സത്യപ്രതിജ്ഞ നടത്തി സ്ഥാനമേറെറടുക്കുകയും ചെയ്തു. നാലാമത്തെ പ്രസിഡൻറ് തിരഞ്ഞെടുപ്പ് 1967-മേയ് 6-ാം തീയതി പൂർത്തിയായി. ഡാ: സാക്കീർ ഹുസൈയിൻ മേയ് 13-ാം തീയതി രാഷ്ട്രപതിയായി സത്യപ്രതിജ്ഞ നടത്തി. ഡാ: സാക്കീർഹുസൈയിൻ നിര്യാതനായതിനെതുടർന്നാണ് അടുത്ത തിരഞ്ഞെടുപ്പു നടന്നതു് 1969 ആഗസ്റ്റ് 20-ാം തീയതി പൂർത്തിയായ തിരഞ്ഞെടുപ്പിൽ ശ്രീ. വി. വി. ഗിരി വിജയിക്കുകയും ആഗസ്ററ് 24-ാം തീയതി രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്തു സ്ഥാനം ഏറെറടുക്കുകയും ചെയ്തു.

---

# 18 പഞ്ചായത്തു് തിരഞ്ഞെടുപ്പ്

പൗരാണിക ഭാരതത്തിന്റെ ചരിത്രത്തിൽ ഗ്രാമപഞ്ചായത്തുകൾക്കു് സുപ്രധാനമായ ഒരു സ്ഥാനം ഉണ്ടായിരുന്നതായി കാണാം. ഗ്രാമങ്ങളുടെ നാടാണു് ഭാരതം. ഗ്രാമീണരുടെ സാമൂഹ്യ ജീവിതത്തിൽ പഞ്ചായത്തുകൾ നിർണ്ണായകമായ സ്വാധീനം എക്കാലത്തും ചെലുത്തിയിരുന്നു. ഗ്രാമങ്ങൾക്കുള്ളിലുണ്ടാകുന്ന പ്രശ്നങ്ങൾ 'പഞ്ചായത്തു'കൂടി തീരുമാനിക്കുകയും, പ്രസ്തുത തീരുമാനങ്ങൾ ഗ്രാമീണരെല്ലാം അംഗീകരിക്കുകയും ചെയ്തു പോന്നു. വിദേശ മേധാവിത്വത്തിന്റെ ആവിർഭാവത്തോടെ ഗ്രാമപഞ്ചായത്തുകളും നാമാവശേഷമായിത്തുടങ്ങി. ഗ്രാമീണരുടെ ദൈനംദിന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പഞ്ചായത്തുകൾ വഹിച്ചിരുന്ന അസൂയാവഹമായ പങ്കും, ഗ്രാമീണരും, പഞ്ചായത്തുകളും തമ്മിലുള്ള വൈകാരികമായ ബന്ധവും, മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ ഫലമാണു് ഗ്രാമങ്ങളിൽ പഞ്ചായത്തു് രൂപീകരിക്കണമെന്ന വ്യവസ്ഥ ഭരണഘടനയിൽ ഉൾകൊണ്ടതു്. ഗ്രാമീണ ജനതയുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉൽകർഷക്കു് 'പഞ്ചായത്തു'കൾക്കു നേതൃത്വം നൽകാൻ കഴിയുമെന്നും, കഴിയണമെന്നും ഉള്ള ഉദ്ദേശവും അതിന്റെ പിന്നിൽ കാണാൻ കഴിയും.

സ്റ്റേററിന്റെ നയങ്ങൾക്കു് വഴികാട്ടുന്ന തത്വങ്ങൾ വിവരിക്കുന്ന ഭരണഘടനയുടെ 4–ാം ഭാഗത്തു് 40–ാം വകുപ്പു് 'വില്ലേജ് പഞ്ചായത്തു് രൂപീകരണത്തെ കുറിച്ചു് പ്രതിപാദിക്കുന്നു. "സ്റ്റേററ് വില്ലേജ് പഞ്ചായത്തു് രൂപീകരിക്കാൻ നടപടിയെടുക്കുകയും, അവർക്കു് സ്വയം ഭരണസ്ഥാപനങ്ങളാകുന്നതിനാവശ്യമായ അധികാരവും, അധികാരസ്ഥാനവും നൽകുകയും വേണം" എന്നാണു് പറയുന്നതു്.

റഷ്യയിലെ സോവിയററുകളും, ചൈനയിലെ കമ്മ്യൂണുകളും,ഇസ്രായേലിലെ കിബ്ബുട്ടസുകളും,ബ്രിട്ടണിലെ കൗണ്ടി കൗൺസിൽകളും, അതാതു് രാജ്യങ്ങളിലെ ഭരണസംവിധാനത്തിൽ സുപ്രധാന കണ്ണികളായാണു് വർത്തിക്കുന്നതു്. മേൽപറഞ്ഞ സ്ഥാപനങ്ങൾ പ്രസ്തുത രാജ്യങ്ങളിലെ ജനതക്കിടയിലും ഭരണരംഗത്തും വഹിച്ചുപോരുന്ന അളവിലുള്ള സ്വാധീനവും ഉത്തരവാദിത്വവും, ഇൻഡ്യയിലെ സാമൂഹ്യ ജീവിതത്തിൽ പഞ്ചായത്തുകൾക്കു് ഇന്നില്ല.

ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും പഞ്ചായത്തുകൾ ഗ്രാമങ്ങൾ തോറും രൂപീകരിച്ചിട്ടുണ്ടു്. കേരളത്തിൽ 1951ൽ ആണു് ആദ്യത്തെ പഞ്ചായത്തു് തിരഞ്ഞെടുപ്പു നടക്കുകയും, പഞ്ചായത്തുകൾ നിലവിൽ വരുകയും ചെയ്തതു്. 5 വർഷമായിരുന്നു കാലാവധിയായി നിശ്ചയിച്ചിരുന്നതെങ്കിലുംഅടുത്തതിരഞ്ഞെടുപ്പുനടത്തുന്നതു 1962ൽ മാത്രമാണു്.കേരളാ പഞ്ചായത്തു് ആക്ടി (1960) ൻെറയടിസ്ഥാനത്തിലായിരുന്നു രണ്ടാമത്തെ തിരഞ്ഞെടുപ്പു്, പ്രസ്തുത ആക്ടിലെ 11-ാം വകുപ്പനുസരിച്ചു തിരഞ്ഞെടുക്കപ്പെടുന്ന 'പഞ്ചായത്തു മെമ്പർ'മാരുടെ കാലവധി 5 കൊല്ലം ആയിരിക്കും. അതേസമയം പ്രസ്തുത വകുപ്പു് പഞ്ചായത്തുമെമ്പർമാരുടെ (പ്രസിഡൻറും വൈസ് പ്രസിഡൻറും ഉൾപ്പെടെ) ഔദ്യോഗിക കാലാവധി കുറക്കുന്നതിനും, ദീർഘിപ്പിക്കുന്നതിനുമുള്ള അധികാരം ഗവൺമെൻറിനു് നൽകുകയും ചെയ്യുന്നു. ഈ അധികാരം ഉപയോഗിച്ചു് ഇപ്പോൾ കാലാവധി ദീർഘിപ്പിച്ചിരിക്കുകയാണു്.

നിലവിലുള്ള നിയമത്തിലെ പരിമതികളും പരിധികളും കണക്കിലെടുത്തു് കൊണ്ടു് വിപുലമായ അവകാശാധികാരങ്ങൾഉള്ള 'പഞ്ചായത്തിരാജ്' രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികളും ആരംഭിച്ചിട്ടുണ്ടായിരുന്നു. കൂടാതെ അധികാരവികേന്ദ്രീകരണത്തെ മുൻനിറുത്തി മററു ചില നിയമങ്ങളും നിർമ്മിക്കുന്ന കാര്യവും വിവാദവിഷയമായി തീരുകയാണല്ലോ ഉണ്ടായതു്.അതിനാൽനിലവിലുള്ള നിയമത്തിൽ തിര

ഞ്ഞെടുപ്പിനെക്കുറിക്കുന്ന പ്രസക്തഭാഗങ്ങൾമാത്രംസംക്ഷിപ്തമായിപ്രതിപാദിക്കാം. വില്ലേജ്പഞ്ചായത്തുകളുടെ ഘടനയും,രൂപീകരണവും നോട്ടിഫിക്കേഷൻ മുഖേന ഗവണ്മെൻറിന് നിശ്ചയിക്കാം. പഞ്ചായത്ത് കമ്മിററികൾ വേണ്ടെന്ന് തീരുമാനിക്കുന്നതിനും, പകരം അഡ്മിനിസ്ട്രേററീവ് കമ്മിററികൾ രൂപീകരിക്കുന്നതിനും, നോട്ടീഫിക്കേഷൻ മതിയാകുന്നതാണ്.

## പഞ്ചായത്ത് പ്രദേശം

ഒരു വില്ലേജിനെയോ, വില്ലേജിൻെറ ഭാഗത്തെയോ, ഒരു പഞ്ചായത്ത് പ്രദേശമായി നിശ്ചയിച്ച് നാമകരണം ചെയ്തുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഗവണ്മെൻറ് പുറപ്പെടുവിക്കുന്നു. തൊട്ടടുത്ത് കിടക്കുന്നവില്ലേജ്ജുകളെ ഒരു ഗ്രൂപ്പാക്കികൊണ്ടും, അവയുടെ ഭാഗങ്ങളെ ചേർത്തുകൊണ്ടും ഒരു പഞ്ചായത്തു പ്രദേശത്തിന് രൂപം നൽകുകയും ചെയ്യാം. അവക്ക് നാമകരണം ചെയ്യുകയും, ആ സ്ഥാനം നിശ്ചയിക്കുകയും വേണം. നിലവിലുള്ള പഞ്ചായത്ത് പ്രദേശത്തിൻെറ ഘടനയിലും പേരിലും, ആസ്ഥാനത്തിൻെറ കാര്യത്തിലും മാററംവരുത്തുന്നതിനും ഗവണ്മെൻറ് നോട്ടിഫിക്കേഷൻ മതിയാകുന്നതാണ്. ഇപ്രകാരം ഭേദഗതിക്ക് വിധേയമാക്കുന്ന പഞ്ചായത്തുകളെ മുൻകൂട്ടി വിവരം അറിയിക്കേണ്ടതും, അവയുടെ അഭിപ്രായവും, വിശദീകരണവും മാനിക്കപ്പെടേണ്ടതുമാണ്. പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിനുള്ളഅധികാരം ഗവ: നിക്ഷിപ്തമാണ്.അപ്രകാരംറദ്ദാക്കുന്നതായാൽ പ്രസ്തുത പഞ്ചായത്തിലെ പ്രസിഡൻറ്, വൈസ് പ്രസിഡൻറ് ഉൾപെടെയുള്ള മെമ്പർമാരുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുകയും ചെയ്യും.

## പഞ്ചായത്ത്

"പഞ്ചായത്ത്" എന്നതിനർത്ഥം ഒരു പഞ്ചായത്ത് പ്ര

ദേശത്തിലെ പ്രാദേശിക ഭരണത്തിനുവേണ്ടി രൂപീകരിക്കുന്ന സമിതി എന്നാണു്.

ഒരു പഞ്ചായത്തു് പ്രദേശത്തു 'പഞ്ചായത്തു്' രൂപീകരിച്ചുകൊണ്ടുള്ള നോട്ടീഫിക്കേഷൻ പഞ്ചായത്തു് ഡയറക്ടർ ആണു പുറപ്പെടുവിക്കേണ്ടതു്. ഒരു പഞ്ചായത്തു് പ്രദേശത്തെ അംഗസംഖ്യ കാലാകാലങ്ങളിൽ നിശ്ചയിക്കേണ്ടതു് പഞ്ചായത്തു് ഡയറക്ടർ ആണു്. പഞ്ചായത്തു് പ്രദേശത്തെ ജനസംഖ്യയും അംഗങ്ങളുടെ എണ്ണവും ഒരു നിശ്ചിതതോതിൽ ആയിരിക്കും. ജനസംഖ്യയിൽ വരുന്ന ഏററക്കുറച്ചിലുകൾ ക്കനുസൃതമായി അംഗസംഖ്യയിലും ഭേദഗതി വരുത്തുന്നതിനും ഡയറക്ടർക്കധികാരം നൽകിയിട്ടുണ്ടു്. എന്നാൽ ഒരു 'പഞ്ചായത്തി'ൽ ഏഴിൽ കുറയാതെയും 15-ൽ കവിയാതെയും അംഗങ്ങൾ (മെമ്പർ) ഉണ്ടായിരിക്കേണ്ടതുണ്ടു്.

## വാർഡുവിഭജനം

പഞ്ചായത്തു് ഡെപ്യൂട്ടി ഡയറക്ടറന്മാർ അവരുടെ അധികാരാതൃത്തിയിൽ വരുന്ന പഞ്ചായത്തു് പ്രദേശത്തെ വാർഡുകളായി വിഭജിക്കുന്നതാണു്. വിഭജനം നടത്തുന്നതിനു് മുൻപു് നിലവിലുള്ള 'പഞ്ചായത്തി'ന്റെ അഭിപ്രായങ്ങളും, നിർദേശങ്ങളും ആരായണം. താല്പര്യമുള്ള മററാളുകളിൽ നിന്നും പരാതികളും, നിർദേശങ്ങളും സ്വീകരിക്കുകയും അവ കേൾക്കുകയും വേണം. അതിനുശേഷമാണു് അവസാന തീരുമാനമെടുക്കുന്നതു്.

വാർഡുവിഭജനവുമായി ബന്ധപ്പെട്ട റിക്കാർഡുകൾ, ഏതു് സമയത്തും ഗവണ്മെൻറിനു ഡെപ്യൂട്ടി ഡയറക്ടറിൽനിന്നും ആവശ്യപ്പെടാവുന്നതാണു്. ഡെപ്യൂട്ടി ഡയറക്ടരുടെ ഉത്തരവിന്റെയും, നടപടിയുടെയും നിയമസാധുത, അധികൃത സ്വഭാവം ഇവയെക്കുറിച്ചും, ഡെ: ഡയറക്ടർ ക്രമപ്രകാരമാണോ പ്രവർത്തിച്ചതെന്നും ഗവണ്മെൻറിനു് പരിശോധിക്കാ

വുന്നതാണ്. അതിനുശേഷം ഗവണ്മെൻറിന് യുക്തമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാം. ഗവണ്മെൻറ് ഉത്തരവു അനുസരിച്ചുള്ള ഭേദഗതികൾ വാർഡ് വിഭജനകാര്യത്തിൽ വരുത്തുന്നതിനു ഡെപ്യൂട്ടി ഡയറക്ടർ ബാദ്ധ്യസ്ഥനാണ്.

## പഞ്ചായത്ത് മെമ്പർ

പഞ്ചായത്തു മെമ്പർമാരെ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ ആണ് തിരഞ്ഞെടുക്കേണ്ടതു്. രഹസ്യ ബാലററ് സമ്പ്രദായമാണ് അനുവർത്തിക്കേണ്ടതും. ഒരു പഞ്ചായത്ത് പ്രദേശത്തെ മൊത്തം സമ്മതിദായകരിൽ അഞ്ച് ശതമാനത്തിലധികം പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വോട്ടറന്മാരാണെങ്കിൽ ഒരു സീററ് അവർക്കായി സംവരണം ചെയ്യുന്നതാണ്. പ്രസ്തുത വാർഡ് പട്ടികജാതി-പട്ടികവർഗ്ഗക്കാർ സംഖ്യയിൽ കൂടുതൽ ഉള്ള വാർഡായിരിക്കും.

ഓരോ പഞ്ചായത്തിലും ഒരു 'സ്ത്രീ മെമ്പർ' ഉണ്ടായിരിക്കണം. സ്ത്രീകൾ കൂടുതൽഉള്ള വാർഡ് അവർക്കായി സംവരണം ചെയ്യുന്നതാണ്. ഗവണ്മെൻറാണ് ഇതിലേക്കായി പ്രത്യേകം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും പ്രസ്തുത വാർഡ് ഏതായിരിക്കുമെന്ന് നിശ്ചയിക്കുക. പൊതുസീററ്കളിൽ മത്സരിക്കുന്നതിനും സ്ത്രീകൾക്കും, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും കഴിയുകയും ചെയ്യും

## കാലാവധി

പഞ്ചായത്തിലേക്ക് സാധാരണ തിരഞ്ഞെടുപ്പിലൂടെ മെമ്പറന്മാരെ തിരഞ്ഞെടുക്കുന്നതു 5 വർഷത്തേക്കായിരിക്കുമെന്ന് പ്രസ്താവിച്ചുവല്ലോ. ഈ കാലാവധി കുറക്കുന്നതിനും, ദീർഘിപ്പിക്കുന്നതിനും ഗവണ്മെൻറിന് അധികാരമുണ്ടെന്നുമാത്രമല്ല ഇതിലേക്ക് പ്രത്യേകകാരണങ്ങൾ പറയേണ്ടആവശ്യവും

ഇല്ല. ഇടക്കുണ്ടാകുന്ന ഒഴിവുകൾ, പഞ്ചായത്തു് എക്സിക്യൂട്ടീവു് അതാറിററി ഇലക്ഷൻ അതോറിററിക്കു് നിശ്ചിതരീതിയിൽ ഒഴിവു് ഉണ്ടായി ഒരാഴ്ചക്കകം റിപ്പോർട്ടു് ചെയ്യണം. പ്രസ്തുത ഒഴിവിലേക്കു് ഉപതിരഞ്ഞെടുപ്പു നടത്തേണ്ടതുമാണു്. എന്നാൽ ഗവണ്മെൻറു് പ്രത്യേകം നിർദേശം നൽകാതിരുന്നാൽ, പഞ്ചായത്തിൻെറ കാലാവധി തീരുന്നതിനു് മൂന്നു് മാസത്തിനുള്ളിൽ വരുന്ന ഒഴിവുകളിലേക്കു് തിരഞ്ഞെടുപ്പു നടത്തേണ്ടതില്ല.

ഒരു വാർഡിൽനിന്നും ആരും തിരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ വീണ്ടും തിരഞ്ഞെടുപ്പുനടത്തണം. തിരഞ്ഞെടുപ്പു അതോരിററിതന്നെയാണു് തിരഞ്ഞെടുപ്പു തീയതി നിശ്ചയിക്കുന്നതും. രണ്ടാമതും ആരും തിരഞ്ഞെടുക്കപ്പെടാതെ വരുകയാണെങ്കിൽ പഞ്ചായത്തു കമ്മിററി ആ സ്ഥാനത്തേക്കു് ഒരാളെ തിരഞ്ഞെടുക്കുന്നതിനാണു് വ്യവസ്ഥ.

തിരഞ്ഞെടുപ്പുനടത്തുന്നതിനുള്ള പ്രയാസങ്ങൾ മൂലം ഒരു പഞ്ചായത്തു് പ്രദേശത്തു് 'പഞ്ചായത്തു്' രൂപീകരിക്കാൻ സാദ്ധ്യമാകുകയില്ലെന്നു് ഗവ: ബോദ്ധ്യമായാൽ പ്രസ്തുതപഞ്ചായത്തു് പ്രദേശത്തിലേക്കു് ഒരു അഡ്മിനിസ്ട്രേററീവു് കമ്മിററിയെയോ ഒരു സ്പെഷ്യൽ ആഫീസ്സറെയോ, ഗവണ്മെൻറിനു് നിയമിക്കാൻ കഴിയും. അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടാലും അപ്രകാരം ചെയ്യാവുന്നതാണു്. അഡ്മിനിസ്ട്രേററീവു് കമ്മിററിയെ നിയമിച്ചുത്തരവാകുന്ന നോട്ടിഫിക്കേഷനിൽ തന്നെ അതിൻെറ കാലാവധി കാണിച്ചിരിക്കുകയും ചെയ്യും. ഈ കാലാവധിയും ദീർഘിപ്പിക്കുന്നതിനും കുറക്കുന്നതിനും ഗവണ്മെൻറിനു് അധികാരമുണ്ടു്. കമ്മിററിയോ, സ്പെഷ്യൽ ആഫീസ്സറോ നിലവിലുണ്ടായിരിക്കുമ്പോൾ തന്നെ പ്രസ്തുത പഞ്ചായത്തു് പ്രദേശത്തിലെ തിരഞ്ഞെടുപ്പു് നടത്തുകയും ചെയ്യാം. അപ്രകാരം നടത്തുന്ന തിരഞ്ഞെടുപ്പു് സാധാരണ തിരഞ്ഞെടുപ്പായിരിക്കും.

## സമ്മതിദായകപ്പട്ടിക

ഒരു പഞ്ചായത്തു് പ്രദേശത്തെ സമ്മതിദായകർ, പ്രസ്തുത പ്രദേശം ഉൾക്കൊള്ളുന്ന നിയമസഭാ നിയോജകമണ്ഡലത്തിലെ സമ്മതിദായകപ്പട്ടികയിൽ പ്രസ്തുതപഞ്ചായത്ത് പ്രദേശത്തിൻെറ ഭാഗത്തു് പേർ ചേർത്തിട്ടുള്ള സമ്മതിദായകരായിരിക്കും. നിയമസഭാ നിയോജക മണ്ഡലത്തിലെ സമ്മതിദായകപ്പട്ടിക പല ഭാഗങ്ങളായിട്ടാണല്ലോ തയ്യാറാക്കുക. ഇതിൽ ഒരു പഞ്ചായത്തു് പ്രദേശത്തു് ഏതെല്ലാം ഭാഗം ഉൾപ്പെടുന്നുവോ, ആ ഭാഗങ്ങളിൽ പേർ ചേർത്തിട്ടുള്ളവരാണു് പഞ്ചായത്തു് തിരഞ്ഞെടുപ്പിലെ വോട്ടറന്മാർ. ഒരു നിയോജക മണ്ഡലത്തിലെ ലിസ്റ്റിൽ പഞ്ചായത്തു് പ്രദേശത്തിനു് അപ്രകാരം പ്രത്യേകം ഭാഗങ്ങൾ ഇല്ലാതെ വന്നാൽ, പ്രസ്തുത പഞ്ചായത്തു് പ്രദേശം ഉൾക്കൊള്ളുന്ന ഭാഗത്തു് ഉള്ളവരും, ലിസ്റ്റിൽ അപ്രകാരം മേൽവിലാസമുള്ളവരുമായ എല്ലാ ആളുകളുടെയും പേർ പഞ്ചായത്തുപ്രദേശത്തെ വോട്ടറന്മാരായി രജിസ്റ്റർ ചെയ്യുന്നതായിരിക്കും.

ഒരു പഞ്ചായത്തു്പ്രദേശത്തെസമ്മതിദായകപ്പട്ടികയിൽ ഒരാളെ ഒന്നിൽ കൂടുതൽ സ്ഥലത്തു് പേർ രജിസ്റ്റർ ചെയ്യാനനുവദിക്കുന്നതല്ല. ആർ. പി. ആക്ട് അനുസരിച്ചു ഒരു നിയമസഭാ നിയോജക മണ്ഡലത്തിലെ സമ്മതിദായകപ്പട്ടിക പുതുക്കിയും, ഭേദഗതി ചെയ്തും പ്രസിദ്ധീകരിച്ചാൽ ഉടൻതന്നെ പഞ്ചായത്തു് ഇലക്ഷൻ അതാറിററി പഞ്ചായത്തു് പ്രദേശത്തെ ലിസ്ററും തദനുസരണം മാററം വരുത്തി പ്രസിദ്ധപ്പെടുത്തണം. പഞ്ചായത്തു് പ്രദേശത്തിൻെറ ലിസ്റ്റിൽ ഓരോ വാർഡിനും പ്രത്യേകം ഭാഗമുണ്ടായിരിക്കണം. വാർഡുകൾക്കു് വ്യത്യാസം വരുത്തുകയോ, പുതുതായി വാർഡു് വിതരണം നടത്തുകയോ ചെയ്താൽ തദനുസരണം ലിസ്ററു് ചിട്ടപ്പെടുത്തണം. ലിസ്റ്റിൽ പേർ ഇല്ലാത്തയാൾക്കു് വോട്ടവകാശമില്ല.

താഴെ പറയുന്ന അയോഗ്യതകൾ നിലവിലുണ്ടായിരുന്നാൽ സമ്മതിദാനാവകാശം നിഷേധിക്കപ്പെടും.

ചിത്തഭ്രമം പിടിപെട്ട ആളുകൾ,

വിദേശ പൗരത്വം സ്വീകരിച്ചവർ,

തിരഞ്ഞെടുപ്പ് അഴിമതിക്ക്, ക്രിമിനൽ കോടതി ശിക്ഷനൽകിയിട്ടുള്ളവർക്കു, ശിക്ഷാകലാവധിയും, തുടർന്നും ആറ് വർഷവും സമ്മതിദാനാവകാശം ഉണ്ടായിരിക്കുന്നതല്ല

തിരഞ്ഞെടുപ്പിൽ അഴിമതി കാണിച്ചതിന്റെ പേരിൽ അയോഗ്യത കല്പിച്ചിട്ടുണ്ടായിരുന്നാൽ അയോഗ്യത നിലനിൽക്കുന്ന കാലത്തോളം സമ്മതിദാനാവകാശം ലഭിക്കുകയില്ല.

അയോഗ്യത ഏതു സമയത്തും നീക്കുന്നതിന് ഗവണ്മെൻറിനധികാരമുണ്ട്.

മറിച്ചൊരുത്തരവ് ഗവണ്മെൻറിൽനിന്നും രേഖാമൂലം ലഭിക്കാത്തപക്ഷം ഓരോ സാധാരണ തിരഞ്ഞെടുപ്പിനുമുൻപും ലിസ്റ്റ് പുതുക്കേണ്ടതാണ്. ഏതു തീയതിവച്ചാണ് ലിസ്റ്റ് പുതുക്കേണ്ടതെന്ന് ഗവ: തീരുമാനിക്കും. ആർ. പി. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സമ്മതിദായകപ്പട്ടിക പുതുക്കുന്നതുവരെ മേൽവിവരിച്ച പട്ടിക പഞ്ചായത്ത് തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം പ്രാബല്യത്തിലായിരിക്കും.

പഞ്ചായത്തു തിരഞ്ഞെടുപ്പ് അതാറിററിക്ക് സമ്മതിദായകപ്പട്ടികയെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനധികാരമുണ്ട്.

(1) പട്ടികതെററായിരുന്നാലും, ശരിയല്ലെങ്കിലും തിരുത്താവുന്നതാണ്.

(2) ഒരു പഞ്ചായത്ത് പ്രദേശത്തിൽ ഏതെങ്കിലും ഭാഗത്ത് പേർ ചേർത്തിട്ടുള്ള ആളിന്റെ പേര് മറെറാരു ഭാഗത്തേക്ക് മാററുകയാണെങ്കിൽ തദനുസരണമായ ഭേദഗതി വരുത്തുന്നതിന് കഴിയും.

(3) പഞ്ചായത്തു് പ്രദേശത്തുനിന്നു് താമസം മാററുക യോ, നിര്യാതരാകുകയോ ചെയ്യുന്നവരുടെ പേരു കഠം നീക്കം ചെയ്യണം.

(4) പേർ ചേർത്തിട്ടില്ലാത്തയാഠം പേർ ചേർക്കുന്നതി നപേക്ഷിച്ചാൽ, മറേറതെങ്കിലും പഞ്ചായത്തു് പ്ര ദേശത്തു് അപേക്ഷകൻെറ പേർ ചേർത്തിട്ടുണ്ടെ ങ്കിൽ അതു് നീക്കം ചെയ്യണം.

ഇലക്ഷൻ അതോറിററിയുടെ തീരുമാനത്തിൽ അപ്പീൽ അനുവാദം ഉണ്ടായിരിക്കും. നാമനിർദേശ പത്രിക സമർപ്പിക്കു ന്നതിനു നിശ്ചയിക്കുന്ന അവസാന ദിവസത്തിനുശേഷം തിര ഞ്ഞെടുപ്പു് പൂർത്തിയാകുന്നതുവരെ യാതൊരു ഭേദഗതികളും പരിഗണിക്കുകയില്ല.

## തിരഞ്ഞെടുപ്പു് നോട്ടീസ്

തിരഞ്ഞെടുപ്പു് നിശ്ചയിച്ചു കഴിഞ്ഞാലുടൻതന്നെ വര ണാധികാരി 'പബ്ലിക് നോട്ടീസ്' പ്രസിദ്ധപ്പെടുത്തും. പ രസ്യം ഇംഗ്ലീഷിലും, പ്രാദേശിക ഭാഷയിലും വേണം. ഒരു പഞ്ചായത്തിലേക്കു തിരഞ്ഞെടുക്കപ്പെടേണ്ട മെമ്പറന്മാരുടെ എണ്ണം, വാർഡു്, പട്ടികജാതി–പട്ടികവർഗ്ഗത്തിനു് സംവര ണം ചെയ്തിട്ടുള്ള വാർഡു് തുടങ്ങിയ കാര്യങ്ങഠം നോട്ടീസിൽ ഉണ്ടായിരിക്കും. കൂടാതെ നാമനിർദേശപത്രിക സമർപ്പിക്കുന്ന തിനുള്ള അവസാന ദിവസം, പിൻമാറുന്നതിനുള്ള അവ സാന ദിവസം, സ്ഥലം ഇവയും നോട്ടീസിൽകാണിച്ചിരിക്കും.

ഒൻപതു് മണിക്കൂറിൽ കുറയാത്ത സമയം പോളിംഗിനാ വശ്യമാണു്. രാവിലെ 7 മണിക്കും, വൈകിട്ടു് 5 മണിക്കും മദ്ധ്യേയായിരിക്കും പോഠം.

വോട്ടെണ്ണൽ ആരംഭിക്കുന്ന ദിവസം, സ്ഥലം, സമയം ഇവയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയിരിക്കുകയും ചെയ്യും.

## നാമനിർദ്ദേശ പത്രിക

വരണാധികാരി, പഞ്ചായത്ത് എക്സിക്യൂട്ടീവ് അതോറിററി എന്നിവരുടെ പക്കൽനിന്നും നാമനിർദ്ദേശ പത്രികയുടെ ഫോറങ്ങൾ സൗജന്യമായി ലഭിക്കുന്നതാണ്.

നാമനിർദ്ദേശപത്രികയിൽ നാമനിർദ്ദേശം നടത്തുന്ന സമ്മതിദായകനും, സ്ഥാനാർത്ഥിയായി തിരഞ്ഞെടുക്കുന്നതിനു സമ്മതമാണെന്നു കാണിക്കുന്ന ഡിക്ലറേഷനിൽ സ്ഥാനാർത്ഥിയും, ഒപ്പു വെക്കണം.

മുൻഗണനാക്രമത്തിൽ, മൂന്നു ചിഹ്നങ്ങൾ വീതം കാണിക്കുന്നതിനു ഓരോ സ്ഥാനാർത്ഥിക്കും കഴിയും. നാമനിർദ്ദേശ പത്രിക, സ്ഥാനാർത്ഥിയോ, നിർദ്ദേശകനോ നേരിട്ട് വരണാധികാരിയെ ഏൽപ്പിക്കണം. വരണാധികാരി ഇതിലേക്കായി മററാരെയെങ്കിലും അധികാരപ്പെടുത്തുകയാണെങ്കിൽ അപ്രകാരം അധികാരപ്പെടുത്തുന്നയാളെ പത്രിക ഏല്പിക്കേണ്ടതാണ്. സംവരണം ചെയ്തിട്ടുള്ള സീററിൽ മത്സരിക്കുന്നയാൾ, താൻ പട്ടികജാതി–പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നയാളാണെന്നുള്ളതിനുള്ള ഡിക്ലറേഷനും നൽകേണ്ടതുണ്ട്. ആവശ്യപ്പെടുന്നപക്ഷം സ്ഥാനാർത്ഥിയുടെയും, നിർദ്ദേശകന്റെയും പേരുകൾ ഉൾക്കൊള്ളുന്ന സമ്മതിദായകപ്പട്ടികയോ, അതിന്റെ ഭാഗമോ ഹാജരാക്കുകയും വേണം.

## ജാമ്യത്തുക

നാമനിർദ്ദേശപട്ടിക സമർപ്പിക്കുന്നതോടൊപ്പം 25 രൂപ ജാമ്യത്തുകയായി കെട്ടിവക്കേണ്ടതാണ്. പട്ടികജാതി–പട്ടിക വർഗ്ഗക്കാർ 10 രൂപ കെട്ടിവച്ചാൽ മതിയാകും. തുക പണമായി വരണാധികാരിയെ ഏൽപ്പിക്കുകയോ, അല്ലാത്ത പക്ഷം, പഞ്ചായത്ത് ആഫീസ്സിലോ, ഗവ: ട്രഷറിയിലോ കെട്ടിവച്ചതിന്റെ രസീത് ഹാജരാക്കുകയോ വേണം.

മൊത്തം പോൾ ചെയ്യുന്ന വോട്ടിൻെറ എട്ടിൽ ഒരു ഭാഗം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ജാമ്യസംഖ്യ നഷ്ടമാകും. അസാധുവായവോട്ട് കഴിച്ചിട്ടാണ് മൊത്തം വോട്ട് കണക്കാക്കുന്നതു്.

നാമനിർദേശപത്രിക സൂക്ഷ്മപരിശോധന നടത്തുന്ന സമയത്ത് സ്ഥാനാർത്ഥി, നിർദേശകൻ, തിര: ഏജൻറ് എന്നിവർക്കു പുറമെ സന്നിഹിതനാകാൻ ഒരാളെക്കൂടെ ചുമതലപ്പെടുത്തുന്നതിനും സ്ഥാനാർത്ഥിക്ക് സാധിക്കും.

നാമനിർദേശപത്രിക നിരസിക്കുന്നതിൻെറ പേരിൽ പരാതിയുണ്ടായിരുന്നാൽ മൂന്നുദിവസത്തിനകം റവന്യൂഡിവിഷണൽ ആഫീസർക്ക് അപ്പീൽനൽകാവുന്നതാണ്. പരിശോധന നടക്കുന്ന ദിവസം തുടങ്ങി 7 ദിവസത്തിനകം ആർ. ഡി. ഒ. ഇതിന്മേലുള്ള തൻെറ തീരുമാനം വരണാധികാരിയെ അറിയിച്ചിരിക്കുകയും വേണം.

പിൻമാറുന്നതിനു നിശ്ചയിച്ചിട്ടുള്ള അവസാന ദിവസം മൂന്ന് മണിക്ക് മുൻപ്, പിൻമാറുന്നതിനുള്ള നോട്ടീസ് നൽകേണ്ടതാണ്. അന്നേ ദിവസം പൊതു ഒഴിവു ദിവസമായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മൂന്നു മണിവരെ പിൻമാറാൻ അനുവദിക്കും.

## ചിഹ്നം

രാഷ്ട്രീയ കക്ഷികൾക്ക് അനുവദിച്ചിട്ടുള്ള ചിഹ്നം, കക്ഷി സ്ഥാനാർത്ഥികൾക്ക് തന്നെ നൽകുന്നതായിരിക്കും. കക്ഷിരഹിത സ്ഥാനാർത്ഥികൾക്ക് അവരവർ ആവശ്യപ്പെടുന്ന ചിഹ്നം തന്നെ കഴിവതും നൽകണമെന്നും വ്യവസ്ഥയുണ്ട്. ഒരേ ചിഹ്നം ഒന്നിലധികം സ്ഥാനാർത്ഥികളാവശ്യപ്പെടുകയാണെങ്കിൽ 'നറുക്ക്' മുഖേന ആയിരിക്കും തീരുമാനമെടുക്കുക.

തിരഞ്ഞെടുപ്പിൽ ഉപയോഗിക്കാവുന്ന ചിഹ്നങ്ങളുടെ

ലിസ്റ്റു് മുൻകൂട്ടി ഗസററിൽ പരസ്യം ചെയ്യുന്നതായിരിക്കും.

തിരഞ്ഞെടുപ്പു് ഏജൻറു്, പോളിംഗ് ഏജൻറു് കൗണ്ടിംഗ് ഏജൻറു് എന്നിവരെ സ്ഥാനാർത്ഥിക്കു് നിയമിക്കാം.

## സ്ഥാനാർത്ഥി

യോഗ്യതകൾ

(1) തിരഞ്ഞെടുപ്പു് ആവശ്യമാകുന്ന പഞ്ചായത്തു് പ്രദേശത്തെ സമ്മതിദായകപ്പട്ടികയിൽ പേർ ചേർത്തിട്ടുണ്ടായിരിക്കണം.

(2) 25 വയസ്സു് പൂർത്തിയായിരിക്കണം.

(3) പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കു് നീക്കിവച്ചിട്ടുള്ള സീററിൽ മത്സരിക്കുന്നയാൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുന്ന ആളായിരിക്കണം.

## അയോഗ്യതകൾ

ചുവടെ ചേർത്തിട്ടുള്ള അയോഗ്യതകളുള്ളവർക്കു് സ്ഥാനാർത്ഥിയായി മത്സരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(1) കേന്ദ്രസംസ്ഥാന ഗവണ്മെൻറു ജീവനക്കാർ, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാർ വില്ലേജു് ഹെഡ്മാൻ തുടങ്ങിയവർ. യോഗ്യതയുടെ പ്രശ്നം ഉൽഭവിച്ചാൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ തീരുമാനത്തിനു വിധേയമാക്കുകയും, അതിന്മേൽ ഗവണ്മെററിൽ അപ്പീൽ നൽകുകയും ചെയ്യാം. ഗവ:തീരുമാനം അവസാനത്തേതായിരിക്കും.

(2) ഇൻഡ്യൻ ശിക്ഷാനിയമം ഒൻപതു് എ അദ്ധ്യായത്തിൽ വിവരിക്കുന്ന തിരഞ്ഞെടുപ്പു് കുററങ്ങൾക്കു

ള്ള ശിക്ഷയും, മററ് തിരഞ്ഞെടുപ്പ് നിയമങ്ങളനുസരിച്ചുള്ള ശിക്ഷയും ലഭിച്ചിട്ടുള്ളവർക്ക്, പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും വോട്ടവകാശം വിനിയോഗിക്കുന്നതിനും, പഞ്ചായത്തു മെമ്പറായി തുടരുന്നതിനും ആറുകൊല്ലത്തേക്ക അർഹതയില്ല. എന്നാൽ അതിൽ കുറഞ്ഞ കാലയളവിലേക്കും അയോഗ്യത നിശ്ചയിക്കാം.

(3) സ്വഭാവദൂഷ്യത്തിനും, അല്ലാതെയുമുള്ള കുററങ്ങൾക്ക് ഏതെങ്കിലും ക്രിമിനിൽ കോടതി രണ്ടു കൊല്ലത്തിൽ കുറയാത്ത കാലയളവിലേക്ക് ശിക്ഷ നൽകുകയാണെങ്കിൽ ശിക്ഷാകാലാവധിയും, തുടർന്നുള്ള 6 വർഷവും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയില്ല. പ്രസ്തുത ഉത്തരവു റിസർവ് ചെയ്തിരിക്കുകയോ, മാപ്പ് നൽകുകയോ, ചെയ്താൽ ഈ വകുപ്പ് ബാധകമവുല്ല. കൂടാതെ ഇതൊരയോഗ്യതയായി കണക്കാക്കാൻ പാടില്ലന്നു ഗവണ്മെൻറിനു് നിർദേശിക്കുകയും ചെയ്യാം.

(4) ചിത്തരോഗികൾക്കും, വിദേശപൗരത്വം സ്വമേധയാ നേടിയിട്ടുള്ളവർക്കും മത്സരിക്കാൻ കഴിയുകയില്ല.

(5) ബാലററ്പേപ്പർ പോളിംഗ് സ്റ്റേഷനു പുറത്ത് കൊണ്ടു പോകുകയോ, അതിലേക്ക് ശ്രമിക്കുകയോ അക്കാര്യങ്ങൾക്ക് ആരെയെങ്കിലും പ്രേരിപ്പിക്കുകയോ ചെയ്യുന്നതിൻെറ പേരിലും, തിരഞ്ഞെടുപ്പു ജോലിയിൽ ഏർപ്പെട്ടിരിക്കവെ കുററങ്ങൾ ചെയ്തതിനു് ശിക്ഷിക്കപ്പെടുന്നവർക്കും ശിക്ഷാകാലാവധിയും, തുടർന്നുള്ള ആറു വർഷവും അയോഗ്യതയുണ്ടായിരിക്കും.

(6) പാപ്പരായി പ്രഖ്യാപിച്ചു കിട്ടുന്നതിനു് കോടതി

യിൽ അപേക്ഷിച്ചിട്ടുള്ളവർക്കും വിമുക്തരാക്കപ്പെടാത്ത പാപ്പരന്മാർക്കും, പഞ്ചായത്തുമായി കോൺട്രാക്ടുള്ളവർക്കും, പഞ്ചായത്തിൽനിന്നും പ്രതിഫലം വാങ്ങികൊണ്ടു് പഞ്ചായത്തിനുവേണ്ടിപ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനും, പഞ്ചായത്തിനെതിരായി കേസ്സുകളുള്ള അഭിഭാഷകനും, വക്കീലിനും, പഞ്ചായത്താക്ടു്പ്രകാരം പഞ്ചായത്തു് ജീവനക്കാരനായി കണക്കാക്കിയിട്ടുള്ളവർക്കും അയോഗ്യത കല്പിച്ചിട്ടുണ്ടു്.

(7) ഏതെങ്കിലും ഇനത്തിൽ പഞ്ചായത്തിലേക്കു് കുടിശ്ശികയുള്ളവർക്കും അയോഗ്യത കൽപ്പിച്ചിട്ടുണ്ടു്. തിരഞ്ഞെടുപ്പിനു് തൊട്ടുമുൻപുള്ളവർഷം വരെയുള്ള കുടിശ്ശിഖ ഇതിൽ ഉൾപ്പെടും. കൂടാതെ കുടിശ്ശിഖക്കു് മുറപ്രകാരം നോട്ടീസു് അയച്ചിരിക്കുകയും നോട്ടീസു് കാലാവധി കഴിഞ്ഞിരിക്കുകയും വേണം. എന്നാൽമാത്രമെ അയോഗ്യത കൽപ്പിക്കുകയുള്ളു.

(8) പഞ്ചായത്തു്, മുനിസിപ്പൽ–കാർപ്പറേഷൻ, ഗവണ്മെൻറംഗീകാരമുള്ള മററു സ്ഥാപനങ്ങൾ ഇവയിൽ നിന്നും സസ്പെൻറു ചെയ്യപ്പെടുന്നവരും, ഡിസ്മിസ് ചെയ്യപ്പെടുന്നവരും അയോഗ്യരാണു്.

(9) അഭിഭാഷക വൃത്തിയിൽ നിന്നും, വക്കീൽപണിയിൽ നിന്നും 'ഡിബാർ' ചെയ്യപ്പെടുന്നവർ.

(10) കുഷ്ഠരോഗി, ഷണ്ഡൻ തുടങ്ങിയ വിഭാഗങ്ങളെല്ലാം അയോഗ്യതകൽപ്പിക്കപ്പെട്ടിട്ടുള്ള കൂട്ടത്തിൽആണു്.

## മെമ്പർമാരുടെ അയോഗ്യതകൾ

മുകളിൽ കാണിച്ചിരിക്കുന്ന അയോഗ്യതകൾ ഉള്ള ആളു

കാംക്ക് 'പഞ്ചായത്തിൽ' മെമ്പറായി തുടരുന്നതിനും അർഹതയില്ല. തിരഞ്ഞെടുപ്പിനുശേഷമാണ് അയോഗ്യത കൽപ്പിക്കപ്പെടുന്നതെങ്കിൽ അയാം മെമ്പാല്ലാതായിത്തീരും.

തുടർച്ചയായി മൂന്നുമാസക്കാലം 'പഞ്ചായത്തു'' യോഗങ്ങളിൽ പങ്കെടുക്കാതിരുന്നാൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. ഇത് തിരഞ്ഞെടുക്കപ്പെടുന്നതു മുതൽ മൂന്നുമാസം തുടർച്ചയായി പങ്കെടുക്കാതിരിക്കുകയോ, ഒടുവിൽ പങ്കെടുക്കുന്ന യോഗത്തിനു ശേഷം മൂന്നുമാസം തുടർച്ചയായി യോഗത്തിൽ സംബന്ധിക്കാതിരിക്കുകയോ ചെയ്താലും അംഗത്വം നഷ്ടപ്പെടാൻ ഇടയാകും.

എന്നാൽ യോഗനോട്ടീസ് ശരിയായ രീതിയിലും വേണ്ടത്ര സമയത്തിനു മുൻപുമല്ല നൽകിയതെങ്കിൽ പ്രസ്തുത നോട്ടീസനുസരിച്ച് യോഗത്തിൽ ഹാജരാകാതിരിക്കുന്നതു് അംഗത്വം നഷ്ടപ്പെടുന്നതിനു് ഇടയാക്കുകയില്ല. കൂടാതെ സാധാരണ യോഗങ്ങളല്ലാതെ, മെമ്പറർമാരുടെ അഭ്യർത്ഥന അനുസരിച്ചുള്ള യോഗമായിരുന്നാലും മുകളിൽ പറഞ്ഞ വകുപ്പ് ബാധകമാകുകയില്ല.

പഞ്ചായത്തി'ൽ മെമ്പർ ആയിരിക്കുമ്പോൾ അയോഗ്യത കല്പിക്കപ്പെടുന്നതു് കാരണം ഒരാളുടെ അംഗത്വം നഷ്ടപ്പെടുകയും, പിന്നീടു് കോടതിയിൽ' അപ്പീൽ, റിവിഷൻ ഇവയിൽ ഏതിൻെറയെങ്കിലും ഫലമായിട്ടോ, ഗവണ്മെൻറുത്തരവു മൂലമോ അയോഗ്യതയിൽ നിന്നും വിമുക്തനായാൽ, അയാംക്കു് തൻെറ സ്ഥാനം തിരികെ ലഭിക്കുന്നതാണ്. ഒരാളിൻെറ അംഗത്വം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അതേ സ്ഥാനത്തേക്കു് പുതിയൊരാളെ തിരഞ്ഞെടുക്കുകയാണെങ്കിൽ ആദ്യ മെമ്പർ അയോഗ്യതയിൽ നിന്നും വിമുക്തനാക്കപ്പെട്ടു മെമ്പർസ്ഥാനം വീണ്ടെടുക്കുന്നതോടൊപ്പം, തൽസ്ഥാനത്തേക്കു് പുതുതായി തിരഞ്ഞെടുത്തയാളിൻെറ അംഗത്വം അവസാനിക്കുകയും ചെയ്യും.

## തിരഞ്ഞെടുപ്പ് ക്രമങ്ങൾ

ഒരു സ്ഥാനത്തേക്കു് ഒരാൾ മാത്രമാണു് നാമനിർദേശപത്രിക സമർപ്പിക്കുന്നതെങ്കിൽ അയാളെ തിരഞ്ഞെടുത്തതായി പ്രഖ്യാപിക്കും. ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടായിരുന്നാൽ രഹസ്യ ബാലറമൂലം തിരഞ്ഞെടുപ്പു് നടത്തും. തിരഞ്ഞെടുപ്പു് ആവശ്യമായി വരുകയാണെങ്കിൽ നിയമസഭാ തിരഞ്ഞെടുപ്പിനു് അനുവർത്തിക്കുന്ന നടപടി ക്രമങ്ങൾ അവലംബിക്കും.

തിരഞ്ഞെടുപ്പു് ഡ്യൂട്ടിയിൽ ഏർപ്പെടുന്നവർക്കു് പോസ്റ്റൽ വോട്ടു് ചെയ്യുന്നതിനു സൗകര്യം ലഭിക്കുന്നതാണു്.

രണ്ടു് സ്ഥാനാർത്ഥികൾക്കു് തുല്യ വോട്ടാണു ലഭിക്കുന്നതെങ്കിൽ നറുക്കു് എടുത്തു് വിജയിയെ നിശ്ചയിക്കും.

## തിരഞ്ഞെടുപ്പ് കേസ്സുകൾ

പഞ്ചായത്തു് തിരഞ്ഞെടുപ്പുഹർജികൾ, തീരുമാനിക്കുന്നതും അന്വേഷണം നടത്തുന്നതും പ്രസ്തുത പഞ്ചായത്തിൽ, അധികാരാതൃത്തിയുള്ള മുൻസിഫായിരിക്കും. ഒന്നിലധികം മുനിസിഫന്മാർക്കു് ഒരേ പഞ്ചായത്തിൽ അധികാരാതൃത്തി ഉണ്ടായിരുന്നാൽ തിരഞ്ഞെടുപ്പു് കേസ്സുകൾ കൈകാര്യം ചെയ്യേണ്ട മുൻസിഫു് ആരായിരിക്കുമെന്നു് നിശ്ചയിക്കുന്നതു്, ജില്ലാ ജഡ്ജിയാണു്.

മുൻസിഫ് അന്വേഷണം നടത്തുന്നതു് ചുവടെ ചേർക്കുന്ന കാര്യങ്ങളെക്കുറിച്ചായിരിക്കും.

ഏ (1) തിരഞ്ഞെടുപ്പുകാലത്തു്, വിജയിച്ച സ്ഥാനാർത്ഥിക്കു് മത്സരിക്കാൻ യോഗ്യത ഉണ്ടായിരുന്നില്ല, അല്ലെങ്കിൽ ഏതെങ്കിലും അയോഗ്യത നിലവില

ണ്ടായിരുന്നു.

(2) തിരഞ്ഞെടുപ്പ് വിജയത്തിലേക്കായി, സ്ഥാനാർത്ഥിയോ, തിര: ഏജൻറോ, ഇവരിൽ ആരുടെയെങ്കിലും സമ്മതപ്രകാരം വേറൊരാളോ അഴിമതി നടത്തുകയുണ്ടായി.

(3) ഏതെങ്കിലും നാമനിർദേശപത്രിക നിരസിച്ചതു് ക്രമരഹിതമായിട്ടായിരുന്നു.

ബി വിജയിച്ചതായി പ്രഖ്യാപിക്കപ്പെട്ട സ്ഥാനാർത്ഥിയുടെ തിര:വിജയത്തിനു് താഴെപ്പറയുന്ന കാര്യങ്ങൾ ഇടയാക്കിയിരുന്നു.

(1) ഏതെങ്കിലും നാമനിർദേശപത്രിക സ്വീകരിച്ചതു് ക്രമരഹിതമായിട്ടായിരുന്നു.

(2) തിര: ഏജൻറല്ലാതുള്ള ഒരേജൻറ് അഴിമതി നടത്തിയിരുന്നു.

(3) അസാധുവായവോട്ടു് സ്വീകരിച്ചു. അല്ലെങ്കിൽ സാധുവായ വോട്ടു് നിരാകരിച്ചു. സ്വീകരിച്ചതും നിരസിച്ചതും ക്രമരഹിതമായിട്ടായിരുന്നു.

(4) കേരളാ പഞ്ചായത്തു് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിരുന്നില്ല.

മേൽപറഞ്ഞ കാരണങ്ങളാൽ തിരഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കുന്നതിനു് മുൻസിഫിനു്അധികാരമുണ്ടു്. മുൻസിഫിൻെറ തീരുമാനം അവസാനത്തേതായിരിക്കും.

തിര: ഏജൻറല്ലാതുള്ള ഒരേജൻറ് അഴിമതി നടത്തുന്നതായാലും തിരഞ്ഞെടുപ്പു അസാധുവാകുമെന്നു് പ്രസ്താവിച്ചുവല്ലോ. എന്നാൽ താഴെ പറയുന്ന പരിതസ്ഥിതികളിൽ അസാധുവാകുന്നതുമല്ല.

(1) സ്ഥാനാർത്ഥിയും, തിര: ഏജൻറും അഴിമതി നടത്തിയിരുന്നില്ല.

(2) അഴിമതി നടത്തിയതു് ഇവരുടെ സമ്മതപ്രകാരമായിരുന്നില്ല.

(3) ഇവരുടെ ഉത്തരവിന്നു വിരുദ്ധമായിട്ടായിരുന്നു പ്രവൃത്തിച്ചതു്.

(4) അഴിമതി നടക്കാതിരിക്കുന്നതിലേക്കാവശ്യമായ മുൻ കരുതലുകൾ ചെയ്തിട്ടുണ്ടായിരുന്നു.

(5) മററുതരത്തിലെല്ലാം തിരഞ്ഞെടുപ്പു് അഴിമതിക്കതീതമായിരുന്നു.

തിരഞ്ഞെടുപ്പു സംബന്ധമായ പരാതികൾ തിരഞ്ഞെടുപ്പു കഴിഞ്ഞു് 15 ദിവസത്തിനകം ബന്ധപ്പെട്ട മുൻസിഫിനു് സമർപ്പിച്ചിരിക്കുകയും വേണം.

## പ്രസിഡൻറ്-വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പു്

'പഞ്ചായത്തി'ൻെറ വിശേഷാൽ യോഗത്തിൽവെച്ചാണു് പ്രസിഡൻറു് വൈസ്പ്രസിഡൻറു് തിരഞ്ഞെടുപ്പു് നടക്കുന്നതു്. പുതിയ 'പഞ്ചായത്തു്' പ്രവർത്തനമാരംഭിക്കുന്നതിനു് മുൻപു് സ്ഥലം തഹസീൽദാർ ഇതിലേക്കായി മെമ്പറന്മാരുടെ യോഗം വിളിച്ചു കൂട്ടുന്നതായിരിക്കും. ഡെപ്യൂട്ടി തഹസീൽദാരിൽ കുറയാത്ത പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെയും ഈ കാര്യത്തിനു് ചുമതലപ്പെടുത്താൻ കഴിയും. തഹസീൽദാരോ, മുൻപറഞ്ഞ ഉദ്യോഗസ്ഥനോ ആയിരിക്കും പ്രസിഡൻറുതിരഞ്ഞെടുപ്പിലെ യോഗാദ്ധ്യക്ഷൻ. അദ്ധ്യക്ഷനു് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല. രണ്ടു് സ്ഥാനാർത്ഥികൾക്കു് തുല്യവോട്ടു് ലഭിച്ചാൽ നറുക്കെടുത്തു വിജയം നിശ്ചയിക്കും.

വൈസ്‌പ്രസിഡൻറ് തിരഞ്ഞെടുപ്പ് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ വേണം നടത്തേണ്ടതു്. പ്രസിഡൻറ തിരഞ്ഞെടുപ്പ് യോഗത്തിൽവെച്ച് വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പുനടക്കാതെ വരുകയാണെങ്കിൽ, ഇതിലേക്കായി പ്രസിഡൻറ് യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ രണ്ടു സ്ഥാനാർത്ഥികൾക്ക് തുല്യ വോട്ടു ലഭിക്കുകയാണെങ്കിൽ പ്രസിഡൻറിന് കാസ്റ്റിംഗ് വോട്ട് ചെയ്യാവുന്നതാണ്.

പഞ്ചാ: പ്രസിഡൻറ്-വൈസ്‌പ്രസിഡൻറ് തിര: കേസ്സുകളും മുൻസിഫ് കോർട്ടിലാണ് ഫയൽ ചെയ്യേണ്ടതു്.

## 19 മുനിസിപ്പൽ-കോർപ്പറേഷൻ തിരഞ്ഞെടുപ്പ്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായ മുനിസിപ്പാലിററികളിലും, കാർപ്പറേഷനുകളിലും പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന സമിതികളാണ് ഭരണം നടത്തുന്നതു്. പഞ്ചായത്തുകളെക്കാരം കൂടുതൽ അധികാരങ്ങളും, ചുമതലകളും ഈ സ്ഥാപനങ്ങരംക്കുണ്ടു്. മുനിസിപ്പാലിററികളിലും, കാർപ്പറേഷനുകളിലും, കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതു് വാർഡടിസ്ഥാനത്തിലാണ്. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്ട് എന്നീ മൂന്നു്കാർപ്പറേഷനുകളാണ് ഇന്നു നിലവിലുള്ളതു്. മററു് പ്രധാന പട്ടണങ്ങളിൽ ഭരണം നടത്തുന്നതു് മുൻസിപ്പൽ കൗൺസിലുകളാണ്. നെയ്യാററിൻകര, ആററിങ്ങൽ, കൊല്ലം, ആലപ്പുഴ, ചേർത്തല, കായംകുളം, മാവേലിക്കര, തിരുവല്ല, കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, പാല, ആലുവ, പെരുമ്പാവൂർ, മൂവാററപുഴ, പറവൂർ, തൃശ്ശൂർ, ഇരിഞ്ഞാലക്കുട, കുന്നംകുളം, ചാലക്കുടി, പാലക്കാട്ടു്, ചിററൂർ-തത്തമംഗലം, മലപ്പുറം, വടകര, തലശ്ശേരി, കണ്ണൂർ, കാസർകോട്ടു്, പുനലൂർ, തിരൂർ, എന്നിവയാണ് കേരളത്തിലെ മുൻസിപ്പാലിററികരം.

എല്ലാ നഗരങ്ങളിലും പട്ടികജാതി-പട്ടികവർഗ്ഗത്തിനു് സീററുകരം സംവരണം ചെയ്തിട്ടുണ്ടു്. പട്ടികജാതി-പട്ടികവർഗ്ഗക്കാർ സംഖ്യയിൽ കൂടുതലുള്ള വാർഡുകളായിരിക്കും അവർക്കുവേണ്ടി റിസർവ് ചെയ്യുന്നതു്. ബാക്കിസീററുകരം ജനറൽ സീററുകളാണ്. ജനറൽ സീററുകളിൽ മത്സരിക്കുന്നതിനു പട്ടികജാതി-പട്ടികവർഗ്ഗത്തിനും കഴിയും. ഓരോ നഗരസഭയിലെയും സാമാജികർ അതാതു് പട്ടണങ്ങളിലെ സമ്മതിദായകരാൽ തെരഞ്ഞെടുക്കപ്പെടുന്നു.

## വോട്ടർ

പട്ടണത്തിനകത്ത് താമസിക്കുന്നവരും ഇരുപത്തൊന്നു വയസ്സ് പൂർത്തിയായവരും, മററു് അയോഗ്യതകൾ ഇല്ലാത്തവരും വോട്ടറന്മാരായിരിക്കും. ഓരോ പട്ടണത്തിനും പൊതുവായ ഒരു വോട്ടർപട്ടിക ഉണ്ടായിരിക്കും. തിരഞ്ഞെടുപ്പിനുമുൻപ് പട്ടിക പുതുക്കുന്നതുമാണ്. എന്നാൽ നാമനിർദേശപത്രിക സ്വീകരിക്കപ്പെട്ടശേഷം തിരഞ്ഞെടുപ്പു അവസാനിക്കുന്നതുവരെ പട്ടികയിൽ ഭേദഗതികൾ വരുത്തുന്നതുമല്ല.

വോട്ടർപട്ടിക ഭാഗങ്ങളായി തിരിച്ചിട്ടുണ്ടായിരിക്കും. ഓരോ വാർഡിനും പ്രത്യേക ഭാഗങ്ങളാണ്. ഒരു വാർഡിനകത്തെ താമസക്കാരെ മാത്രമെ ആ വാർഡിൽ പേർ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുകയുള്ളു. ഒരാളിനു് ഒന്നിൽകൂടുതൽ സ്ഥലത്തു് പേർ രജിസ്റ്റർ ചെയ്യാൻ അനുവാദമില്ല.

## സ്ഥാനാർത്ഥി

കൗൺസിൽ സ്ഥാനാർത്ഥികൾ അതാതു് മുനിസിപ്പൽ-കോർപ്പറേഷനുകളിലെ സമ്മതി ദായകരായിരിക്കണം. എന്നാൽ മത്സരിക്കുന്ന വാർഡിലെ തന്നെ സമ്മതിദായകർ ആയിരിക്കണമെന്നില്ല. സ്ഥാനാർത്ഥി 25 വയസ്സ് പൂർത്തിയായ ആളുമായിരിക്കേണ്ടതുണ്ടു്. ഏതെങ്കിലും തരത്തിൽ നഗരസഭയ്ക്കു് നികുതി കുടിശ്ശികയുള്ളവർക്കു് സ്ഥാനാർത്ഥിയാകുന്നതിനും, കൗൺസിലർ ആകുന്നതിനും കഴിയുന്നതല്ല. അതുപോലെ തന്നെ നഗരസഭയുമായി കോൺട്രാക്ടു് ജോലിയുള്ളവർക്കും, നഗരസഭ അഭിഭാഷകരായി നിയമിക്കുന്നവർക്കും, നഗരസഭകളിലെ ഉദ്യോഗസ്ഥന്മാർക്കും സ്ഥാനാർത്ഥികളാകാൻ കഴിയുകയില്ല. കൂടാതെ കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥന്മാർക്കും, ആർ. പി. ആക്ട്, മുനിസിപ്പൽ നിയമം ഇവ വിവരി

ക്കുന്ന മററ് അയോഗ്യതകൾ ഉള്ളവർക്കും സ്ഥാനാർത്ഥിയാകുന്നതിനും കൗൺസിലർ ആകുന്നതിനും കഴിയുകയില്ല.

നഗരസഭാ തിരഞ്ഞെടുപ്പ് അഞ്ചുവർഷത്തിലൊരിക്കൽ നടത്തേണ്ടതുണ്ട്. കൗൺസിലറന്മാരുടെ കാലാവധി 5 വർഷമാണ്. എന്നാൽ കൗൺസിലിൻെറ കാലാവധി ദീർഘിപ്പിക്കുന്നതിനു ഗവണ്മെൻറിനധികാരമുണ്ട്. ഉപതിരഞ്ഞെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നവരുടെ കാലാവധി സഭയുടെ കാലാവധി അവസാനിക്കുന്നതോടെ അവസാനിക്കുകയും ചെയ്യും.

## ജാമ്യത്തുക

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ നാമനിർദേശപത്രികയോടൊപ്പം 25 രൂപ ജാമ്യത്തുകയായി കെട്ടിവെക്കുകയുംവേണം.

## യോഗ്യതകൾ

യോഗ്യതായോഗ്യതകളും നാമനിർദേശപത്രിക സമർപ്പിക്കുന്നതും,വോട്ടെടുക്കുന്നതും ഫലം പ്രഖ്യാപിക്കുന്നതുംതർക്കങ്ങളുമെല്ലാം മുൻ ഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള വിധത്തിലാണ്. അതിനാൽ അവ വീണ്ടും വിശദീകരിക്കുന്നില്ല.

## മേയർ

കോർപ്പറേഷനുകളിലെ സഭാദ്ധ്യക്ഷന്മാരെ "മേയർ" എന്നാണ് പേർപറയുന്നത്. നഗരത്തിലെ പ്രഥമ പൗരനായാണ് മേയറെകണക്കാക്കുന്നത്. മേയർക്ക്പ്രത്യേക ഔദ്യോഗിക വേഷവിധാനങ്ങൾ അനുവദിച്ചിട്ടുണ്ട്. നഗരസഭകൂടുമ്പോൾ അദ്ധ്യക്ഷത വഹിക്കുന്നത് ഈ പ്രത്യേക ഔദ്യോഗിക വേഷത്തിലായിരിക്കണം. മേയറുടെ ഔദ്യോഗിക കാലാവധി ഒരു വർഷമാണ്. മേയറെ തിരഞ്ഞെടുക്കുന്ന യോഗത്തിൽ അദ്ധ്യക്ഷ

ത വഹിക്കേണ്ടതു് ജില്ലാ കളക്ടറായിരിക്കണം മേയർക്കു സത്യവാചകം ചൊല്ലിക്കൊടുക്കേണ്ടതുംകളക്ടറാണു്. എന്നാൽ ഈ രണ്ടു് കാര്യങ്ങാംക്കും ആർ. ഡി. ഒ യെയും ചുമതലപ്പെടുത്താൻ കഴിയും. മേയറെ കൂടാതെ ഒരു ഡെപ്യൂട്ടി മേയറും എല്ലാ കോർപ്പറേഷനുകളിലുംഉണ്ടായിരിക്കും. ഡെപ്യൂട്ടി മേയർ തിരഞ്ഞെടുപ്പിനു് അദ്ധ്യക്ഷത വഹിക്കേണ്ടതു് മേയറാണു്. സത്യവാചകവും മേയർ ചൊല്ലിക്കൊടുക്കണം. ഡെപ്യൂട്ടിമേയറുടെ ഔദ്യോഗിക കാലാവധിയും ഒരു വർഷമാണു്. എന്നാൽ മേയർ, ഡെപ്യൂട്ടിമേയർമാരെ വീണ്ടും ആ സ്ഥാനങ്ങളിലേക്കു് തിരഞ്ഞെടുക്കുകയും ചെയ്യാം. കൗൺസിലർമരാണു് മേയർ, ഡെപ്യൂട്ടിമേയർ തിരഞ്ഞെടുപ്പിലെ വോട്ടറന്മാർ രഹസ്യ ബാലററ് മൂലമാണു് തിരഞ്ഞെടുപ്പ് നടക്കുന്നതു്,

മേയർ–ഡെപ്യൂട്ടിമേയർമാർ കൺസിലർമാർ തന്നെ ആയിരിക്കണം.

## മുനിസിപ്പൽ ചെയർമാൻ

ഓരോ മുനിസിപ്പൽകൗൺസിലിനും ഓരോ ചെയർമാൻ ഉണ്ടായിരിക്കും. കൂടാതെ ഒരു ഡെപ്യൂട്ടിചെയർമാനും. ഇവരെ അതാതു് മുനിസിപ്പാലിററികളിലെകൗൺസിലർമാർ രഹസ്യ ബാലററ് മൂലം തിരഞ്ഞെടുക്കുന്നു. ഔദ്യോഗിക കാലാവധി 5 വർഷമാണു്. വീണ്ടും തിരഞ്ഞെടുക്കപ്പെടുകയും ചെയ്യാം. കൗൺസിലിന്റെ കാലാവധി ഗവൺമെൻറു് ദീർഘിപ്പിക്കുകയാണെങ്കിൽ ചെയർമാന്റെയും, ഡെപ്യൂട്ടി ചെയർമാന്റെയും കാലാവധിയും ദീർഘിപ്പിക്കുന്നതും അവർക്കും തൽസ്ഥാനങ്ങളിൽ തുടരാൻ കഴിയുന്നതുമാണു്.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 340 Acc. No. 69447

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of 20 Ps. per day will be charged

ൡ40
KR1-T

൬൪൪൭


കൃഷ്ണപിള്ള . വി

തിരഞ്ഞെടുപ്പ്

KOTTAYAM PUBLIC LIBRARY

Call No. 340 KRI-T  Acc. No. 69447

Author കൃഷ്ണപിള്ള. വി

Title തിരഞ്ഞെടുപ്പ്

Indic Digital Archive Foundation
gpura.org